# കരവാരം ഗ്രാമപഞ്ചായത്ത്

# വികസനറിപ്പോർട്ട്



ജനകീയ ആസൂത്രണ പ്രസ്ഥാനം

10-2

## കരവാരം ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസനരേഖ 1996



രാഷ്ട്രപിതാവ്

# ഭരണസാരഥികൾ



ഇരിക്കുന്നവർ (L to R)

1. ജി. രാജചന്ദ്രൻ പിള്ള (വാർഡ് I)  2. ജെ. സുരേന്ദ്രക്കുറുപ്പ് (വാർഡ് IX)
3. എൻ. സുകുമാരക്കുറുപ്പ് (വൈസ്പ്രസിഡൻറ്)  4. എ. സൈനുല്ലാബ്ദ്ദീൻ (പ്രസിഡൻറ്)
5. എം. സുമദത്തൻ (സ്റ്റാൻറിംഗ്കമ്മിറ്റി ചെയർമാൻ) 6. എം. സുമിത്ര (വാർഡ് II)

നിൽക്കുന്നവർ (L to R)

1. എസ്. സുന്ദരേശൻ (വാർഡ് VIII)  2. പി. സുനിത (വാർഡ് XI)
3. ജി. വിജയലക്ഷ്മിഅമ്മ (വാർഡ് VI)  4. എം. യൂസുഫ്കുഞ്ഞ് (വാർഡ് X)
5. ജി. ശ്യാമള (വാർഡ് V)

# പഞ്ചായത്ത് സ്റ്റാഫ് അംഗങ്ങൾ



**ഇരിക്കുന്നവർ (L to R)**

കെ.എം. രാജേന്ദ്രൻ (U.D.C.), എ. സൈനുല്ലാബ്ദ്ദീൻ (പ്രസിഡൻറ്)

എൻ. ശാരദാപിള്ള (ജൂനിയർ സുപ്രണ്ട്), പി. ശിവകുമാരി (സെക്രട്ടറി)

ബി. പ്രസന്ന (U.D.C.) എൻ. സുകുമാരക്കുറുപ്പ് (വൈ: പ്രസിഡൻറ്)

**നിൽക്കുന്നവർ (L to R)**

ജെ. രാധ (പ്യൂൺ) എസ്. രത്നാകരൻ (P.T. സ്വീപ്പർ)

പി. എസ്. നാരായണൻമ്പൂതിരി (L.D.C.) എം. എം. പുരവൂർ (കൃഷി അസി:)

എൻ. ഭവാനി (P.T. ഓഫീസ് പ്യൂൺ)

TALUK - CHIRAYINKIL
PANCHAYAT - KARAVARAM
VILLAGE - ALAMCODE



# കരവാരം ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട് 1996

## ആമുഖം

*സ്വാതന്ത്ര്യാനന്തര ഭാരതം ഏഴു പഞ്ചവത്സര പദ്ധതികൾ പിന്നിട്ടു. ഇപ്പോൾ നടന്നുവരുന്ന എട്ടാം പഞ്ചവത്സരപദ്ധതി 1997 മാർച്ചുമാസത്തോടെ അവസാനിക്കുകയുമാണ്. എന്നാൽ ഈ പദ്ധതികളിൽ വിഭാവനം ചെയ്തിരുന്ന പരിപാടികൾ പൂർണ്ണമായും നടപ്പിലാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. വൈവിദ്ധ്യങ്ങളുടെയും വൈരുദ്ധ്യങ്ങളുടെയും സമാഹാരമായ ഇൻഡ്യയുടെ വിവിധ പ്രദേശങ്ങളുടെയും മാനവസമൂഹത്തിന്റെയും അടിസ്ഥാനപ്രശ്നങ്ങളെയും വിഭവങ്ങളെയും കുറിച്ച് സൂക്ഷ്മമായി വിലയിരുത്താതെയും മനസ്സിലാക്കാതെയും മുഴുവൻ പ്രദേശങ്ങളിലും ഒരേ തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കാനുള്ള മുകൾത്തട്ടിൽനിന്നുള്ള കേന്ദ്രീകൃതാസൂത്രണം വികസനത്തിന്റെ വേഗത മന്ദീഭവിപ്പിക്കുന്നതിനും പലപ്പോഴും വിപരീതഫലങ്ങൾ ഉളവാക്കുന്നതിനും കാരണഭൂതമായി.*

*ഈ സാഹചര്യത്തിലാണ് അധികാരവികേന്ദ്രീകരണത്തിന്റെ ആവശ്യകതയും പ്രസക്തിയും ചർച്ച ചെയ്യപ്പെടാനിടയായത്. ഇതോടൊപ്പം തന്നെ 73,74 ഭരണഘടന ഭേദഗതികളിലൂടെ അധികാരവികേന്ദ്രീകരണത്തിന് ആക്കം ഇടുകയും ചെയ്തു. പഞ്ചായത്തിരാജ് നിയമത്തിന്റെ ലക്ഷ്യങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടാണ് ഓരോ പ്രദേശത്തെയും ജനങ്ങൾക്ക് അവിടത്തെ വികസനകാര്യങ്ങളിൽ പ്രാതിനിധ്യം നൽകുന്നതിനുവേണ്ടി 9-ാം പദ്ധതി ജനകീയ പദ്ധതിയായി ആസൂത്രണംചെയ്തു നടപ്പിലാക്കാൻ കേരളസർക്കാരും സംസ്ഥാന ആസൂത്രണ ബോർഡും തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് കരവാരം ഗ്രാമപഞ്ചായത്തും ഇത്തരമൊരു വികസനറിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നത്.*

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | = | കരവാരം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | = | കരവാരം + ആലംകോട് |
| ബ്ലോക്ക് പഞ്ചായത്ത് | = | കിളിമാനൂർ |
| ഡിവിഷൻ | = | കരവാരം + കടവിള ഡിവിഷനിൽ നാലു വാർഡും. |
| ജില്ലാപഞ്ചായത്ത് | = | തിരുവനന്തപുരം. |
| ജില്ലാ ഡിവിഷൻ | = | നാവായിക്കുളം. |
| താലൂക്ക് | = | ചിറയിൻകീഴ്. |
| അസംബ്ലി മണ്ഡലം | = | കിളിമാനൂർ. |
| പഞ്ചായത്തിന്റെ വിസ്തീർണ്ണം | = | 22.07 ച:കിലോമീറ്റർ. |
| പഞ്ചായത്തിന്റെ തലസ്ഥാനം | = | തോട്ടയ്ക്കാട്. |
| വാർഡുകൾ | = | 11 |
| പ്രസിഡന്റ് | = | A. സെയ്നുല്ലാബ്ദ്ദീൻ |
| വൈ: പ്രസിഡന്റ് | = | N. സുകുമാരക്കുറുപ്പ് |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | = | M. സുമദത്തൻ |
| ജനസംഖ്യ | = | 25655. |

## അതിരുകൾ

വടക്ക് കല്ലമ്പലം - പോങ്ങനാട് റോഡും, കിഴക്കുഭാഗത്ത് നഗരൂർ പഞ്ചായത്തും, തെക്കുഭാഗത്തായി വാമനപുരം നദിയും, പടിഞ്ഞാറുഭാഗത്ത് തിരുവനന്തപുരം - കൊല്ലം N.H. പാതയും സ്ഥിതിചെയ്യുന്നു.

പ്രകൃതിയുടെ സൗന്ദര്യചഷകം പോലെ വാമനപുരം നദിക്കരയിൽ വിശ്രമംകൊള്ളുന്ന 22.07 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള ഒരു ഭൂപ്രദേശമാണ് കരവാരം ഗ്രാമപഞ്ചായത്ത്. നെടുനാളത്തെ ചരിത്രവും, സാംസ്ക്കാരിക ജീവിതവുമുള്ള ഒരു ജനത എന്ന നിലയിൽ കരവാരം ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ അവരുടെ പൈതൃകമായ സംസ്ക്കാരസമ്പത്ത് വിസ്മരിക്കാതെ ഉദാരമായ സഹിഷ്ണുതയോടുകൂടി ആവശ്യമായ നല്ല അത്യാശയങ്ങളെ വളർത്തിയെടുത്ത് ജീവിതത്തിൽ പകർത്തിയവരാണ് ഈ പഞ്ചായത്തിലെ ജനങ്ങൾ.

1953ൽ കരവാരം പഞ്ചായത്ത് ഉടലെടുക്കുമ്പോൾ തന്നെ ആലംകോട് വില്ലേജിന്റെ ഒരു ഭാഗം ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലേയ്ക്ക് ചേർത്ത്കഴിഞ്ഞിരുന്നു. ശേഷിക്കുന്ന ആലങ്കോട് വില്ലേജിന്റെ കൂടുതൽ ഭാഗവും, കരവാരം വില്ലേജിന്റെ മുഴുവൻ ഭാഗവും കൂടിചേർന്നതാണ് ഇന്നുകാണുന്ന ഈ കരവാരം ഗ്രാമപഞ്ചായത്ത്.

### കരവാരം പഞ്ചായത്തിന്റെ പ്രസിഡന്റുമാരുടെ പേരുവിവരവും അവരുടെ ഭരണത്തിലിരുന്ന കാലഘട്ടവും താഴെ കൊടുക്കുന്നു.

| | പേര് | കാലഘട്ടം |
|---|---|---|
| 1. | കോവിലഴികം N. സുരേന്ദ്രനാഥ് | 1953 മുതൽ 56 വരെ |
| 2. | എഴുവക്കൽ ദാമോദരൻ | 1957 ,, 63 ,, |
| 3. | മുലവിളയിൽ S. കൃഷ്ണൻകുട്ടിനായർ | 1964 ,, 67 ,, |
| 4. | തോട്ടയ്ക്കാട്ട് P.G. ശ്രീധരൻ | 1968 ,, 79 ,, |
| 5. | -do- | 1980 ,, 84 ,, |
| 6. | വഞ്ചിയൂർ N. കൃഷ്ണൻകുട്ടിനായർ | 1988 ,, 91 ,, |
| 7. | ചാത്തമ്പറ സുഗതൻ | 1991 ,, 95,, |
| 8. | എതിക്കാട് A. സെയ്നുല്ലാബ്ദ്ദീൻ | 4-10-95 മുതൽ |

## മണ്ണിൻെറ ഘടനയും സ്വഭാവവും

ഈ കരവാരം പഞ്ചായത്തിൻെറ വടക്കുപടിഞ്ഞാറു ഭാഗം ചെങ്കൽമണ്ണ് (Zetertic soil) നിറഞ്ഞ, പടിഞ്ഞാറു ഭാഗത്തേയ്ക്ക് ചരിഞ്ഞ ഭൂപ്രദേശവും, വടക്കുകിഴക്കുഭാഗങ്ങളിൽ കരിമണ്ണ് നിറഞ്ഞ കുന്നും ചരിവും പാറക്കെട്ടുകളും, കിഴക്കുഭാഗത്ത് കടൽനിരപ്പിൽ നിന്നും 200 അടി ഉയരമുള്ള കുന്നത്തുകോണത്തു ചാവരുപാറ, വെളിത്തിരിപ്പാറ മഴനനയാതെ 100 ഓളം പേർക്ക് ഒരേ സമയം പാറയുടെ അടിഭാഗത്ത് നിൽക്കാൻ കഴിയുന്നതരത്തിൽ മേൽക്കൂരപോലെ നിലകൊള്ളുന്ന നനയാൻ പാറ. പ്രകൃതിതന്നെ കനിഞ്ഞു നൽകിയിരിക്കുന്ന പ്രകൃതി രമണീയതയോടുകൂടിയ ഈ പാറ നിരകളെ സംരക്ഷിക്കേണ്ടതു വളരെയധികം ചരിത്ര പശ്ചാത്തലമുള്ളതുമായ ഈ പാറശൃംഗലകളെ നിലനിർത്തേണ്ടത് പ്രാചീന കലാസംസ്ക്കാരങ്ങളെ അനുസ്മരിപ്പിക്കുന്നതിനും പ്രകൃതിയുടെ സന്തുലിതാവസ്ഥ കാത്തുസൂക്ഷിക്കുന്നതിനും പൗരാണിക സംസ്ക്കാരത്തെ ഓർമിപ്പിക്കുന്നതിനും ആവശ്യമാണ്. ഈ പഞ്ചായത്തിൻെറ തെക്കുഭാഗത്തുകൂടി വാമനപുരം നദി കിഴക്കുനിന്നും പടിഞ്ഞാറുഭാഗത്തേയ്ക്ക് ഒഴുകുന്നു. ഈ പ്രദേശം എക്കൽ നിറഞ്ഞ മണൽപ്രദേശമാണ്. പടിഞ്ഞാറുഭാഗം ചെങ്കൽ നിറഞ്ഞ ഉയർന്ന സമതലവുമാണ്.

## ജനങ്ങളുടെ സാമൂഹ്യസാമ്പത്തിക സാംസ്ക്കാരികനില

ഇവിടത്തെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാണ്. ഈ നൂറ്റാണ്ടിൻെറ ആദ്യദശകങ്ങളിൽ ഈ ഗ്രാമത്തിലെ കർഷകരും, കർഷകതൊഴിലാളികളും മറ്റു ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവരും അതുപോലെ തന്നെ ആട്, മാട്, കോഴി മുതലായവയെ വളർത്തിയിരുന്നവരും അതുമായി ബന്ധപ്പെട്ടിരുന്ന കച്ചവടക്കാരും ഈ ഗ്രാമത്തിലെ സകലമാന ജനങ്ങളും സഹവർത്തിത്വത്തോടും സഹകരണ മനോഭാവത്തോടും സസന്തോഷം കഴിഞ്ഞുകൂടിയിരുന്നു. വീടുകൾ ഓല മേയുന്നതുപോലും കൂലിക്കായിരുന്നില്ല. പരസ്പര സഹായസഹകരണ മനസ്ഥിതിയോടും സഹവർത്തിത്വത്തോടും പ്രവർത്തിച്ചിരുന്നു. ഇവിടെ ഉത്പാദിപ്പിച്ചിരുന്ന പച്ചക്കറികൾ, നാടൻ തുണിത്തരങ്ങൾ, ആട്, മാട്, കോഴി, കോഴിമുട്ട മുതലായവ കരവാരം പഞ്ചായത്തിൻെറ തലസ്ഥാനമായ തോട്ടയ്ക്കാട് ചന്തയിൽ വിറ്റഴിച്ചിരുന്നു. ഇവിടെ ഉത്പാദിപ്പിച്ചിരുന്ന കൊപ്ര, കുരുമുളക്, അടയ്ക്ക മുതലായവ വ്യാപാരികൾ വാങ്ങി ആലപ്പുഴ, കൊച്ചി മുതലായ മാർക്കറ്റുകളിൽ വിറ്റഴിച്ചിരുന്നു. അപ്രകാരം സംതൃപ്തികരമായ ഒരു ജീവിതരീതിയാണ് 20-ാം നൂറ്റാണ്ടിൻെറ മധ്യകാലംവരെയും നിലനിന്നുപോന്നിരുന്നത്. 1896ൽ തിരുവിതാംകൂറിൽ ജന്മികുടിയാൻ റെഗുലേഷൻ ആക്ട് പാസായതിനാലായിരിക്കാം ഇവിടെ ഫ്യൂഡൽ വ്യവസ്ഥിതി ഇല്ലായിരുന്നത്. 1959 ജൂൺ 10-ാം തിയതി കേരള കാർഷികബന്ധ ബിൽ നിയമമായതോടുകൂടി ശ്രീപാദം സ്വത്തുക്കളും, ദേവസ്വം വക സ്വത്തുക്കളും എല്ലാ വക സ്വത്തുക്കളും പണ്ടാരവക സ്വത്തുക്കൾ പോലെ കൈവശക്കാർ ഉടമസ്ഥരായി മാറി.

1939 മുതൽ തന്നെ ഈ പഞ്ചായത്തിലെ ജനങ്ങൾ പലരും സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിരുന്നു. അവരിൽ പ്രധാനികളാണ് വട്ടവിള കേശവൻ, മുല്ലശ്ശേരി വേലു മുതൽ പേർ. 1965ലെ ഇൻഡ്യ പാകിസ്ഥാൻ യുദ്ധത്തിൽ നേരിട്ടു പങ്കെടുത്ത് വീരചരമമടഞ്ഞ ഒരു ധീര നാവികസേനാനിയാണ് I.N.S. കുക്രിയിലെ നാവികനായിരുന്ന ഞാറക്കാട്ടുവിള മംഗലത്തുവീട്ടിൽ ഗുരുദാസ് അയിത്താചാരങ്ങൾക്കെതിരായി പോരാടി മർദ്ദനമേൽക്കേണ്ടിവന്ന ഇപ്പോൾ ജീവിച്ചിരിപ്പുള്ള വ്യക്തിയാണ് ശ്രീ. കരവാരം വാസുദേവൻ.

**വിദ്യാലയങ്ങൾ:-** ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള ആകെ 11 വിദ്യാലയങ്ങളിൽ കട്ടപ്പറമ്പ് എൽ.പി. സ്ക്കൂൾ, നെന്മേനിവിള ശ്രീകൃഷ്ണൻ വാദ്ധ്യാർ അവർകളും വഞ്ചിയൂർ യു.പി.എസ്. ചെപ്പള്ളിയിൽ കൃഷ്ണനാശാൻ അവർകളും, എൽ.പി.എസ്. മേവർക്കൽ പുല്ലയിൽ നാരായണക്കുറുപ്പും എൽ.പി.എസ്. തോട്ടയ്ക്കാട് കോവിലഴികത്ത് പി. നാണു അവർകളും, പറക്കുളം എൽ.പി.എസ്. ശ്രീ. മാധവൻ വാദ്ധ്യാർ അവർകളും ഉദ്ദേശം 70 വർഷങ്ങൾക്ക് മുമ്പ് 1110 വരെ നിർമ്മിച്ചിട്ടുള്ളതും പിൽക്കാലത്ത് ഗവൺമെൻറിലേയ്ക്ക് സൗജന്യമായി വിട്ടുകൊടുത്തിട്ടുള്ളതുമാകുന്നു. മറ്റുള്ള വിദ്യാലയങ്ങളിൽ ആലംകോട് എച്ച്.എസ്. ഒഴിച്ച് ബാക്കിയുള്ളവ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സ്ക്കൂളുകളാണ്. കടുവയിൽ തങ്ങൾ ചാരിറ്റബിൾ ട്രസ്റ്റ് ഇംഗ്ലീഷ് മീഡിയം, തോട്ടയ്ക്കാട് എന്ന ഒരു അൺഎയിഡഡ് സ്ക്കൂൾ ഇവിടെ പ്രവർത്തിച്ചുവരുന്നു.

**വായനശാലകൾ:-** പുല്ലൂർമുക്ക്, തോട്ടയ്ക്കാട്, വഞ്ചിയൂർ മുതലായ സ്ഥലങ്ങളിൽ മാത്രമായിരുന്നു വായനശാലകൾ ഉണ്ടായിരുന്നത്. ഇപ്പോൾ മിക്ക പ്രദേശങ്ങളിലും വായനശാലകൾ രൂപീകൃതമായിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ കണ്ടുവരുന്നില്ല. എന്നാൽ തോട്ടയ്ക്കാട് വിജ്ഞാനപോഷിണി വായനശാല തുടങ്ങിയതുമുതൽ നാളിതുവരെയും നല്ലനിലവാരം പുലർത്തിവരുന്നതും ഗ്രന്ഥശാല ഗ്രാൻറും ലൈബ്രേറിയൻ അലവൻസും യഥാസമയം ലഭിച്ചുവരുന്നു.

**പള്ളികളും ക്ഷേത്രങ്ങളും :-** ക്ഷേത്രങ്ങളും മുസ്ലിംപള്ളികളും ഇവിടെ അടുത്തടുത്ത് സ്ഥിതിചെയ്യുന്നു. പുരാതനകാലം മുതൽ തന്നെ മതസഹിഷ്ണുത നിലനിന്നിരുന്ന ഒരു പ്രദേശമാണ് കരവാരം പഞ്ചായത്ത് എന്നതിന് ഒരു പ്രത്യക്ഷ ഉദാഹരണമാണ് ഇത്.

**കലാകായികരംഗം:-** കായികരംഗത്ത് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച പലരും ഈ പഞ്ചായത്തിലുമുണ്ട്. അവരിൽ സ്പോർട്ട്സിലും ഗെയിംസിലും പുതിയ അദ്ധ്യായങ്ങൾ രചിച്ച കോവിലഴികം Brothers Volly Ball club ഈ പഞ്ചായത്തിൻെറ ഒരു മുതൽക്കൂട്ടാണ്. ഈ സ്ഥാപനത്തിൽ പ്രവർത്തിച്ച ധാരാളം പേർക്ക് പല സ്ഥാപനങ്ങളിലും ഉദ്യോഗങ്ങൾ കിട്ടിയിട്ടുണ്ട്. അതുപോലെ തന്നെ വിവിധ ഡിപ്പാർട്ടുമെൻറിലേയ്ക്കും സ്റ്റേറ്റിലേയ്ക്കും താരങ്ങളെ നൽകിയ ഒരു സ്ഥാപനമാണ്. കായികരംഗത്ത് സ്തുത്യർഹമായ സംഭാനകൾ നൽകിയിട്ടുള്ള നമ്മുടെ കരവാരം പഞ്ചായത്തിൽപ്പെട്ട മേവർക്കൽ L.P. സ്ക്കൂളിൽ പഠിച്ച് പിൽക്കാലത്ത് I.A.S. എടുത്ത് കളക്ടറായും മറ്റും ഔദ്യോഗികരംഗത്ത് തിളക്കമാർന്ന സേവനം കാഴ്ചവച്ചുകൊണ്ടിരിക്കുന്ന മഹൽവ്യക്തിയാണ് രാജീവ് സദാനന്ദൻ. സ്പോർട്ട്സ്രംഗത്തെ മറ്റൊരു മഹൽവ്യക്തി യായിരുന്നു തോക്കാലയിൽ കൃത്യവാസൻ.

അഖിലേന്ത്യാടിസ്ഥാനത്തിൽ ചിത്രരചനമത്സരത്തിൽ ഇൻഡ്യൻ പ്രസിഡൻറിൻെറ പക്കൽ നിന്നും അവാർഡു കരസ്ഥമാക്കിയ ചിത്രകാരനാണ് ആർട്ടിസ്റ്റ് സുരേന്ദ്രൻ പിള്ള. വഞ്ചിയൂർ ജെ. ആർ. പ്രസാദ്, ആർട്ടിസ്റ്റ് രവി മുതൽ പേർ പ്രസിദ്ധരായ ആർട്ടിസ്റ്റുകളാണ്. ദേശാഭിമാനി തിയേറ്റേഴ്സിൻെറ പ്രഗൽഭനായ നടനാണ് M.M. ബഷീർ, വഞ്ചിയൂർ. അതുപോലെതന്നെ പ്രസിദ്ധ നായ മറ്റൊരു നാടകനടനാണ് മുൻ പഞ്ചായത്ത് പ്രസിഡൻറ് മൂലവിളയിൽ കൃഷ്ണൻകുട്ടി നായർ.

ഓട്ടൻതുള്ളൽ കലയിൽ കുന്നത്തുകോണം ചെല്ലപ്പൻ പിള്ളയും, കമ്പടികളിയിൽ കൊച്ചുചെറുക്കൻ, കുഞ്ഞനാശാൻ മുതലായവരും കാക്കാരിശി നാടകകലയിൽ മാധവനാശാൻ അറമനമുട്ടുകലയിൽ എതുക്കാട് ഹനീഫാ ആശാൻ, വല്ലത്തുകോണം അലിയാരുകുഞ്ഞ് ആശാൻ, കർണ്ണാടകസംഗീതത്തിൽ കുന്നിൽ ലക്ഷ്മി, തിരുവാതിരകളിയിൽ പുന്നശ്ശേരിയിൽ ശാരദാമ്മ, വേലിയത്ത് ദേവകിഅമ്മ, തോറ്റൻപാട്ടിൽ ഏറവാഴവിള കൊച്ചുകൃഷ്ണകുറുപ്പ് എന്നിവർ കലാസാംസ്ക്കാരിക പ്രതിഭകളിൽ ചിലരാണ്. വഞ്ചിയൂർ എം. അബ്ദുൽ ഹക്കിൻെറ ഉടമസ്ഥതയിലും പ്രസാധനത്തിലും ജയൻ ബി. വഞ്ചിയൂർ എഡിറ്ററുമായി "ദിശാമുഖം" എന്ന പ്രതിമാസിക പ്രസിദ്ധീകരിച്ചുവരികയാണ്.

**പാരമ്പര്യ ആയുർവേദ വൈദ്യം:-** ആയുർവേദ വൈദ്യന്മാരായ വഞ്ചിയൂർ C.O. ദാമോദരൻ വൈദ്യൻ, വഞ്ചിയൂർ കുഞ്ഞുശങ്കരൻ വൈദ്യൻ, മാധവൻ വൈദ്യൻ, തോട്ടയ്ക്കാട്ട് തുരിത്തിയിൽ നാരായണൻ വൈദ്യൻ, പാണാട്ട് രാമൻപിള്ള, എതുക്കാട് മുസ്തഫാവൈദ്യൻ, കളിവിളാകത്ത് അമ്മണൻ വൈദ്യൻ, കോറ്റിച്ചൻ വിളാകത്ത് പപ്പുവൈദ്യൻ എന്നിവർ ആയുർവേദം, വിഷം, പേപ്പട്ടിവിഷം, നേത്ര ചികിത്സ എന്നീ വിഷയങ്ങളിൽ അതീവ പ്രഗൽഭമതികളായ പാരമ്പര്യ വൈദ്യൻമാരായിരുന്നു. ഇവരുടെ ഭവനങ്ങളിൽ താളിയോല ഗ്രന്ഥങ്ങളും, മറ്റു വൈദ്യശാസ്ത്രഗ്രന്ഥങ്ങളുടെയും ശേഖരം ഇപ്പോഴും ഉണ്ട്.

സമഗ്ര മാതൃ ശിശു സംരക്ഷണ കേന്ദ്രം എല്ലാ ഭാഗത്തും ഇല്ലാത്തതുകൊണ്ട് ശിശുക്ഷേമ പ്രവർത്തനങ്ങൾക്ക് ആക്കം കുറയുന്നു. ഇപ്പോൾ ഞാറക്കാട്ടുവിളയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കുടുംബ ക്ഷേമകേന്ദ്രത്തിനു 1965-66ൽ ഇന്ദ്രാഭവനിൽ ബാലമ്മ അവർകളാണ് 25സെൻറ് സ്ഥലം സംഭാവനചെയ്തത് അതുപോലെ വഞ്ചിയൂർ കുടുംബക്ഷേമ കേന്ദ്രത്തിനു 5 സെൻറു സ്ഥലം സംഭാനചെയ്തത് മടത്തിവിളാകം ഗംഗാധരൻ അവർകളാണ്. ഇരമം അംഗൻ

വാങിക്ക് $6^1/_2$ സെൻറ് സ്ഥലം ഇരമം വേലുപിള്ള സംഭാവന നൽകിയിട്ടുളളതാണ്. ആഗ്രോ സർവ്വീസ് സെൻറർ നിർമ്മിക്കുന്നതിന് 5 സെൻറ് സ്ഥലം തോട്ടയ്ക്കാട്ട് കോവിലഴികത്തുവീട്ടിൽ N. ദേവദത്തൻ സംഭാവനയായി നൽകിയി ട്ടുള്ളതാണ്. കരവാരം വില്ലേജ് ഇരിക്കുന്ന 15 സെൻറ് സ്ഥലം 1950ൽ തോട്ടയ്ക്കാട്ട് പുന്നശ്ശേരി ഗോവിന്ദക്കുറപ്പ് സംഭാവനചെയ്തിട്ടുള്ളതാകുന്നു.

കരവാരം പ്രൈമറി ഹെൽത്ത്സെൻറർ സ്ഥിതിചെയ്യുന്ന ഒരു ഏക്കർ സ്ഥലം നാമമാത്രമായ തുകപറ്റിക്കൊണ്ട് തോട്ടയ്ക്കാട്ട് കൊച്ചുമഠത്തിൽ മാധവൻ പോറ്റി സംഭാവന ചെയ്തിട്ടുള്ളതും. പഞ്ചായത്തും ജനങ്ങളും ചേർന്ന് കെട്ടിടം നിർമ്മിച്ചിട്ടുള്ളതുമാകുന്നു.

1938 മുതൽ ഈ പഞ്ചായത്തിലെ കാർഷിക ഉൽപ്പന്നങ്ങളും മറ്റും വിറ്റഴിക്കുന്ന ഒരു പ്രധാന കേന്ദ്രമാണ് തോട്ടയ്ക്കാട്ട് പബ്ലിക് മാർക്കറ്റ്. ഈ സ്ഥാപനത്തിൽ നിന്നും പ്രതിവർഷം 40,000/– രൂപയോളം പഞ്ചായത്തിന് ആദായം ലഭിച്ചുകൊണ്ടിരിക്കുന്നു. 50 സെൻറ് വിസ്തീർണ്ണമുള്ള ഈ ചന്ത, തോട്ടയ്ക്കാട്ട് പുന്നശ്ശേരിയിൽ ഗോവിന്ദക്കുറുപ്പ് സ്ഥാപിച്ചിട്ടുള്ളതും 1953ൽ സൗജന്യമായി പഞ്ചായത്തിന് വിട്ടുകൊടുത്തിട്ടുള്ളതുമാകുന്നു. ഈ പഞ്ചായത്തിൻെറ പല ഭാഗത്തും റേഡിയോ കിയോസ്ക്കുകൾ, കുഴൽ കിണറുകൾ, പൊതുകിണറുകൾ മുതലായവ നിർമ്മിക്കുന്നതിനായി ജനങ്ങൾ സ്ഥലങ്ങൾ വിട്ടുകൊടുത്തിട്ടുണ്ട്.

പൗരാണിക കാലംമുതൽ കച്ചവട സാധനങ്ങൾ മറ്റു പല വിധത്തിലുമുള്ള സാധനങ്ങൾ തലചുമടായി കൊണ്ടുപൊയ്ക്കൊണ്ടിരുന്നു എന്നതിൻെറ സ്മാരകമായി ഇന്നും ചുമടുതാങ്ങികൾ തോട്ടയ്ക്കാട്ടും, മേവർക്കലും നിലകൊള്ളുന്നുണ്ട്. വാഹനങ്ങളുടെ കുറവുമൂലം ഇന്നും വളരെയധികം യാത്രാക്ലേശം അനുഭവിക്കുന്ന ഒരു പ്രദേശമാണ് ഈ ഗ്രാമപഞ്ചായത്ത്.

**ഇന്നത്തെ വെല്ലുവിളി :-** കാലഘട്ടത്തിൻെറ ചലനത്തിന് അനുസരിച്ച് ഈ പഞ്ചായത്തിൻെറ ആവശ്യങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. അതിനു ഒരു പരിധിവരെ പരിഹാരമെന്നനിലയിൽ ഇവിടത്തെ ജനങ്ങൾ കാണുന്നത് ഇന്നത്തെ ജനകീയ ആസൂത്രണപ്രക്രിയയുടെ ഫലത്തിൻെറ ആഗമനത്തെയാണ്. പഴയ പല പ്രശ്നങ്ങളും കഴിഞ്ഞുപോയി ആ കാലഘട്ടത്തിൽ പരിഹാരം കാണാതെ പ്രശ്നങ്ങൾ ഒന്നിനു പിറകെ ഒന്നായി കുന്നുകൂടികൊണ്ടിരിക്കുന്നു. പ്രകൃതിയുടെ സന്തുലിതാവസ്ഥയെതന്നെ തകർത്തുകൊണ്ടിരിക്കുന്നു.
ഈ കരവാരം ഗ്രാമപഞ്ചായത്തിൻെറ പ്രകൃതി സമ്പത്തായി പഞ്ചായത്തിൻെറ കിഴക്കുഭാഗത്തായി നിരനിരയായി സ്ഥിതിചെയ്യുന്ന പാറകൾ പഞ്ചായത്ത് അറിയാതെ പൊട്ടിച്ച് വിദേശരാജ്യങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നു. ഈ പ്രവൃത്തി കാരണം നമ്മുടെ സമ്പത്തും, കാലാവസ്ഥയും കൃഷിയും നശിച്ചുകൊണ്ടിരിക്കുകയും പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കികൊണ്ടിരിക്കുകയും ചെയ്യുന്നു. അപ്രകാരം ഇന്നു നമ്മേ അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

1. കാർഷികമേഖലയുടെ ശോചനീയ അവസ്ഥ.
2. പഞ്ചായത്ത് പ്രദേശത്തെ കുടിവെള്ളപ്രശ്നം.
3. വ്യവസായശാലകളുടെ കുറവ്, അതുകാരണം രൂക്ഷമായ തൊഴിലില്ലായ്മ.
4. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ പൊതുക്ഷേമ സ്ഥാപനങ്ങളുടെ കുറവും അതിൻെറ ഗുണനിലവാരത്തകർച്ചയും.
5. ഗതാഗതത്തിനും യാത്രയ്ക്കും വേണ്ടുന്ന റോഡുകളുടെ കുറവും വാഹനങ്ങളുടെ അഭാവവും.
6. പ്രകൃതിസമ്പത്തായ പാറകൾ പഞ്ചായത്ത് അറിയാതെ പൊട്ടിച്ചുകൊണ്ടു പോകുന്നത്.
7. പഞ്ചായത്തിൻെറ തെക്കുഭാഗത്തു സ്ഥിതിചെയ്യുന്ന പുഴയിൽ നിന്നും പഞ്ചായത്തിൻെറ അറിവുകൂടാതെ അനധികൃതമായി മണൽ ഊറ്റുന്നത്.

8. സാമൂഹ്യസാമ്പത്തിക മണ്ഡലങ്ങളിൽ സ്ത്രീകളുടെ പങ്കിലുണ്ടാകുന്ന കുറവ്.

9. ഈ പഞ്ചായത്തിൽപ്പെട്ട ആലംകോട്ട് വില്ലേജിൽ ഒരു പൊതുചന്തയുടെ അഭാവം.

10. പഞ്ചായത്തിന്റെ അനുമതികൂടാതെയുള്ള പാറപൊട്ടിപ്പ്കൊണ്ട് പരിസര പ്രദേശത്തു താമസിക്കുന്നവർക്കും പരിസരത്തുള്ള കൃഷിക്കും നഷ്ടമുണ്ടാകുന്നു. അതിനാൽ പഞ്ചായത്തിന്റെ N.O.C. നിർബന്ധമാക്കുന്നതിനുള്ള വ്യക്തമായ നിയമങ്ങൾ ഉണ്ടാക്കുക.

11. കറൻറ്കട്ടും, വോൾട്ടേജ്ക്ഷാമവും പരിഹരിക്കുക.

12. ജലസേചനപദ്ധതികളുടെ കുറവ്.

## വിദൂരഭാവിയിൽ നാനാവിധമായ വികസനപ്രവർത്തനങ്ങൾക്ക് ദാഹിക്കുന്ന പഞ്ചായത്താണ് കരവാരം.

# ആസൂത്രണത്തിന്റെ തുടക്കം

ജനകീയാസൂത്രണത്തിന്റെ ഒന്നാംഘട്ട പരിപാടിയുടെ തുടക്കമെന്ന നിലയിൽ 1996 സെപ്റ്റംബർ 8, 9, 10 തീയതികളിൽ കിളിമാനൂർ രാജാരവിവർമ്മ കമ്മ്യൂണിറ്റി ഹാളിൽ നടന്ന ജില്ലാതല റിസോഴ്സ് പേഴ്സൺമാരുടെ പരിശീലന പരിപാടിയിൽ പഞ്ചായത്ത്പ്രദേശത്തു നിന്നും ഗ്രാമപഞ്ചായത്ത് കമ്മിറ്റി തെരെഞ്ഞെടുത്ത ഏഴു പ്രതിനിധികളെ പങ്കെടുപ്പിക്കുകയുണ്ടായി.

ജില്ലാതല പരിശീലന പരിപാടിയെ തുടർന്ന് 1996 സെപ്റ്റംബർ 14-ാം തീയതി പഞ്ചായത്തുതല ഏകദിന ശില്പശാല നടത്തി. കരവാരം കൃഷിഭവനിൽവച്ച് നടന്ന ശില്പശാല ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ. A. സൈനുല്ലാബ്ദ്ദീൻ ഉദ്ഘാടനംചെയ്തു. വൈസ്പ്രസിഡൻറ് ശ്രീ. N. സുകുമാരക്കുറുപ്പായിരുന്നു അദ്ധ്യക്ഷൻ. പഞ്ചായത്തിലെ വിവിധ വാർഡുകളെ പ്രതിനിധീകരിച്ച് 55 പേരും സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്നായി 14 ഉദ്യോഗസ്ഥരും 11 പഞ്ചായത്തു മെമ്പർമാരും 2 ബ്ലോക്ക് മെമ്പർമാരും പരിപാടിയിൽ പങ്കെടുത്തിരുന്നു. പ്രസ്തുത ശില്പശാലയിൽ വച്ച് വിവിധ വാർഡുകളിലെ ഗ്രാമസഭകളുടെ തീയതികൾ നിശ്ചയിക്കുകയും പ്രത്യേക ഗ്രാമസഭകൾ നടത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുകയും ചെയ്തു.

## വാർഡുതല ഗ്രാമസഭകളുടെ വിവരണം

| സ്ഥലം | തീയതി | പങ്കെടുക്കുന്നവരുടെ എണ്ണം |
|---|---|---|
| 1. ഡി.വി. എൽ.പി.എസ്. പാവല്ല | 12.10.96 | 200 |
| 2. ഗവ: എൽ.പി.എസ്. തോട്ടയ്ക്കാട് | 12.10.96 | 127 |
| 3. എൽ.പി.എസ്. വഞ്ചിത്തടം | 6.10.96 | 61 |
| 4. മുടിയോട്ടുകോണം | 12.10.96 | 150 |
| 5. കണ്ണാട്ടുകോണം | 2.10.96 | 98 |
| 6. എൽ.പി.എസ്., പറക്കുളം | 2.10.96 | 150 |
| 7. എൽ.പി.എസ്., മേവർക്കൽ | 6.10.96 | 105 |
| 8. കൊക്കോട്ടുകോണം | 21.9.96 | 55 |
| 9. യു.പി.എസ്. വഞ്ചിയൂർ | 2.10.96 | 96 |
| 10. കാട്ടുവിള (വഞ്ചിയൂർ) | 6.10.96 | 182 |
| 11. മദ്റസ (വഞ്ചിയൂർ) | 21.9.96 | 70 |

ഓരോ ഗ്രാമസഭകളിലും 4 ഗ്രൂപ്പുകളായി തിരിഞ്ഞ് വിഷയങ്ങളെക്കുറിച്ച് വിശദമായ ചർച്ചകൾ നടത്തി. ഗ്രാമസഭായോഗങ്ങൾക്ക് ശേഷം പഞ്ചായത്തുതലത്തിൽ വിപുലമായ യോഗം സംഘടിപ്പിച്ച് ഗ്രാമസഭാ ചർച്ചകളിൽ നിന്നും രൂപപ്പെട്ടുവന്ന അഭിപ്രായങ്ങളെയും നിർദ്ദേശങ്ങളെയും പരിപാടികളെയുംകുറിച്ച് അവലോകനം ചെയ്തു.

## രണ്ടാംഘട്ടത്തിലേയ്ക്ക്

രണ്ടാം ഘട്ടമെന്ന നിലയിൽ 5.11.96ൽ കരവാരം കൃഷിഭവനിൽ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ. A. സൈനുല്ലാബ്ദീന്റെ അദ്ധ്യക്ഷതയിൽചേർന്ന ചടങ്ങിൽ വച്ച് പഞ്ചായത്തുതല റിസോഴ്സ് പേഴ്സൺ മാരുടെ പരിശീലനപരിപാടിയുടെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി അനിതാകുമാരി നിർവ്വഹിച്ചു. സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. V. രമേശൻ, ബ്ലോക്ക് മെമ്പർ ശ്രീമതി മീനാകുമാരി ചെറിയാൻ, കിളിമാനൂർ ബി.ഡി.ഒ. ശ്രീ. പ്രേമാനന്ദ് എന്നിവർ സദസ്സിന് ആശംസകളർപ്പിച്ചു. കീ റിസോഴ്സ് പേഴ്സൺ ശ്രീ. C.N. ദേവദാസ് അതുവരെയുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. തുടർന്ന് കൃഷിയും അനുബന്ധ മേഖലകളും എന്ന വിഷയത്തെ ആധാരമാക്കി ഡി.ആർ.പി. സുഭാഷ്ചന്ദ്ര ബാബുവും, ദ്വിതീയ മേഖലകളെക്കുറിച്ച് ഡി.ആർ.പി. അനീഷും, ത്രിതീയ മേഖലയെ സംബന്ധിച്ച് ഇ. ഷാജഹാനും ക്ലാസെടുത്തു. തുടർന്ന് വികസനറിപ്പോർട്ട് തയ്യാറാക്കേണ്ട തെങ്ങനെയാണെന്ന് ഇതിനെ സംബന്ധിച്ച ചർച്ച വീഡിയോയുടെ സഹായത്തോടെ നിർവ്വഹിക്കപ്പെട്ടു.

രണ്ടാംഘട്ടത്തിൽ ജീവൻ പകർന്ന ഏറ്റവും മുഖ്യമായ പരിപാടിയായിരുന്നു പഞ്ചായത്തുതല പഠനപര്യടനം. 10.11.96ൽ 19 പേരടങ്ങുന്ന പഠനസംഘം ഗ്രാമപഞ്ചായത്തു പ്രസിഡൻറിന്റെ നേതൃത്വത്തിൽ പഞ്ചായത്തിന്റെ വടക്കു ഭാഗമായ വഞ്ചിത്തടത്തിൽ നിന്നും രാവിലെ 8 മണിക്ക് യാത്രതിരിച്ചു. പ്രഭാതം മുതൽ പ്രദോഷം വരെ നീണ്ട പ്രസ്തുത യാത്ര പഞ്ചായത്തു പ്രദേശത്തിന്റെ ഹൃദയ വീഥികളിലൂടെ നിരീക്ഷണപടുതയോടെ യാത്രചെയ്ത് പഞ്ചായത്തിന്റെ തെക്കേയറ്റത്തുള്ള നദീതടഭൂമിയായ കട്ടപ്പറമ്പിലവസാനിച്ചു. ഈ യാത്രയിലൂടെ കരവാരം ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക പ്രശ്നങ്ങളും ആവശ്യങ്ങളും നേരിട്ട് മനസ്സിലാക്കുന്നതിനും അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങൾ ആരായുന്നതിനും സംഘത്തിനു കഴിഞ്ഞു.

പഠനപര്യടനത്തിൽ നിന്ന് ലഭിച്ച വസ്തുതകളും ദ്വിതീയ വിവര ശേഖരണത്തിലൂടെ കിട്ടിയ സ്ഥിതിവിവര കണക്കുകളും ഗ്രാമസഭാറിപ്പോർട്ടുകളും സമന്വയിപ്പിച്ചു കൊണ്ട് ആവശ്യാധിഷ്ഠിതമായ ഒരു വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനും വേണ്ടി മുഴുവൻ പഞ്ചായത്ത് അംഗങ്ങളും റിസോഴ്സ് പേഴ്സൺമാരുമടങ്ങുന്ന വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ലഭിച്ച വിവരങ്ങളെക്കുറിച്ച് സൂഷ്മമായി പഠിച്ച് സമഗ്ര ചർച്ചചെയ്ത് അന്തിമറിപ്പോർട്ടിന് രൂപംനൽകുകയാണുണ്ടായത് ഇരുപത്തഞ്ചുപേരടങ്ങുന്ന പ്രസ്തുത സംഘത്തിന്റെ ഒരു മാസത്തോളം നീണ്ട നിരന്തരമായ പരിശ്രമത്തിന്റെയും നിസ്വാർത്ഥമായ സേവനത്തിന്റെയും ആകെ തുകയാണ് ഈ റിപ്പോർട്ട്. ബഹുമാനപ്പെട്ട കരവാരം ഗ്രാമ പഞ്ചായത്ത് കമ്മിറ്റി ചർച്ചചെയ്ത് അംഗീകരിച്ച ഈ റിപ്പോർട്ട് സാഭിമാനം അവതരിപ്പിച്ചുകൊള്ളട്ടെ!

വിസനസെമിനാറിന്റെ പരിഗണനയ്ക്കായി

# സാമൂഹ്യക്ഷേമം

കരവാരം പഞ്ചായത്തിൽ പതിനൊന്നു വാർഡുകൾ ആണുള്ളത്. വിവിധ ജാതി മതസ്ഥരും, സാംസ്ക്കാരിക പ്രബുദ്ധരമായ ഒരു ജനതയാണ് ഇവിടെ ഉള്ളത്. ഇവരിൽ ഭൂരിപക്ഷത്തിനും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലൂടെ ആശ്വാസം ലഭ്യമാക്കേണ്ട സ്ഥിതിയുണ്ട്. സാമൂഹ്യക്ഷേമപരിപാടികൾ, നാനാമുഖമായ വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടവയാണ്. ഈ വിധ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വ്യക്തത ജനങ്ങൾക്ക് ഇതുവരെ ഉണ്ടായിട്ടില്ലാ എന്നതു വസ്തുതയാണ്.

വിവിധ ജനവിഭാഗങ്ങൾ തമ്മിൽ ഐക്യവും സൗഹാർദ്ദവും വളർത്തുക, വികസനപ്രവർത്തനങ്ങൾ സാമൂഹ്യക്ഷേമ പദ്ധതികളിലൂടെ നടപ്പാക്കാൻ കഴിയുന്നത് നടപ്പിലാക്കുക, സാമൂഹ്യക്ഷേമ പരിപാടികൾക്കാവശ്യമായ വിഭവങ്ങൾ വിവിധ ഏജൻസികളിലൂടെ സമാഹരിക്കുക ഇവയൊക്കെ ഈ ഇനത്തിലുള്ള പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

പഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്കു താഴെ യുള്ളവരുടെ ലിസ്റ്റും, ദാരിദ്ര്യ നിർമ്മാർജ്ജന ത്തിന് നാളിതുവരെ സ്വീകരിച്ച നടപടികളും ചർച്ചാവിഷയമാക്കേണ്ടതുണ്ട്.

ഓരോ വാർഡിലെയും ജനസംഖ്യാ ബാഹുല്യം വാർഡു തിരിച്ചുള്ള സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നുണ്ട്. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് ചെറിയ ചെറിയ വാർഡുകളാണ് സൗകര്യപ്രദം.

I.R.D.P പദ്ധതിപ്രകാരം പഞ്ചായത്തിലെ മുഴുവൻ വീടുകളിലെയും സാമൂഹ്യ സാമ്പത്തിക സർവ്വെയാണ് ഉദ്ദേശിക്കുന്നത്. കുടുംബാംഗങ്ങളുടെ എണ്ണം, പ്രായം, വിദ്യാഭ്യാസം, തൊഴിൽ, ആസ്തികൾ, കുടുംബനിലവാരം, വരുമാനം മുതലായവയാണ് ശേഖരിക്കപ്പെടുന്നത്. ഈ സർവ്വെയുടെ അടിസ്ഥാനത്തിലാണ് ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്തിട്ടുള്ളത്.

ഈ പഞ്ചായത്തിൽ I.R.D.P. സർവ്വെ പ്രകാരം 2190 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരായി കാണുന്നു. ഈ ലിസ്റ്റ് ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ശരിയല്ല. അപൂർണ്ണമാണ്. അർഹരായവരെല്ലാം ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. സ്ഥിതിവിവരക്കണക്കുകളും, പഠനപര്യടന സർവ്വെയിലെ കണക്കുകളും അനുസരിച്ച് ഈ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ 4500നു മേൽ വരുമെന്നാണ് കണക്കാക്കുന്നത്.

IRDP സർവ്വെപ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ്, ഇതിൽ SC/ST കുടുംബങ്ങളുടെ എണ്ണം, നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചവരുടെ എണ്ണം, സാമ്പത്തികസഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങളുടെ എണ്ണം എന്നിവ അടങ്ങിയ വിവരങ്ങൾ അനുബന്ധം Iൽ ചേർത്തിരിക്കുന്നു.

## അനുബന്ധം I

| വാർഡ് | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെഎണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST കുടുംബങ്ങൾ | സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖ രേഖയ്ക്കു മുകളിലെ കുടുംബങ്ങൾ |
|---|---|---|---|---|---|
| I | 196 | 26 | 24 | 12 | 24 |
| II | 229 | 36 | 28 | 15 | 28 |
| III | 152 | 21 | 17 | 9 | 17 |
| IV | 164 | 54 | 19 | 10 | 19 |
| V | 209 | 82 | 24 | 12 | 24 |
| VI | 185 | 27 | 17 | 7 | 17 |
| VII | 266 | 48 | 25 | 13 | 25 |
| VIII | 272 | 58 | 22 | 10 | 22 |
| IX | 277 | 27 | 28 | 6 | 28 |
| X | 223 | 73 | 42 | 26 | 42 |
| XI | 17 | 1 | - | - | - |
| ആകെ | 2190 | 153 | 246 | 120 | 246 |

ഈ ലിസ്റ്റ് പ്രകാരം 2190 കുടുംബങ്ങൾ SC/ST കുടുംബങ്ങൾ ആണെന്നും കാണുന്നു. ഇതുവരെ 120 SC/ST കുടുംബങ്ങൾക്കും, 246 മറ്റു കുടുംബങ്ങൾക്കും സാമ്പത്തിക സഹായം ലഭിച്ചതായി കാണുന്നു. ടി 246 കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് മുകളിലായി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഈ ലിസ്റ്റ് അശാസ്ത്രീയവും ആണെന്ന് ഒറ്റ നോട്ടത്തിൽ തന്നെ ബോദ്ധ്യപ്പെടുന്നതാണ്.

മാത്രവുമല്ല ലിസ്റ്റിൽ ഉള്ളവരിൽ തുച്ഛമായ പേർക്കുമാത്രമാണ് ധനസഹായം ലഭിച്ചിരിക്കുന്നത്. ധനസഹായം ലഭിച്ച എല്ലാ കുടുംബ ങ്ങളും ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തി എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് വെറും ഭാവനാ സൃഷ്ടിയാണ്.

ഇതിന് ഗുണഭോക്താക്കളുടെ ജീവിതസാഹചര്യങ്ങളുമായി ഒരു ബന്ധവും ഇല്ലെന്ന് മാത്രമല്ല ഇത് സത്യസന്ധമായ റിപ്പോർട്ട് അല്ല. ട്രൈസം തൊഴിൽ പരിശീലന പരിപാടി അനുസരിച്ച് വെറും 32 പേർക്ക് മാത്രമാണ് ഇതുവരെ പരിശീലനം നൽകിയിട്ടുള്ളത്. അതിൽതന്നെ 29 പേർ മാത്രമാണ് സ്വയംതൊഴിൽ കണ്ടെത്തിയത് എന്ന് കാണുന്നു. പരിശീലനം ലഭിക്കുവാൻ അർഹരായവരുടെ എണ്ണവും പരിശീലനം ലഭിച്ചവരുടെ എണ്ണവും തമ്മിൽ താരതമ്യപ്പെടുത്തിയാൽ തന്നെ ഈ പരിപാടിയുടെ ശോചനീയാവസ്ഥ മനസ്സിലാക്കാൻ കഴിയും. പട്ടിക അനുബന്ധം II ആയി ഇതോടൊപ്പം ചേർത്തിരിക്കുന്നു.

## പട്ടിക അനുബന്ധം II

| വാർഡ് | പരിശീലന വിഷയം | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതരതൊഴിലുകളിലേർപ്പെട്ടിരിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|
| I | Wiring | 3 | 3 | |
| II | Do | 1 | 1 | |
| III | Plumbing | 2 | 2 | |
| IV | Wiring | 2 | 2 | |
| V | Binding | 9 | 6 | 3 |
| VI | Motor Mechanism | 4 | 4 | |
| VII | Electrician | 5 | 5 | |
| VIII | — | – | – | |
| IX | Tailoring | 4 | 4 | |
| X | Weaving | 2 | 2 | |
| XI | | | | |
| ആകെ | | 32 | 29 | 3 |

വിവിധ ഇനം ധനസഹായ പദ്ധതികളെപ്പറ്റി ഗുണഭോക്താക്കൾക്കുള്ള അറിവില്ലായ്മ, സർക്കാർ നടപടികളിലെ സങ്കീർണ്ണതകൾ, വിഭവദാരിദ്ര്യം എന്നിവയൊക്കെ തൊഴിൽ പരിശീനം നേടുന്നതിനും, നേടിയവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും ഉള്ള തടസങ്ങളായി കാണാൻ കഴിയും.

D.W.C.R.A. പദ്ധതിപ്രകാരം ഈ പഞ്ചായത്തിൽ പതിനൊന്ന് വാർഡുകളിലായി ആകെ രണ്ടു സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളത്. അവയിൽ പണി എടുക്കുന്നവരുടെ എണ്ണം വെറും ഇരുപത്തിമൂന്ന് എന്ന് കാണുന്നു. അനുബന്ധം III ആയി താഴെ ചേർക്കുന്നു.

## അനുബന്ധം III

| വാർഡ് | സംരംഭത്തിന്റെ പേര് | അനുവദിച്ച വർഷം | പ്രവർത്തിക്കുന്നഅംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 1. I, II, III, V | ഇല്ല | – | – |
| 2. VII, IV | മെറ്റൽ ക്രഷിംഗ് യൂണിറ്റ് | 1996–97 | 13 |
| 3. VI, VIII, IX, X | ഇല്ല – | – | – |
| 4. XI | Weaving – – – | 1996–97 | 10 |

ഗ്രാമീണ തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (R.A.P) അനുസരിച്ച് I.R.D.P. ലിസ്റ്റിൽ വെറും എൺപത്തിയാറ് പേർ മാത്രമേ ഉള്ളു എന്നാണ് കാണുന്നത്. അതിൽ നാൽപത്തിമൂന്ന് പേർക്ക് സഹായം ലഭിച്ചു എന്നും, ഇനി നാൽപത്തിമൂന്ന് പേർക്ക് മാത്രമേ ലഭിക്കാനുള്ളു എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.

## അനുബന്ധം IV

| വാർഡ് | IRDP സർവ്വേപ്രകാരം ഗ്രാമീണ തൊഴിൽകളുടെ എണ്ണം | സഹായം ലഭിച്ച വരുടെ എണ്ണം | ഇനി സഹായത്തിന് അർഹരായവരുടെ എണ്ണം |
|---|---|---|---|
| I | 14 | 9 | 5 |
| II | 8 | 6 | 2 |
| III | 6 | 4 | 2 |
| IV | 6 | 5 | 1 |
| V | 15 | 4 | 11 |
| VI | 3 | - | 3 |
| VII | 2 | - | 2 |
| VIII | 13 | 7 | 6 |
| IX | 9 | 2 | 7 |
| X | 10 | 6 | 4 |
| XI | - | - | - |
| ആകെ | 86 | 43 | 43 |

ഈ കണക്ക് എപ്രകാരം കിട്ടി എന്നോ എന്തു മാനദണ്ഡപ്രകാരമാണ് ഈ ലിസ്റ്റ് തയ്യാറാക്കിയതെന്നോ വ്യക്തമല്ല. നിലവിലുള്ള ഔദ്യോഗിക സംവിധാനവും, ജനപ്രതിനിധികളുമായുള്ള കോഓർഡിനേഷൻ ഇല്ലായ്മയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

1991-92 മുതൽ 1994-95 വരെയുള്ള കാലയളവിൽ ആകെ അൻപത്തിമൂന്നു പേർക്കു വിവിധ ഇനം പെൻഷനുകൾ ലഭിച്ചതായി കാണുന്നു. ധനസഹായം ലഭിച്ചവരുടെ കണക്ക് അനുബന്ധം V ആയി ചേർത്തിരിക്കുന്നു.

## അനുബന്ധം V

| കാലം | വിധവാപെൻഷൻ | വികലാംഗപെൻഷൻ | വാർദ്ധക്യപെൻഷൻ | ക്ഷയരോഗിപെൻഷൻ | ക്യാൻസർരോഗിപെൻഷൻ | ആകെ |
|---|---|---|---|---|---|---|
| 1991–92 | 8 | 9 | 4 | – | 2 | 23 |
| 1992–93 | 3 | 4 | 5 | 2 | 5 | 19 |
| 1993–94 | 1 | 1 | 1 | 1 | – | 4 |
| 1994–95 | 6 | 1 | – | – | – | 7 |
| ആകെ | 18 | 15 | 10 | 3 | 7 | 53 |

കഴിഞ്ഞ നാലുവർഷക്കാലത്ത് പഞ്ചായത്തിലൊട്ടാകെ വെറും അൻപത്തിമൂന്ന് പേർക്ക് മാത്രമാണ് വിവിധ ഇനം പെൻഷനുകൾ ലഭിച്ചിരിക്കുന്നത്. അർഹരായ അപേക്ഷകർ ഇല്ലാത്തതുകൊണ്ട് ഇപ്രകാരം സംഭവിച്ചു എന്നു കരുതുവാൻ നിർവ്വാഹമില്ല. ദുർബ്ബലവിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകിയിരുന്നില്ലാ എന്നത് വ്യക്തമാണ്. സാമൂഹ്യക്ഷേമവകുപ്പ് വഴി നടപ്പാക്കുന്ന മറ്റ് പതിമൂന്നിന ക്ഷേമപദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

ഒന്നാം വാർഡിൽ ഒരു വനിതാക്ഷേമ സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്.

അഞ്ചാംവാർഡിൽ ഇന്ദിരാഗാന്ധി മെമ്മോറിയൽ മഹിളാസമാജം പ്രവർത്തിച്ചിരുന്നു. സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള ഈ സമാജം വർഷങ്ങളായി പ്രവർത്തനരഹിതമായി കിടക്കുകയാണ്. അനാഥാവസ്ഥയിൽ ഈ കെട്ടിടം സ്ഥിതിചെയ്യുന്നു.

ഏഴാം വാർഡിൽ ഒരു ഹരിജൻ മഹിളാസമാജം നിലവിലുണ്ട്. 10–ാംവാർഡിൽ ഒരു ഒരു ഹരിജൻ മഹിളാസമാജവും വനിതാസമാജവും ഉണ്ട്. മഹിളാ സമാജങ്ങളുടെ പ്രവർത്തനം പൊതുവെ കാര്യക്ഷമമല്ല. പലതും നിഷ്ക്രിയവുമാണ്. നിലവിലുള്ള അംഗൻവാടികളുടെ പ്രവർത്തനം തൃപ്തികരമല്ല. 2, 8 വാർഡുകളിലെ അംഗൻവാടികളുടെ പ്രവർത്തനം ഫലപ്രദമാക്കേണ്ടതുണ്ട്.

3, 6, 7, എന്നീ വാർഡുകളിൽ അംഗൻവാടികളുണ്ടെങ്കിലും പ്രവർത്തനം ഫലപ്രദമല്ല.

Day care centre-കൾ ഇല്ല. ഈ പഞ്ചായത്തിലെ സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളുടെ പൊതുസ്ഥിതിയും അവലോകനവുമാണ് മേൽ പ്രസ്താവിച്ചത്.

## പ്രശ്നങ്ങൾ

IRDP ലിസ്റ്റ് (ഇപ്പോൾ നിലവിലുള്ളത്) അപൂർണ്ണവും, ശ്രദ്ധാപൂർവ്വം തയ്യാറാക്കപ്പെട്ടതുമല്ല.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി IRDP ഗുണഭോക്താക്കൾക്ക് ലഭിക്കാവുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് അവർ ബോധവാൻമാരല്ല. ആനുകൂല്യങ്ങളെ സംബന്ധിച്ച നടപടിക്രമങ്ങളുടെ സങ്കീർണ്ണതകളാണ് യഥാസമയം ആനുകൂല്യങ്ങൾ ലഭിക്കാൻ തടസ്സമായി നിൽക്കുന്നത്. ആനുകൂല്യങ്ങളെ സംബന്ധിച്ച പ്രസിദ്ധീകരണങ്ങൾ പൊതുജനങ്ങൾക്കു ലഭിക്കുന്നില്ല. IRDP പ്രകാരം കക്കൂസുകൾ ലഭിക്കാൻ വളരെയധികം പേർ അർഹരായുണ്ട്.

ട്രൈസം പരിശീലനം ചുരുക്കം പേർക്കു മാത്രമാണ് ലഭിച്ചിട്ടുള്ളത്. ട്രയിനിംഗ് ലഭിച്ചവർക്കു തന്നെ സ്വയംതൊഴിൽ കണ്ടെത്താനുള്ള ധനസഹായവും സാങ്കേതിക ഉപദേശവും യഥാസമയം ലഭിക്കുന്നില്ല. ധനസഹായം ലഭിച്ചവർ തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നുണ്ടോ എന്ന് കാലാകാലങ്ങളിൽ പരിശോധിക്കപ്പെടുന്നില്ല.

DWRCA പദ്ധതിപ്രകാരം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വളരെയധികം ഗുണഭോക്താക്കളുണ്ട്. അവരിൽ നാമ

മാത്രമായുള്ളവർക്കു മാത്രമേ ഈ സഹായം ലഭിച്ചിട്ടുള്ളൂ.

ഗ്രാമീണ കൈത്തൊഴിലുകാർക്കുള്ള ആനുകൂല്യങ്ങൾ (RAP) ചുരുക്കം പേർക്ക് മാത്രമാണ് ലഭിച്ചിട്ടുള്ളത്. വിവിധയിനം പെൻഷനുകൾ അർഹരായവർക്ക് യഥാ സമയം ലഭിക്കുന്നില്ല.

അനാഥരും അവശരുമായ വൃദ്ധജന ങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അവരെ പുനരധിവസിപ്പിക്കേണ്ടതുണ്ട്.

എല്ലാ വാർഡുകളിലും കുടുംബക്ഷേമ കേന്ദ്രങ്ങൾ ഇല്ല. ഉള്ളവയുടെ പ്രവർത്തനം തൃപ്തികരമല്ല.

നിലവിലുള്ള മഹിളാസമാജങ്ങൾ പ്രവർ ത്തനരഹിതമാണ്. IV, VIII, XI വാർഡു കളിൽ മഹിളാസമാജം രജിസ്റ്റർ ചെയ്യപ്പെട്ടി ട്ടില്ല. മഹിളാസമാജങ്ങൾക്ക് ലഭിക്കുവാനുള്ള ധനസഹായം യഥാസമയം ലഭിക്കുന്നില്ല.

I, IV, V, VIII, X, XI വാർഡുകളിൽ അംഗൻവാടികൾ ഇല്ല. II, III, VI, VII, IX വാർഡുകളിലുള്ള അംഗൻവാടികളുടെ പ്രവർത്തനം തൃപ്തികരമല്ല. ആറാം വാർ ഡിലെ അംഗൻവാടി കെട്ടിടം സുരക്ഷിതമല്ല. അംഗൻവാടിയിലേയ്ക്കുള്ള വഴി ഇല്ല. പഞ്ചായത്തിലെ പല പ്രദേശങ്ങളിലും വ്യാജമദ്യം സുലഭമാണ്. ഇത് സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങളുടെ ആധിക്യ ത്തിനും, കുടുംബബന്ധങ്ങളിലെ തകർച്ച യ്ക്കും കാരണമാകുന്നു.

പഞ്ചായത്തിൽ സാംസ്ക്കാരികനിലയവും, ആഡിറ്റോറിയവും ഇല്ല. സ്ത്രീധനവും ദുർവ്യ ഹമായ വിവാഹച്ചെലവും ഒരു സാമൂഹ്യവിപ ത്തായി നിലനിൽക്കുന്നു.

കുടുംബക്ഷേമകേന്ദ്രങ്ങൾ ആവശ്യാനു സരണം അനുവദിക്കപ്പെട്ടിട്ടില്ല. ഉള്ളവതന്നെ പ്രയോജനകരമായി പ്രവർത്തിക്കുന്നില്ല. Day Care Centre ഇല്ല.

## സാദ്ധ്യതകൾ

സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്ക് ധനസഹായം ലഭിക്കുവാൻ രണ്ടുവിധത്തി ലുള്ള നിർദ്ദേശങ്ങളാണുള്ളത്.

1. അപേക്ഷയുടെ അടിസ്ഥാനത്തിൽ ഉടൻ തന്നെ അനുവദിക്കാൻ കഴിയുന്നവ
2. വിവിധ വകുപ്പുകളിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ധനസഹായം നേടി കൊണ്ട് നടപ്പിലാക്കാൻ കഴിയുന്നവ.

IRDP പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ളവരുടെ ലിസ്റ്റ് പുതുതായി തയ്യാറാക്കുകയുമാണ് പ്രധാനമായി ചെയ്യേ ണ്ടത്. ഒൻപതാം പദ്ധതിയുടെ ആരംഭം കുറിക്കുന്ന ഈ അവസരത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് IRDP ലിസ്റ്റ് തയ്യാറാ ക്കൽ. ജനപ്രതിനിധികളുടെ സഹകരണ ത്തോടെ വീടുതോറും കയറിയിറങ്ങി ശ്രദ്ധാപൂർവ്വം തയ്യാറാക്കപ്പെടേണ്ടതാണിത്. സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ അടി സ്ഥാനരേഖയാണ് IRDP ലിസ്റ്റ് എന്ന ബോധ ത്തോടെ ആത്മാർത്ഥമായി ഈ ലിസ്റ്റ് തയ്യാറാക്കിയാൽ അതൊരു വിലപ്പെട്ട രേഖ തന്നെ ആയിരിക്കും. ഇന്ന് നിലവിലുള്ള ലിസ്റ്റിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 2190 എന്ന് കാണു ന്നത് യാതൊരു തരത്തിലും ന്യായീകരിക്ക ത്തക്കതല്ല. യഥാർത്ഥത്തിൽ ഈ പഞ്ചായ ത്തിൽ 4500 (നാലായിരത്തി അഞ്ഞൂറ്) കുടുംബങ്ങളെങ്കിലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി ഉണ്ടെന്ന് കാണുന്നുണ്ട്. അതുപോലെ പട്ടികജാതി – പട്ടികവർഗ്ഗ ക്കാരുടെ ലിസ്റ്റിലുള്ള വിവരങ്ങളും ശരിയല്ല. പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിൽ കൃത്യ തയും സത്യസന്ധതയും പുലർത്തേണ്ടതുണ്ട്. അപ്രകാരം തയ്യാറാക്കപ്പെടുന്ന ലിസ്റ്റിൽ നിന്നും ഏറ്റവും കുറച്ചു വരുമാനമുള്ളവർക്ക് മുൻഗണന നൽകി പരിശീലനം നൽകു കയും ബ്ലോക്കുപഞ്ചായത്തിന്റെ വിഭവ ശേഷിക്കനുസരണായി തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊടുക്കേണ്ടതുമാണ്.

IRDP പ്രകാരം കക്കൂസ് ലഭിക്കാൻ അർഹതയുള്ള മുഴുവൻ പേർക്കും കക്കൂസ് നൽകാൻ നടപടി ഉണ്ടാകണം. ഇതുമൂലം ഒരതിർത്തിവരെ പകർച്ചവ്യാധികൾ തട യാൻ കഴിയും.

DWCRA പ്രകാരം ആകെ 23 പേർക്കു മാത്രമാണ് തൊഴിൽ ലഭിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിപ്രകാരം തൊഴിൽ

ലഭിക്കാൻ അർഹതയുള്ളവരെ കണ്ടുപിടിച്ചു ഒരു വാർഡിന് ഒന്ന് എന്ന ക്രമത്തിൽ സംരംഭങ്ങൾ ആരംഭിക്കുകയും അതുവഴി തൊഴിലവസരം പ്രദാനം ചെയ്യുകയും ചെയ്യുക.

ഗ്രാമീണ കൈത്തൊഴിൽകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP) പ്രകാരം IRDP ലിസ്റ്റിൽ എൺപത്തിയാറു പേരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ലിസ്റ്റ് അപൂർണ്ണമാണ്. ശരിയായ മാർഗ്ഗത്തിലൂടെ അന്വേഷണം നടത്തി അർഹരായവരുടെ പുതുക്കിയ ലിസ്റ്റ് നൽകുകയും അവർക്ക് ആധുനികോപകരണങ്ങൾ നൽകുകയും ചെയ്യണം. അർഹത നിശ്ചയിക്കുന്നതിൽ ഏറ്റവും ദുർബ്ബലരായവർക്ക് മുൻഗണന നൽകേണ്ടതാണ്.

ട്രൈസം തൊഴിൽ പരിശീലനപരിപാടി, DWCRA സംരംഭങ്ങൾ, RAP പ്രകാരം ആധുനിക ഉപകരണങ്ങൾ നൽകൽ, സ്വയംതൊഴിൽ കണ്ടെത്താനുള്ള ധനസഹായം മുതലായവയ്ക്ക് പുറമെ സാമൂഹ്യക്ഷേമവകുപ്പ് മുഖേന നടപ്പാക്കുന്ന മറ്റു ക്ഷേമപ്രവർത്തനങ്ങളും ഉണ്ട്. അവയെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ തത്സംബന്ധമായ സാദ്ധ്യതകൾ ആരായാൻ കഴിയുന്നില്ല. അപ്രകാരമുള്ള ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചുള്ള ബുക്കുലറ്റുകൾ സർക്കാർ ചെലവിൽ പൊതുജനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കേണ്ടതാണ്. ഇന്ന് ഈ വക പ്രസിദ്ധീകരണങ്ങൾ പബ്ലിക്ക് റിലേഷൻസ് വകുപ്പ് മുഖാന്തിരം അച്ചടിച്ച് സർക്കാരാഫീസിന്റെ മൂലയിൽ കൂട്ടിയിടുകയും കുറെക്കഴിഞ്ഞ് വേസ്റ്റ് പേപ്പർ എന്ന നിലയിൽ വിൽക്കുകയുമാണ് ചെയ്തുവരുന്നത്.

സാമൂഹ്യക്ഷേമപദ്ധതികളുടെ ഭാഗമായുള്ള പെൻഷൻ സ്ക്കീമുകൾ ഫലപ്രദമായി നടപ്പാക്കാൻ നടപടികൾ ഉണ്ടാകണം.

വിധവാപെൻഷൻ, വികലാംഗ പെൻഷൻ, വാർദ്ധക്യകാലപെൻഷൻ, ക്ഷയരോഗിപെൻഷൻ, ക്യാൻസർരോഗി പെൻഷൻ എന്നീ ഇനങ്ങളിൽ 53 പേർക്കുമാത്രമാണ് പെൻഷൻ ലഭിച്ചിട്ടു ഉളളത്. കർഷകതൊഴിലാളി പെൻഷൻ, വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, കായികതാരപെൻഷൻ, അവശകലാകാരന്മാർക്കുള്ള പെൻഷൻ, അവശ സർക്കസ് താരങ്ങൾക്കുള്ള പെൻഷൻ, പത്രപ്രവർത്തക പെൻഷൻ തുടങ്ങിയ പെൻഷൻ പദ്ധതികൾപ്രകാരം അർഹരായവർ ഈ പഞ്ചായത്തിൽ വളരെയധികം പേരുണ്ട്. ഈ പെൻഷനുകളെ സംബന്ധിച്ച അറിവില്ലായ്മയും, നടപടിക്രമങ്ങളിലെ സങ്കീർണ്ണതകളും മൂലം അപേക്ഷകരായി വരാൻ ആൾക്കാർ കുറയുന്നു എന്നതാണ് വസ്തുത. ഈ പെൻഷൻ പദ്ധതികളുടെ നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും, അപേക്ഷ സ്വീകരിക്കൽ മുതൽ ധനസഹായം നൽകൽവരെയുള്ള എല്ലാ ചുമതലകളും ഗ്രാമ പഞ്ചായത്തുകളെ ഏൽപ്പിക്കേണ്ടതാണ്. ഇതിലേക്കാവശ്യമായ ഫണ്ടും യഥാസമയം പഞ്ചായത്തുകൾക്ക് അനുവദിച്ചുകൊടുക്കണം. കൂടാതെ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള ആശ്വാസ സഹായധനം നൽകുന്നതിനുള്ള അധികാരവും ഫണ്ടും ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി, പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധി മിശ്രവിവാഹിതർക്കുള്ള ധനസഹായം, സാധുക്കളായ വിധവകളുടെ മക്കളുടെ വിവാഹത്തിനുള്ള ധനസഹായം എന്നിവ ശുപാർശചെയ്യാൻ പഞ്ചായത്തുകൾക്ക് അധികാരം ഉണ്ടായിരിക്കേണ്ടതും ആ ശുപാർശ പരിഗണിക്കപ്പെടേണ്ടതുമാണ്.

പാവപ്പെട്ടവർക്ക് സൗജന്യനിയമ സഹായത്തിനുള്ള അർഹത തീരുമാനിക്കാനുള്ള അവകാശം ഗ്രാമപഞ്ചായത്തുകൾക്കുണ്ടായിരിക്കണം.

പട്ടികജാതിക്കാർക്ക് ഹരിജനക്ഷേമ വകുപ്പ് മുഖേന നൽകുന്ന ഭവനനിർമ്മാണ ഗ്രാൻറ്, ഭവനനിർമ്മാണ വായ്പ, പുര കെട്ടിമേയാനുള്ള ധനസഹായം, പുര ഓടു മേയുന്നതിനുള്ള ധനസഹായം, കച്ചവടവായ്പ, ഭൂരഹിത–ഭവനരഹിത പുനരധിവാസ പദ്ധതി പ്രകാരം വീടുനിർമ്മിക്കുന്നതിന് നൽകുന്ന ധനസഹായം, ചികിൽസാസഹായം, വിവാഹസാമ്പത്തിക സഹായം എന്നിവ

യ്ക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടു ക്കുന്നതിന് പഞ്ചായത്തിന് അധികാരം നൽകേണ്ടതാണ്. ഇന്ന് ഇപ്രകാരമുള്ള ധനസഹായങ്ങൾ അനർഹരായവർ തട്ടിയെടുക്കുന്നു എന്നത് വസ്തുതയാണ്.

ദാരിദ്ര്യനിർമ്മാർജ്ജനത്തിന് ഗവൺമെ ൻറിൻെറ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ചും, പരിശീലനപരിപാടികളെപ്പറ്റിയും സ്വയം തൊഴിൽ കണ്ടെത്തുന്നവർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിന് ചർച്ചാക്ലാസുകൾ, പ്രദർശന ങ്ങൾ എന്നിവ നടത്തേണ്ടതാണ്.

## ജനപ്രതിനിധികളും ഔദ്യോഗികാംഗങ്ങളും

സാമൂഹ്യക്ഷേമപരിപാടികൾ നടപ്പി ലാക്കുമ്പോൾ സ്ത്രീകളുടെ തൊഴിലില്ലായ്മ, തൊഴിൽമേഖലയിൽ സ്ത്രീകളോടുള്ള വിവേചനം, പൊതുരംഗത്തു സ്ത്രീ പങ്കാളിത്തത്തിൻെറ കുറവ് എന്നിവ പരിഗ ണിക്കുകയും അവയ്ക്കുള്ള പരിഹാരമാർഗ ങ്ങൾ കണ്ടെത്തേണ്ടതുമാണ്.

അനാഥരും അവശരുമായ വൃദ്ധജനങ്ങ ളുടെ സംരക്ഷണത്തിന് പഞ്ചായത്തിൻെറ രണ്ടു കേന്ദ്രങ്ങളിൽ വൃദ്ധസദനങ്ങൾ സ്ഥാ പിക്കേണ്ടതാണ്. പഞ്ചായത്തു ഗ്രാൻറ്, ഗവ: ഗ്രാൻറ്, പൊതുജനങ്ങളിൽ നിന്നുമുള്ള സംഭാവന ഇവ സ്വരൂപിച്ച്, പഞ്ചായത്ത് പ്രതിനിധികളും, സന്നദ്ധസംഘടനാ പ്രതിനി ധികളും, പൊതുപ്രവർത്തകരും ഉൾപ്പെ ടുന്ന ഭരണസമിതികളുടെ മേൽനോട്ടത്തിൽ ഈ സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർ ത്തിപ്പിക്കേണ്ടതാണ്. നിലവിലുള്ള കുടുംബ ക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തി കരമല്ല. ഇവ കാര്യക്ഷമമായി പ്രവർത്തി പ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരി ക്കണം. കുടുംബക്ഷേമ കേന്ദ്രങ്ങൾ ഇല്ലാത്ത വാർഡുകളിൽ അവ അനുവദിക്കണം. കേന്ദ്ര ങ്ങൾ സ്ഥാപിക്കാനാവശ്യമായ സ്ഥലം സൗജ ന്യമായി വിട്ടുതരാൻ തയ്യാറുള്ള വാർഡു കളിൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിൽ മുൻഗണന നൽകണം. കുടുംബക്ഷേമ കേന്ദ്ര ങ്ങളിൽ ആഴ്ചയിൽ രണ്ടുദിവസമെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കണം. അത്യാ വശ്യം വേണ്ട മരുന്നുകളും മറ്റും ഉണ്ടായി രിക്കണം. II, III, VI, VII, IX എന്നീ വാർഡുകളിൽ അംഗൻവാടികൾ നിലവിലു ണ്ടെങ്കിലും അവയുടെ പ്രവർത്തനം തൃപ്തി കരമല്ല. അതുപോലെ തന്നെ അംഗൻവാടി കളിൽ കുട്ടികളെ അക്ഷരം പഠിപ്പിക്കുന്നുണ്ട് അത് ഗുണത്തെക്കാളേറെ ദോഷമാണ് ചെയ്യുക. കളിക്കേണ്ട പ്രായത്തിൽ കുട്ടി കൾ കളിച്ചു വളരട്ടെ. കളികളിലൂടെയും പ്രകൃതിനിരീക്ഷണത്തിലൂടെയും കുട്ടികൾ ഔപചാരിക വിദ്യാഭ്യാസത്തിന് മാനസിക മായി തയ്യാറെടുക്കട്ടെ. കൂടാതെ ഗർഭിണി കളും മുലയൂട്ടുന്ന അമ്മമാർക്കും അംഗൻ വാടികൾ മുഖേന നാമമാത്രമായ സഹായ ങ്ങൾ മാത്രമാണിന്ന് ലഭിക്കുന്നത്. ഭാവി യുടെ വാഗ്ദാനങ്ങളായ കുഞ്ഞുങ്ങളെ വളർത്തിയെടുക്കേണ്ട അമ്മമാരുടെ കാര്യ ത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട തുണ്ട്. മറ്റു വാർഡുകളിൽ അംഗവൻവാടി കൾ ഉണ്ടാകേണ്ടതുണ്ട്. 750 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്ന ക്രമത്തിൽ അംഗൻവാടികൾ ആവശ്യമാണ്. അംഗൻ വാടികളുടെ പ്രവർത്തനം വിലയിരുത്തു ന്നതിനും ഉപദേശനിർദ്ദേശങ്ങൾ നൽകു ന്നതിനും പഞ്ചായത്തുമെമ്പർ കൺവീന റായി ഉപദേശകസമിതികൾ രൂപീകരി ക്കണം. അംഗൻവാടികൾക്ക് സ്ഥലവും കെട്ടി ടവും ഉണ്ടാക്കുന്നതിന് ഡിപ്പാർട്ടുമെൻറ് തല ത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്. ഇതി ലേയ്ക്ക് ഗവ: ഫണ്ടിനുപുറമേ പൊതുജന ങ്ങളിൽ നിന്നും ശ്രമദാനം സ്വീകരിക്കാവുന്ന താണ്. ആറാം വാർഡിൽ നിലവിലുള്ള അംഗൻവാടി കെട്ടിടം പുതുക്കി പണിയണം.

മഹിളാസമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലും പുതിയവ സംഘ ടിപ്പിക്കുന്നതിലും വികസനബ്ലോക്കിലുള്ള ലേഡിവില്ലേജ് എക്സ്റ്റൻഷൻ ഓഫീസറിൽ നിന്നും ആത്മാർത്ഥമായ പ്രവർത്തനങ്ങൾ ഉണ്ടാകണം. ഇന്ന് കടലാസിൽ മാത്രമുള്ള പ്രവർത്തനത്തിനുപകരം, ഊർജ്ജസ്വല മായി പ്രവർത്തിക്കുന്ന മഹിളാസമാജങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. അവയുടെ വിജയ കരമായ പ്രവർത്തനം വിലയിരുത്തി പഞ്ചാ യത്തുലവലിൽ അവാർഡുകൾ നൽകാൻ

സംവിധാനം ഉണ്ടാക്കണം. ശിശുക്ഷേമബോർഡിൽനിന്നും സാമൂഹ്യക്ഷേമബോർഡിൽനിന്നുമുള്ള ഗ്രാന്റ് തുകകൾ യഥാസമയം ലഭ്യമാക്കുകയും ചെയ്യണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിരഞ്ഞെടുക്കപ്പെടേണ്ട ജനപ്രതിനിധികളിൽ വനിതാപ്രതിനിധ്യം വർദ്ധിച്ചിരിക്കുന്ന ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ മഹിളാസമാജങ്ങൾ പൊതുപ്രവർത്തനത്തിനുള്ള പരിശീലനക്കളരിയാക്കി മാറ്റേണ്ടത് അത്യാവശ്യമാണ്. അതുപോലെതന്നെ താഴെത്തട്ടിലുള്ള സ്ത്രീകളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കാൻ കഴിയണം. മേൽത്തട്ടിലുള്ളവർ മാത്രം ഉൾക്കൊള്ളുന്ന മഹിളാസമാജങ്ങളാണ് ഇന്ന് നിലവിലുള്ളവയിലധികവും. എല്ലാ വിഭാഗങ്ങളുടെയും പ്രാതിനിധ്യം ഉറപ്പാക്കേണ്ടതുണ്ട്.

മഹിളാസമാജങ്ങൾ ബോധവൽക്കരണകേന്ദ്രങ്ങൾ കൂടിയാവണം. മാസത്തിൽ ഒരിക്കലെങ്കിലും ചർച്ചാക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കണം. വിദഗ്ദ്ധരുടെ സേവനം ഈ രംഗത്ത് പ്രയോജനപ്പെടുത്തണം. ബോധവൽക്കരത്തിന്റെ അഭാവമാണ് പൊതുരംഗത്തെ സ്ത്രീപങ്കാളിത്തത്തിൽ വരുന്ന കുറവിന് കാരണം. വിവിധ വിഷയങ്ങൾ പ്രാഗത്ഭ്യംതെളിയിച്ചിട്ടുള്ള വനിതകളെ മഹിളാസമാജത്തിൽ സന്ദർശകരായി കൊണ്ടുവരികയും അവരിലൂടെ സ്ത്രീകൾക്ക് അവശ്യം വേണ്ട അറിവ് പകർന്നുകൊടുക്കുകയും ചെയ്യണം. പൊതുരംഗത്തേയ്ക്ക് വരുവാൻ കഴിവും പ്രാപ്തിയും നേതൃത്വപാടവവും ഉള്ള എത്രയോ വനിതകൾ നമ്മുടെ നാട്ടിൻപുറങ്ങളിലുണ്ട്. അത്തരം സ്ത്രീകളെ മഹിളാപ്രസ്ഥാനത്തിലേയ്ക്ക് ആകർഷിക്കാൻ കഴിയണം. ഇക്കാരത്തിൽ പഞ്ചായത്തുകളിലെ വനിതാ പ്രതിനിധികളുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. ഇന്ന് പഞ്ചായത്തുയോഗങ്ങളിൽ പങ്കെടുക്കാൻ മാത്രമായി പല വനിതാഅംഗങ്ങളുടെയും പ്രവർത്തനമേഖല ചുരുങ്ങുകയാണ്. ആ മനോഭാവത്തിന് മാറ്റം വരണം. അവരുടെ ആത്മാർത്ഥമായ പരിശ്രമം മഹിളാസംഘടനകളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും ആവശ്യമാണ്. മഹിളാസംഘടനകളുടെ അപ്പക്സ്ബോഡി എന്ന നിലയിൽ പഞ്ചായത്തുലവൽ മഹിളാ യൂണിയൻ രൂപീകരിക്കണം. ഈ മഹിളാ യൂണിയന് പ്രാദേശിക മഹിളാസമാജങ്ങളെ നേർവഴിക്ക് നയിക്കാനും, മഹിളരംഗത്ത് കോ-ഓർഡിനേഷൻ വളർത്തിക്കൊണ്ടു വരാനും കാര്യമായ സംഭാവന നൽകാൻ കഴിയും.

വ്യാജമദ്യവിപത്തിനെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. നിയമം കർശനമായി നടപ്പിലാക്കുന്നതോടൊപ്പം, ജനങ്ങളിൽ മദ്യത്തിനെതിരായ ചിന്താഗതി വളർത്താൻ ആവശ്യമായ പ്രവർത്തനങ്ങൾ ശക്തമായി നടത്തേണ്ടതുണ്ട്. മദ്യത്തിന്റെ ദോഷവശങ്ങളെ പ്രതിപാദിക്കുന്ന ബുക്ക്ലെറ്റുകൾ വ്യാപകമായി പ്രചരിപ്പിക്കണം. നിയമം കൊണ്ടുമാത്രം ഈ വിപത്തു ഒഴിവാക്കാൻ കഴിയില്ല. സ്ത്രീകൾ കൂട്ടായി ഇതിനെതിരെ പ്രതികരിച്ചാൽ ഒരു പരിധിവരെ മദ്യദുരന്തം ഒഴിവാക്കാൻ കഴിയും. വാർഡുതലത്തിൽ ബോധവൽക്കരണക്യാമ്പുകൾ, ചർച്ചാക്ലാസുകൾ, പ്രദർശനങ്ങൾ, കലാജാഥകൾ എന്നിവ നടത്തി ജനങ്ങളിൽ മാനസികപരിവർത്തനം ഉണ്ടാക്കിയാൽ അതുവഴി മദ്യവിപത്തിനെ തുടച്ചുനീക്കാൻ കഴിയും. നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം മദ്യപാനം ഒരു പകർച്ചവ്യാധിപോലെ പടർന്നുപിടിച്ചിരിക്കുകയാണ്. പിഞ്ചുബാലൻമാരിൽപോലും മദ്യപാനം വ്യാപകമായിട്ടുണ്ട്. ഇന്നത്തെ ഈ അവസ്ഥയ്ക്ക് മാറ്റംവന്നില്ലെങ്കിൽ ചുരുങ്ങിയ കാലത്തിനുള്ളിൽ നമ്മുടെ രാജ്യം ഒരു വൻനാശത്തെ അഭിമുഖീകരിക്കേണ്ടിവരുമെന്നത് ഉറപ്പാണ്. മദ്യവിരുദ്ധപ്രവർത്തനത്തിന് മുന്തിയ പരിഗണനതന്നെ ആവശ്യമാണ്.

ഈ പഞ്ചായത്തിൽ ഒരു ആഡിറ്റോറിയം നിർമ്മിക്കേണ്ടതാവശ്യമാണ്. സമ്മേളനങ്ങൾ, വിവാഹങ്ങൾ, സെമിനാറുകൾ തുടങ്ങിയവ നടത്തുന്നതിന് പൊതുവകയായി സൗകര്യങ്ങളില്ലാത്ത അവസ്ഥയുണ്ട്. വ്യക്തികൾ സ്ഥാപിച്ചിട്ടുള്ള ആഡിറ്റോറിയങ്ങൾക്ക് ദുർവ്വഹമായ വാടകയാണ് അവർ ഈടാക്കി വരുന്നത്. പഞ്ചായത്തുവകയായി ആഡിറ്റോറിയം നിർമ്മിച്ചാൽ ന്യായമായ വാടക നൽകി

പൊതുജനങ്ങൾക്ക് ഉപയോഗിക്കാനും, ഔദ്യോഗികാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താനുംകഴിയും. പഞ്ചായത്തുവകയായി മറ്റിടങ്ങളിൽ നിലവിലുള്ള ആഡിറ്റോറിയങ്ങൾക്ക് സ്വകാര്യവ്യക്തികളുടെ ആഡിറ്റോറിയങ്ങളിൽ ഈടാക്കുന്നതിനെക്കാൾ എത്രയോ തുച്ഛമായ വാടകയാണ് ഈടാക്കുന്നത്. സാധാരണക്കാർക്ക് ഇത്തരം സംരംഭങ്ങൾ വളരെയേറെ പ്രയോജനം ചെയ്യുന്നതാണ്.

സ്ത്രീധനം, അമിതർഭാടങ്ങളോടെയുള്ള വിവാഹങ്ങൾ എന്നിവയ്ക്കെതിരായുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കുകയും, നിയമം അപര്യാപ്തമാണെങ്കിൽ പുതിയ നിയമങ്ങൾ നിർമ്മിച്ച് അവ നടപ്പാക്കുന്നതിൽ ശുഷ്ക്കാന്തി കാണിക്കുകയും വേണം. അതോടൊപ്പം പ്രചാരണ പ്രവർത്തനങ്ങളിലൂടെ സ്ത്രീധനം, ആർഭാടത്തോടെയുള്ള വിവാഹങ്ങൾ എന്നിവയ്ക്കെതിരായ ചിന്താഗതി വളർത്താൻ കഴിയണം. ഈ രംഗത്തു പലപ്പോഴും നിയമം നടപ്പാക്കാൻ ബാദ്ധ്യസ്ഥരായവർ നിഷ്ക്രിയരാവുന്നതായാണ് കണ്ടുവരുന്നത്. താഴെക്കിടയിലുള്ളയാളുകളെ തകർച്ചയിൽ നിന്നും തകർച്ചയിലേയ്ക്ക് കൊണ്ടുപോകാൻ മാത്രമേ ഈ വിപത്തുകൾ സഹായിക്കൂ. ഒരു സാമൂഹ്യപ്രശ്നമായി ഇതിനെ കണക്കിലെടുക്കുകയും ഇവയ്ക്കെതിരായ പ്രതികരണശേഷി വളർത്തിയെടുക്കാൻ ശ്രമിക്കുകയുംവേണം. മഹിളാസമാജങ്ങൾ, യുവജനസംഘടനകൾ, രാഷ്ട്രീയപാർട്ടികൾ എന്നിവയ്ക്ക് ഈ രംഗത്ത് നിർണ്ണായകമായ പങ്കുവഹിക്കാൻ കഴിയണം.

പഞ്ചായത്തിലെ ഓരോ വാർഡിലും ഡേകെയർ സെൻററുകൾ സ്ഥാപിക്കുകയും, അവയുടെ മേൽനോട്ടവും ഭരണവും പഞ്ചായത്തുപ്രതിനിധികളും സന്നദ്ധസംഘടനാപ്രതിനിധികളും ഉൾപ്പെട്ട സമിതികൾക്ക് വിട്ടുകൊടുക്കുകയുംചെയ്യണം. തൊഴിലെടുക്കുന്ന അമ്മമാർ ഏറ്റവും കൂടുതൽ ഉള്ള ഒരു പഞ്ചാസത്താണിത്. കൂലിവേലക്കാരായ സ്ത്രീകൾ വളരെയധികം ഉണ്ട്. അവരുടെ കുഞ്ഞുങ്ങളെ പകൽസമയങ്ങളിൽ സംരക്ഷിക്കാൻ ഇന്ന് നമ്മുടെ ഗ്രാമങ്ങളിൽ സംവിധാനമില്ല. എളിയതോതിലാണെങ്കിലും ഈ രംഗത്തുള്ള ഏതു സംരംഭവും സാധാരണക്കാർക്ക് വലിയ ആശ്വാസം നൽകും. ഇതിലേയ്ക്കുള്ള ആദ്യത്തെ കാൽവെയ്പ് എന്ന നിലയിൽ ഡേകെയർ സെൻററുകൾ സ്ഥാപിക്കാൻ അടിയന്തിര നടപടി ഉണ്ടാകണം. ജനവിദ്യാകേന്ദ്രങ്ങൾ പുനരുജ്ജീവിപ്പിച്ച് പഞ്ചായത്തിൻെറ അധീനതയിൽ നടത്തണം.

# കൃഷിയും ജലസേചനവും

**കാർഷിക ചരിത്രം**

കരഭൂമിയിൽ സമ്മിശ്രമായ വിളക്രമമാണ് ഈ പ്രദേശങ്ങളിൽ നിലനിന്നിരുന്നത്. തോട്ടംവിള സമ്പ്രദായം ഉണ്ടായിരുന്നില്ല. തെങ്ങ്, വാഴ, കുരുമുളക്, മരിച്ചീനി ഇവ സമ്മിശ്രമായിത്തന്നെ ഇന്നും അനുവർത്തിയ്ക്കുന്നു. വയലേലകളിൽ മുഖ്യമായും രണ്ടുപൂവുകൃഷി ചെയ്യുന്ന പതിവ് പണ്ടേ നിലവിലുണ്ടായിരുന്നു. ജല ദൗർലഭ്യം പരിഹരിയ്ക്കുന്നതിനായി ഓരോ ഏലായുടെയും മുകൾ ഭാഗത്തായി തലക്കുളങ്ങൾ നിർമ്മിയ്ക്കുന്ന ഒരു സംസ്കാരം നിലവിലുണ്ടായിരുന്നു. അത്തരം തലക്കുളങ്ങളിൽ നിന്നുള്ള വെള്ളം പൊതുവായി തന്നെ ഏലായിലെ എല്ലാ കൃഷിക്കാരും ഉപയോഗിച്ചിരുന്നു.

തലക്കുളങ്ങൾ കൂടാതെ പല വയലുകളുടെ തലയ്ക്കും കാവുകളും ഉണ്ടായിരുന്നു. കാവുകളിൽ സന്ധ്യാ സമയത്തു വിളക്കു വെയ്ക്കുക, വയലിലും പുരയിടങ്ങളിലും കാർത്തികയ്ക്കു വിളക്കുവെയ്ക്കുക ഇതൊക്കെ ഒരു ആചാരമായിട്ടായിരുന്നു ചെയ്തിരുന്നെങ്കിലും ഇതിന്റെ പിന്നിൽ ഒരു ശാസ്ത്രീയ വീക്ഷണമുണ്ടായിരുന്നതായി കാണാം. വയലിലെ കൃഷിയെ നശിപ്പിക്കുന്ന പ്രാണികളെ വിളക്കുകെണികൾ ഉപയോഗിച്ചു ആകർഷിച്ചു നശിപ്പിക്കുന്ന സമ്പ്രദായമായിരുന്നു ഇത്.

ജപ്പാൻ കൃഷി രീതിയും, ചാണകത്തിൽ വിത്തു കുഴിച്ചിടുന്ന രീതിയും നിലനിന്നിരുന്നു. പൊടിയിൽ കൃഷിചെയ്യുന്ന രീതിയും ഈ പഞ്ചായത്തിലുണ്ടായിരുന്നു. ജൈവവളങ്ങൾ മാത്രമായിരുന്നു ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. ജൈവ കീടനാശിനികളും ഉപയോഗിച്ചിരുന്നു. മീൻവെള്ളം കുടങ്ങളിൽ സംഭരിച്ചു പാടങ്ങളിൽ കുടയുന്ന രീതിയിലുള്ള ജൈവ കീടനാശിനികൾ ഉപയോഗിച്ചിരുന്നു.

രാസവളങ്ങളുടെ ആരംഭകാലങ്ങളിൽ തന്നെ ഭയത്തോടെയാണെങ്കിലും പരീക്ഷിച്ചുനോക്കാൻ കൃഷിക്കാർ തയ്യാറായി. അതിരൂക്ഷമായ വരൾച്ചക്കാലത്ത് മഴ ലഭിയ്ക്കുന്നതിനായി വയലുകളിൽ സമൂഹ പൊങ്കാല അർപ്പിക്കുന്ന ആചാരം നിലവിലുണ്ടായിരുന്നു. ചേരകളെ കൊല്ലുന്ന സ്വഭാവം കർഷകർക്കില്ലായിരുന്നു. എലി നശീകരണമായിരുന്നു ഇതിന്റെ പിന്നിലുള്ള ഉദ്ദേശം. നാടൻ വിത്തുകളുടെ ഉപയോഗം പൂർണ്ണമായി നിലയ്ക്കുകയും സങ്കര ഇനം വിത്തുകൾ കടന്നുവരികയും ചെയ്തു. ഒന്നാം വിളയ്ക്കു വിതയ്ക്കുകയോ, പൊടിയിലിടുകയോ ആണു ചെയ്തിരുന്നതെങ്കിൽ ഇന്നതു പൂർണ്ണമായും ഞാറു നടുന്ന രീതിയിലായിട്ടുണ്ട്. ഇതൊക്കെയാണ് ഈ പഞ്ചായത്തിൽ നിലനിന്ന കാർഷിക ചരിത്രം.

**ഭൂപ്രകൃതി**

(അവലംബം-റവന്യൂരേഖകൾ, കൃഷിഭവൻ രേഖകൾ പഞ്ചായത്തു രേഖകൾ, ഭൂപടങ്ങൾ, പഠനപര്യടനം)

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തു പ്രദേശത്തെ 7 ആയി തരം തിരിക്കാം.

1 ഉയർന്ന സമതലം
2 പരിവുപ്രദേശങ്ങൾ
3 സമതലപ്രദേശം
4 താഴ്വരകൾ
5 പാടശേഖരങ്ങൾ
6 പാറക്കെട്ടുകൾ
7 ആറ്റിൻതീര സമതലം

**I ഉയർന്ന സമതലം**

പഞ്ചായത്തിന്റെ തെക്കേ അറ്റമായ മുല്ലശ്ശേരി കുന്ന്, കൊല്ലൂർക്കോണം കോളനി തെക്കുകിഴക്കുഭാഗത്തു സ്ഥി ചെയ്യുന്ന മൊട്ടമല, കൊക്കോട്ടുകോണം, മേവർക്കൽ എന്നീ പ്രദേശങ്ങളും, കിഴക്കു കുന്നത്തുകോണം, പൊന്ന പച്ചമുകൾ എന്നീ ഭാഗങ്ങളും വടക്ക് കോട്ടമല, വലിയപച്ചക്കുന്ന് എന്നിവയും ഈ പഞ്ചായത്തിലെ ഉയർന്ന സ തലപ്രദേശങ്ങളും, തെങ്ങ്, റബ്ബർ, കുരുമുളക്, കശുമാവ് എന്നീ നാണ്യവിളകൾക്കു അനുയോജ്യമാണ്. ഉയർ സമതലപ്രദേശം 1500 ഏക്കറോളം വരുന്നതും കോളനിപ്രദേശം ഒഴികെയുള്ള സ്ഥലങ്ങൾ ജനങ്ങൾ ഇടതിങ്ങ പാർക്കാത്തതും ആകുന്നു. ഇത് കറുത്ത മണ്ണു കലർന്ന ചെമ്മൺ പ്രദേശമാണ്.

**II ചരിവുപ്രദേശം**

പഞ്ചായത്തിന്റെ വടക്കുഭാഗത്തുള്ള മടന്തപച്ച, വണ്ടിത്തടം, കിഴക്കുഭാഗത്തുള്ള നെല്ലിക്കുന്ന്, കുന്നത്തുകോണ ഭാഗങ്ങളും, തെക്ക് മണ്ണൂർ ഭാഗം, ഞാറക്കുഴി, വടക്കുപടിഞ്ഞാറ് പാവല്ല മുകളിൽപുറം ഭാഗങ്ങളും ചരിഞ്ഞ പ്രദേ ശങ്ങളാണ്. ആകെ 450 ഏക്കർ വരുന്ന ഈ പ്രദേശം ജനവാസത്തിനു യോഗ്യവും, എല്ലായിനം കൃഷികളും ന ത്തിവരുന്നതുമാകുന്നു. ഇവിടം ലാറ്ററേറ്റ് മണ്ണിൻ പ്രദേശമാണ്.

**III സമതല പ്രദേശം**

പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 1/2 ഭാഗം സമതലപ്രദേശമാണ്. തെക്ക്-പട്ടള, കട്ടപ്പാ...ി, വഞ്ചയൂർ വടകോട്ടു കാവു പ്രദേശവും, കിഴക്ക് കണ്ണോട്ടുകോണം തേവലക്കാട്, ആണ്ടിക്കോണം. വടക്ക്-ഏതുക്കാട് ഈറ ണിക്കോണം, പുതുശ്ശേരിമുക്കു, പടിഞ്ഞാറ്-തോട്ടയ്ക്കാട്, ചാങ്ങപ്പടു, പറക്കുളം എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ട താണ്. ജനങ്ങൾ തിങ്ങിപാർക്കുന്നതും തെങ്ങ്, വാഴ, മരിച്ചീനി, കുരുമുളക്, ചെറുകൃഷികൾ, കശുമാവ്, റബ്ബ തുടങ്ങി വിവിധയിനം കൃഷികൾ ചെയ്തുവരുന്ന പ്രദേശമാണ്. ഉദ്ദേശം 2600 ഏക്കർ വിസ്തൃതി ഉള്ളതാണ്. കൃഷി ക്കനുയോജ്യമായ ചരൽ കലർന്ന പശിമരാശി മൺപ്രദേശമാണ്.

**IV താഴ്വരകൾ**

പഞ്ചായത്തിൽ ഉദ്ദേശം 50 ഏക്കർ വരുന്ന പ്രദേശം താഴ്വരയാണ്. റബ്ബർ, കശുമാവ്, കുരുമുളക്, കമുക്, തെങ്ങ് ഇവയാണ് പ്രധാന വിളകൾ. ഈ പ്രത്യേക പ്രദേശത്തുള്ള ജനവാസം താരതമ്യേന കുറവാണ് കുന്നത്തുകോണം, നെല്ലിക്കുന്ന്, കൊച്ചുവീട്ടിൽ കോണം, ഊരൂർക്കോണം തുടങ്ങിയ കോളനികൾ ഈ പ്രദേശത്താണുള്ളത്. മണൽ കലർന്ന പശിമരാശി മണ്ണാണ്.

വടക്ക്-വലിയപച്ച, മുത്താൻ വാതുക്കൽ.

കിഴക്ക്-കുന്നത്തുകോണം, നെല്ലിക്കുന്ന്.

തെക്ക്- ഊരൂർക്കേണം, കൊച്ചുവീട്ടിൽക്കോണം എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ടതാണ്.

**V പാടശേഖരം**

ഈ പഞ്ചായത്തിൽ 957 ഏക്കർ സ്ഥലം നെൽപ്പാടങ്ങളാണ്. പ്രത്യേകം, പ്രത്യേകം ഏലാകളായും, ഇടയ്ക്കിടെ കുന്നിൻ പ്രദേശങ്ങളും കരഭൂമികളും കൊണ്ട് വേർതിരിക്കപ്പെട്ടു കിടക്കുന്നു. പ്രധാനമായും മഴയെമാത്രം ആശ്ര

യിച്ചാണ് കർഷകർ കൃഷിയിറക്കുന്നത്. മണൽ കലർന്ന പശിമരാശി മണ്ണാണ്. നെൽകൃഷിക്കനുയോജ്യമായ ഈ പ്രദേശം ഫലഭൂയിഷ്ടമാണ്. നീർവാഴ്ച സൗകര്യം ഉണ്ട്. ഉയർന്നതും താഴ്ന്നതുമായ പാടങ്ങളാണ് അധികവും. പഴയകാലങ്ങളിൽ ഉണ്ടായിരുന്ന ഉറവ വറ്റാത്ത 'പുതയൽ' പ്രദേശങ്ങൾ നികത്തി പുരയിടങ്ങൾ ആക്കി മാറ്റിയതി നാൽ ഉണ്ടായിരുന്ന നീരുറവകൾ പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുന്നു.

### VI പാറക്കെട്ടുകൾ

40 ഏക്കർ പാറക്കെട്ടുകളാണ് പഞ്ചായത്തിലുള്ളത്. വടക്ക്-മടക്കുപാറ, കുളപ്പാറ, കടലുകാണി, ഈരാണിപ്പാറ. കിഴക്ക്-കുന്നത്തുകോണം, നെല്ലിക്കുന്ന്. തെക്ക്-മൊട്ടമല എന്നീ പാറ ക്വാറികൾ ഉൾപ്പെട്ടതാണീപ്രദേശം.

### VII ആറ്റിൻ തീരസമതലം

ഈ പഞ്ചായത്തിൽ ഉദ്ദേശം 121 ഏക്കർ തീരസമതല പ്രദേശമാണുള്ളത്. പഞ്ചായത്തിന്റെ തെക്ക് വാമനപുരം നദിയുടെ ഓരത്തായി സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ തെക്കു കിഴക്കറ്റമായ ഇരമം മുതൽ തെക്ക് പടിഞ്ഞാറ് മണ്ണൂർ ഭാഗം വരെ സ്ഥിതി ചെയ്യുന്നു. മണൽ കലർന്ന എക്കൽ മണ്ണാണ് ഈ പ്രദേശത്തുള്ളത്. ഇവിടെ തെങ്ങ്, വാഴ, കുരുമുളക് തുടങ്ങിയവയാണു പ്രധാന കൃഷികൾ. സമതല പ്രദേശത്തു നിന്നും വളരെ താഴ്ചയിൽ നദി പടിഞ്ഞാറോട്ടൊഴുകുന്നു. നിരന്തരമായി ആറ്റിൽ നിന്നും മണലൂറ്റ് നടക്കുന്നു. ഇത് ആറിന്റെ ആഴം കൂടുന്നു തന്നി മിത്താം കിണറുകളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നു. ഈ പ്രദേശത്തിന്റെ ഇരുകരകളിലുമായാണ് കര വാരം പഞ്ചായത്ത്, വർക്കല മുനിസിപ്പാലിറ്റി, ആറ്റിങ്ങൽ മണ്ഡലത്തിലെ മുഴുവൻ പ്രദേശങ്ങളിലേയ്ക്കും കുടി വെള്ളമെത്തിയ്ക്കുന്ന വാട്ടർ അതോറിറ്റിയുടെ ടാങ്കുകളും പമ്പിംഗ് സ്റ്റേഷനുകളുമുള്ളത്. മണൽ വാരൽ നിരോ ധിച്ചില്ലെങ്കിൽ ഈ പദ്ധതികളെല്ലാം തന്നെ അപകടകരമായ സ്ഥിതിയിൽ എത്തിച്ചേരുന്നതാണ്.

### ഭൂമിയുടെ വിവരം

കരവാരം പഞ്ചായത്തിൽ കരവാരം, ആലംകോട് വില്ലേജുകളിലായി 5977 ഏക്കർ 89 സെന്റ് 722 ച. ലിംഗ്സ് ഭൂമിയാണുള്ളത്. കരവാരം വില്ലേജിൽ. 2674.05.521 ഏക്കർ പുരയിടവും 481.87.131 ഏക്കർ നിലവും 129.08.269 ഏക്കർ പുറമ്പോക്കു ഭൂമിയും, 46.88.401 ഏക്കർ തരിശു ഭൂമിയും ഉൾപ്പെടെ 3331.89.722 ഏക്കർ ഭൂമിയും ആലംകോടു വില്ലേ ജിൽ 2087.66.650 ഏക്കർ പുരയിടവും 475.26.940 ഏക്കർ നിലവും, 81.49.046 ഏക്കർ പുറമ്പോക്ക് ഭൂമിയും, 1.57.364 ഏക്കർ തരിശു ഭൂമിയും ഉൾപ്പെടെ 2646 ഏക്കർ ഭൂമിയുമാണുള്ളത്.

1 സെന്റു മുതൽ 10 സെന്റു വരെ ഭൂമിയുള്ള 2526 ഉടമസ്ഥരും 10 സെന്റു മുതൽ 25 സെന്റു വരെ ഭൂമിയുള്ള 1798 പേരും, 25 മുതൽ 50 സെന്റു വരെ ഭൂമിയുള്ള 1212 പേരും, 50 മുതൽ 100 വരെ സെന്റു ഭൂമിയുള്ള 1406 പേരും, 1 ഏക്കർ മുതൽ 2 ഏക്കർ വരെ ഭൂമിയുള്ള 618 പേരും, 2 മുതൽ 5 ഏക്കർ വരെ ഭൂമിയുള്ള 380 പേർ കരവാരം വില്ലേ ജിലും, 1 സെന്റു മുതൽ 10 സെന്റു വരെ ഭൂമിയുള്ള 1800 പേരും, 10 മുതൽ 25 സെന്റുവരെ ഭൂമിയുള്ള 1675 പേരും, 25 മുതൽ 50 സെന്റുവരെ ഭൂമിയുള്ള 2475 പേരും 50 മുതൽ 100 സെന്റുവരെ ഭൂമിയുള്ള 800 പേരും, 1 ഏക്കർ മുതൽ 2 ഏക്കർ വരെ ഭൂമിയുള്ള 158 പേരും, 2 ഏക്കർ മുതൽ 5 ഏക്കർ വരെ ഭൂമിയുള്ള 200 പേരും, 5 ഏക്കറിനുമേൽ ഭൂമി യുള്ള 8 പേരുമാണ് ആലംകോടു വില്ലേജിലുമുള്ളത്.

### പുറമ്പോക്കു ഭൂമി

കരവാരം വില്ലേജിൽ 50.17.700 ഏക്കർ റോഡ് പുറമ്പോക്കും, 17.42.400 ഏക്കർ തോട് പുറമ്പോക്കും, 8.91.600 ഏക്കർ കുളം പുറമ്പോക്കും 1.80.00 ഏക്കർ റവന്യൂ പുറമ്പോക്കും, 47.02.130 ഏക്കർ ഇടവഴി പുറമ്പോക്കും, 3.05.290 ഏക്കർ ചിറ പുറമ്പോക്കും ഉൾപ്പെടെ 128.39.120 ഏക്കർ പുറമ്പോക്കു ഭൂമിയുണ്ട്.

ആലംകോട് വില്ലേജിൽ 40.80 ഏക്കർ റോഡു പുറമ്പോക്കും, 14.93.046 ഏക്കർ തോടു പുറമ്പോക്കും, 2 ഏക്കർ കുളം പുറമ്പോക്കും, 2 ഏക്കർ റവന്യു പുറമ്പോക്കും 20.44.00 ഏക്കർ ഇടവഴി പുറമ്പോക്കും, ഉൾപ്പെടെ 81.49.046 ഏക്കർ പുറമ്പോക്കു ഭൂമിയാണുള്ളത്.

## പതിച്ചു കൊടുക്കാവുന്ന ഭൂമി

പതിച്ചു കൊടുക്കാവുന്ന ഭൂമിയായി കരവാരം വില്ലേജിൽ 29.23 ഏക്കർ തരിശ് പുരയിടവും, ആലംകോട് വില്ലേജിൽ 1.57.364 ഏക്കർ തരിശു ഭൂമിയുമുണ്ട്.

### വിള വിസ്തീർണ്ണവും, ഉല്പാദനവും

| വിള | വിസ്തീർണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് 1-ാം വിള | 373.9 ഹെക്ടർ | 762 M.T | 2000 Kg |
| 2-ാം വിള | 373.9 ഹെക്ടർ | 762 M.T | 2000 Kg |
| പയർ | 30 ഹെക്ടർ | 7.5 M.T | 250 Kg |
| എള്ള് | 3 ഹെക്ടർ | 0.6 M.T | 200 Kg |
| പച്ചക്കറികൾ | 8.8 | 40.5 M.T | |
| തെങ്ങ് | 900 ഹെക്ടർ | 49,50,000 എണ്ണം | 5800 എണ്ണം |
| വാഴ | 75 ഹെക്ടർ | 562 M.T | 7100 Kg |
| മരച്ചീനി | 400 ഹെക്ടർ | 7750 M.T | 19400 Kg |
| കുരുമുളക് | 40 ഹെക്ടർ | 8 M.T | 200 Kg |
| പ്ലാവ് | 60 ഹെക്ടർ | | |
| കശുമാവ് | 170 ഹെക്ടർ | 150 M.T | 888 Kg |
| മാവ് | 60 ഹെക്ടർ | | |
| റബ്ബർ | 50 ഹെക്ടർ | 40 M.T | 800 Kg |
| കവുങ്ങ് | 15 ഹെക്ടർ | 600 M.T | 21000 എണ്ണം |
| വെറ്റില | 3 ഹെക്ടർ | | |

അങ്ങിങ്ങായി പൈനാപ്പിൾ, കൊക്കൊ, എന്നിവ ഇടവിള കൃഷിയായിയുണ്ട്.

## നടീൽ വസ്തു വിതരണം

1993-94-ൽ 600 തെങ്ങിൻ തൈകളും,

1994-95-ൽ 1000 തെങ്ങിൻ തൈകളും,

1995-95-ൽ 1385 തെങ്ങിൻ തൈകളും വിതരണം ചെയ്തിട്ടുണ്ട്.

1993-94, 94-95, 95, 96 എന്നീവർഷങ്ങളിൽ 320 വീതം കശുമാവിൻ തൈകൾ വിതരണം ചെയ്തു.1994-95, ൽ 1000 തൈകളും 1995-96-ൽ 4500 കുരുമുളകിൻ തൈകളുമാണ് വിതരണം ചെയ്തിട്ടുള്ളത്.

1995-96-ൽ 25 മാവിൻ തൈകളും, 50 പ്ലാവിൻ തൈകളും, 200 വാഴക്കന്നുകളും, 10 പപ്പായ, 25 നാരകം എന്നിവയുമാണ് വിതരണം ചെയ്തിട്ടുള്ള മറ്റിനങ്ങൾ.

## ദുരിതാശ്വാസ വിതരണം

1994-1995-ൽ വെള്ളപ്പൊക്ക ദുരിതാശ്വാസമായി 6 ഹെക്ടർ പ്രദേശത്തേയ്ക്ക് 17 പേർക്കായി 4400 രൂപയും 1995-96-ൽ 25.3 ഹെക്ടർ പ്രദേശത്തേയ്ക്ക് വെള്ളപ്പൊക്ക ദുരിതാശ്വാസമായി 65 പേർക്ക് 19,560 രൂപയുമാണു വിതരണം ചെയ്തിട്ടുള്ളത്.

### കാർഷികോപകരണങ്ങൾ

III-ാം വാർഡിൽ 1 ട്രില്ലറും 1 റോക്ക് സ്പ്രേയറും
IV-ാം വാർഡിൽ 1 ട്രില്ലറും 1 റോക്ക് സ്പ്രേയറും
3-നാപ് സ്റ്റോക്ക് സ്പ്രേയറും
VI-ാം വാർഡിൽ 1 ട്രില്ലറും, 5 നാപ്സ്റ്റോക്ക് സ്പ്രേയറും
IX-ാം വാർഡിൽ 3 നാപ്സ്റ്റോക്ക് സ്പ്രേയറുമാണു ഉള്ളത്.

### കൈവശഭൂമിയുടെ വിസ്തീർണ്ണം

നാമമാത്ര കർഷകരായ ഒരു ഹെക്ടറിനു താഴെ ഭൂമിയുള്ള 3450 പേരും, ചെറുകിട കർഷകരായ 1 ഹെക്ടർ മുതൽ 2 ഹെക്ടർ വരെ ഭൂമിയുള്ള 1112 പേരും വൻകിട കർഷകരായ 2 ഹെക്ടറിനുമേൽ ഭൂമിയുള്ള 22 പേരുമാണ് പഞ്ചായത്തിലുള്ളത്.

### രാസവള കീടനാശിനി വിപണനം

സഹകരണ സംഘങ്ങൾ വഴി 1993-94-ൽ 31.6 മെട്രിക്ടൺ രാസവളവും 15 ലിറ്റർ ദ്രവരൂപത്തിലുള്ളതും 1000 kg ഖരരൂപത്തിലും ഉള്ള കീടനാശിനികളുമാണ് വിപണനം ചെയ്തിട്ടുള്ളത്. 1994-95-ൽ 30.43 മെ. ടൺ രാസവളവും. 10 ലിറ്റർ ദ്രവവും 1600 kg ഖരവുമായ കീടനാശിനികളും വിതരണം ചെയ്തു. 1995-96-ൽ 46 മെട്രി.ടൺ രാസവളവും 3000 kg ഖരരൂപത്തിലുമുള്ള കീടനാശിനികളും വിപണനം ചെയ്തപ്പോൾ സ്വകാര്യ മേഖലയിൽ 1993-94-ൽ 29.3 മെ.ടൺ രാസവളവും 12 ലിറ്റർ ദ്രവവും 600 kg ഖരവും കീടനാശിനികളും, 1994- 95-ൽ 25.75 മെ.ടൺ രാസവളവും 10 ലിറ്റർ ദ്രവവും 780 kg ഖരവും കീടനാശിനികളും, 1995-96-ൽ 32.4 മെ.ടൺ രാസവളവും 9.4 ലിറ്റർ ദ്രവവും 600 kg ഖരവും കീടനാശിനികളാണ് വിപണനം ചെയ്തിട്ടുള്ളത്.

### ജലസേചന സംവിധാനങ്ങൾ

| വാർഡ് | പൊതുകിണർ | കുഴൽകിണർ | കുളം | ക്രോസ്ബക് |
|---|---|---|---|---|
| 1 | 1 | 1 | 4 | 1 |
| 2 | 2 | 1 | 1 | 1 |
| 3 | 1 | 3 | - | 2 |
| 4 | 6 | 2 | 1 | 5 |
| 5 | 2 | 1 | 1 | 1 |
| 6 | 1 | 3 | 5 | 1 |
| 7 | 2 | 1 | 3 | 1 |
| 8 | 3 | 1 | 1 | 1 |
| 9 | 1 | 2 | 2 | 3 |
| 10 | - | - | - | - |
| 11 | 1 | 1 | 4 | 1 |

### തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

#### വാർഡ്-I

220 ഏക്കർ സ്ഥലത്താണ് തെങ്ങുകൃഷിയുള്ളത് കായ്ക്കാത്ത 8370 തെങ്ങും 14400 കായ്ക്കുന്ന തെങ്ങും ഉൾപ്പെടെ 22720 തെങ്ങുകളുള്ളതിൽ 104 എണ്ണം റൂട്ടുവിൽറ്റ് എന്ന രോഗം ബാധിച്ചതാണ്.

**വാർഡ്-II**

216 ഏക്കർ സ്ഥലത്തു തെങ്ങുകൃഷിയുണ്ട് 5900 കായ്ക്കാത്ത തെങ്ങുകളും 20,000 കായ്ക്കുന്ന തെങ്ങുകളു കൂടി ആകെ. 25,900 തെങ്ങുകളിൽ 750 തെങ്ങുകൾക്ക് റൂട്ട് വിൽറ്റ് രോഗം ബാധിച്ചിട്ടുണ്ട്.

**വാർഡ് III**

212 ഏക്കർ സ്ഥലത്തു കൃഷി ചെയ്യുന്നതിൽ 6300 കായ്ക്കാത്തവയും, 19,300 കായ്ക്കുന്നവയുമുൾപ്പെടെ 2560 തെങ്ങുകളുള്ളതിൽ 540 എണ്ണത്തിൽ റൂട്ട് വിൽറ്റ് രോഗം ഉണ്ട്.

**വാർഡ് IV**

206 ഏക്കർ സ്ഥലത്താണു തെങ്ങുകൃഷിയുള്ളത് 4500 തെങ്ങുകൾ കായ്ക്കാത്തവയും, 15800 കായ്ക്കുന്നവയു മുൾപ്പെടെ 23,300 തെങ്ങുള്ളതിൽ 600 എണ്ണത്തിനു റൂട്ടുവിൽറ്റ് രോഗമുണ്ട്.

**വാർഡ്-V**

210 ഏക്കർ സ്ഥലത്തു തെങ്ങുകൃഷിയുണ്ട്. 9000 കായ്ക്കുന്നവയും, 12000 കായ്ക്കുന്നതും കൂടി ആകെ 21,000 തെങ്ങുള്ളതിൽ റൂട്ടുവിൽറ്റ് രോഗം ബാധിച്ച 350 എണ്ണമാണുള്ളത്.

**വാർഡ്-VI .**

തെങ്ങുകൃഷിയുള്ള 219 ഏക്കർ സ്ഥലത്തിൽ കായ്ക്കാത്ത 8500 തെങ്ങുകളും, 14600 കായ്ക്കുന്ന തെങ്ങുകളും കൂടി ആകെ 23,100 എണ്ണത്തിൽ 510 തെങ്ങുകൾക്ക് റൂട്ടുവിൽറ്റു രോഗം ബാധിച്ചിരിക്കുന്നു.

**വാർഡ് - VII**

216 ഏക്കർ സ്ഥലത്താണ് കൃഷിയുള്ളത്. 8400 കായ്ക്കാത്ത തെങ്ങുകളും കായ്ക്കുന്ന 15800 തെങ്ങുകളും ഉൾപ്പെടെ 24200 തെങ്ങുകളുള്ളതിൽ 350 എണ്ണം റൂട്ട് വിൽറ്റു രോഗം ബാധിച്ചിട്ടുള്ളതാണ്.

**വാർഡ് - VIII**

തെങ്ങുകൃഷിയുള്ള 220 ഏക്കർ സ്ഥലമാണുള്ളത്. 7850 കായ്ക്കാത്ത തെങ്ങുകളും 15600 കായ്ക്കുന്ന തെങ്ങു കളും കൂടി ആകെ 23450 തെങ്ങുകളിൽ റൂട്ടുവിൽറ്റ് രോഗം 320 എണ്ണത്തിൽ കാണപ്പെടുന്നു.

**വാർഡ് - IX**

219 ഏക്കർ സ്ഥലത്തു തെങ്ങുകൃഷിയുണ്ട് 5300 കായ്ക്കാത്ത തെങ്ങുകളും, 16200 കായ്ക്കുന്ന തെങ്ങുകളു മുൾപ്പെടെ 21500 തെങ്ങുള്ളതിൽ 600 തെങ്ങുകളിൽ റൂട്ടുവിൽറ്റ് രോഗം ബാധിച്ചവയാണ്.

**വാർഡ് - X**

217 ഏക്കർ സ്ഥലത്താണു തെങ്ങുകൃഷിയുള്ളത് 6200 കായ്ക്കാത്ത തെങ്ങുകളും 16150 കായ്ക്കുന്ന തെങ്ങുകളു മുൾപ്പെടെ 22350 തെങ്ങാണാകയുള്ളത്. 600 എണ്ണത്തിൽ റൂട്ടുവിൽറ്റു എന്ന രോഗം കാണപ്പെടുന്നു.

**വാർഡ് - XI**

തെങ്ങുകൃഷിയുള്ള 210 ഏക്കർ സ്ഥലത്തിൽ 5900 കായ്ക്കാത്ത തെങ്ങുകളും, 16400 കായ്ക്കുന്ന തെങ്ങുകളും ഉൾപ്പെടെ 22300 തെങ്ങുകളുള്ളതിൽ 780 തെങ്ങുകൾ റൂട്ടുവിൽറ്റു രോഗം ബാധിച്ചവയാണ്.

**തോടുകൾ**

പഞ്ചായത്തിലെ പ്രധാന തോടുകൾ പുലിരക്കാട്ടുകോണം, വഞ്ചിയൂർ, ഇരമത്തുകോണം, കരിങ്ങാട്ടുകാവ് മേവർക്കൽ-കട്ടപ്പറമ്പ് തോടും, തോട്ടുപുറം-വഞ്ചിയൂർ, കല്ലമ്പലം-കാട്ടൂർവാതുക്കൽ, വഴുതാണിക്കോണം, ആണ്ടൂർകുന്നം, (തലവിള-ഈരാണിക്കോണം- കുനാത്തുവാതുക്കൽ-പോളക്കൽ) ഇടവൂർക്കോണം-പാവല്ല, പരിപ്പറവാതുക്കൽ-പാവല്ല, നെടുമ്പറമ്പ്-തെങ്ങഴികം-ചാക്യപാറ പോളക്കൽ, കുഞ്ചക്കവിള-കുനാത്തുവാതുക്കൽ, പുല്ലൂർമുക്ക്-കാട്ടൂർവട്ടം, പുല്ലൂർമുക്ക്-കോട്ടുങ്ങൽ, പാവല്ല, പരിപ്പറവാതുക്കൽ, ചങ്ങാര, പോളക്കാർ, പോളക്കാർ-മണക്കാട്, ചാന്നമ്പറ-മാടൻനട- കരിങ്ങാട്ടുകാവ് എന്നിവയാണ്. ജൂൺ മാസം മുതൽ ഡിസംബർ മാസം വരെ മാത്രമേ തോടുകളിലൂടെ വെള്ളം ഒഴുകുന്നുള്ളു.

ചീർപ്പുകൾ ഉള്ള തോടുകൾ തേവലക്കാട്-കുന്നത്തുവാകുക്കൽ, തലവിള- തോട്ടയ്ക്കാട്, നെടുമ്പറമ്പ്-പോള ക്കൽ തോട്ടുപുറം-വഞ്ചിയൂർ-കട്ടമ്പറമ്പ്, ചാങ്ങാട്ടുകോണം-തോട്ടയ്ക്കാട്, എന്നിവയാണ്. ഇവയിൽ തലവിള തോട്ടയ്ക്കാട് തോട്ടിനു 5 ചീർപ്പും കട്ടപ്പറമ്പ് തോടിനു 3 ചീർപ്പുമുണ്ട് മറ്റുള്ളവയെല്ലാം ഓരോ ചീർപ്പുമാത്രമുള്ള താണ്.

വീയറുകളും, ചെക്കുഡാമുകളും കെട്ടി മേൽപറഞ്ഞ തോടുകളിൽ വെള്ളം തങ്ങി നില്ക്കാൻ സൗകര്യം ഉണ്ടാ ക്കേണ്ടതാണ്.

ചിറകൾ-വറ്റാത്ത ചിറകൾ പഞ്ചായത്തിൽ

17 എണ്ണമാണുള്ളത്. 1-ാം വാർഡിൽ-5

2-ാം വാർഡിൽ-2, 4-ാം വാർഡിൽ-1 .

V-ാം വാർഡിൽ-1 VI-ാം വാർഡിൽ-5

VII-ാം വാർഡിൽ-3, VIII-ാം വാർഡിൽ-1

XI-ാം വാർഡിൽ-4.

## മുഖ്യവിളകൾ

പഞ്ചായത്തിലെ മുഖ്യവിളകൾ തെങ്ങ്, നെല്ല്, മരിച്ചീനി, വാഴ, കുരുമുളക്, കശുമാവ്, റബ്ബർ, കമുക്, ചേന, ചേമ്പ്, ഇഞ്ചി എന്നിവയാണ്. കശുമാവ് കൃഷി മുൻപ് വ്യാപകമായി ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ റബ്ബർ കൃഷി ഈ പ്രദേശങ്ങളിൽ വ്യാപകമായി തുടങ്ങിയിട്ടുണ്ട്. കശുവണ്ടി ഉല്പാദിപ്പിക്കുന്നതിൽ മുൻപിലായിരുന്ന പഞ്ചാ യത്തായിരുന്നു. ഇത്, പാടങ്ങളിൽ നെല്ല് കൂടാതെ മൂന്നാം വിളയായി പയറും, ഉഴുന്നും പച്ചക്കറികളും മരിച്ചീ നിയും കൃഷി ചെയ്തിരുന്നു. ഇപ്പോൾ വളരെ ചുരുക്കം പേർ മാത്രം പയറും, മരിച്ചീനിയും കൃഷിചെയ്യുന്നു.

കുന്നത്തുകോണം, നെടുമൺമല പ്രദേശങ്ങളിൽ തരിശുഭൂമിയായി കിടക്കുകയാണ്. ഭാഗികമായി മാത്രമെ മണ്ണു പരിശോധന നടക്കുന്നുള്ളു. കാർഷിക മേഖലയിലെ വേതനം പുരുഷന് 80 രൂപയും, സ്ത്രീയ്ക്ക് 60 രൂപയു മാണ്. പുഷ്പകൃഷി പഞ്ചായത്തിൽ ഒരിടത്തും ഇല്ല. കാർഷിക മേഖലയിലെ തൊഴിലാളികളെക്കാൾ കൂലി കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ലഭിയ്ക്കുന്നതുകൊണ്ട്-ആ മേഖലയിൽ പണിയെടുക്കുന്നതിനാണ് കൂടുതൽ തൊഴി ലാളികളും ഇഷ്ടപ്പെടുന്നത്. ഇതുമൂലം കൃഷിപ്പണിയ്ക്ക് തൊഴിലാളികളെ കിട്ടാൻ ബുദ്ധിമുട്ടുന്നു.

മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിരീതിയാണ് പഞ്ചായത്തിൽ എല്ലായിടത്തും ഉള്ളത്. രോഗങ്ങൾ, കീടബാധ, നല്ലയിനം വിത്തുകൾ ലഭിയ്ക്കാനുള്ള ബുദ്ധിമുട്ട്, കൃഷിപ്പണിയ്ക്ക് സമയത്ത് തൊഴിലാളികളെ കിട്ടാതിരിക്കു ന്നതു വിള മോശമാക്കാൻ കാരണമാകുന്നു. വ്യാപകമായി കാറ്റുവീഴ്ച എന്ന രോഗം തെങ്ങിനെ ബാധിച്ചിട്ടുണ്ട്. ഓലചീയൽ, കൂമ്പ് ചീയൽ, ചെന്നീരൊലിപ്പ് എന്നീ രോഗങ്ങളും കണ്ടുവരുന്നുണ്ട്. നെല്ലിനെ ബ്ലയിറ്റ്, ഷീറ്റ്ബ്ലയിറ്റ് എന്നീ രോഗങ്ങളും ബാധിയ്ക്കുന്നു. ജൈവവളങ്ങളുടെ ഉപയോഗം വളരെയധികം കുറഞ്ഞിട്ടുണ്ട്. ജൈവകീടനാ ശിനികൾ ആരും ഇപ്പോൾ ഉപയോഗിക്കാറില്ല. ശീമക്കൊന്ന വളർത്തൽ ജൈവവേലി, വളപ്പയർ ഉഴുതുചേർക്കൽ എന്നിവ മുമ്പുണ്ടായിരുന്നെങ്കിലും ഇപ്പോൾ നാമമാത്രമായെ ഉള്ളൂ.

ഹ്രസ്വകാലവിളകൾക്ക് കൂടുതൽ ശ്രദ്ധയും, പരിചരണവും വേണമെന്നുള്ളതും ആദായകരമല്ലാത്തതും ദീർഘ കാലവിളകളിലേയ്ക്ക് മാറാൻ കർഷകനെ പ്രേരിപ്പിയ്ക്കുന്നു. പാടങ്ങൾ നികഴ്ത്തി കെട്ടിടങ്ങൾ വയ്ക്കുന്നതും തെങ്ങുവെയ്ക്കുന്നതും മൂലം നെല്ലുല്പാദനം കുറഞ്ഞിട്ടുണ്ട്. വളത്തിന്റെയും, കീടനാശിനിയുടെയും വിലവർദ്ധ നവും ആവശ്യാനുസരണം വളം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും ജലസേചന സൗകര്യമില്ലാത്തതും, കർഷകതൊ ഴിലാളികളെ കിട്ടാനില്ലാത്തതും, കൂലി കൂടുതലും, ട്രാക്ടർ, ട്രില്ലർ, സ്പ്രേയർ തുടങ്ങിയ കൃഷി ഉപകരണങ്ങ ളുടെ ലഭ്യതകുറവും ഇവയൊക്കെ കൃഷി ലാഭകരമല്ലാതായിത്തീരാൻ കാരണങ്ങളാണ്.

കൃഷിഭവന്റെ സേവനം രണ്ടുവില്ലേജുകൾ ചേർന്ന വിസ്തൃതിയുള്ള ഈ പഞ്ചായത്തിനു അപര്യാപ്തമാണ്. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണനമേഖല വളരെ ദുർബലമാണ്. 6 ഗ്രൂപ്പുഫാമുകളാണ് പഞ്ചാ യത്തിലുള്ളത്. തുണ്ടുഭൂമികളാണ് കൂടുതലും. നാരാണത്തുകോണം, പിണക്കോട്ടുകോണം, വള്ളക്കോട്ടുകോണം ചിറ, ചാങ്ങാട്ടുകോണം, ആഴാംകോണം ചിറ, അഞ്ചിക്കോട് ചിറ, കാഞ്ഞിലിൽകുളം, ചുള്ളീക്കോണം, മുടിക്കോണം

ചിറ, അരിമാളൂർക്കോണം, പുലിക്കോട്ടുകോണം, പെരിങ്ങാമ്പ്കുളം, തൃക്കോവിൽകുളം, പണിക്കൻവിളാകം, ഉദി യമ്പറകുളം, പ്ലാവറക്കോണം, കളത്തൂർകുളം, കീഴൂർക്കുളം, ഇരമം, കൊടിയേറ്റ്കോണം, കോലാംകോണം, വട കോട്ടുകാവ്, കട്ടപ്പറമ്പ്, എളക്കാട്, മാടൻനാട വാതുക്കൽ എന്നിവയാണ് പ്രധാന കുളങ്ങൾ. പഴയതുകെട്ടി സംര ക്ഷിക്കുകയും പുതിയതുകുഴിക്കുകയും ചെയ്യുന്നത് കൃഷിയെ അഭിവൃദ്ധിപ്പെടുത്തും. ഗ്രാമസഭകളിൽ വന്ന ചർച്ച കളിൽ പൊതുവെ വന്നത്

**മണ്ണ്സംരക്ഷണം**

പൊതുവിൽ ചരിവുള്ള പ്രദേശമായതിനാൽ മഴവെള്ളം ഭൂമിയിൽ നില്ക്കാതെ ഒലിച്ചുപോകുന്നു. കര ഭൂമി യിൽ അതിരുകൾ നിർമ്മിച്ച് മഴവെള്ളം തടഞ്ഞുനിർത്തി, മണ്ണൊലിപ്പു തടഞ്ഞ് കൃഷിഭൂമി സംരക്ഷിക്കുന്നതിനു കൃഷിക്കാർക്കുണ്ടാകുന്ന ചെലവിന്റെ 50% സബ്സിഡിയായി നല്കേണ്ടതാണ്.

**ജലസേചനം**

**വാർഡ് – I**

വഴുക്കാണിക്കോണം ചിറ, മാടൻനടയിൻമൂലചിറ, (പുതുതായി കുഴിയ്ക്കണം) കീഴൂർകുളം, കളത്തൂർകുളം, കല്ലമ്പലം നാറാണത്തുകോണംചിറ, വഴുതാണിക്കോണം ആണ്ടൂർകുന്നം തോട്.

**വാർഡ് – II**

പാവല്ല ഏലായുടെ തലയ്ക്കൽ കുളം പണിയ്ക്കൻവിളാകം കുളം.

**വാർഡ് – III**

എതുക്കാട് ഏലായിൽ പുതിയതായി തലക്കുളം

**വാർഡ് - IV**

പനച്ചയിൽകുളം, തൃക്കോവിൽകുളം, കുന്നത്തുവാതുക്കൽതോട്.

**വാർഡ് – V**

നെടുമ്പറമ്പ്-പോളയ്ക്കൽ തോട്, കുഞ്ചയ്ക്കാവിള-പോളയ്ക്കൽ തോട്, വടക്കോട്ടുകാവു ചിറ.

**വാർഡ് VI**

ആഴാംകോണംചിറ, അഞ്ചിക്കോട്ചിറ, ചാങ്ങാട്ടുകുളം, ചുള്ളിക്കോണംചിറ, കാഞ്ഞാലിൽകുളം, ആഴാം കോണം-ചാങ്ങാട്, പോളയ്ക്കൽ ചാക്യാർ പാറ, പുളിയങ്ങഴികംതോട്

**വാർഡ് - VII**

തെങ്ങുവിളക്കുളം, പെരിങ്ങാവിൽകുളം, ഉദിയൻപറകുളം, ചാത്തമ്പറ (മാടൻനട) യിൽ പുതിയകുളം, എരമ ത്തുകോണം, കരിങ്ങാട്ടുകാവ്തോട്.

**വാർഡ് - VIII**

പുലിക്കോട്ടുകോണം-വഞ്ചിയൂർ, പഴവിളക്കോണം-വഞ്ചിയൂർതോട്, ചിറവിളചിറ, കൊക്കോട്ടുകോണംചിറ, വാഴോട്ടുകോണം ചിറ

**വാർഡ് - IX**

വഞ്ചിയൂർ-കട്ടപ്പറമ്പ് ഏലായിൽ ലിഫ്റ്റ് ഇറിഗേഷൻ ഉണ്ടാക്കുക. ഇരമം ഏലായുടെ മദ്ധ്യഭാഗത്തു കൂടിയുള്ള തോട്

**വാർഡ് - X**

വഞ്ചിയൂർ-കട്ടപ്പറമ്പ് തോട്, പ്ലാവറക്കോണം പ്ലാഞ്ചേരിതോട്, കൊടിയേറ്റുകോണം പട്ടളത്തോട്.

**വാർഡ് – XI**

നാലാംപറക്കോണം – മൈലാപ്പള്ളി കണ്ണങ്കര – അയമ്പിള്ളി തോടുകൾ കോലാംകോണം പഞ്ചായത്തുവക കുളം, കൊടിയോട്ടുകോണം കുളം, പ്ലാവറക്കോണം കുളം.

മേൽപറഞ്ഞവയിൽ നിലവിലുള്ള കുളങ്ങൾ വൃത്തിയാക്കി ജലസേചനത്തിനു സൗകര്യപ്രദമാക്കുകയും പുതിയ തലക്കുളങ്ങൾ നിർമ്മിക്കുകയും ചെയ്യുക, മുകളിൽ പറഞ്ഞ തോടുകളിൽ തടയിണകളോ ചീർപ്പുകളോ കെട്ടുക, ആവശ്യമായവയിൽ സൈഡ്‌വാൾ നിർമ്മിക്കുക കൂടാതെ ഈ വാർഡുകളിലുള്ള കുഴൽ കിണറുകൾ പുനരുദ്ധരിക്കുക എന്നിവയാണ്.

## 1. വിളകളും അവ നേരിടുന്ന പ്രശ്നങ്ങളും

### 1. നെല്ല്

പഞ്ചായത്തിൽ ആകെ 957 ഏക്കർ സ്ഥലത്താണ് നെൽകൃഷിയുള്ളത്. ഇവിടെ പ്രധാനമായും ഇരുപൂകൃഷിയാണ് അനുവർത്തിക്കുന്നത്. മൂന്നാംവിളക്കാലത്ത് പാടശേഖരങ്ങൾ പ്രധാനമായും തരിശിടാറാണ് പതിവ്. മുൻകാലങ്ങളെ അപേക്ഷിച്ച് നെൽകൃഷി ആദായകരമല്ലാതായിതീർന്നിരിക്കുന്നു. ഇതിനുള്ള കാരണങ്ങൾ പലതാണ്.

a. ഉല്പാദന ചെലവ് വർദ്ധിക്കുകയും, വരുമാനം താരതമ്യേന കുറയുകയും ചെയ്യുന്നു.

b. യഥാസമയം കർഷകതൊഴിലാളികളുടെ ലഭ്യമില്ലായ്മയും, വർദ്ധിച്ച കൂലിനിരക്കും.

c. ഉല്പാദനോപാധികളുടെ അനിയന്ത്രിതമായ വിലവർദ്ധനവ്

d. മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിരീതി

e. സംസ്കരണ വിപണന കേന്ദ്രങ്ങളുടെ അഭാവം

f. യന്ത്രവൽകൃത കാർഷിക ഉപകരണങ്ങളുടെ ദൗർലഭ്യം

g. ജൈവവളങ്ങളുടെ അഭാവം

h. സസ്യസംരക്ഷണ ഉപാധികളുടെ അപര്യാപ്തത

i. മണ്ണു പരിശോധന, ശാസ്ത്രീയ കൃഷിമുറകൾ മുതലായവയിലുള്ള അലംഭാവം

### 2. തെങ്ങ്

a. കാറ്റുവീഴ്ച രോഗത്തിന്റെ ദ്രുതഗതിയിലുള്ള വ്യാപനം

b. നാളികേരത്തിന്റെ വിലയിടിവ്

c. ജലസേചന സൗകര്യങ്ങളുടെ അഭാവം

d. സംസ്കരണ-വിപണന കേന്ദ്രങ്ങളുടെ ദൗർലഭ്യം

e. ജൈവവളങ്ങളുടെ ലഭ്യതകുറവ്

f. അശാസ്ത്രീയമായ കൃഷിരീതി

g. ഇടവിള കൃഷിചെയ്യുന്നതിനുള്ള സാദ്ധ്യതകുറവ്.

h. ചിട്ടയായ മണ്ണുപരിശോധന ഇല്ലായ്മ

i. സസ്യസാരക്ഷണത്തിനു കൃഷിക്കാരനുള്ള അലംഭാവം

### 3. മരിച്ചീനി

പഞ്ചായത്തിലെ രണ്ടാമത്തെ പ്രധാന ആഹാരമായ മരിച്ചീനി എല്ലാ കർഷകരും കൃഷി ചെയ്യുന്നു. എന്നാൽ അടുത്ത കാലത്തായി ഈ കൃഷിയിൽ മാന്ദ്യത അനുഭവപ്പെടുന്നു.

a. ഉല്പാദന ചെലവിന്റെ വർദ്ധനവ്

b. തൊഴിലാളികളുടെ കൂലി വർദ്ധനവ്

c. ജൈവവളങ്ങളുടെ വിലവർദ്ധനവ് എന്നിവ

d. എലിശല്യം

e. റബ്ബർ കൃഷിയോടുള്ള ആഭിമുഖ്യം

**4 കശുമാവ്**

പഞ്ചായത്തു പ്രദേശത്തെ കർഷകരുടെ വരുമാനത്തിൽ നല്ലൊരു പങ്ക് കശുമാവിനുണ്ടായിരുന്നു. എന്നാൽ ഇന്നു സ്ഥിതി മാറി. കൃഷി ഭൂമിയുടെ തുണ്ടുവൽക്കരണം, കാലാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ, കീടശല്യം തുടങ്ങിയവയാണ്. കൃഷിക്കാരെ ഇതിൽ നിന്നുമകറ്റുന്നതു പകരം റബ്ബർ കൃഷി വ്യാപകമായി ചെയ്തു വരുന്നതും കരി, വിറക് ഇവയുടെ മുഖ്യപങ്കും കശുമാവിനെ ആശ്രയിച്ചാണ്. ഈ സ്ഥിതി തുടർന്നാൽ കശുമാവ് കൃഷി അനതി വിദൂരഭാവിയിൽ തന്നെ നാമാവശേഷമാകും. പറയത്തക്ക മൂലധനമോ, അദ്ധ്വാനമോ ആവശ്യമില്ലാത്ത ഈ കൃഷിയെ സംരക്ഷിക്കേണ്ടതാവശ്യമാണ്.

**5. മാവ്**

പാരമ്പര്യമായിത്തന്നെ മാവു കൃഷി നിലവിലുണ്ട്. എന്നാൽ ആദായകരമായ രീതിയിൽ ഇതിന്റെ കൃഷി വിപുലീകരിക്കേണ്ടിയിരിക്കുന്നു. കായംകുളം, കരുനാഗപ്പള്ളി തുടങ്ങിയ ഭാഗങ്ങളിൽ നിന്നു ധാരാളം കച്ചവടക്കാർ വന്നു ഇവിടെ നിന്നു മാങ്ങ ശേഖരിക്കുന്നതിനാൽ, വിറ്റഴിക്കുന്നതിന് ബുദ്ധിമുട്ടുകളും ഉണ്ടാകില്ല. വിവിധ ഇനം മാവുകൾ ഉണ്ടെങ്കിൽ പോലും ഈ പ്രദേശത്ത് കാണുന്ന ഒരു വിശിഷ്ട ഇനമാണ് 'കർപ്പൂരമാവ്' ഇതിന്റെ മാങ്ങയ്ക്ക് ശരാശരി 4 രൂപവരെ വില ലഭിക്കുന്നുണ്ട്. ഈ ഇനം മാവിന്റെ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്. കൃഷി വകുപ്പിൽ നിന്നും മാവ് തൈകൾ വിതരണം ചെയ്യുന്നെങ്കിലും കർപ്പൂരമാവിന്റെ തൈകൾ ലഭ്യമല്ല.

**6 പ്ലാവ് കൃഷി**

പഴത്തിനു വേണ്ടി കൃഷി ചെയ്യുന്ന വരിക്കപ്ലാവിന്റെ ഒട്ടു തൈകൾ ഒരു കൃഷിയിടത്തിൽ ഒന്നെങ്കിലും നട്ടുപിടിപ്പിക്കത്തക്കവണ്ണം പ്രേരിപ്പിക്കേണ്ടതാണ്.

**7 പച്ചക്കറി കൃഷി**

പച്ചക്കറി കൃഷിയിൽ മൊത്തത്തിൽ ഒരു വിമുഖത കണ്ടുവരുന്നു. നമുക്കു സുലഭമായി കൃഷി ചെയ്തുണ്ടാക്കാവുന്ന ഇനം പച്ചക്കറികൾക്ക് പോലും കമ്പോളത്തെ ആശ്രയിക്കേണ്ടുന്ന അവസ്ഥയാണിന്നുള്ളത്. ഈ കൃഷിയുടെ വ്യാപനത്തിൽ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. സന്നദ്ധ സംഘടനകൾ, മഹിളാ സമാജങ്ങൾ, കൃഷി ഭവൻ, സ്കൂളുകൾ തുടങ്ങിയ പ്രസ്ഥാപനങ്ങൾക്ക് ഇതിൽ മുഖ്യ പങ്കു വഹിക്കാൻ കഴിയും.

**8. വെറ്റിലകൃഷി**

കഠിനാദ്ധ്വാനവും, ദൈനംദിന പരിചരണവും, പ്രത്യേക വൈദഗ്ദ്ധ്യവും ആവശ്യമുള്ള ഈ കൃഷിയിൽ ഏർപ്പെടുന്ന കർഷകരുടെ എണ്ണം കുറഞ്ഞു വരുകയാണ്. പടർത്തു മരങ്ങൾ, വാൽക്കുള നിർമ്മാണം തുടങ്ങി ആദ്യ ഘട്ടത്തിൽ വളരെ ചെലവുണ്ടാകുന്ന കൃഷി ആയതിനാൽ കർഷകർ ഈ കൃഷിയിൽ നിന്നും പിൻതിരിയുന്നു. എന്നാൽ ഉപജീവനമാർഗ്ഗമായി കുറച്ചു കൃഷിക്കാർ ഇന്നും ഇതിൽ ഉറച്ചു നില്ക്കുന്നു.

**9 വാഴകൃഷി**

പരമ്പരാഗതമായി തന്നെ വാഴകൃഷി നിലവിലുണ്ട്. പക്ഷേ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നില്ല. രോഗങ്ങളുടെ ദ്രുതഗതിയിലുള്ള ആക്രമണമാണ് ഈ കൃഷിയുടെ പ്രധാന ശത്രു. തോട്ടമടിസ്ഥാനത്തിൽ വയലുകളിൽ മാത്രമാണ് ഏതാനും കൃഷിക്കാർ ഇതിനുവേണ്ടി സ്ഥലം കണ്ടെത്തുന്നത്. ജലദൗർലഭ്യവും ഈ കൃഷിയിലൂടെ വ്യാപനത്തിനു വിലങ്ങു സൃഷ്ടിക്കുന്നുണ്ട്.

**10 പുഷ്പകൃഷി**

കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം എന്നിവയുടെ കൃഷി പഞ്ചായത്തു പ്രദേശത്തു നിലവിലില്ല. യുവജനങ്ങളേയും വീട്ടമ്മമാരേയും ഈ കൃഷിയിലേക്കു കൊണ്ടു വന്നാൽ വികസന സാദ്ധ്യതയുള്ള ഒരു മേഖലയാണിത്.

കൂൺകൃഷിയുടെ സാദ്ധ്യതകൾ പരിഗണനാർഹമാണ്.

**11 തേനീച്ചവളർത്തൽ**

ഈ പഞ്ചായത്തു പ്രദേശത്ത് തേനീച്ച വളർത്തൽ തീരെ ഇല്ല തന്നെ. റബ്ബർ കൃഷി വ്യാപകമായി വരുന്നതിനാൽ ആദായകരമായി തേനീച്ച വളർത്താനുള്ള സാദ്ധ്യതകൾ ഉണ്ട്. കൂടുനിർമ്മാണത്തിനും പ്രാഥമിക ചെലവിലേക്കായി മൂലധനം ആവശ്യമായതിനാൽ പലരും ഇതിലേക്ക് കടന്നു വരുന്നില്ല. വളരെയധികം വിപണനസ[illegible]
[illegible]തൊണ് ഈ മേഖലയും.

12 കുരുമുളക്

പഞ്ചായത്തു പ്രദേശത്തു പരക്കെ ഇത് കൃഷി ചെയ്തുവരുന്നു. എന്നാൽ ഉല്പന്നക്ഷമത വളരെ കുറവാണ്.

a രോഗകീടബാധ

b കാലാവസ്ഥക്കെടുതി

c നാട്ടിൽ വസ്തുക്കളുടെ മേൻമ ഇല്ലായ്മ

d അനുയോജ്യമായ താങ്ങുമരങ്ങളുടെ അഭാവം എന്നിവയാണ് പ്രധാന കൃഷി നേരിടുന്ന പ്രശ്നങ്ങൾ.

പരിഹാരങ്ങൾ

1 വർദ്ധിച്ച നിരക്കിലുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക

2 ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം സാർവ്വത്രികമാക്കുക അവ I V VIII X XI എന്നീ വാർഡുകളിൽ പാടശേഖര സമിതികൾ പുതുതായി രൂപീകരിക്കുക.

3 കുറഞ്ഞവിലയ്ക്ക് ഉല്പാദനോപാധികളായ വിത്തു, വളം, കീടനാശിനി, ടില്ലർ, സ്പ്രേയർ മുതലായവ ലഭ്യമാക്കുക

4 കർഷകതൊഴിലാളികളെ ഈ രംഗത്ത് ഉറപ്പിച്ചു നിറുത്തുന്നതിനും മറ്റു തൊഴിലാളികളിൽ നിന്നും വ്യത്യസ്ഥമായി ആകർഷകമായ ക്ഷേമപദ്ധതികൾ നടപ്പിലാക്കുകയും, സർക്കാർ നടപ്പാക്കുന്ന ക്ഷേമ പദ്ധതികളിൽ കർഷകതൊഴിലാളികൾക്ക് മുൻഗണന നല്കുകയും ചെയ്യുക.

5 ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ഏലാകളിലും തലക്കുളങ്ങൾ നിർമ്മിക്കുകയും, ഉള്ളവ പുനരുദ്ധരിക്കുകയും ചെയ്യുക, വാമനപുരം നദീതടപദ്ധതി നടപ്പാക്കി അതിൽനിന്നുള്ള ജലം ഈ പഞ്ചായത്തിലെ കൃഷിയ്ക്കു കൂട. ഉപയോഗയോഗ്യമാക്കുക.

6 വാമനപുരം നദിയിൽ കട്ടപ്പറമ്പ് പ്രദേശത്ത് ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കി വഞ്ചിയൂർ കട്ടപ്പറമ്പ് പാടശേഖരങ്ങളിൽ മൂന്നാം വിളകൃഷിയ്ക്കു സൗകര്യം ഉണ്ടാക്കുക

7 തോടുകളിൽ തടയണകളും, ചീർപ്പുകളും നിർമ്മിക്കുക

8 മൂന്നാം വിളയായി നെൽകൃഷി നടത്താൻ സാധിക്കാത്ത പാടങ്ങളിൽ പയർ, പച്ചക്കറി എന്നിവ സ്ഥിരമായി കൃഷി ചെയ്യുന്നതിനു കർഷകനെ പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

9 ഉല്പാദനം കുറഞ്ഞതും രോഗബാധിതവുമായ തെങ്ങുകൾ മുറിച്ചു മാറ്റുന്നതിന് വർദ്ധിച്ച തോതിലുള്ള സാമ്പത്തിക സഹായം നല്കുകയും ഉല്പാദനശേഷിയുള്ള തൈകൾ വിതരണം സൗജന്യമായി ചെയ്യുക.

10 നാളീകേരത്തിനു കൃഷിചെലവിനു ആനുപാതികമായി താങ്ങുവില ഏർപ്പെടുത്തുക.

11 നാളീകേരത്തിന്റെ സംഭരണവും, സംസ്കരണവും അതാതു പ്രദേശത്തു നടപ്പാക്കാൻ സംവിധാനം ഏർപ്പെടുത്തുക.

12 കർഷകരെ ശാസ്ത്രീയമായി ബോധവൽക്കരിക്കുക.

13 ജൈവ വളങ്ങളുടെ ആവശ്യത്തിനായി പച്ചില കൃഷിയെ പ്രോത്സാഹിപ്പിക്കുക.

14 ധനസഹയം നല്കി ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുക.

15 ഡിപ്പാർട്ടുമെന്റിൽ നിന്നും വിതരണം ചെയ്യുന്ന തെങ്ങിൻ തൈകളുടെ വിലയിൽ സാരമായ വിലക്കുറവ് വരുത്തി ഗുണമേന്മയുള്ള തൈകൾ കർഷകനു ലഭ്യമാക്കുക:

16 സസ്യ സംരക്ഷണ ഉപകരണങ്ങൾ ആവശ്യാനുസരണം വിതരണം ചെയ്യുക.

17 മരച്ചീനി കൃഷിക്കു കൂടി ധനസഹായം നല്കുക.

18 ഗുണമേന്മയുള്ള എലി വിഷം സൗജന്യമായും വ്യാപകമായും നല്കുക.

19 ഉല്പാദന ശേഷിയുള്ള മേൽത്തരം നടീൽ വസ്തുക്കൾ സൗജന്യമായി വിതരണം ചെയ്യുക.

20 കുരുമുളകു കൃഷിക്കും നടിൽ വസ്തുക്കൾ സൗജന്യമായി വിതരണം ചെയ്യുകയും സസ്യസംരക്ഷണ ണോപാധികൾ സൗജന്യമായി നല്കുക.

21 എല്ലാ കൃഷിക്കാർക്കും കുറഞ്ഞത് 5 കമുക് എങ്കിലും നടത്തക്ക രീതിയിൽ മംഗള, മോഹിത് നഗർ തുടങ്ങിയ അത്യുൽപാദന ശേഷിയുള്ള തൈകൾ സൗജന്യമായി നല്കുക.

22 കശുമാവ് കൃഷിയ്ക്കു മുന്തിയതരം തൈകൾ സൗജന്യമായി നല്കുന്നതിനോടൊപ്പം പുതിയതായി കൃഷി ചെയ്യുന്ന ഓരോ തൈയ്ക്കും 20 രൂപ ക്രമത്തിൽ ആനുകൂല്യം നല്കുക.

23 ഈ പ്രദേശത്ത് കാണുന്ന ഒരപൂർവ്വ ഇനമായ 'കർപ്പൂരമാവിന്റെ' ഒട്ടുതൈകൾ ഉല്പാദിപ്പിച്ചു വിലകുറച്ചു നല്കുക.

24 വരിക്ക പ്ലാവിന്റെ ഒട്ടുതൈകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുക.

25 പച്ചക്കറി കൃഷിയ്ക്കാവശ്യമായ വിത്തുകൾ ഓരോ വീട്ടിനും സൗജന്യമായി എത്തിച്ചുകൊടുക്കുകയും വീട്ടമ്മമാരെക്കൊണ്ട് പച്ചക്കറി കൃഷിയിൽ താല്പര്യം ഉണ്ടാക്കുന്നതിനായി അവർക്കു മത്സരങ്ങൾ സംഘടിപ്പിക്കുക.

26 ആദായം ലഭിച്ചു തുടങ്ങുന്ന വെറ്റില കൃഷിക്ക് ദൈനംദിന പരിപാലനത്തിനു വളരെയധികം അദ്ധ്വാനം ആവശ്യമായതു കൊണ്ട് കൃഷിക്കാരനെ പ്രോത്സാഹിപ്പിയ്ക്കുന്നതിനായി 3 സെന്റോ അതിൽ കൂടുതലോ ഉള്ള കൃഷിയ്ക്ക് 1000 രൂപയെങ്കിലും ഗ്രാന്റായി നല്കുക.

27 സബ്സിഡിയോടു കൂടി മുന്തിയതരം വാഴത്തൈകളും കീടനാശിനികളും ലഭ്യമാക്കുക. ജൈവ വളങ്ങളുടെ 50% എങ്കിലും സബ്സിഡി അനുവദിക്കുക.

28 പഞ്ചായത്തടിസ്ഥാനത്തിൽ എല്ലാ വർഷവും വിളമത്സരവും പ്രദർശനവും സംഘടിപ്പിക്കുക. സമ്മാനങ്ങൾ വിതരണം ചെയ്യുക.

29 ദുർബലരും, സർക്കാരിൽ നിന്നും യാതൊരു വിധ സഹായങ്ങളും ലഭിയ്ക്കാത്തവരുമായ കർഷകരുടെ ചികിത്സക്കായി ആണ്ടിൽ 1000 രൂപയുടെ ആനുകൂല്യം ലഭ്യമാക്കുക.

30 സസ്യസംരക്ഷണ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനു ഓരോ വാർഡിൽ നിന്നും രണ്ടു യുവാക്കളെ വീതം തെരഞ്ഞെടുത്തു അവർക്കാവശ്യമായ ട്രെയിനിംഗ് നല്കുക.

31 കാലവർഷക്കെടുതികൾ മൂലം കൃഷി നാശം സംഭവിയ്ക്കുമ്പോൾ ഉപാധികൾ കൂടാതെ ഓരോ കൃഷിയ്ക്കും, വർദ്ധിച്ച ആനുകൂല്യങ്ങൾ നല്കുക.

32 കൂൺ കൃഷി, കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം എന്നിവയുടെ കൃഷിയ്ക്കാവശ്യമായ നടീൽ വസ്തുക്കൾ ലഭ്യമാക്കുകയും പുഷ്പകൃഷിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

33 തേനീച്ച വളർത്തലിനു താല്പര്യമുള്ള കർഷകർക്ക് മാർഗ്ഗ നിർദ്ദേശങ്ങളും സാമ്പത്തിക സൗകര്യങ്ങളും നല്കുക.

34 സഹകരണ സംഘങ്ങൾ , മറ്റു ധനകാര്യസ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കൃഷിയ്ക്കാവശ്യമായ വായ്പ ലഭിയ്ക്കുന്നതിനുള്ള നിബന്ധനകളിൽ കുറെ കൂടി അയവുവരുത്തുക.

35 വീട്ടമ്മാരുടെ കൊച്ചു കൊച്ചു ഗ്രൂപ്പുകൾ ഉണ്ടാക്കി വിവിധയിനം പച്ചക്കറി വിത്തുകൾ നല്കി അവരെ പച്ചക്കറി കൃഷിയിലേയ്ക്കു അടുപ്പിച്ചാൽ ഗാർഹികാവശ്യത്തിനുള്ള പച്ചക്കറികൾ ഉല്പാദിപ്പിക്കാൻ കഴിയുന്നതാണ്.

36 എല്ലാ വാർഡുകളിലും അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുക.

37 പർച്ചേസിംഗ് സെന്ററും, പൊതു മാർക്കറ്റുകളും സ്ഥാപിക്കുക.

38 നല്ലതരം നടീൽ വസ്തുക്കൾ കർഷകർക്കു ലഭ്യമാക്കാൻ നഴ്സറികൾ സ്ഥാപിക്കുക.

39 തെങ്ങ്, കശുമാവ്, മരച്ചീനി, കുരുമുളക് തുടങ്ങിയ കൃഷികളിൽ നിന്നും കർഷകർ കൂടുതൽ ആദായം ലഭിയ്ക്കുന്ന റബ്ബർ കൃഷിയിലേയ്ക്ക് കൂട്ടത്തോടെ പോകുന്നത്, അടുത്ത നൂറ്റാണ്ടിന്റെ പകുതിയാകുമ്പോൾ കടുത്ത ഭക്ഷ്യക്ഷാമത്തിനും, സംസ്ഥാനത്തിന്റെ വിദേശ വരുമാനത്തിനും വളരെയധികം കുറവു വരുത്തും.

# വിദ്യാഭ്യാസം

കരവാരം ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്തെ വിലയിരുത്തുമ്പോൾ ഇന്നു ഇവിടെ നിലനിൽക്കുന്ന പല വിദ്യാലയങ്ങളുടേയും ചരിത്രം ചില നിലത്തെഴുത്തു ആശാന്മാർ സ്ഥാപിച്ച 'കുടിപ്പള്ളിക്കൂടങ്ങളാണ്'. ഈ ഗ്രാമപഞ്ചായത്ത് കരവാരം വില്ലേജ്, ആലംകോട് വില്ലേജ് എന്നീ രണ്ട് വില്ലേജുകൾ ചേർന്നതാണ്. ആലംകോട് വില്ലേജിൽ നൂറുവർഷം മുമ്പ് ചെപ്പള്ളിയിൽ ശ്രീമാൻ കൃഷ്ണനാശാൻ നടത്തിയിരുന്ന കുടിപ്പള്ളിക്കൂടമായിരുന്നു. അദ്ദേഹം സ്ഥാപിക്കുകയും പിൽക്കാലത്ത് സർക്കാരിന് സറണ്ടർ ചെയ്യുകയും ചെയ്ത ഇന്നത്തെ വഞ്ചിയൂർ ഗവ: UPS ഇതേപോലെതന്നെ ശ്രീമാൻ നെന്മേനിവിള കൃഷ്ണൻ വാദ്ധ്യാർ സ്ഥാപിച്ച കട്ടപ്പറമ്പ് ഗവ: LPS-ന് 90 വർഷത്തെ പാരമ്പര്യം ഉണ്ട്. ശ്രീമാൻ പുല്ലയിൽ നാരായണകുറുപ്പ് സ്ഥാപിച്ച മേവർക്കൽ ഗവ: LPS- ന് 95 വർഷം പഴക്കമുണ്ട്. കരവാരം വില്ലേജിലെ ആദ്യകാല സ്കൂളാണ് കോവിലഴികത്ത് ശ്രീമാൻ P. നാണുആശാൻ സ്ഥാപിച്ച തോട്ടയ്ക്കാട് ഗവ: LPS. ഈ വില്ലേജിലെ മറ്റൊരു സ്കൂളായ പറക്കുളം ഗവ: LPS സ്ഥാപിച്ചത് ശ്രീമാൻ മാധവൻ വാദ്ധ്യാർ ആണ്. ഈ മഹത്‌വ്യക്തികൾ സ്ഥാപിക്കുകയും സ്വയമേ സർക്കാരിനെ ഏല്പിക്കുകയും ചെയ്ത ഈ വിദ്യാലയങ്ങൾ സർക്കാർ മേഖലയിൽ നിലനിൽക്കുന്നു.

ഗ്രാമചരിത്രത്തിൽ ഓർക്കപ്പെടേണ്ട സംഭവമാണ് 100 വർഷം മുൻപ് രൂപംകൊണ്ട മേൽപറഞ്ഞ സ്കൂളുകളും അതിലൂടെ ഗ്രാമവാസികളിൽപ്പെട്ട ആൾക്കാരിൽ വിദ്യാഭ്യാസബോധം ഉണ്ടാക്കാനും പിൽക്കാലത്ത് വിദ്യാസമ്പന്നരുടെ ഒരു നിര ഉണ്ടാക്കുന്നതിനും ഉദ്യോഗസ്ഥനിലവാരത്തിൽ അനവധിപേരെ സൃഷ്ടിക്കുന്നതിനും ഇടയാക്കി. അവരിൽ പലരും ഇന്ന് ഉദ്യോഗത്തിൽ നിന്നും പെൻഷൻ പറ്റി വിശ്രമജീവിതം നയിച്ചുവരുന്നു.

ഈ ഗ്രാമത്തിൽ നിന്നും പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കിയവർ ഹൈസ്കൂൾതല വിദ്യാഭ്യാസത്തിനു പോയിരുന്നത് ഉദ്ദേശം 15 കിലോമീറ്റർ കാൽ നടയായി സഞ്ചരിച്ച് ആറ്റിങ്ങൽ ഹയർഗ്രേഡ് ഇംഗ്ലീഷ് സ്കൂളിലായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു അകലങ്ങളെ ആശ്രയിച്ചിരുന്നതിന് അല്പം മാറ്റംവന്നത് ആലംകോട് H.S. ന്റെ ആരംഭത്തോടെയാണ്. ഇപ്പോൾ എയ്ഡഡ് മേഖലയിൽ കരവാരത്തും ഒരു ഹൈസ്ക്കൂൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ 6 സമീപപ്രദേശങ്ങളായ നാവായിക്കുളം, നെടുംപറമ്പ്, ഞെക്കാട്, ആറ്റിങ്ങൽ എന്നിവിടങ്ങളിലെ സ്കൂളുകളിൽ ഇപ്പോഴും ഈ ഗ്രാമപഞ്ചായത്തിലെ നിരവധി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. ആലംകോട് ഗവ: H.S. ഉം കരവാരം H.S. ഉം ഇപ്പോൾ VHSS കളാണ്. കരവാരം VHSS-ൽ ആഫീസ് സെക്രട്ടറിഷിപ്പ് കോഴ്സ്, സിവിൽ കൺസ്ട്രക്ഷൻ കോഴ്സ് എന്നിവ നടത്തുന്നു. ആലംകോട് VHSS -ൽ MLT, MOB എന്നീ കോഴ്സുകൾ വളരെ നല്ലനിലയിൽ നടത്തിവരുന്നു. ഈ ഗ്രാമപഞ്ചായത്തിൽ 1994-ൽ കടുവയിൽ തങ്ങൾ ചാരിറ്റബിൾ ട്രസ്റ്റ്, ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ അൺ എയിഡഡ് മേഖലയിൽ പ്രവർത്തിച്ചു വരുന്നു. ഈ പഞ്ചായത്ത് പ്രദേശത്തുനിന്നും ഉദ്ദേശം 300 കുട്ടികൾ കല്ലമ്പലം, വർക്കല, ആറ്റിങ്ങൽ തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന അൺഎയിഡഡ് സ്കൂളുകളിൽ പഠിക്കുന്നു. ദിവസവും ഈ സ്കൂളുകളിലെ കുട്ടികളെ അവരുടെ വാഹനത്തിൽ കൊണ്ടുപോയി വരുന്നു.

ഈ ഗ്രാമപഞ്ചായത്തിൽ സാങ്കേതികവിദ്യാഭ്യാസം നൽകുന്നതിനുള്ള സ്ഥാപനങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല. മിനി I.T.I.കളോ പോളിടെക്നിക്കുകളുടെ ബ്രാഞ്ചുകളോ, മറ്റു പരിശീലനകേന്ദ്രങ്ങളോ ആരംഭിച്ച് ഈ കുറവ് പരിഹരിക്കേണ്ടിയിരിക്കുന്നു. കായികവിനോദരംഗത്ത് വളരെ പ്രശസ്തമായിരുന്ന ഗ്രാമപഞ്ചായത്ത് പ്രദേശം ഇപ്പോൾ ഈ മേഖല തളർച്ചയിലാണ്. ഇതിനു പരിഹാരമായി ഗ്രാമപഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയവും ഓപ്പൺ എയർ ആഡിറ്റോറിയവും ഉണ്ടാകേണ്ടിയിരിക്കുന്നു.

കരവാരം ഗ്രാമപഞ്ചായത്തിൽ ഔപചാരികവിദ്യാഭ്യാസരംഗത്ത് 2 VHSS, 3 UPS, 6 LPS എന്നിങ്ങനെ 11 സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇതിനുപുറമേ പഞ്ചായത്തിൽ 5 ട്യൂട്ടോറിയൽ കോളേജുകൾ 5 അംഗൻവാടികൾ (തോട്ടയ്ക്കാട്, വണ്ടിത്തടം, ശ്രീകൃഷ്ണപുരം, ഇരമം, പെരിങ്ങാവ്) പാവല്ല, വഞ്ചിയൂർ എന്നിവിടങ്ങളിലായി 2 നെഴ്സറി സ്കൂൾ വഞ്ചിയൂരിൽ 2 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ അഞ്ചു വായനശാല & ഗ്രന്ഥശാലകൾ ഒരു ഇംഗ്ലീഷ് മീഡിയം അൺഎയിഡഡ് സ്കൂൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

കരവാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 11 വിദ്യാലയങ്ങളിൽ 6 സർക്കാർ സ്കൂളുകളും 5 എയിഡഡ് സ്കൂളുകളുമാണ്. സർക്കാർ സ്കൂളുകളിൽ 1310 ആൺകുട്ടികളും 1183 പെൺകുട്ടികളും ഉൾപ്പെടെ 2493 കുട്ടികളും എയിഡഡ് മേഖലയിൽ 849 ആൺകുട്ടികളും 701 പെൺകുട്ടികളും കൂടി 1550 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. രണ്ടു മേഖലയിലുംകൂടി 4043 കുട്ടികൾ പഠിക്കുന്നുണ്ട്.

അനുബന്ധം പട്ടിക 1. വിദ്യാലയരംഗം

ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ S.C.

വിഭാഗം 449 ആൺകുട്ടികളും 369 പെൺകുട്ടികളുമായി 818 കുട്ടികൾ വിദ്യാഭ്യാസം നടത്തുന്നു. ആകെ പഞ്ചായത്തിൽ പഠിക്കുന്ന കുട്ടികളുടെ 20.6% വരും SC വിഭാഗം കുട്ടികൾ. എല്ലാ സ്കൂളുകളിലുമായി 153 അദ്ധ്യാപകരുടെ തസ്തിക

## വിദ്യാലയവിവരങ്ങൾ 1996-97

പട്ടിക-(1)

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | SC വിഭാഗം | | | അനുവദിച്ച അദ്ധ്യാപക പോസ്റ്റ് | നിലവിലുള്ള അദ്ധ്യാപകർ |
|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | | |
| 1 | ഗവ: VHSS ആലംകോട് | സർക്കാർ | 443 | 372 | 815 | 57 | 42 | 99 | 36 | 36 |
| 2 | ഗവ: LPS മേവറക്കൽ | സർക്കാർ | 125 | 113 | 238 | 36 | 31 | 67 | 6 | 6 |
| 3 | ഗവ: LPS കട്ടപ്പറമ്പ് | സർക്കാർ | 54 | 49 | 103 | 4 | 3 | 7 | 4 | 4 |
| 4 | ഗവ: UPS വഞ്ചിയൂർ | സർക്കാർ | 343 | 342 | 685 | 50 | 53 | 103 | 26 | 25 |
| 5 | D. V. LPS പാവല്ല | എയിഡഡ് | 107 | 93 | 200 | 11 | 13 | 24 | 8 | 8 |
| 6 | ഗവ: LPS തോട്ടയ്ക്കാട് | സർക്കാർ | 153 | 149 | 302 | 37 | 33 | 70 | 9 | 10 |
| 7 | ഗവ: LPS പറക്കുളം | സർക്കാർ | 192 | 158 | 350 | 38 | 41 | 79 | 11 | 11 |
| 8 | മുസ്ലീം LPS മടന്തപ്പച്ച | എയിഡഡ് | 83 | 55 | 138 | 8 | 4 | 12 | 5 | 5 |
| 9 | കരവാരം VHSS | എയിഡഡ് | 284 | 225 | 509 | 94 | 64 | 158 | 19 | 19 |
| 10 | M.G. UPS തോട്ടയ്ക്കാട് | എയിഡഡ് | 156 | 146 | 302 | 49 | 37 | 86 | 14 | 14 |
| 11 | S. N. UPS തേവലക്കാട് | എയിഡഡ് | 219 | 182 | 401 | 65 | 48 | 113 | 15 | 15 |
| | ആകെ | – | 2159 | 1884 | 4043 | 449 | 369 | 818 | 153 | 153 |

അനുവദിച്ചു കാണുന്നു. 153 അദ്ധ്യാപകരും നിലവിൽ ഉണ്ട്. തോട്ടയ്ക്കാട് ഗവ: LPS-ൽ ഒരു അദ്ധ്യാപക തസ്തിക വർക്കിംഗ് അറേൻജുമെന്റിൽ നിലനിറുത്തിയിട്ടുണ്ട്. വഞ്ചിയൂർ ഗവ UPS-ൽ ഒരു അദ്ധ്യാപകന്റെ ഒഴിവു കാണുന്നു. ആലംകോട് ഗവ: VHSS ലും തേവലക്കാട് S. N. UPS ലും ഓരോ അദ്ധ്യാപകർ ദീർഘകാല അവധി യിലാണ്.

കരവാരം ഒന്നാം വാർഡിൽ UPS പഠനം നടത്തേണ്ട കുട്ടികൾ 5 കിലോമീറ്റർ ദൂരം യാത്ര ചെയ്യേണ്ടിവരുന്നു ഒരു നഴ്സറി വിദ്യാലയം പോലുമില്ലാത്ത വാർഡുകളാണ് വാർഡ് 10, 11 എന്നിവ. പഞ്ചായത്തിലെ 8-ാം വാർഡ് 5-ാം വാർഡ് ഇവിടെയും സ്കൂളുകൾ ഇല്ല. ഈ വാർഡുകളുടെ സമീപം മറ്റു വാർഡിലെ സ്കൂളുകൾ ഉണ്ട്. അടി യന്തരമായും 10, 11 വാർഡിനു ഉപയോഗം കിട്ടത്തക്കവിധം ഒരു LPS ആരംഭിക്കേണ്ടിയിരിക്കുന്നു.

## പഞ്ചായത്തിലെ സ്കൂളുകളുടെ പൊതുഅവലോകനം

1. **ആലംകോട് ഗവ: V.H.S.S:-** വിദ്യാലയത്തിന് 2 ഏക്കർ 50 സെന്റ് ഭൂമി ചുറ്റുമതിലോടു കൂടിയുണ്ട്. 4 സ്ഥിരം കെട്ടിടങ്ങളിലായി 39 ക്ളാസ്സുമുറികളും 2 താത്കാലിക ഷെഡിൽ 7 മുറികളും ഉണ്ട്. 5 മുതൽ 10 വരെ സ്റ്റാൻഡേർഡു കളും MLT കോഴ്സും നടത്തുന്നു. VHSS യുടെ വിവരം ലഭ്യമല്ല.

സ്കൂളിൽ 443 ആൺകുട്ടികളും 372 പെൺകുട്ടികളും ഉൾപ്പെടെ 815 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇവരിൽ 57 ആൺകുട്ടികളും 42 പെൺകുട്ടികളുമായി 99 കുട്ടികൾ SC വിഭഗത്തിൽ പെടുന്നു. ഇവിടെ 21 ഡിവിഷനുകളിലായി 36 അദ്ധ്യാപകർ ജോലിനോക്കുന്നു. സ്കൂളിൽ 4 മൂത്രപ്പുരയും 4 കക്കൂസും ഉണ്ട്. ഇനിയും 2 മൂത്രപ്പുര കൂടി വേണം. ഒരു കുഴൽകിണറും ഒരു സാധാരണകിണറും ഉണ്ട്. കുടിവെള്ള പ്രശ്നമില്ല. സ്ഥിരം പാചകമുറി ഇല്ല. ഫർണിച്ചറുകൾ ആവശ്യത്തിനില്ല. 208 ഡസ്ക്ക് 272 ബഞ്ച് 11 മേശ 11 കസേര 2 അലമാര 2 ആഫീസു ഉപയോഗ ത്തിനുള്ള കസേര 2 ബ്ളാക്ക് ബോർഡ് എന്നിവയുടെ കുറവുണ്ട്. മാപ്പ്, ചാർട്ട്, ഗ്ളോബ് എന്നിവ ആവിശ്യത്തി നില്ല. സ്കൂളിൽ റേഡിയോ, ടേപ്പ്റിക്കാർഡർ റ്റി. വി, കമ്പ്യൂട്ടർ എന്നിവ ഇല്ല. ലംസംഗ്രാന്റ് ഇനത്തിൽ 10130 രൂപയും മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് ഇനത്തിൽ 8100 രൂപയും വിതരണം നടത്തി.

വർഷത്തിൽ മെയിന്റനൻസിനായി 50000 രൂപ സ്പോർട്ട്സ് ഇനത്തിൽ 5000 രൂപ കലാവിനോദകാര്യങ്ങൾക്ക് 6000 രൂപ ലൈബ്രറിയ്ക്കു 4000 രൂപ ഉച്ചക്കഞ്ഞി പാചകത്തിനും വിറകുമറ്റു ചിലവുകൾക്കായി 34600 രൂപ സർക്കാർ അടപ്പായി 4800 രൂപ ഉൾപ്പെടെ 104400 രൂപ ആവർത്തന സ്വഭാവമുള്ള ചെലവും ഫീസിനത്തിൽ 5102 രൂപ PTAഫണ്ടി നമായി 18585 രൂപയും ചേർത്തു 23687 രൂപ വരവുമുണ്ട്. സ്കൂളിൽ വൈദ്യുതി ഉണ്ട്. കലാ-കായിക മത്സര ഇനങ്ങ ളിൽ സ്കൂളിനു അവാർഡു കിട്ടിയിട്ടില്ല. കളിസ്ഥലം വികസിപ്പിച്ചു ഈ പോരായ്മ മാറ്റാമെന്നു കരുതുന്നു. കഴിഞ്ഞ 5 വർഷ S.S.L.C വിജയശതമാനം വിലയിരുത്തിയതിൽ 91-92-ൽ 37%, 92-93-ൽ 40%, 93-94-ൽ 52%, 94-95-ൽ 27%, 95-96-ൽ 50% എന്നിങ്ങനെ കാണുന്നു. സംസ്ഥാന വിജയശരാശരിയുടെ അടുത്തു നില്ക്കുന്നു. അല്പം പരിശ്ര മിച്ചാൽ S.S.L.C വിജയശതമാനം 60% ത്തിനു മുകളിൽ എത്തിക്കാം എന്നു കാണുന്നു.

2. **കരവാരം V.H.S.S :-** എയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്നു. 3 ഏക്കർ 12 സെന്റു സ്ഥലം ഉണ്ട്. ചുറ്റുമ തിൽ ഇല്ല. നല്ല ഒരു കളിസ്ഥലം ഉണ്ട്. 284 ആൺകുട്ടികളും 225 പെൺകുട്ടികളുമായി 509 കുട്ടുകൾ 8, 9, 10 സ്റ്റാൻഡേർഡുകളിലായി പഠിക്കുന്നു. 94 ആൺകുട്ടികളും 64 പെൺകുട്ടികളുമായി 158 കുട്ടികൾ SC വിഭാഗത്തി ലുണ്ട്. 19 അദ്ധ്യാപക പോസ്റ്റുകൾ ഉള്ളതായി കാണുന്നു. അനുവദിച്ച ഡിവിഷനുകളുടെ വിവരം ലഭ്യമല്ല. ലംപ്സം ഗ്രാന്റിനത്തിൽ 18577 രൂപയും മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് ഇനത്തിൽ 1725 രൂപയും വിതരണം നടത്തിയ തായി കാണുന്നു. സ്കൂളിനു റേഡിയോ, ടേപ്പ്റിക്കാർഡർ തുടങ്ങിയവ ഇല്ല. വർക്ക്സ് എക്സ്പീരിയൻസിനു 5 കുട്ടികൾക്കു ജില്ലയിൽ അവാർഡുകിട്ടി. ലൈബ്രറി, ലാബ്രട്ടറി ഇവ പ്രവർത്തിക്കുന്നു. 7000 രൂപ അറ്റകുറ്റപണി കൾക്കും 2000 രൂപ ഫർണിച്ചർ നന്നാക്കാനും 400 രൂപ രാസവസ്തുക്കൾക്കും 995 രൂപ സ്പോർട്ടിനും ചെലവു ഇനത്തിൽ കാണുന്നു. ഈ തുക വളരെ കുറവാണ്. സ്കൂളിൽ സ്പോർട്ട്സു കലാവിനോദങ്ങൾ ലൈബ്രറി ലാബ ട്ടറി എന്നിവയുടെ കാര്യത്തിനും കൂടുതൽ തുക കണ്ടെത്തേണ്ടിയിരിക്കുന്നു. ഫീസിനത്തിൽ 4606 രൂപയും PTA ഫണ്ടിനത്തിൽ 1500 രൂപയും കാണുന്നു. പഠനനിലവാരത്തെ സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

3. വഞ്ചിയൂർ ഗവ: UPS:- സ്കൂളിന് 1 ഏക്കർ 10 സെന്റു ഭൂമിയുണ്ട്. ചുറ്റുമതിൽ ഇല്ല. 343 ആൺകുട്ടികളും 342 പെൺകുട്ടികളുമായി 685 കുട്ടികൾ പഠിക്കുന്നു. ഇതിൽ 50 ആൺകുട്ടികളും 53 പെൺകുട്ടികളുമായി 103 പേർ SC

വിഭാഗമാണ്. 3 സ്ഥിരകെട്ടിടവും ഒരു അർദ്ധസ്ഥിരം കെട്ടിടവുമുണ്ട്. രണ്ടിലും കൂടി (18+4) 22 ക്ലാസ്സുമുറിക ഉണ്ട്. ഒന്നുമുതൽ ഏഴുവരെ സ്റ്റാൻഡേർഡുകളിലായി 19 ഡിവിഷനുകളിൽ പഠിപ്പിക്കുന്നതിന് 26 അദ്ധ്യാപകരു തസ്കികയുണ്ട്. ഇപ്പോൾ 25 അദ്ധ്യാപകർ ഇവിടെ ജോലി നോക്കുന്നു. 2 മൂത്രപ്പുരയും 2 കക്കൂസുമുള്ളതിൽ ഒ കക്കൂസ് ഉപയോഗശൂന്യമായി കിടക്കുന്നു. രണ്ടു മൂത്രപ്പുരകൂടി ഉടനടി ഉണ്ടാക്കേണ്ടിയിരിക്കുന്നു. സ്കൂളി വൈദ്യുതി ഉണ്ട്. കുടിവെള്ളത്തിന് കിണർ ഉണ്ട്. ഭാഗികമായി മാത്രമെ സ്കൂളിൽ വെള്ളം കിട്ടുന്നുള്ളു. പഠനേ പകരണങ്ങൾ കുറവുണ്ട്. സ്കൂളിന് ഒരു റേഡിയോ ഇല്ല. 10 ബ്ലാക്ക് ബോർഡ്, 50 ഡസ്ക്ക് 100 ബഞ്ച് 15 കസേ 15മേശ ഒരു റാക്ക് 2 അലമാര ഒരു തടി റാക്ക് എന്നിവയുടെ കുറവുണ്ട്. 4 കുട്ടികൾക്ക് മെരിറ്റസ്ക്കോ. 103 കുട്ടി കൾക്കു ലംസംഗ്രാന്റും 42 മുസ്ലിം ഗേൾസ് സ്ക്കോളർഷിപ്പും 2 ജവാന്മാരുടെ കുട്ടികൾ 6 വികലാംഗർകുട്ടിക എന്നിവർക്കു സ്ക്കോളർഷിപ്പും നല്കി. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിക്ക് 25000 രൂപ ഉപകരണങ്ങൾ നന്നാക്കാ 5000 രൂ രാസവസ്തു 1000 രൂപ സ്പോർട്ടിന് 1000 രൂ കലാ-വിനോദങ്ങൾക്ക് 1500 രൂപ ലൈബ്രറി 1000 രൂപ ഉച്ച ക്കഞ്ഞി 22000 രൂപയും കൂടി 53500 രൂപ വാർഷിക ആവർത്തനചെലവും PTA ഇനത്തിൽ 6000 രൂപ വരവുണ്ട് സർക്കാരിൽ നിന്നുള്ള ഉച്ചക്കഞ്ഞി വിഹിതം വരവു കണക്കു ലഭിച്ചിട്ടില്ല. പഠനനിലവാരം ശരാശരി നിലവാരം കാണുന്നു. പഠനനിലവാരം ഉയർത്താൻ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തിയാൽ കഴിയുന്നതാണ്.

**4. M. G. UPS തോട്ടയ്ക്കാട് :-** എയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിന് 1 ഏക്കർ 81 സെന്റ് ഭൂമി ഉണ്ട്. ചുറ്റുമതിൽ ഇല്ല. 156 ആൺകുട്ടികളും 146 പെൺകുട്ടികളുമായി 302 കുട്ടികൾ പഠിക്കുന്നു. SC വിഭാഗ ത്തിൽ 49 കുട്ടികളും 37 പെൺകുട്ടികളും ഉൾപ്പെടെ 86 കുട്ടികൾ ഉണ്ട്. 14 അദ്ധ്യാപക പോസ്റ്റുള്ളതിൽ 14 അദ്ധ്യാ പകരും നിലവിൽ ഉണ്ട്. 3 സ്ഥിരം കെട്ടിടങ്ങളിലായി 13 മുറികൾ ഉണ്ട്. സ്കൂളിൽ 9 മുറികൾ പ്രവർത്തിക്കുന്നു. അഞ്ചാം സ്റ്റാൻഡേർഡുമുതൽ ഏഴാം സ്റ്റാൻഡേർഡുവരെയാണ് സ്കൂളിലെ പ്രവേശനം. രണ്ടു മൂത്രപ്പുരയും ഒരു കക്കൂസും ഉണ്ട്. ഒരു കക്കൂസും കൂടി ഉണ്ടാകേണ്ടിയിരിക്കുന്നു. സ്കൂളിൽ വൈദ്യുതി ഉണ്ട്. സ്കൂളിൽ ഒരു വലിയ മൈതാനം ഉണ്ട്. കുട്ടികളെ കായികവിനോദത്തിനു പരിശീലിപ്പിക്കുന്നതിനുള്ള ഭൗതികസാഹചര്യം ഉണ്ട്. ഇത് ഫലപ്രദമായി ഉപയോഗിച്ചാൽ സ്പോർട്ടുസ് രംഗത്തു അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും. സ്കൂളിന് കിണർ ഉണ്ട്.

### വിദ്യാലയ കാര്യങ്ങൾ 1996-97 സ്റ്റാൻഡേർഡു തിരിച്ച വിവരം

പട്ടിക(2)

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിദ്യാർത്ഥികളുടെ സ്റ്റാൻഡേർഡ് തിരിച്ച എണ്ണം ആൺ, പെൺ, ആകെ | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | I | II | III | IV | V | VI | VII | VIII | IX | X |
| 1. | ഗവ: VHSS ആലംകോട് | - | - | - | - | 44-55-99 | 56-51-107 | 93-59-152 | 93-73-166 | 93-74-167 | 64-60-124 |
| 2. | കരവാരം VHSS | - | - | - | - | - | - | - | 90-80-170 | 112-77-189 | 82-68-150 |
| 3. | ഗവ: UPS വഞ്ചിയൂർ | 46-51-97 | 53-55-108 | 50-51-101 | 39-44-83 | 46-51-97 | 58-43-101 | 51-47-98 | - | - | - |
| 4. | SN.UPS തേവലക്കാട് | 24-18-42 | 36-34-70 | 35-31-66 | 21-24-45 | 31- 33-65 | 37-22-59 | 34-20-54 | - | - | - |
| 5. | M.G തോട്ടക്കാട് | - | - | - | - | 53-45-98 | 53-52-105 | 50-49-99 | - | - | - |
| 6. | ഗവ: LPS മേപറയ്ക്കൽ | 23-19-42 | 18-25-43 | 26-28-54 | 32-22-54 | 26-19-45 | - | - | - | - | - |
| 7. | ഗവ: LPS കട്ടപ്പറമ്പ് | 13-9-22 | 22-17-29 | 15-12-27 | 14-11-21 | - | - | - | - | - | - |
| 8. | ഗവ:LPS തോട്ടക്കാട് | 37-29-66 | 36-34-70 | 40-48-88 | 40-38-78 | - | - | - | - | - | - |
| 9. | ഗവ: LPs പറക്കുളം | 35-26-61 | 39-38-77 | 41-26-67 | 42-38-80 | 35-30-65 | - | - | - | - | - |
| 10. | D.V.LPS പാവല്ല | 31-28-59 | 34-23-57 | 29-25-54 | 13-17-30 | - | - | - | - | - | - |
| 11. | മുസ്ലീം LPS പാവല്ല | 19-11-30 | 20-15-35 | 21-18-39 | 23-11-34 | - | - | - | - | - | - |
| | ആകെ | 228-191-419 | 248-241-489 | 257-239-496 | 224-205-429 | 236-233-469 | 204-168-372 | 228-175-403 | 183-153-336 | 205-151-356 | 141-128-274 |

സ്റ്റാഫ് റൂം ഉണ്ട്. 20 ബഞ്ച് 5 മേശ 10 കസേര ഒരു അലമാര ആഫീസു ഉപയോഗത്തിനു 2 കസേര എന്നിവയുടെ കുറവുണ്ട്. സ്കൂളിലെ ഹാൾ കെട്ടി വേർതിരിച്ചു ക്ലാസുമുറികളാക്കിയാൽ അദ്ധ്യയനം മെച്ചപ്പെടാൻ ഇടയാകും. വരവുചെലവു സംബന്ധമായ വിവരങ്ങൾ ലഭിക്കേണ്ടിയിരിക്കുന്നു

**5. S.N.UPS തേവലക്കാട് :–** എയിഡഡ് മേഖലയിലുള്ള ഈ വിദ്യാലയത്തിന് 1 ഏക്കർ 50 സെന്റ് ഭൂമിയുണ്ട്. ചുറ്റുമതിൽ ഇല്ല. 219 ആൺകുട്ടികളും 182 പെൺകുട്ടികളുമായി 401 കുട്ടികൾ ഒന്നാം സ്റ്റാൻഡേർഡു മുതൽ ഏഴാം സ്റ്റാൻഡേർഡുവരെയുള്ള ക്ലാസുകളിൽ പഠിക്കുന്നു. അറ്റകുറ്റപ്പണികൾ നടത്താനുണ്ട്. പഠനോപകരണങ്ങൾ വേണ്ടത്രയില്ല. രണ്ട് ബ്ലാക്ക് ബോർഡുകളും 50 ഡസ്ക് 10 ബഞ്ച് 10 മേശ 13 കസേര എന്നിവയുടെ കുറവുണ്ട്. സ്കൂളിൽ കിണർ ഉണ്ട്. വൈദ്യുതി ഇല്ല. പാചകമുറി ഇല്ല. സ്റ്റാഫ്റൂം ഉണ്ട്. SC വിഭാഗം കുട്ടികൾ ആൺകുട്ടികൾ 65 പെൺകുട്ടികൾ എന്നിങ്ങനെ 113 പേർ ഉണ്ട്. 4 സ്ഥിരം കെട്ടിടങ്ങളിലായി 14 മുറികൾ ഉണ്ട്. ഇവിടെ 12 ഡിവിഷനിൽ പഠിപ്പിക്കുന്നതിന് 15 അദ്ധ്യാപക തസ്തിക അനുവദിച്ചിട്ടുണ്ട്. നിലവിൽ 15 അദ്ധ്യാപകർ ജോലി നോക്കുന്നു. ഒരു അദ്ധ്യാപകൻ ദീർഘ അവധിയിലാണെന്നു കാണുന്നു. വാർഷിക മെയിന്റനൻസിനായി 15000 രൂപ ഉപകരണങ്ങൾ അറ്റകുറ്റപണിക്ക് 5000 രൂപ രാസവസ്തുക്കൾക്ക് 1000 രൂപ സ്പോർട്ട്സിന് 5000 രൂപ കലാ–വിനോദങ്ങൾക്ക് 2000 രൂപ ലൈബ്രറിക്ക് 2000 രൂപ ഉച്ചക്കഞ്ഞി ചെലവ് 65000 മറ്റിനം 1000 എന്നിങ്ങനെ 105000 വേണമെന്നു കാണുന്നു. ഉച്ചക്കഞ്ഞി ചെലവ് പരിശോധിക്കേണ്ടതുണ്ട്. സർക്കാരിൽ നിന്നും 55000 രൂപയും PTA ഫണ്ടിൽ 500 രൂപയും ഉൾപ്പെടെ 55500 രൂപ വരവു കാണുന്നു. 113 കുട്ടികൾക്ക് ലംസം ഗ്രാന്റും 14 മുസ്ലീം ഗേൾസ് കുട്ടികൾക്കും ഒരു വികലാംഗ കുട്ടിക്കും സ്കോളർഷിപ്പു ലഭിക്കുന്നുണ്ട്. കലാകായിക വിഭാഗത്തിൽ അവാർഡു കിട്ടിയതായി കാണുന്നില്ല. പഠനനില ശരാശരി നിലവാരമാണ് നിലവാരം ഉയർത്താൻ നന്നായി ശ്രമിക്കേണ്ടിയിരിക്കുന്നു.

**6. D V LPS പാവല്ല :–** എയിഡഡ് മേഖലയിലുള്ള ഈ സ്കൂളിൽ 40ചാ. ആർ വിസ്തീർണ്ണമുള്ള ഭൂമിയുണ്ട്. രണ്ടു സ്ഥിരം കെട്ടിടങ്ങളിൽ 7 ഡിവിഷൻ പ്രവർത്തിക്കുന്നു. ചുറ്റുമതിൽ ഇല്ല. ഒന്നു മുതൽ നാലു വരെ സ്റ്റാൻഡേർഡുകളിലായി 107 ആൺകുട്ടികളും 93 പെൺകുട്ടികളുമായി ആകെ 200 കുട്ടികൾ പഠിക്കുന്നു. ഇതിൽ 11 ആൺ 13 പെൺ ഉൾപ്പെടെ 24 കുട്ടികൾ SC വിഭാഗത്തിൽ ഉണ്ട്. ആകെ 8 അദ്ധ്യാപകതസ്തിക ഉണ്ട്. 8 പേരും നിലവിൽ ജോലി ചെയ്യുന്നു. കിണർ, പാചകമുറി ഇവ ഉണ്ട്. വൈദ്യുതി ഇല്ല. സ്റ്റാഫ് റൂം ഇല്ല. ഫർണ്ണിച്ചർ ആവശ്യത്തിനില്ല. 40 ഡസ്ക്ക് 5 ബഞ്ച് 10 മേശ 10 കസേര ഒരു സ്റ്റാൻഡ് ഒരു അലമാര ഇവയുടെ കുറവുണ്ട്. പഠനോപകരണങ്ങൾ വേണ്ടത്ര ഇല്ല. റേഡിയോ, ടേപ്പ് റിക്കാർഡർ എന്നിവ ഉണ്ട്. രണ്ടു ബ്ലാക്ക് ബോർഡുകളുടെ കുറവുണ്ട്. ഉച്ചക്കഞ്ഞിക്കു 15000 രൂപ അറ്റകുറ്റപ്പണി 5000 രൂപ ഉപകരണങ്ങൾ നന്നാക്കാൻ 3000 രൂപ സ്പോർട്ട്സിനു 1500 രൂപ കലാവിനോദങ്ങൾക്കു 2000 രൂപ ലൈബ്രറി 3000 രൂപ ഇങ്ങനെ 305000 രൂപ വാർഷിക ആവർത്തന ചെലവുണ്ട്. ഒന്നുമുതൽ നാലുവരെ സ്റ്റാൻഡേർഡുകളാണ് ഇവിടെയുള്ളത്. സർക്കാരിൽ നിന്നും 1500 രൂപ വരവുള്ളതായി കാണുന്നു. കുട്ടികളുടെ വിജയശതമാനം ശരാശരിയിൽ നിന്നും അല്പം ഉയർന്നതായി കാണുന്നു.

**7. മുസ്ലീം LPS മടന്തപ്പച്ച :–** എയിഡഡ് സ്കൂൾ മേഖലയിൽപ്പെട്ട സ്കൂളിന് 1 ഏക്കർ 9 സെന്റ് ഭൂമിയുണ്ട്. ചുറ്റുമതിൽ ഇല്ല. 83 ആൺകുട്ടികളും 55 പെൺകുട്ടികളുമായി 138 വിദ്യാർത്ഥികൾ ഒന്നു മുതൽ നാലുവരെ സ്റ്റാൻഡേർഡുകളിലായി പഠിക്കുന്നു. 8 ആൺകുട്ടികളും 4 പെൺകുട്ടികളുമായി 12 കുട്ടിതൾ SC വിഭാഗത്തിലുണ്ട്. കളിസ്ഥലം ഉണ്ട്. സ്കൂൾ കാമ്പൗണ്ട് പടിഞ്ഞാറോട്ടു ചരിഞ്ഞതാണ്. സ്കൂൾ ഉയർന്ന ഭാഗത്തു ചെയ്യുന്നു. 5 മേശ 5 കസേര 24 ഡസ്ക്ക് 12 ബഞ്ച് എന്നിവയുടെ കുറവുണ്ട്. കുടിവെള്ളത്തിനു കിണർ ഉണ്ട്. ജലക്ഷാമം ഉണ്ട്. രണ്ടു സെമി പെർമനന്റു കെട്ടിടങ്ങളുണ്ട്. ഒന്നു മുതൽ നാലു വരെ ക്ലാസുകളിലായി നാലു ഡിവിഷനുകൾ പ്രവർത്തിക്കുന്നു. കുട്ടികൾ പൊതുവെ എണ്ണത്തിൽ കുറഞ്ഞു വരുന്നു. കുട്ടികൾ സാമ്പത്തികചുറ്റുപാടു കുറഞ്ഞ വീടുകളിൽ നിന്നു വരുന്നവരാണ്. സമീപപ്രദേശങ്ങളിലെ സമ്പന്നരുടെ കുട്ടികൾ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിൽ പോകുന്നുണ്ട്. സ്കൂളിൽ പഠനോപകരണങ്ങൾ കുറവാണ്. റേഡിയോ ഇല്ല വൈദ്യുതി ഇല്ല 2 മൂത്രപ്പുരയുണ്ട്. കക്കൂസ് ഇല്ല അതു ഉണ്ടാക്കേണ്ടിയിരിക്കുന്നു. പാചകമുറി ഉണ്ട്. PTA പ്രവർത്തനം ഉണ്ട്. മാതൃസംഗമം സജീവമല്ല. 12 കുട്ടികൾക്ക് ലംസം ഗ്രാന്റ് വിതരണം ചെയ്തു. കലാകായികവിനോദങ്ങളിൽ നേട്ടം ഇല്ല. ഉച്ചക്കഞ്ഞി സംബന്ധമായതും PTA തുടങ്ങിയ കണക്കുകൾ ലഭിച്ചിട്ടില്ല. പഠനനിലവാരം ശരാശരിയോടു അടുത്തുനിൽക്കുന്നു.

# വിദ്യാലയ സൗകര്യങ്ങൾ

## പട്ടിക(3)

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | സയൻസ് കോർണർ/ ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ | ചുറ്റുമതിൽ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഗവ: VHSS ആലംകോട് | 250 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 4 | 4 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | ഗവ: LPS മേപറക്കൽ | 50 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 1 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 3 | ഗവ: LPS കട്ടപ്പറമ്പ് | 50 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 1 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 4 | ഗവ: LPS വഞ്ചിയൂർ | 110 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 | 2 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 5 | D V LPS പാവല്ല | 40ആർ | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | 1 | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 6 | ഗവ: LPS പറക്കുളം | 411/2 | സെന്റ് | ഉണ്ട് | ഇല്ല | ഇല്ല | 1 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് മാത്രം | ചുറ്റുമതിൽ 2 വശം |
| 7 | S.N. UPS തേവലയ്ക്കാട് | 50 സെന്റ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 | 1 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 8 | M.G.UPS തോട്ടക്കാട് | 181 " | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 | 1 | ഉണ്ട് | – | ഉണ്ട് | ഉണ്ട് | ഇല്ല |
| 9 | മുസ്ലീം LPS മടത്തപ്പച്ച | 109 " | ഉണ്ട് | ഇല്ല | ഉണ്ട് | ഭാഗികം | 2 | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 10 | കരവാരം VHSS | 302 " | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ഉണ്ട് | ലഭ്യമല്ല | ഇല്ല |
| 11 | ഗവ: LPS തോട്ടയ്ക്കാട് | 90 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | 2 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട്. |

**8. ഗവ:LPS കട്ടപ്പറമ്പ് :-** വിദ്യാലയത്തിന് 50 സെന്റ് ഭൂമിയുണ്ട്. ചുറ്റുമതിൽ ഇല്ല. ഓലകെട്ടിയ അർദ്ധസ്ഥിരം കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. ഒന്നു മുതൽ നാലുവരെ സ്റ്റാൻഡേർഡുകളിലായി 4 ഡിവിഷനി ലായി 54 ആൺകുട്ടികളും 49 പെൺകുട്ടികളുമടക്കം 103 വിദ്യാർത്ഥികൾ പഠിക്കുന്നു. ഒര വിഭാഗത്തിൽ 4 ആൺകു ട്ടിയും 3 പെൺകുട്ടിയും കൂടി 7 പേർ ഉണ്ട്. കുട്ടികളുടെ എണ്ണം പരിശോധിച്ചതിൽ കരവാരം ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം ഏറ്റവും കുറവുള്ള സ്കൂളാണ് കട്ടപ്പറമ്പ് ഗവ: LPS. ഈ നിലയിൽ പ്രവർത്തിക്കുകയാ ണെങ്കിൽ കുട്ടികളുടെ കുറവുമൂലം വിദ്യാലയം അടച്ചുപൂട്ടേണ്ട സ്ഥിതി വരും. ഇത് ഒഴിവാക്കുന്നതിന് നാട്ടുകാരും രക്ഷകർത്താക്കളും അദ്ധ്യാപകരും ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടതുണ്ട്. സ്കൂളിലെ ഭൗതിക സാഹചര്യം വളരെ മോശമാണ്. കിണർ ഉണ്ടെങ്കിലും വെള്ളം ഇല്ല. കക്കൂസ് ഇല്ല. പാചകമുറി ഇല്ല. സ്റ്റാഫ് റൂം ഇല്ല. 30 ഡസ്ക്ക് 5 ബഞ്ച് 2 കസേര 2 അലമാര എന്നിവയുടെ കുറവുണ്ട്. റേഡിയോ ഇല്ല. പഠനോപകരണങ്ങൾ കുറവാണ്. മാതൃ സംഗമം PTA ഇവ പ്രവർത്തിക്കുന്നു. ഈ സ്കൂളിലെ ക്ലാസ്സു തിരിച്ച് കുട്ടികളുടെ വിവരം സ്റ്റാൻഡേർഡ് I–22 കുട്ടി കൾ II–29 കുട്ടികൾ III–27 കുട്ടികൾ IV–25 കുട്ടികൾ എന്നിങ്ങനെയാണ്. വാർഷിക ആവർത്തന ചെലവായി അറ്റ കുറ്റപ്പണി ഓലകെട്ടു ഉൾപ്പെടെ 15000 രൂപ ഉപകരണങ്ങൾ നന്നാക്കാൻ 2000 രൂപ രാസവസ്തു 500 രൂപ സ്പോർട്സ് 1000 രൂപ കലാ–വിനോദം 1500 രൂപ ലൈബ്രറി 2000 ഉച്ചക്കഞ്ഞി 12000 രൂപ ഇങ്ങനെ 34000 രൂപ ചെലവും. ഉച്ചക്ക ഞ്ഞിവകയിൽ സർക്കാരിൽനിന്നും വരവു സംബന്ധിച്ച കണക്കു ലഭിച്ചിട്ടില്ല. PTA ഫണ്ട് 2500 രൂപ ഉണ്ട്.

**9. ഗവ: LPS പറക്കുളം:-** ഒരു LPS പ്രവർത്തിക്കുന്നതിന് 50 സെന്റ് ഭൂമി കുറഞ്ഞതു വേണമെന്നിരിക്കെ പറ ക്കുളം ഗവ: LPS.ന് 41½ അര സെന്റ് ഭൂമിയാണുള്ളത്. ഒന്നാം സ്റ്റാൻഡേർഡുമുതൽ അഞ്ചാം സ്റ്റാൻഡേർഡ് വരെ യുള്ള ഈ സ്കൂളാണ് കരവാരം ഗ്രാമപഞ്ചായത്തിലെ LPSകളിൽ കുട്ടികളുടെ എണ്ണം കൂടുതലുള്ള വിദ്യാലയം ഇവിടെ 192 ആൺകുട്ടികളും 158 പെൺകുട്ടികളുമായി ആകെ 350 കുട്ടികൾ പഠിക്കുന്നു. SC വിഭാഗത്തിൽ 34 ആൺകുട്ടികളും 41 പെൺകുട്ടികളുമായി 79 കുട്ടികൾ ഉണ്ട്. സ്കൂളിനു രണ്ടു വശത്തുമാത്രം ചുറ്റുമതിൽ ഉണ്ട്. ഇനി രണ്ടു വശം കൂടി പൂർത്തിയാക്കേണ്ടതുണ്ട്. രണ്ടു സ്പെഷ്യൽ ടീച്ചർ ഉൾപ്പെടെ 11 അദ്ധ്യാപകർ ജോലി ചെയ്യുന്നു. ഇവിടെ അദ്ധ്യാപകരുടെ ഒഴിവ് ഇല്ല. 2 സ്ഥിരം കെട്ടിടങ്ങളിലായി 11 ക്ലാസ്സ് മുറികളുണ്ട്. ഇവിടെ 10 ഡിവിഷനുകൾ പ്രവർത്തിക്കുന്നു. കിണർ, വൈദ്യുതി ഇവ ഉണ്ട്. സ്റ്റാഫ് റൂം ഇല്ല. ഡസ്ക്ക് ഒന്നുപോലും ഇല്ല. 40 ബഞ്ച് 5 മേശ 5 കസേര 2 അലമാര എന്നിവയുടെ കുറവുണ്ട്. ഒരു മൂത്രപ്പുര ഉണ്ട്. ഉടൻ തന്നെ ഒരു മൂത്രപ്പുരയും കക്കൂസും നിർമ്മിക്കേണ്ടതുണ്ട്. ലൈബ്രറി, സയൻസ് കോർണർ പഠനോപകരണങ്ങൾ റേഡിയോ എന്നിവ ഇല്ല. ഉച്ചക്കഞ്ഞിക്കു ഒരു ദിവസം 35 രൂപ പാചകക്കൂലിയായും വിറകിനും മറ്റുമായി ചെലവുണ്ട്. ഒരു കുട്ടിക്കു സർക്കാ രിൽ നിന്നും 10 പൈസയാണ് അനുവദിക്കുന്നത്. ഉച്ചക്കഞ്ഞി സ്കൂളിലെ പകുതി കുട്ടികൾക്കു മാത്രമെ കിട്ടാൻ അർഹതയുള്ളു. ഇതുമൂലം സർക്കാരിൽ നിന്നും കിട്ടുന്ന തുക കൊണ്ടു ചെലവു നടക്കുകയില്ല. സർക്കാർ വിഹിതം കൂട്ടി കിട്ടിയാലെ ഉച്ചക്കഞ്ഞി പരിപാടി നടത്താൻ കഴിയുകയുള്ളു. PTA ഫണ്ടു ഇനത്തിൽ 2000 രൂപ വരവുണ്ട്. വാർഷിക ആവർത്തനചെലവുകളായ അറ്റകുറ്റപ്പണി, മെയിന്റനൻസ് തുടങ്ങിയ മറ്റുചെലവുകളുടെ വിവരം ലഭിച്ചി ട്ടില്ല. ഉച്ചക്കഞ്ഞി വിഹിതം സർക്കാരിൽ നിന്നും എന്തു ലഭിച്ചു എന്നും കാണുന്നില്ല. വിദ്യാർത്ഥികളുടെ പഠനനി ലവാരം ശരാശരിയിൽന്നും ഉയർന്നു നില്ക്കുന്നു.

**10. ഗവ: LPS മേവർക്കൽ:-** ഗ്രാമപഞ്ചായത്തിലെ ആദ്യകാല സ്കൂളുകളിലൊന്നാണ് ഈ വിദ്യാലയം. സ്കൂളിന് 50 സെന്റു ഭൂമി ഉണ്ട്. ചുറ്റുമതിൽ ഇല്ല. 125 ആൺകുട്ടികളും 113 പെൺകുട്ടികളുമായി 238 വിദ്യാർത്ഥികൾ പഠി ക്കുന്നു. ഇവരിൽ 36 ആൺകുട്ടികളും 31 പെൺകുട്ടികളും കൂടി 67 കുട്ടികൾ SC വിഭാഗമാണ്. ഒന്നുമുതൽ അഞ്ചു വരെ സ്റ്റാൻഡേർഡുകളാണ് ഇവിടെ ഉള്ളത്. ഒരു സ്ഥിരം കെട്ടിടം മാത്രമേ ഉള്ളു. ഇതിൽ രണ്ടു സ്ഥിരം മുറികളും ബാക്കി ഭാഗം ഹാളുമാണ്. ഹാൾ ഇടയ്ക്കു ചുവർ കെട്ടി ക്ലാസ്സുമുറികളായി തിരിക്കേണ്ടതാണ്. ഇതു പഠനത്തെ കൂടുതൽ സഹായിക്കും. സ്ഥലപരിമിതിമൂലം ഷിഫ്റ്റു സമ്പ്രദായം നടക്കുന്ന ഒരു സ്കൂളാണ് ഇത്. ഉടനടി മൂന്നു മുറികൾ നിർമ്മിച്ചു ഷിഫ്റ്റു അവസാനിപ്പിച്ചു പഠന സൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്. ഒരു മൂത്രപ്പുര ഉണ്ട്. ഒരു കക്കൂസ് ഉള്ളത് ഉപയോഗശൂന്യമായി കിടക്കുന്നു. അടിയന്തിരമായി ഒരു കക്കൂസും മൂത്രപ്പുരയും നിർമ്മിക്കേണ്ടി യിരിക്കുന്നു. കിണർ, വൈദ്യുതി ഇവ ഉണ്ട്. പാചകമുറി സ്റ്റാഫ് റൂം ഇവ ഇല്ല. സയൻസ് കോർണർ കുറച്ചു ലൈബ്രറി പുസ്തകം ഇവ ഉണ്ട്. റേഡിയോ ഉണ്ട്. രണ്ട് ബ്ലാക്കുബോർഡും 9 ഡസ്ക്ക് 16 ബഞ്ച് 2 മേശ 4 കസേര

## വിദ്യാലയരംഗം

### 1996–97ൽ സ്കൂളുകളിൽ തോറ്റു പഠിക്കുന്നവർ

പട്ടിക 4

| ക്രമനമ്പർ | സ്കൂളിന്റെ പേര് | SC വിഭാഗം | | | മറ്റുള്ളവർ | | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | ഗവ: LPS കട്ടപ്പറമ്പ് | – | – | – | – | – | – |
| 2 | വാരം VHSS | 7 | 7 | 14 | 8 | 7 | 15 |
| 3 | ഗവ: UPS വഞ്ചിയൂർ | 10 | 11 | 21 | 32 | 33 | 65 |
| 4 | ഗവ: LPs പറക്കുളം | 3 | 8 | 11 | 6 | 3 | 9 |
| 5 | D.V. LPS പാവല്ല | 2 | 11 | 13 | – | – | – |
| 6 | ഗവ: VHSS ആലംകോട് | 8 | 5 | 13 | 32 | 6 | 38 |
| 7 | SN: UPS തേവലക്കാട് | 9 | 8 | 17 | 6 | 9 | 15 |
| 8 | മുസ്ലിം LPS മടന്തപ്പച്ച | 2 | – | 2 | 5 | 4 | 9 |
| 9 | ഗവ: LPS തോട്ടയ്ക്കാട് | 5 | 2 | 7 | 12 | 1 | 13 |
| 10 | ഗവ: LPS മേവറക്കൽ | 5 | 3 | 8 | 5 | 3 | 8 |
| 11 | M.G.U.PS തോട്ടയ്ക്കാട് | – | – | – | – | – | – |

1 അലമാര ആഫീസ് ഉപയോഗത്തിനു 2 കസേര എന്നിവയുടെ കുറവുണ്ട്. വാർഷിക അറ്റകുറ്റപണികൾക്കായി 10000 രൂപയും ഉപകരണങ്ങൾ നന്നാക്കാൻ 5000 രൂപ രാസവസ്തു 300 സ്പോർട്ട്സിന് 400 കലാവിനോദം 200, ലൈബ്രറി 500 രൂപ ഉച്ചക്കഞ്ഞി 29347 മറ്റിനം 200 രൂപ എന്നിങ്ങനെ 44947 രൂപ ആവർത്തന ചെലവുണ്ട്. സർക്കാരിൽ നിന്നും 27605 രൂപയും PTA ഫണ്ട് ഇനത്തിൽ 1742 രൂപയും ചേർത്ത് 29347 രൂപ വരവു കാണുന്നു. പഠനനിലവാരം പരിശോധിച്ചതിൽ ശരാശരി നിലവാരത്തിൽ കാണുന്നു. PTA പ്രവർത്തനം ഉണ്ട്. ഈ സ്കൂളിലെ ഒരു പൂർവ്വവിദ്യാർത്ഥിയാണ് ഇപ്പോൾ തൃശൂർ ജില്ലാ കളക്റ്ററായിരിക്കുന്ന ശ്രീ. രാജീവ് സദാനന്ദൻ IAS.

**11 ഗവ: LPS തോട്ടയ്ക്കാട്:–** ഗ്രാമപഞ്ചായത്തിന്റെ ഹൃദയ ഭാഗത്തു സ്ഥിതിചെയ്യുന്ന ഈ വിദ്യാലയത്തിന് 90 സെന്റ് ഭൂമിയുണ്ട്. ചുറ്റുമതിൽ ഉണ്ട്. പുറത്തുനിന്നും പൂട്ടാവുന്ന ഗേറ്റും ഉണ്ട്. ഈ സ്കൂളിൽ 153 ആൺകുട്ടികളും 149 പെൺകുട്ടികളുമായി 302 കുട്ടികൾ പഠിക്കുന്നു. ഒന്നാം സ്റ്റാൻഡേർഡു മുതൽ നാലാം സ്റ്റാൻഡേർഡ് വരെയാണ് ഇവിടെയുള്ളത്. SC വിഭാഗത്തിൽ 37 ആൺകുട്ടികളും 33 പെൺകുട്ടികളുമായി ആകെ 70 കുട്ടികൾ പഠിക്കുന്നു. എല്ലാ സ്റ്റാറ്റാൻഡേർഡുകളും രണ്ടു ഡിവിഷൻ വീതം ഉണ്ട്. ഒരു സ്ഥിരം കെട്ടിടം മാത്രമേ സ്കൂളിനുള്ളു.

ഈ കെട്ടിടത്തിൽ 2 സ്ഥിരം മുറികളും ബാക്കി ഹാൾ ആണ്. 2 സ്ഥിരം മുറികളിൽ ഒന്ന് ഓഫീസായി ഉപയോഗിക്കുന്നു. മറ്റു ആറ് മുറികളിലായാണ് 8 ഡിവിഷൻ പ്രവർത്തിക്കുന്നത്. ഇത്രയും ചുരുങ്ങിയ സ്ഥലസൗകര്യത്തിൽ 302 വിദ്യാർത്ഥികളുടെ പഠനം നടക്കുന്നത്. വിദ്യാലയത്തിന് ഒരു സ്ഥിരം കെട്ടിടം കൂടി നിർമ്മിക്കേണ്ടിയിരിക്കുന്നു. അതിനുള്ള സ്ഥലസൗകര്യം ഉണ്ട്. 2 മൂത്രപ്പുര ഉണ്ട്. ഒരു കക്കൂസ് ഉള്ളത് ഉപയോഗശൂന്യമായി കിടക്കുന്നു. അടിയന്തിരമായി ഒരു കക്കൂസും ഒരു മൂത്രപ്പുരയും ഉണ്ടാക്കേണ്ടിയിരിക്കുന്നു. കിണർ വൈദ്യുതി ഇവ ഉണ്ട്. ലൈബ്രറി സയൻസ് കോർണർ ഇവ പ്രവർത്തിക്കുന്നു. സ്റ്റാഫ് റൂം ഇല്ല. പഠനോപകരണങ്ങൾ ആവശ്യത്തിനില്ല. റേഡിയോ ഇല്ല. 12 ഡസ്ക്ക് 15 ബഞ്ച് 5 മേശ 8 കസേര ഒരു അലമാര രണ്ടു ആഫീസു ഉപയോഗത്തിനുള്ള കസേര എന്നിവ വേണം. വാർഷിക ആവർത്തന ചെലവു ഇനത്തിൽ കെട്ടിട അറ്റകുറ്റപ്പണി 15000 രൂപ ഉപകരണങ്ങൾ നന്നാക്കാൻ 1000 രൂപ സ്പോർട്ട്സിന് 1500 രൂപ കലാ–വിനോദത്തിന് 1000 രൂപ ഉച്ചക്കഞ്ഞിക്ക് 10000 രൂപ ഇങ്ങനെ 28000 രൂപ ചെലവുണ്ട്. ഉച്ചക്കഞ്ഞി

## വിദ്യാഭ്യാസരംഗം

### 1996-97 പഠനം നിർത്തിയവർ

പട്ടിക 5

| ക്രമനമ്പർ | സ്കൂളിന്റെ പേര് | SC വിഭാഗം | | | മറ്റുള്ളവർ | | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | ഗവ: LPS കട്ടപ്പറമ്പ് | – | 1 | 1 | – | – | – |
| 2 | കരവാരം VHSS | - | - | - | - | - | - |
| 3 | ഗവ: UPS വഞ്ചിയൂർ | 2 | 1 | 3 | – | 2 | – |
| 4 | ഗവ: LPS പറക്കുളം | 1 | – | 1 | 1 | 2 | 3 |
| 5 | D.V. LPS പാവല്ല | 2 | 2 | 4 | 1 | 1 | |
| 6 | ഗവ: VHSS ആലംകോട് | 3 | 1 | 4 | 35 | 16 | 51 |
| 7 | S.N. UPS തേവലക്കാട് | – | – | – | – | – | – |
| 8 | മുസ്ലിം LPS മടന്തപ്പച്ച | – | – | – | – | – | – |
| 9 | ഗവ: LPS തോട്ടയ്ക്കാട് | – | – | – | – | – | – |
| 10 | ഗവ: LPS മേവറക്കൽ | 1 | – | 1 | – | – | – |
| 11 | M.G. UPS തോട്ടയ്ക്കാട് | – | – | – | – | – | – |

പാചകത്തിന് സർക്കാരിൽ നിന്നും ഫണ്ടു കിട്ടിയതായി കാണുന്നില്ല. PTA ഫണ്ടിനത്തിൽ 1000 രൂപ വരവു കാണുന്നു. സ്കൂളിന് ഒരു പമ്പുസെറ്റു ഫിറ്റുചെയ്തു കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് 5000 രൂപ മറ്റിനം ചെലവായി വേണ്ടിയിരിക്കുന്നു. പഠന നിലവാരം പരിശോധിച്ചാൽ ശരാശരിയിൽ നിന്നും ഉയർന്നു നിൽക്കുന്നു. ഈ വർഷം സ്കൂളിൽ അറ്റകുറ്റ പണി നടത്തിയിട്ടില്ല. കുറ്റിയും കൊളുത്തും വയ്ക്കേണ്ടതായി ഉണ്ട്. വൈറ്റുവാഷ് ചെയ്തിട്ടില്ല. സ്കൂളിലെ ഹാൾ മുറി ഇടയ്ക്കു ചുവർകെട്ടി തിരിച്ചു പഠന സൗകര്യം മെച്ചപ്പെടുത്താവുന്നതാണ്.

**പ്രശ്നങ്ങൾ**

1. ആലംകോട് ഗവ. VHSS, കരവാരം VHSS എന്നിവിടങ്ങളിലെ SSLC വിജയ ശതമാനം താരതമ്യേന കുറവാണ്.
2. പല സ്കൂളുകളുടെയും ഭൗതിക സാഹചര്യം തൃപ്തികരമല്ല.
3. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ കട്ടപ്പറമ്പ് ഗവ. LPS നിന്നു പോകാൻ ഇടയുണ്ട്.
4. നഗരത്തിലെ ഇംഗ്ലീഷ് മീഡിയം സ്കൂളിലേയ്ക്കും സമീപ പ്രദേശത്തുള്ള രണ്ടു ഇംഗ്ലീഷ് മീഡിയം സ്കൂളിലേയ്ക്കും സമ്പന്നരുടെ കുട്ടികളെ അയയ്ക്കുന്നു. ഇതുമൂലം പഞ്ചായത്തിനകത്തുള്ള സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു.
5. ശിശു വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യം ഇല്ല.
6. നിലവിലുള്ള അംഗൻവാടികൾ പര്യാപ്തമല്ല.
7. കരവാരം ഒന്നാം വാർഡിലെ കുട്ടികൾക്ക് UPS വിദ്യാഭ്യാസത്തിന് 5 കിലോമീറ്റർ സഞ്ചരിക്കണം.
8. മിക്ക സ്ക്കൂകളിലും കലാ-കായിക അഭ്യാസന പ്രവർത്തനങ്ങൾ ശരിയായി നിർവഹിക്കുന്നില്ല.
9. പഞ്ചായത്തിനകത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല.
10. അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനത്തിന് ആസൂത്രിത പരിപാടികൾ നടപ്പാക്കുന്നില്ല.

## വിദ്യാഭ്യാസമേഖല

### 1996-97-ൽ സ്കൂളിൽ കുറവുകാണുന്നതും ഉടൻ നിർമ്മിക്കേണ്ട വസ്തുതകൾ

പട്ടിക-(6)

| ക്രമ നമ്പർ | സ്കൂളിന്റെപേര് | നിലവിലുള്ള കെട്ടിടം | | | | | സ്കൂളിൽ കുറവുള്ള ഉപകരണങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധ സ്ഥിരം | താല്കാലികം | നിലവിലുള്ള മുറികൾ | ഇനിവേണ്ട മുറികൾ | ഡസ്ക്ക് | ബഞ്ച് | മേശ | കസേര | അലമാര | ആഫീസ് ഉപകരണം | കക്കൂസ് | മൂത്രപ്പുര | വൈദ്യുതി | റേഡി | ബ്ലാക്ക് ബോർഡ് |
| 1. | ഗവ.VHSS ആലംകോട് | 4 | – | 2 | 39+7 | – | 208 | 272 | 11 | 11 | 2 | 2കസേര | – | 2 | – | വേണം | 2 |
| 2. | കരവാരം VHSS | | | | | | | | | | | | | | | | വിവരം ലഭ്യമല്ല. |
| 3. | വഞ്ചിയൂർ ഗവ. UPS | 3 | 1 | – | 18+4 | – | 50 | 100 | 15 | 15 | 2 | 2തടി | 2 | 2 | – | – | – |
| 4. | കട്ടപ്പറമ്പ് ഗവ. LPS | – | 1 | – | 4 | 2 | 30 | 5 | 2 | 2 | 2 | – | 1 | 1 | വേണം | വേണം | – |
| 5. | പട്ടക്കുളം ഗവ.LPS | 2 | – | – | 10 | 2 | 70 | 40 | 5 | 5 | 2 | – | 1 | 1 | – | വേണം | 1 |
| 6. | മുസ്ലീം LPS മടന്തപ്പച്ച | – | 2 | – | – | – | 24 | 12 | 5 | 5 | – | – | 1 | – | വേണം | വേണം | – |
| 7. | SN, UPS തേവലക്കാട് | 4 | – | – | 14 | 4 | 50 | 10 | 10 | 13 | – | – | 1 | 1 | വേണം | വേണം | 2 |
| 8. | M.G, UPS തോട്ടക്കാട് | 3 | – | – | 13 | – | 40 | 20 | 5 | 10 | – | 2കസേര | 1 | 1 | – | വേണം | – |
| 9. | D.V, LPS, പ്ലാമല്ല | 2 | – | – | 8 | 2 | 40 | 5 | 10 | 10 | 1 | 1സ്റ്റാന്റ് | 1 | 1 | വേണം | – | 2 |
| 10. | ഗവ. LPS തോട്ടയ്ക്കാട് | 1 | – | – | 7 | 2 | 40 | 15 | 5 | 8 | 1 | 2കസേര | 1 | 1 | – | വേണം | – |
| 11. | ഗവ. LPS മേവറക്കൽ | 1 | – | – | 7 | 3 | 9 | 16 | 2 | 4 | 1 | 2കസേര | 1 | 1 | – | വേണം | 2 |

## പ്രശ്ന പരിഹാര മാർഗങ്ങൾ

ഗ്രാമത്തിലെ വിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന രണ്ടു വിദ്യാലയ വികസന സമിതികൾ രൂപീകരിക്കണം.

1. പഞ്ചായത്തുതല വികസന സമിതി

   ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും എല്ലാ ഗ്രാമപഞ്ചായത്തു മെമ്പർമാരും പഞ്ചായത്തിലുള്ള എല്ലാ വിദ്യാലയങ്ങളിലേയും ഹെഡ്മാസ്റ്റർമാർ, PTA പ്രസിഡന്റുമാർ, എയിഡഡ് മാനേജർമാർ സാമൂഹിക സാംസ്ക്കാരിക പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തികൊണ്ടുള്ള പഞ്ചായത്തുതല വിദ്യാഭ്യാസ വികസന സമിതി.

2. സ്കൂൾതല വികസനസമിതി

   വാർഡ്മെമ്പർ ചെയർമാനും PTA പ്രസിഡന്റ് വൈ: ചെയർമാനും സ്കൂൾ ഹെഡ്മാസ്റ്റർ സെക്രട്ടറിയും ഒരു വിദ്യാഭ്യാസ പ്രവർത്തകൻ, ഒരു അദ്ധ്യാപകൻ എന്നിങ്ങനെ രണ്ടു പേരുള്ള ജോയിന്റ് സെക്രട്ടറിമാർ PTA എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർക്കൊപ്പം പ്രാദേശികമായ സാമൂഹിക സാംസ്ക്കാര പ്രവർത്തകരെ കൂടി ഉൾപ്പെടുത്തി വിദ്യാലയ വികസന സമിതി രൂപീകരിക്കുക.

3. ക്ലാസുതല മാതൃസമിതി രൂപീകരിക്കുക.
4. ഷിഫ്റ്റു സമ്പ്രദായം നിലനിൽക്കുന്ന മേവറക്കൽ ഗവ. LPS–ന് ഒരു പുതിയ കെട്ടിടം നിർമ്മിച്ച് ഷിഫ്റ്റ് അവസാനിപ്പിക്കുക.
5. പഞ്ചായത്തിൽ 10, 11 എന്നീ വാർഡുകളെ കേന്ദ്രീകരിച്ചു ഒരു പുതിയ LPS ആരംഭിക്കുക.
6. ഒരു വാർഡിലെ 5, 8 എന്നീ വാർഡുകൾക്ക് സൗകര്യ പ്രദമായി പുതിയ ഒരു LPS ആരംഭിക്കുക.
7. പാവല്ല കേന്ദ്രീകരിച്ചു ഒരു പുതിയ UPS ആരംഭിക്കുക.
8. രണ്ടാം വാർഡിലെ പുതുശ്ശേരി ഭാഗത്ത് പുതിയ ഒരു LPS ആരംഭിക്കുക.
9. കട്ടപ്പറമ്പ് ഗവ. LPS ന് ഒരു സ്ഥിരം കെട്ടിടം നിർമ്മിക്കുക.
10. ക്ലാസു മുറികളുടെ കുറവുള്ള ഗവ. LPS തോട്ടയ്ക്കാടിന് ഒരു കെട്ടിടം നിർമ്മിക്കുക.
11. വഞ്ചിയൂർ ഗവ. UPS–നെ ഒരു ഹൈസ്ക്കൂളായി അപ്ഗ്രേഡു ചെയ്യുക. അതു സാദ്ധ്യമാകുന്നതുവരെ ഇന്നുള്ള താൽക്കാലിക ഷെഡ് മാറ്റി പുതിയ ഒരു കെട്ടിടം നിർമിക്കുക.
12. പറക്കുളം LPS, മേവറക്കൽ LPS എന്നിവ അപ്ഗ്രേഡു ചെയ്യുക.
13. സ്കൂളുകളിൽ ആവശ്യമായ പഠനോപകരണങ്ങളും അത്യാവശ്യമായ ഡസ്ക്ക്, ബഞ്ച്, മേശ, കസേര, ബ്ലാക്ക് ബോർഡ്, സ്റ്റാൻഡ് തുടങ്ങിയ അതാത് വിദ്യാലയ വികസന സമിതിയുമായി യോജിച്ച് പ്രവർത്തിച്ചു ഉണ്ടാക്കുക.
14. പഞ്ചായത്തു തലത്തിൽ സ്കൂൾ കോംബ്ളക്സുകൾ രൂപീകരിച്ചു അദ്ധ്യാപകർക്കു കലാലയങ്ങളിൽ നൽകേണ്ട പരിശീലനങ്ങൾ നൽകി വിദ്യാലയങ്ങളിലെ പഠന നിലവാരം മെച്ചപ്പെടുത്തുക.
15. പഞ്ചായത്തു അടിസ്ഥാനത്തിൽ പഞ്ചായത്തുതല വികസന സമിതിയുടെ മേൽ നോട്ടത്തിൽ സ്കൂൾതല വിദ്യാലയങ്ങളുടെ പ്രവർത്തനം വിലയിരുത്തുകയും സ്കൂൾ നിലവാരം വിദ്യാലയ പ്രവർത്തനവും വിലയിരുത്തി ഏറ്റവും മാതൃകാപരമായ സ്കൂൾ, പ്രഥമാ അദ്ധ്യാപകൻ, മാതൃകാ അദ്ധ്യാപകൻ എന്നിവരെ കണ്ടെത്തി പഞ്ചായത്തു തല അവാർഡുകൾ നൽകുക.
16. പഞ്ചായത്തു പ്രദേശത്തെ സ്കൂളുകളിൽ നിന്നും LSS, USS, SSLC എന്നിവയിൽ മികച്ച വിജയം കരസ്ഥമാക്കുന്ന ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന രണ്ടു കുട്ടികൾക്കും SC വിഭാഗത്തിലെ ഇത്തരത്തിലുള്ള കുട്ടികൾക്കും അവാർഡുകൾ നൽകുക.
17. ചുറ്റുമതിൽ ഇല്ലാത്ത എല്ലാ സ്കൂളുകളിലും അത് നിർമിക്കുക.
18. പ്രി-പ്രൈമറി സ്കൂളുകൾ എല്ലാ LPS കളോടു ചേർന്നും ആരംഭിക്കുക.

19. ഈരാണി, തേവലക്കാട്, കണ്ണാട്ടുകോണം, ഞാറാട്ടുവിള, പ്ലാചേരിക്കോണം, മുല്ലശ്ശേരി, ചാങ്ങാട്ടുകോണം എന്നിവിടങ്ങളിൽ പുതിയ പ്രീ-പ്രൈമറികൾ ആരംഭിക്കുക.

20. എല്ലാ വിദ്യാലയങ്ങളിലും കുടിവെള്ളം, കക്കൂസ്, മൂത്രപ്പുര, പാചകപ്പുര, വൈദ്യുതി, കളിസ്ഥലം എന്നിവ കുറവുള്ള സ്ഥലങ്ങളിൽ ഉടനടി നിർമിക്കുക.

21. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ക്ലാസു മുറികൾ പ്രത്യേകം കെട്ടി വേർതിരിക്കേണ്ട സ്കൂളുകളിൽ ഉടനടി അതു പൂർത്തിയാക്കുക.

22. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്കു ആരോഗ്യാപരിശോധന കാർഡുകൾ നൽകുകയും. വിദഗ്ദ്ധ ഡോക്ടർമാർ സ്കൂളുകളിൽ എത്തി വിദ്യാർത്ഥികളെ പരിശോധിക്കുക.

23. പാവല്ല, കീഴൂർമഠം, ഇടവൂർകോണം, മാറൻകോട്ടുകോണം, വല്ലത്തുകോണം, കോവലഴികം, ഇടത്തറ, വട്ട കൈത, കണ്ണാട്ടുകോണം, മുല്ലമംഗലം, പുളിയംഗഴികം, പട്ടള, പ്ലാവറക്കോണം, ചാത്തമ്പറ എന്നിവ കേന്ദ്ര മാക്കി പുതിയ അംഗൻവാടികൾ നിർമിക്കുക.

24. കരവാരം വില്ലേജു കേന്ദ്രമാക്കിയും ആലംകോട് വില്ലേജ് കേന്ദ്രമാക്കിയും ഓരോ മിനി I.T.I കേന്ദ്രവും പോളിടെക്നിക്ക് കേന്ദ്രവും തുടങ്ങുക.

25. എല്ലാ വാർഡിലും എല്ലാ സജ്ജീകരണങ്ങളോടുകൂടിയ നഴ്സറി ആരംഭിക്കുക.

26. കരവാരം വില്ലേജിൽ ഒരു ഇഞ്ചിനീയറിംഗ് കോളേജും ആലംകോടു വില്ലേജിൽ ഒരു ട്രെയിനിംഗ് കോളേജും ആരംഭിക്കുക.

# പൊതുജനാരോഗ്യവും കുടിവെള്ളവും

ശാരീരികവും മാനസികവും സാമൂഹികവുമായി സ്വസ്ഥത അനുഭവിക്കുന്ന വ്യക്തിയെയാണ് ആരോഗ്യവാൻ എന്ന് വിശേഷിപ്പിക്കുന്നത്. സമത്വസുന്ദരമായ ഒരു സാമൂഹ്യ വ്യവസ്ഥയാണ് ഒരു ജനതയുടെ സമ്പൂർണ്ണാരോഗ്യത്തിന് നിദാനം. ആരോഗ്യകരമായ ഒരു ജനതയെ നിലനിറുത്താൻ ആരോഗ്യകരമായ ഒരു സമൂഹത്തിനു മാത്രമേ കഴിയുകയുള്ളൂ.

ആരോഗ്യകരമായ ഒരു ജനതയാണ് ഒരു രാജ്യത്തിന്റെ സമ്പത്ത്. കേരളത്തിന്റെ ചരിത്രാതീതകാലത്ത് ഇവിടെ ജീവിച്ചിരുന്ന മനുഷ്യർ ആരോഗ്യകാര്യത്തിൽ ഇൻഡ്യയിലെ മറ്റു ഭാഗത്തുള്ളവരെ അപേക്ഷിച്ചു മുൻപന്തിയിലായിരുന്നു. ആ കാലഘട്ടത്തിൽ ഇവിടെ ആയുർവ്വേദം വളരെ മെച്ചപ്പെട്ട നിലയിൽ പ്രചരിച്ചിരുന്നു. വെള്ളക്കാരുടെ വരവിനുശേഷമാണ് ഇവിടെ ഇംഗ്ലീഷ് മരുന്നു ചികിത്സ പ്രചാരത്തിൽ വന്നത്. ഈ ചികിത്സാരീതി ക്രമേണ ജനതയിൽ സ്വാധീനം നേടുകയും അന്നുവരെ ശക്തിയായി നിലനിന്നിരുന്ന പാരമ്പര്യവൈദ്യശാഖ മന്ദീഭവിക്കുകയും ചെയ്തു. എന്നാൽ ഇന്ന് നാം ഉപേക്ഷിച്ച ആയുർവ്വേദത്തിന്റെ മാഹാത്മ്യം വിദേശികൾ മനസ്സിലാക്കുകയും നമ്മുടെ വൈദ്യശാസ്ത്രസംബന്ധമായ അറിവുകൾ അടങ്ങിയ താളിയോല ഗ്രന്ഥങ്ങൾ ഇവിടെ നിന്നും വിദേശങ്ങളിലേയ്ക്കു കടത്തി കൊണ്ടു പോകുകയും ചെയ്തു. അവർ ഇന്ന് നമ്മുടെ പഴയകാല ചികിത്സാരീതിയെ കുറിച്ചു ഗവേഷണങ്ങൾ നടത്തുകയും ഇവിടെ വന്ന് ഇപ്പോഴും പ്രശസ്തമായ രീതിയിൽ ഇവിടെ നടത്തി വരുന്ന സ്ഥാപനങ്ങൾ സന്ദർശിച്ചു കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കികൊണ്ടിരിക്കുന്നു. ഈ സന്ദർഭത്തിൽ നമ്മുടെ ഗ്രാമ പഞ്ചായത്തിലെ പഴയ കാല ചികിത്സാരീതിയെകുറിച്ചും അന്നത്തെ പ്രശസ്തരായ ചില വ്യക്തികളെ കുറിച്ചും അല്പം ചില കാര്യങ്ങൾ ഓർക്കേണ്ടതുണ്ട്.

കരവാരം പഞ്ചായത്തിൽ ആയുർവ്വേദ ചികിത്സാ രംഗത്ത് വഞ്ചിയൂർ വൈദ്യന്മാർ മുൻപന്തിയിലായിരുന്നു. ഈ വൈദ്യ കുടുംബത്തിലെ മുൻതലമുറക്കാർ സ്വാതിതിരുനാൾ മഹാരാജാവിന്റെയും ധർമ്മരാജാവിന്റെയും കാലത്ത് കൊട്ടാരം വൈദ്യന്മാരായി സേവനം അനുഷ്ടിച്ചതായി അറിയുന്നു.

ഇന്നും ആരോഗ്യശാസ്ത്രരംഗത്തിനു പിടികിട്ടാത്ത പേപ്പട്ടി വിഷചികിത്സക്ക് പഴയകാല വൈദ്യന്മാർ ചികിത്സിച്ചു ഭേദപ്പെടുത്തിയിരുന്നു. നിർഭാഗ്യവശാൽ ആ ചികിത്സാരീതി അറിയാമായിരുന്ന തലമുറ അതു എഴുതിവയ്ക്കാതിരുന്നതും ആ രഹസ്യം മറ്റുള്ളവർക്കു കൈമാറാതെ അകാലത്തിൽ മരണപ്പെടുകയോ ചെയ്തതുകൊണ്ടാകാം ആ വക കാര്യങ്ങൾ നമുക്കു നഷ്ടമായത്.

ഒരു ജനതയുടെ ആരോഗ്യത്തെ നിയന്ത്രിക്കുന്ന ചില ഘടകങ്ങളാണ് കുടിവെള്ളം, ആഹാരം, വാസസ്ഥലം പരിസ്ഥിതി തുടങ്ങിയവ. ഇവ മലിനമായാൽ ആരോഗ്യം ക്ഷയോന്മുഖമാകുന്നു. ജനതയുടെ ആരോഗ്യകാര്യത്തിൽ കുടിവെള്ളത്തിന് പരമ പ്രധാനമായ

സ്ഥാനമാണുള്ളത്. ജലമലിനീകരണമാണ് ഏറ്റവും വലിയ രോഗകാരണം. അതിനാൽ ശുദ്ധജലം ഗ്രാമങ്ങളിൽ എത്തിക്കേണ്ടിയിരിക്കുന്നു. മറ്റൊന്ന് പരിസ്ഥിതിമലിനീകരണമാണ്. അതിൽ പ്രധാനം പൊതു സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുന്നതാണ്.

ഇതിന് പരിഹാരമായി എല്ലാ വീടിനും കക്കൂസ് ഉണ്ടാക്കുക എന്നുള്ളതാണ്. പഞ്ചായത്തിൽ ഇന്നു കക്കൂസ് ഇല്ലാത്ത എല്ലാ ഭവനങ്ങൾക്കും അതുണ്ടാക്കി ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. അതുപോലെതന്നെ പഞ്ചായത്തിലെ മത്സ്യ-മാംസ വ്യാപാരവും കശാപ്പുശാലകൾ, ചന്തകൾ ഇവ വൃത്തിഹീനമായി കിടക്കുന്നതുകൊണ്ട് ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നം. പരിസ്ഥിതി ദുഷിക്കുമ്പോൾ വായു ദുഷിക്കുന്നു. ജലവും വായുവും ദുഷിക്കുമ്പോൾ രോഗങ്ങൾ ഉണ്ടാകുന്നു. വയറുകടി, കോളറ, ചിക്കൻപോക്സ്, പൊങ്ങൻപനി, അഞ്ചാംപനി, പിള്ളവാതം, കുതിരസന്നി, ക്ഷയം, സന്നിപാതജ്വരം, ന്യുമോണിയ തുടങ്ങിയ രോഗങ്ങൾ ഇങ്ങനെ പടരുന്നു.

രാജകൊട്ടാരവൈദ്യകുടുംബമായ വഞ്ചിയൂർ വൈദ്യകുടുംബക്കാർക്ക് രാജകൊട്ടാരത്തിൽനിന്നും വസ്തുവകകൾ കരം ഒഴിവാക്കി നൽകിയിരുന്നു. അതുപോലെതന്നെ “ചെല്ല പണം' നൽകി ആദരിച്ചിരുന്നു. വാതരോഗങ്ങൾ, സ്ത്രീരോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, മസൂരി, നേത്രരോഗങ്ങൾ ഇവയ്ക്ക് പ്രത്യേക വൈദഗ്ധ്യം നേടിയ വൈദ്യൻമാർ ഈ കുടുംബത്തിൽ ഉണ്ടായിരുന്നു. ആ തലമുറയിലെ ഒടുവിലത്തെ കണ്ണികളാണ് കുഞ്ഞുശങ്കരൻ വൈദ്യൻ, ദാമോദരൻ വൈദ്യൻ, മാധവൻ വൈദ്യൻ എന്നിവർ.

കരവാരം പഞ്ചായത്തിൽ വടക്കോട്ടുകാവിനു സമീപം ജീവിച്ചിരുന്ന ഒരു പേപ്പട്ടി വിഷചികിൽസകനായിരുന്നു ഇരുത്തിയിൽ നാരായണൻ വൈദ്യൻ. കടപ്പന്നിയുടെയും മറ്റും രക്തം ഉപയോഗിച്ച് പേപ്പട്ടിവിഷത്തിന് ചികിൽസിച്ചിരുന്ന രേഖകൾ ഇന്നും ഉണ്ട്. അത് പരിശോധിച്ച് ചികിൽസാവിധികൾ ശേഖരിക്കുന്നത് പ്രയോജനകരമായിരിക്കും.

പാമ്പുവിഷത്തിനു ചികിൽസിച്ചിരുന്ന പുരവൂർകോണം ഗോവിന്ദൻ വൈദ്യൻ, എതുക്കാട് മുസ്തഫാവൈദ്യൻ എന്നിവരുടെ ഗ്രന്ഥശേഖരങ്ങൾ ആ മഹത്തുക്കളുടെ പിൻതലമുറക്കാരുടെ കൈവശം ഉണ്ട്. അതും ഗവേഷണ വിധേയമാക്കേണ്ടതാണ്.

പ്രാചീന ചികിത്സാസമ്പ്രദായങ്ങൾ അതിന്റെ ഉറവിടങ്ങളിൽ നിന്നും ശേഖരിച്ചുകൊണ്ട് അതിൽനിന്നു കിട്ടുന്ന അറിവ് ഭാവി തലമുറക്കുവേണ്ടി സൂക്ഷിക്കുകയും അതിന്റെ ഗുണഫലങ്ങൾ സമൂഹത്തിന് ആകെ ഗുണകരമായി ഉപയോഗിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

കരവാരം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയായ 25,655 ആൾക്കാരിൽ 10,639 പുരുഷൻമാരും 11,545 സ്ത്രീകളും 3,471 കുട്ടികളുമാണ്. ഈ ആൾക്കാരുടെ ആരോഗ്യപരിപാലനത്തിന് ആവശ്യമായ ആശുപത്രി സൗകര്യങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. കരവാരത്ത് ഒരു പ്രൈമറി ഹെൽത്തു സെന്ററും ഞാറക്കാട്ടുവിളയിൽ ഒരു ആയുർവേദ ഡിസ്പെൻസറി എന്നിങ്ങനെ രണ്ടു സ്ഥാപനങ്ങളാണ് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നത്. ഇവിടെ കല്ലമ്പലത്ത് പ്രവർത്തിക്കുന്ന ഒരു സ്വകാര്യ ആശുപത്രി ഉണ്ട്. ഈ ഗ്രാമപഞ്ചായത്തിന്റെ സമീപപഞ്ചായത്തിലും ആറ്റിങ്ങൽ മുൻസിപ്പാലിറ്റിയിലുമായി ധാരാളം സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. ഈ ആശുപത്രികളിൽ സാധാരണ ജനവിഭാഗങ്ങൾക്കു കടന്നുചെല്ലാൻ കഴിയാത്തവിധം ഭീമമായ ചികിൽസാച്ചെലവു വഹിക്കേണ്ടിവരുന്നു. ഇത്തരം സ്ഥാപനങ്ങൾ ജനങ്ങളെ പിഴിഞ്ഞു അമിതലാഭം കൊയ്യുകയാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ കരവാരം PHCയുടെ പ്രവർത്തനം വിലയിരുത്തിയതിൽ ഈ സ്ഥാപനം മെച്ചപ്പെട്ട പ്രവർത്തനമല്ല കാഴ്ചവയ്ക്കുന്നത്. PHC പ്രവർത്തിക്കുന്ന സ്ഥലം തോട്ടയ്ക്കാട്ടു ഭാഗത്ത് ഒരു ഒഴിഞ്ഞ കോണിലാണ്, ഈ സ്ഥലത്തേയ്ക്കു ബസ്സ് സഞ്ചാരമുള്ള റോഡിൽ നിന്നും ഉദ്ദേശം ഒരു കിലോമീറ്റർ ദൂരം ഉണ്ട്. ഇവിടെയ്ക്കു യാത്രാ

സൗകര്യം ഇല്ല. രോഗികൾക്കു കാൽനടയായി നടന്നു മാത്രമെ എത്തിച്ചേരാനാകൂ. ഈ പോരായ്മ പരിഹരിക്കാൻ ആശുപത്രിക്കു സമീപം വരെ ബസ്സു സർവ്വീസ്നീട്ടി ഇതു പരിഹരിക്കാവുന്നതാണ്.

ഇപ്പോൾ PHCയുടെ കീഴിൽ 17 ജീവനക്കാർ ജോലി നോക്കുന്നതായി രേഖകളിൽ കാണുന്നു. ഇതിൽ PHC-ലെ ഡാക്ടറും ഫാമിലി വെൽഫയർ കേന്ദ്രം ജീവനക്കാരും PHC സ്ററാഫും ഹെൽത്തുവിസിറ്റർമാരും ഉൾപ്പെടും. ഈ കേന്ദ്രത്തിൽ പലപ്പോഴും ഡാക്ടറുടെ അഭാവം അനുഭവപ്പെടുന്നു. തന്മൂലം രോഗികളുടെ വരവ് ഈ കേന്ദ്രത്തിൽ കുറയുന്നു. കേന്ദ്രത്തിൽ എത്തി ചികിത്സ തേടിയവരുടെ എണ്ണം ഓരോ വർഷം കഴിയുന്തോറും കുറഞ്ഞു കുറഞ്ഞു വരുന്നതായി രേഖകളിൽ കാണുന്നു.

(പട്ടിക 1 പരിശോധിക്കുക).

(F.W.C) പുതുശ്ശേരിമുക്കിൽ ഒരു സബ്സെന്ററും ഉണ്ട്. ഞാറക്കാട്ടുവിള, കരവാരം, തോട്ടയ്ക്കാട്, വഞ്ചിയൂർ എന്നിവിടങ്ങളിലാണ് F.W.C കൾ പ്രവർത്തിക്കുന്നത്. ഇതിൽ കരവാരം F.W.C യ്ക്കു സ്വന്തം കെട്ടിടം ഉണ്ട്. ഞാറക്കാട്ടുവിള കുടുംബക്ഷേമ കേന്ദ്രത്തിന് 25 സെന്റ്ഭൂമി സ്വന്തമായി ഉണ്ട്. തോട്ടയ്ക്കാട്, വഞ്ചിയൂർ എന്നീ എ.ണ.ഇ കൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പുതുശ്ശേരിമുക്ക് F.W.C സബ്സെന്റർ പ്രവർത്തിപ്പിക്കുന്നതിന് വാടകകെട്ടിടം പോലും ഇല്ല. ഈ സബ്സെന്റർ PHC രേഖകളിൽ മാത്രം കാണുന്നു. ഈ സെന്ററിനു അനുവദിച്ച സാധനങ്ങൾ ഞാറക്കാട്ടുവിള F.W.C യിൽ കൊണ്ടുപോയി സൂക്ഷിക്കുകയാണ്. എത്രയും പെട്ടെന്നു പുതുശ്ശേരിമുക്കു സബ്സെന്ററിന് കെട്ടിടം കണ്ടെത്തി പ്രവർത്തനം സ്ഥലത്ത് ആരംഭിക്കേണ്ടതാണ്. പഞ്ചായത്തിലെ ജനന മരണ രജിസ്റ്ററിലെ കണക്ക് പട്ടിക 2 -ൽ

കരവാരം ഗ്രാമപഞ്ചായത്ത് ആരോഗ്യ സഥാപനത്തിൽ നിന്നും ശേഖരിച്ച വിവരം

| വർഷം | ഇൻപേഷ്യന്റ് | ഔട്ട് പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം പ്രതിവർഷം | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992-93 | | 20976 | 850 | 62 | 1500 | - | 18564 | 20976 |
| 1993-94 | | 13624 | 520 | 50 | 1800 | - | 11254 | 13624 |
| 1994-95 | | 17270 | 600 | 65 | 2983 | - | 13622 | 17270 |
| 1995-96 | | 13294 | 325 | 115 | 2364 | - | 10495 | 13299 |

1992-93- ൽ ഇവിടെ 20976 രോഗികൾ ചികിത്സക്കെത്തിയിരുന്നു. 1995- 96-ൽ 13299 പേർ മാത്രമാണ് ചികിത്സക്കു വന്നത്. ഇതിൽ നിന്നും PHCയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്നു വ്യക്തമാകുന്നു. വരുന്ന രോഗികൾ ഇവിടത്തെ പോരായ്മകൾ മൂലം മറ്റുസ്ഥലങ്ങളിലേക്കു ചികിത്സ തേടിപോകുന്നു.

ഹെൽത്തുസർവ്വീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള PHC കരവാരം കേന്ദ്രത്തിന്റെ കീഴിൽ 4 ഫാമിലി വെൽഫയർ സെന്ററുകളും

കൊടുക്കുന്നു. ഇതു പരിശോധിച്ചതിൽ ജനനനിരക്കും മരണനിരക്കും കുറഞ്ഞുവരുന്നതായി കാണുന്നു. (പട്ടിക 2. പരിശോധിക്കുക)

ഇത് സംസ്ഥാന ശരാശരിയെക്കാൽ കുറവാണ്. ജനന മരണ നിരക്കുകൾ സംസ്ഥാന ശരാശരിയിൽ നിന്നും താഴ്ന്നു കാണുന്നത് ഇവിടത്തെ ആരോഗ്യപ്രവർത്തിന്റെ മെച്ചം കൊണ്ടല്ല. പിന്നെയോ ഇവിടെയുള്ള ജനതയുടെ ആരോഗ്യകാര്യങ്ങളിലുള്ള ബോധനി

ആരോഗ്യരംഗം

കരവാരം പഞ്ചായത്തിലെ ജനനമരണ നിരക്കുകൾ

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1993-94 | 472 | 116 | - |
| 1994-95 | 463 | 103 | 2 |
| 1995-96 | 458 | 98 | 1 |

ലവാരത്തിന്റെ ഉയർച്ചകൊണ്ടാണ് എന്ന് വിലയിരുത്തുന്നു.

കരവാരം ഗ്രാമപഞ്ചായത്തിലെ 11545 സ്ത്രീകളിൽ വിവാഹിതരായ സ്ത്രീകളുടെ പ്രായക്രമം പരിശോധിച്ചതിൽ

| | | |
|---|---|---|
| 15-നും 19-നും ഇടയിൽ പ്രായമുള്ളവർ | | 300 |
| 20-നും 24നും | " | 960 |
| 25-നും 29-നും | " | 870 |
| 30-നും 34-നും | " | 600 |
| 35-നും 39-നും | " | 440 |
| 40-നും 44-നും | " | 305 |
| ആകെ | | 3475 |

ആകെ സ്ത്രീകളുടെ എണ്ണത്തിന്റെ 1/3ഭാഗം വരും ഈ വിഭാഗം. ഈ മാതാക്കളിൽ 1 കുട്ടികൾ വീതമുള്ളവർ 523 പേരും 2 കുട്ടികൾ ഉള്ളവർ 1433 പേരും 3-ൽ കൂടുതൽ കുട്ടികൾ ഉള്ളവർ 1052 എന്നിങ്ങനെയാണ്.

ഗ്രാമപഞ്ചായത്തിലെ പകർച്ചവ്യാധികളുടെ വിവരം പരിശോധിച്ചാൽ ജലജന്യമായ രോഗങ്ങളാണ് മുന്നിൽ നില്ക്കുന്നത്. ഇത് കുടിവെള്ളപ്രശ്നത്തിന്റെ അഭാവം മൂലമാണെന്നു മനസ്സിലാക്കുന്നു. ശുദ്ധജലം കുടിക്കാൻ ലഭ്യമല്ലാത്തതുകൊണ്ടായിരിക്കാം എന്നു തോന്നുന്നു. 1993-94-ൽ 320 പേരും 94-95-ൽ 440 പേരും 1995-96-ൽ 584 പേരും ജലജന്യമായ രോഗം ബാധിച്ചു ചികിത്സ നടത്തിയതായി രേഖകളിൽ നിന്നും മനസ്സിലാക്കുന്നു.

ഈ രോഗവിവരങ്ങളിൽ നിന്നും ശുദ്ധജലം കുടിക്കുന്നതിലൂടെ ജലജന്യമായ രോഗം ഒഴിവാക്കാൻ കഴിയുമെന്ന് മനസ്സിലാക്കുന്നു. അതുപോലെ തന്നെ മഴക്കാലത്ത് കിണറുകളിൽ നിറയുന്ന ജലത്തിൽ രോഗാണുക്കൾ ഉണ്ടെന്നും വേനൽക്കാലത്തു കിട്ടുന്ന ജലം മാലിന്യങ്ങൾ വിമുക്തമാണെന്നും ഉറപ്പുവരുത്തുന്നതിന് ബഹുജനങ്ങളെ ബോധവൽക്ക

പട്ടിക-3

ആരോഗ്യരംഗം

കരവാരം ഗ്രാമപഞ്ചായത്തു പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1993-94 | 320 | 68 | 3 | - |
| 1994-95 | 440 | 84 | 3 | - |
| 1995-96 | 584 | 73 | 4 | - |

രണം നടത്തേണ്ടതുണ്ട്. ഇതിന് ആരോഗ്യരംഗത്തെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. ആരോഗ്യരംഗത്തെ പ്രവർത്തകർ അവരുടെ പ്രവർത്തനം കുറ്റമറ്റതാക്കേണ്ടിയിരിക്കുന്നു. പൊതുജനങ്ങളും അവരുടെ പങ്ക് നിർവ്വഹിക്കാൻ ബാദ്ധ്യസ്ഥരാണ്. F.W.C. കേന്ദ്രങ്ങൾക്ക് ഇപ്പോൾ അനുവദിച്ച വാടക മാസം 50 രൂപ ആണ്. ഈ തുകയ്ക്ക് ഇപ്പോൾ ഒരുമുറി കടപോലും വാടകയ്ക്ക് കിട്ടുകയില്ല. ഈ തുക ഉയർത്തിയില്ലെങ്കിൽ ഇന്നു വാടക കെട്ടിടത്തിൽ കിടക്കുന്ന FWC കളും കുടി ഒഴിപ്പിക്കൽ ഭീഷണിയിലാണ്. ഇന്നു നിലവിലുള്ള എല്ലാ F.W.C കൾക്കും സ്വന്തം കെട്ടിടം ഉടൻ നിർമ്മിക്കേണ്ടതാണ്. കരവാരം ആയുർവേദ ഡിസ്പെൻസറിയുടെ പ്രവർത്തനം പരിശോധിച്ചതിൽ 1992- 94-ൽ 30550 പേർ ചികിത്സക്കു എത്തിയിരുന്നുവെങ്കിൽ 1995-96 അതു 21104 ആയി കുറഞ്ഞു (പട്ടിക 5) കാണുന്നു. 4 വർഷങ്ങളിലായി 109586 രോഗികൾ ചികിത്സതേടി വന്നു. ഇതിൽ നിന്നും ഈ സ്ഥാപനത്തിന്റെ പ്രയോജനം ജനങ്ങൾക്കു കൂടുതൽ ലഭിക്കുന്നതിന് ആയുർവ്വേദ ഡിസ്പെൻസറി കിടത്തി ചികിത്സിക്കുന്നതിന് കഴിയുന്ന ഒരു ആശുപത്രിയാക്കി ഉടൻ ഉയർത്തേണ്ടിയിരിക്കുന്നു.

കരവാരം PHC യ്ക്ക് 6 കിടക്കകളോടുകൂടിയ ഒരു വാർഡ് നിർമ്മിക്കുന്നതിന് ജില്ലാ

**പട്ടിക 4**

കരവാരം ഗ്രാമപഞ്ചായത്ത്
കരവാരം ആയുർവേദ ഡിസ്പൻസറിയിലെ

ചികിത്സാവിവരം
1992-93 to 1995-96

| വർഷം | ചികിത്സയ്ക്ക് എത്തിയവർ |
|---|---|
| 1992-93 | 30550 |
| 1993-94 | 30885 |
| 1994-95 | 27047 |
| 1995-96 | 21104 |

പഞ്ചായത്തിൽ നിന്നും 500000 രൂപ അനുവധിച്ചിരിക്കുന്നു. ഇതുപയോഗിച്ച് ജനപങ്കാളിത്തത്തോടെ ആശുപത്രി കെട്ടിടം നിർമ്മിക്കുക ആശുപത്രിക്കു ചുറ്റുമതിൽ കെട്ടുക മറ്റു ഭൗതികസാഹചര്യം ഉണ്ടാക്കുക ഇവയെല്ലാം ഉണ്ടാകേണ്ടിയിരിക്കുന്നു.

കരവാരം PHC മുഖേന കഴിഞ്ഞ പഞ്ചവത്സരപദ്ധതിയിൽ നടപ്പാക്കിയ വികസന പദ്ധതികളുടെ വിവരങ്ങൾ.

ഈ ആശുപത്രിയുടെ കീഴിലുള്ള വിവിധ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വഴിയുള്ള മാതൃശിശുക്ഷേമപദ്ധതികൾ.

1. ഗർഭിണികളുടെ പരിശോധന, കുത്തിവയ്പ്, വിറ്റാമിൻ ഗുളിക വിതരണം
2. കുട്ടികളുടെ രോഗപ്രതിരോധകുത്തിവയ്പ്, വിറ്റാമിൻ ഗുളികവിതരണം, വിറ്റാമിൻ A- സിറപ്പ് വിതരണം.
3. ജനനനിയന്ത്രണമാർഗ്ഗങ്ങൾ സംബന്ധിച്ച ഉപദേശം നൽകൽ. അർഹരായവരെ വന്ധീകരണക്യാമ്പുകളിൽ വച്ച് ലാപ്രോസ്കോപ്പിക് ക്യാമ്പ് വഴി വന്ധീകരണം നടത്തിക്കൊടുക്കുക.
4. പകർച്ചവ്യാധി നിയന്ത്രണപ്രവർത്തനം.
5. അന്ധതാ നിവാരണപ്രവർത്തനം.

**പ്രശ്നങ്ങൾ**

1. ആലംകോട് വില്ലേജിൽ ചികിത്സാസൗകര്യം ഇല്ല.
2. കരവാരം വില്ലേജിൽ ആയൂർവേദചികിത്സാസൗകര്യം ഇല്ല.
3. ഇന്നുള്ള ജഒഉ രോഗികളെ കിടത്തി ചികിത്സിക്കുന്ന സ്ഥാപനമല്ല.
4. ഹെൽത്തു വിസിറ്റർമാർ വീടുകൾ സന്ദർശിച്ചു വേണ്ട നിർദ്ദേശങ്ങൾ നൽകുന്നില്ല.
5. ഹോമിയോ ചികിത്സ കേന്ദ്രമില്ല.
6. മാതൃശിശു സംരക്ഷണ കേന്ദ്രം ജനസംഖ്യാനുപാതികമായി ഇല്ല.

കരവാരം പഞ്ചായത്തു ആരോഗ്യ
കേന്ദ്രസ്ഥാപനങ്ങളെ സംബന്ധിച്ച വിവരം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| | PHC കരവാരം | ഹെൽത്തു സർവ്വീസ് ഡിപ്പാർട്ടുമെന്റ് | സ്വന്തം | 17 | 1-12-1972 | ആശുപത്രിക്കു കാമ്പൗണ്ട് വാൾ ഇല്ല. പുതുശ്ശേരിമുക്ക് സബ്സെന്റർ പ്രവർത്തിക്കുവാൻ വാടകകെട്ടിടം കിട്ടാത്തതുകൊണ്ട് ആഫീസ് പ്രവർത്തിക്കുന്നില്ല. വഞ്ചിയൂരും തോട്ടയ്ക്കാടും പ്രവർത്തിക്കുന്ന FWC കേന്ദ്രങ്ങൾക്ക് 50 രൂപ വാടകയ്ക്ക് ഉടമകൾ സമ്മതിക്കുന്നില്ല |
| 1 | കുടുംബക്ഷേമ കേന്ദ്രം പുതുശ്ശേരിമുക്ക് | | ഇല്ല | | | |
| 2 | FWC കരവാരം | | സ്വന്തം | | | |
| 3 | FWC തോട്ടയ്ക്കാട് | | വാടക | | | |
| 4 | F.WC വഞ്ചിയൂർ | | വാടക | | | |
| | | | | | | |

7. ഉള്ള FWC കൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
8. FWC കൾക്കു സ്വന്തം കെട്ടിടമില്ലാത്തവ.
9. ശുദ്ധജലം കുടിക്കുന്നതിന് പലപ്പോഴും ലഭിക്കുന്നില്ല.

**പരിഹാരങ്ങൾ**

1. ആലംകോട്ടു വില്ലേജിൽ ഒരു ഗവ: ആശുപത്രി അനുവദിക്കുക.
2. കരവാരം PHC രോഗികളെ കിടത്തി ചികിത്സിക്കുന്ന ഒരു ആശുപത്രിയാക്കുക.
3. കരവാരം വില്ലേജിൽ ഒരു ആയൂർവേദ ആശുപത്രി സ്ഥാപിക്കുക
4. ഞാറക്കാട്ടുവിളയിൽ പ്രവർത്തിക്കുന്ന ആയൂർവേദ ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്തുക.
5. കരവാരം വില്ലേജിലും ആലംകോട്ടുവില്ലേജിലെ വഞ്ചിയൂരിലും ഓരോ ഹോമിയോ ആശുപത്രി സ്ഥാപിക്കുക.
6. വഞ്ചിയൂർ മേഖലയിൽ ഒരു അറവുശാല നിർമ്മിച്ച് പൊതുജനാരോഗ്യത്തെ സംരക്ഷിക്കുക.
7. ഒരു മാതൃശിശു സംരക്ഷണ കേന്ദ്രം പാവല്ലയിൽ സ്ഥാപിക്കുക.
8. പുതുശ്ശേരിമുക്കിൽ പ്രവർത്തിക്കുന്നതായി രേഖയിൽ മാത്രം കാണുന്ന F.W.C. ത്തിന് സ്വന്തം കെട്ടിടം നിർമ്മിച്ചു ഇവിടെയ്ക്കു മാറ്റുക.

9. പഞ്ചായത്തിലെ 10, 11 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു എണ്ണഇ സ്ഥാപിക്കുക
10. പഞ്ചായത്തിലെ 3, 4 വാർഡുകൾ കേന്ദ്രീകരിച്ചു ഒരു എണ്ണഇ സ്ഥാപിക്കുക.
11. ചാത്തമ്പറ കേന്ദ്രമാക്കി ഒരു FWC സ്ഥാപിക്കുക.

### കുടിവെള്ളപ്രശ്നം

ഗ്രാമ പഞ്ചായത്തിൽ ജനങ്ങൾ കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. 70% വീടുകളിൽ കിണർ ഉണ്ട്. പഞ്ചായത്തിലെ പല പ്രദേശങ്ങളിലും ജലക്ഷാമം അനുഭവപ്പെടുന്നു. പ്രത്യേകിച്ചു പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളായ വണ്ടിത്തടം, കോട്ടാമല, കൈപ്പടകോണം, പുതുശ്ശേരിമുക്ക്, പൊന്നാം പച്ച ലക്ഷം വീടു കോളനി പ്രദേശം, മുല്ലശ്ശേരി കുന്ന് മുരുക്കും മൂട് ലക്ഷം വീട് കോളനി പ്രദേശം, മൊട്ടമല തുടങ്ങിയ. ശുദ്ധജലം കിട്ടാത്തതുമൂലം ജനങ്ങൾ മലിനജലം കുടിക്കേണ്ട സാഹചര്യത്തിൽ രോഗങ്ങൾ കൂടാൻ ഇടയുണ്ട്.

### പരിഹാരമാർഗ്ഗങ്ങൾ

1. ലോകബാങ്കിന്റെ സഹായത്താൽ 1984ൽ ആരംഭിച്ച ജലധാരാപദ്ധതി പൂർത്തിയാക്കി പഞ്ചായത്തിലെ എല്ലാ വാർഡിലും ശുദ്ധജലം എത്തിക്കുക.
2. ഉയർന്ന പ്രദേശങ്ങളായ മൊട്ടമല കോളനി കോട്ടാമല, വണ്ടിത്തടം കൈപ്പടകോണം, പുതുശ്ശേരിമുക്ക്, പൊന്നാംപച്ച ലക്ഷംവീട്, മുല്ലശ്ശേരികുന്ന് മുരുക്കുംമൂട് ലക്ഷംവീട് കോളനി എന്നിവിടങ്ങളിൽ കുഴൽകിണർ നിർമ്മിക്കുക.
3. മുല്ലശ്ശേരി കുന്നിനു താഴെ ഭാഗത്തുള്ള നീരുറവ കുടിവെള്ള പദ്ധതിയാക്കി വികസിപ്പിക്കുക.
4. കട്ടപ്പറമ്പു പേർഷ്യാ മുക്കിൽ ഒരു കുഴൽ കിണർ നിർമ്മിക്കുക.
5. വാമനപുരം നദിയിൽ തടയണ കെട്ടി ജലനിരപ്പു ഉയർത്തി സമീപപ്രദേശങ്ങളിൽ ജലനിരപ്പു ഉയർത്തുക.
6. തേവലക്കാട് മാടൻനട, മുടിയോട്ടുകോണം എന്നിവിടങ്ങളിൽ ഓരോ കുഴൽ കിണർ കുഴിക്കുക
7. തേവലക്കാട് മാടൻനട കുളം ചോർച്ച അടച്ചു അറ്റകുറ്റപ്പണിചെയ്യുക.
8. ഇടവൂർകോണം നീരുറവ കുളം വൃത്തിയാക്കി ഉപയോഗയോഗ്യമാക്കുക.
9. വണ്ടിത്തടം വാട്ടർസപ്ലൈ സ്കീം പൂർത്തിയാക്കുക.
10. കരവാരം ഒന്നാം വാർഡിൽ തോട്ടത്തു മാടൻനട ഭാഗത്തുള്ള ഒരിക്കലും വറ്റാത്ത നീരുറവ ഒരു കുടിവെള്ള പദ്ധതിയാക്കി മാറ്റുക.
11. പുതുശ്ശേരി മുക്കിൽ കണ്ണത്തുകോണം ഭാഗത്തുള്ള ഒരിക്കലും വറ്റാത്ത നീരുറവ കുടിവെള്ള പദ്ധതി ആക്കുക.

# ഊർജ്ജം

ഗാർഹികം, കാർഷികം, വാണിജ്യം, വ്യവസായം എന്നിങ്ങനെ ഊർജ്ജ ഉപഭോഗമേഖലയെ നാലായി തരം തിരിക്കാം. ഈ പഞ്ചായത്തിലെ ഏകദേശം 60% വീടുകളും വൈദ്യുതീകരിച്ചതാണ്. കരവാരം പഞ്ചായത്തിൽ വൈദ്യുതിവിതരണം ചെയ്യുന്നത് അവനവഞ്ചേരി സബ്സ്റ്റേഷൻ, പാരിപ്പള്ളി സബ്സ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്നാണ്. ഇവിടെ 20 ട്രാൻസ്ഫോർമറുകൾ പ്രവർത്തിക്കുന്നു. എങ്കിലും വോൾട്ടേജ് ക്ഷാമം ഗുരുതരമാണ്.

ഗാർഹിക ഉപഭോഗത്തിന്റെ 20, 25% ത്തോളം വൈദ്യുത മോട്ടോർ, ഹീറ്റർ, ഇസ് തിരി, മിക്സി, ഗ്രൈന്റർ, ഫ്രിഡ്ജ് എന്നിവയുടെ പ്രവർത്തനത്തിന് ഉപയോഗിക്കപ്പെടുന്നു. മൊത്തം ഉപഭോഗത്തിന്റെ 5% – ൽ താഴെ മാത്രമേ കാർഷിക മേഖലയിൽ ഉപയോഗപ്പെടുത്തുന്നുള്ളൂ.

10% വൈദ്യുത കണക്ഷനുകൾ വാണിജ്യ സ്ഥാപനങ്ങൾക്കാണ്. തുടർച്ചയായി വൈദ്യുതി ലഭിക്കാത്തതിനാൽ സാമ്പത്തികമെച്ചം ഉള്ള വാണിജ്യ സ്ഥാപനങ്ങൾ എല്ലാം ജനറേറ്ററുകൾ ഉപയോഗിക്കുന്നു.

മെറ്റൽ ക്രെഷർ യൂണിറ്റുകൾ, വെൽഡിംഗ് വർക്ക്ഷോപ്പുകൾ, റൈസ്മില്ലുകൾ, ഈർച്ച മില്ലുകൾ എന്നിവയാണ് വൈദ്യുതോർജ്ജം ഉപയോഗിക്കുന്ന വ്യവസായങ്ങൾ. തുടർച്ചയായ വൈദ്യുതിലഭ്യക്കുറവ് ഈ ചെറുകിട സ്ഥാപനങ്ങളുടെ നിലനിൽപ്പിന് പോലും ഭീഷണിയാണ്. രൂക്ഷമായ പവർക്കട്ട് മൂലം ശേഷിയുടെ പകുതിപോലും പ്രവർത്തിപ്പിക്കാൻ കഴിയാതെ ഈ സ്ഥാപനങ്ങൾ ശ്വാസം മുട്ടുന്നു. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കടമെടുത്തിട്ടുള്ള ചെറുകിടക്കാർക്ക് തിരിച്ചടവിന് പോലും ബുദ്ധിമുട്ടുണ്ടാക്കുന്നു.

വീട്ടാവശ്യത്തിനുള്ള ഊർജ്ജം ഉപഭോഗത്തിൽ ഗോബർ ഗ്യാസ്, പരിഷത്ത് അടുപ്പ്, ഗ്യാസ്, മണ്ണെണ്ണ എന്നിവയുടെ ഉപയോഗക്കുറവാണ്. ബഹുഭൂരിപക്ഷം പേരും തെങ്ങിൽ നിന്നുള്ള ഉൽപ്പന്നങ്ങളും മറ്റുവിറകുകളും ഉപയോഗിച്ച് പരമ്പരാഗത രീതിയിൽ ഉള്ള അടുപ്പിൽ തന്നെയാണ് പാചകം ചെയ്യുന്നത്. വിറക് വാങ്ങി ഉപയോഗിക്കുന്നവർക്ക് ആവരുടെ വരുമാനത്തിന്റെ നല്ലൊരു പങ്ക് അതിനായി ചെലവാക്കേണ്ടിവരുന്നു. ഇന്നൊരു കിലോ വിറകിന് ഒന്നര രൂപയോളം വിലയുണ്ട്. ഇന്ധനക്ഷമതയുള്ളതും ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാത്തതുമായ പരിഷത്ത് അടുപ്പിന്റെ പ്രചാരം വളരെ കുറവാണ്. 1988ൽ അന്ന് പരിഷത്ത് അടുപ്പ് ഈ ഗ്രമത്തിൽ സ്ഥാപിച്ചുതുടങ്ങിയത്. ആദ്യകാലത്ത് അൻപതോളം വീടുകളിൽ അവ സ്ഥാപിച്ചു എങ്കിലും പിന്നീട് ധൃതഗതിയിലുള്ള വളർച്ച ആ മേഘലയിൽ ഉണ്ടായില്ല. ഇന്ന് ഏകദേശം 100 വീടുകളിൽ മാത്രമേ പരിഷത്ത് അടുപ്പുകൾ നിലവിലുള്ളൂ.

പാചകാവശ്യത്തിന് മണ്ണെണ്ണ ഉപയോഗിക്കുന്നവരുടെ എണ്ണവും 100 വരും. കാർഡുടമകൾ മണ്ണെണ്ണ വാങ്ങുന്നത് വിളക്ക് തെളിക്കാനാണ്. മണ്ണെണ്ണയെക്കുറിച്ച് ചർച്ചചെയ്യുമ്പോൾ അത് കിട്ടുന്നതിനുള്ള ബുദ്ധിമുട്ടുകൂടി പരാമർശിക്കണം. പൊതുവിതരണകേന്ദ്രങ്ങളിൽ നിന്ന് പലപ്പോഴും അനുവദിച്ചിരിക്കുന്ന അള

വിൽ പൊതുജനങ്ങൾക്ക് മണ്ണെണ്ണ ലഭിക്കാറില്ല. പലതരം തടസ്സവാദങ്ങൾ ഉന്നയിച്ച് യഥാസമയം അത് ലഭ്യമല്ലാതാക്കുന്നു. സ്പെഷ്യൽ പെർമിറ്റ് ഉള്ളവരുടേയും അവസ്ഥ ഇതുതന്നെയാണ്. പാചകവാതകം ഉപയോഗിക്കുന്നവരുടെ എണ്ണവും കുറവാണ്. സർക്കാർ ഉടമസ്ഥതയിലുള്ള കണക്ഷനുകൾ ലഭ്യമാകാൻ കാലതാമസം ഉള്ളതിനാൽ പലപ്പോഴും ആവശ്യക്കാർ സ്വകാര്യ കമ്പനികളെ ആശ്രയിക്കുന്നു. ഈ പഞ്ചായത്ത് അതിർത്തിയിൽ പാചകവാതകവിതരണ സ്ഥാപനം ഇല്ല. ആറ്റിങ്ങൽ, വർക്കല, ചാത്തന്നൂർ, എന്നീ പ്രദേശങ്ങളിൽ നിന്നാണ് ഉപഭോക്താക്കൾ ഇവ കൊണ്ടുവരുന്നത്.

തെരുവ് വിളക്കുകൾക്കായി പ്രതിവർഷം 1,10,328 രൂപ പഞ്ചായത്ത് കെ. എസ്. ഇ. ബോർഡിന് നൽകുന്നു എങ്കിലും തെരിവുവിളക്കുകളുടെ സ്ഥിതി മോശമാണ്. അനുവദിച്ചിട്ടുള്ള എല്ലാ പോസ്റ്റുകളിലും ബൾബ്, ട്യൂബ് എന്നിവയില്ല. ഉള്ളതുതന്നെ കൃത്യമായി കത്താറുമില്ല. സോളാർ ലൈറ്റ്, ഇ.എ.ഘ. തുടങ്ങിയവ പ്രചാരത്തിൽ വന്നിട്ടില്ല.

### പ്രശ്നങ്ങൾ

1. എല്ലാ വീടുകളും വൈദ്യുതീകരിച്ചിട്ടില്ല.
2. മതിയായ തോതിൽ വോൾട്ടേജ് വൈകുന്നേരങ്ങളിൽ (ആറു മണി മുതൽ പത്ത് മണി വരെ) ലഭിക്കുന്നില്ല.
3. മരച്ചില്ലകൾ വളർന്ന് വൈദ്യുതലൈനിൽ മുട്ടിനിൽക്കുന്നതിനാൽ കൂടെക്കൂടെ വൈദ്യുത തടസ്സം നേരിടുന്നു.
4. കേടായി അപകടം വരുത്തിവയ്ക്കാൻ പാകത്തിൽ നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ യഥാസമയം മാറ്റുന്നില്ല.
5. പുകയില്ലാത്ത അടുപ്പിന് സർക്കാർ സബ്സിഡി നൽകുന്നു എങ്കിലും ഇത് പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പവർകട്ടും വോൾട്ടേജ് ക്ഷാമവും മൂലം ചെറുകിട വ്യവസായങ്ങൾ പ്രതിസന്ധിയിലാണ്.
6. കുറഞ്ഞ വോൾട്ടതയിലും ട്യൂബുകളെ പ്രകാശിപ്പിക്കുന്ന ഇലക്ട്രോണിക് ചോക്കിന് അനെർട്ട് സബ്സിഡി നൽകുന്നു എങ്കിലും അത് പൊതുജനങ്ങൾക്ക് വാങ്ങാൻ കഴിയുന്നില്ല. അനെർട്ടിന്റെ ഓഫീസുകൾ സമീപപ്രദേശത്ത് ഇല്ലാത്തതാണ് അതിനു കാരണം.
7. C. F ലാമ്പുകളുടെ (കോമ്പാക്ട് ഫ്ളൂറസെന്റ്) പ്രചാരം വർദ്ധിപ്പിക്കുന്നതിന് ബോധവൽക്കരണം നടന്നിട്ടില്ല.
8. തെരിവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് സോളാർ എനർജി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.
9. പഞ്ചായത്തിന്റെ മിക്കപ്രദേശങ്ങളിലും പുതുതായി തെരിവ് വിളക്കുകളുടെ ആവശ്യം ഉണ്ട്.

### സാധ്യതകൾ:

1. വോൾട്ടേജ് ക്ഷാമം ഒരു പരിധിവരെ പരിഹരിക്കുന്നതിന് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
2. വൈദ്യുതപ്രവാഹത്തിന് തടസ്സം വരുത്തുന്ന മരച്ചില്ലകൾ ജനകീയ സഹകരണത്തോടെ മുറിച്ച് മാറ്റുക.
3. തെരുവ് വിളക്കുകളുടെ സംരക്ഷണചുമതലയ്ക്ക് വാർഡ് വികസന സമിതികൾ രൂപീകരിക്കണം.
4. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തിന്റേയും ശാസ്ത്ര സാഹിത്യപരിഷത്തിന്റേയും, മറ്റ് സന്നദ്ധസംഘടനകളുടേയും സംയുക്ത ആഭിമുഖ്യത്തിൽ പദ്ധതി തയ്യാറാക്കണം.
5. അനർട്ട് നിർമ്മിച്ച് വിതരണം ചെയ്യുന്ന ഇലക്ട്രോണിക് ചോക്ക് ഒരു വീട്ടിൽ ഒന്ന് വീതമെങ്കിലും വാർഡ് വികസന സമിതികളിലൂടെ റേഷൻ കാർഡ് അടിസ്ഥാനത്തിൽ വിതരണം ചെയ്യുക.
6. C.F. ലാമ്പുകളുടെ മേന്മയെക്കുറിച്ച് പൊതുജനങ്ങളിൽ വ്യാപകമായ ബോധ

വത്കരണം നടത്തുകയും കുറഞ്ഞ വിലയ്ക്ക് അവ ലഭ്യമാക്കുകയും ചെയ്യുക.

7. മൃഗസംരക്ഷണ പരിപാടിയും, ഗോബർ ഗ്യാസ് നിർമ്മാണവും പരസ്പരം ബന്ധപ്പെടുത്തിചെയ്യാൻ വേണ്ടുന്ന പരിശ്രമം ഉണ്ടാകണം.

8. വൈദ്യുതി ഇല്ലാത്ത വീടുകളിൽ വൈദ്യുതി എത്തിക്കുക.

9. സൗരറാന്തലിന്റെ ഉപയോഗം വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ ഉണ്ടാക്കുക. (അനെർട്ടിന്റെ സബ്സിഡി ലഭ്യമാകും).

10. വൈദ്യുതി ഇനിയും എത്തിയിട്ടില്ലാത്ത പതിനേഴ് പട്ടികജാതി കേളനികളിൽ വൈദ്യുതി എത്തിക്കാൻ പദ്ധതി ഉണ്ടാക്കുക.

### വാർഡ് ഒന്ന്

കരവാരം ഹൈസ്കൂളിന്റെ പരിസരപ്രദേശത്തും, പാവല്ല പട്ടികജാതി കോളനിയിലും വൈദ്യുതി എത്തിക്കുക.

കരവാരം ഒ.ട ഐക്കര റോഡ്, കുളത്തൂർ കീഴൂർ റോഡ്, കല്ലുവിള കൊച്ചുവിളാകം റോഡ്, പുല്ലൂർമുക്ക് ഗ്രാമം റോഡ് ഈ ഭാഗങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

### വാർഡ് രണ്ട്

മാറൻകോട്ടുകോണം പട്ടികജാതി കോളനിയിലെ വീടുകൾ വൈദ്യുതീകരിക്കുക.

കുന്നുവിളചങ്ങാട്ടുഭാഗം വൈദ്യുതീകരിക്കണം

ഇടവൂർക്കോണം മാടൻനട ഏലാറോഡ്, പാവല്ലപുതുശ്ശേരി വാതുക്കൽ, പിണയ്ക്കോട്ടുകോണംമാറൻകോട്ടുകോണം കോളനി റോഡ്, തോട്ടയ്ക്കാട്പോളയ്ക്കൽ, കാഞ്ഞിരം വിളപുതുശ്ശേരി വാതിക്കൽ റോഡ് എന്നിവിടങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

### വാർഡ് മൂന്ന്

കോട്ടാമല പട്ടികജാതി കോളനിയിൽ 35 കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കുക.

തലവിളകല്ലാലുംമൂട് റോഡ്, കൊട്ടളക്കുന്ന് കരിയ്ക്കകംഈരാണിക്കോണം റോഡ്, വണ്ടിത്തടം കളിയിലിൽ റോഡ്, മടന്തപ്പച്ച വലിയ പച്ച റോഡ്, കോട്ടാമല എതുക്കാട് തയ്ക്കാവ് ഭാഗം റോഡ് മുള്ളൻചാണി ഭാഗം, കൊട്ടളക്കുന്ന് കൈപ്പടക്കോണം, മൂന്നും, നാലും വാർഡുകൾ ബന്ധിപ്പിക്കുന്ന പുതിയ തടത്തിലും, തലവിള നഴ്സറി റോഡിൽ മുകളിൽ പുറംഭാഗം, ബാലഗിരി കൊണ്ണൂറി റോഡ് എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കാൻ പദ്ധതി തയ്യാറാക്കുക.

### വാർഡ് നാല്

മുടിയോട്ടുകോണം പട്ടികജാതി കോളനിയിലും കാഞ്ഞിരം പൊയ്ക കുമ്പാളപ്പൊയ്ക കോളനി പ്രദേശം ഉൾപ്പെടെയുള്ള പ്രദേശത്തും വൈദ്യുതി എത്തിക്കാൻ പദ്ധതി തയ്യാറാക്കണം.

വട്ടക്കൈത ആണ്ടിക്കോണം റോഡ്, തേവലയ്ക്കാട് വട്ടക്കൈത റോഡ്, പ്ളാവിള കോവിലഴികം റോഡ്, തൃക്കോവിൽ ചന്തമുക്ക് തടം, ഇളമ്പമുക്ക് കീഴതിൽ വാതുക്കൽ (കൊണ്ണൂറി തടം), നെല്ലിക്കുന്ന് കണ്ണാട്ടുകോണം റോഡ്, തൃക്കോവിൽ പാണാട്ടുവാതുക്കൽ റോഡ് എന്നിവിടങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

### വാർഡ് അഞ്ച്

വടകോട്ടുകാവ് ചപ്പാത്ത് റോഡ്, നെടുമ്പറമ്പ് നെടുവൻമല റോഡ്, വടകോട്ടുകാവ് പനയറക്കുന്ന് റോഡ്, ഗാന്ധിമുക്ക് ചാക്യാപ്പാറ റോഡ്, പനയറക്കുന്ന് വാരാവിൽ റോഡ്, ഗാന്ധിമുക്ക് വിളയിൽവിളാകം റോഡ് എന്നിവിടങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കണം.

### വാർഡ് ആറ്

നിലവിലുള്ള തെരുവ് വിളക്കുകൾ കാര്യക്ഷമമയി പ്രവർത്തിപ്പിക്കുക. വാർഡിലെ എല്ലാ ഗ്രാമീണറോഡുകളിലും തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കുക.

### വാർഡ് ഏഴ്

ഞാറയ്ക്കാട്ടുവിളയിൽ സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമറിൽ നിന്നും മേവർക്കൽ ഘ. ജ. ട. വരെ ലൈൻ നീട്ടി പ്രസ്തുത റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

പുതുകുന്ന് ട്രാൻസ്ഫോർമറിൽ നിന്നും വരുന്ന ലൈനിൽ വോൾട്ടേജ് തീരെ കുറവാ യതിനാൽ മേവർക്കൽ L. P. S ന് പരിസര ത്തുള്ള സർവീസ് കണക്ഷനുകൾ ഞാറയ്ക്കാ ട്ടുവിള ട്രാൻസ്ഫോർമറിൽ നിന്നും നല്കുക.

ആലങ്കോട് H. S തയ്ക്കാവ് റോഡിൽ വൈദ്യുതലൈൻ സ്ഥാപിച്ച് തെരുവ് വിളക്കു കൾ സ്ഥാപിക്കുക.

ചാത്തമ്പാറ മാടൻനട, പൂന്തൽവാരം ശിവൻകോവിൽ റോഡിൽ വൈദ്യുതലൈൻ നീട്ടി തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

### വാർഡ് എട്ട്

കൊക്കോട്ടുകോണം ഹരിജൻ കോളനിയി ലേയ്ക്ക് അനുവദിച്ചിട്ടുള്ള ട്രാൻസ്ഫോർമർ കാലതാമസം കൂടാതെ സ്ഥാപിക്കുക, വാർഡിലെ എല്ലാ പഞ്ചായത്ത് റോഡുക ളിലും, തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കുക.

### വാർഡ് ഒൻപത്

കട്ടപ്പറമ്പ് കാട്ടുവിള മണ്ഡപത്തിൻകുന്ന് ഭാഗങ്ങളിൽ വൈദ്യുതി എത്തിക്കാൻ പദ്ധതി തയ്യാറാക്കുക. മണ്ണേലിക്കോണം, ഇരമം എന്നീ പട്ടികജാതി കോളനികൾ വൈദ്യുതീകരി ക്കുക, പുല്ലുതോട്ടം കേന്ദ്രീകരിച്ച് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക. വാർഡിലെ എല്ലാ ഗ്രാമീണറോഡുകളിലും തെരുവ് വിളക്ക് സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കുക.

### വാർഡ് പത്ത്

വഞ്ചിയൂർ പട്ടാള റോഡിലും, വഞ്ചിയൂർ തോട്ടുവരമ്പുവഴി കട്ടപ്പറമ്പ് വരെയും തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

### വാർഡ് പതിനൊന്ന്

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി വാർഡിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപി ക്കുക. കൊല്ലൂർക്കോണം പട്ടികജാതി കോളനി വൈദ്യുതീകരിക്കുക.

കൊല്ലൂർക്കോണംപനവേലിക്കടവ്, പള്ളി മുക്ക്കാരേക്കോണം, പള്ളിമുക്ക് വട്ടത്താമര വിള എന്നീ റോഡുകളിൽ തെരുവ് വിളക്കു കൾ സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കണം.

### മാർക്കറ്റ്

പശ്ചാത്തല സൗകര്യങ്ങളുടെ കൂട്ടത്തിൽ പരിഗണിക്കേണ്ടതാണ് വിപണന സൗകര്യ ങ്ങൾ. പഞ്ചായത്തിലെ പ്രധാനപ്പെട്ടതും, പുരാ തനവുമായ ഒരു ചന്തയാണ് തോട്ടയ്ക്കാട് ചന്ത. പ്രതിവർഷം 40000ത്തിലുമധികം തുക ഇവിടെ നിന്നും പഞ്ചായത്തിന് വരുമാനമുണ്ട്. എട്ടാം വാർഡിൽ സ്ഥിതിചെയ്യുന്ന ഞാറ യ്ക്കാട്ടുവിള ചന്തയിൽ നിന്നും കാര്യമായ വരുമാനമൊന്നും പഞ്ചായത്തിന് ലഭിക്കു ന്നില്ല. ഈ പഞ്ചായത്തിന്റെ പലഭാഗത്തും അനധികൃതചന്തകൾ നടത്തുന്നുണ്ട്. ഉദാഹ രണത്തിന് പുതുശേരിമുക്ക്, കടുവയിൽ പള്ളി, വഞ്ചിയൂർ, നെടുമ്പറമ്പ് എന്നിവിടങ്ങളിൽ.

ആറാം വാർഡിൽ ചാത്തമ്പാറ കടുവയിൽ പള്ളി ആശുപത്രിക്ക് വടക്കുവശത്തായുള്ള 37 സെന്റ് പുറമ്പോക്ക് ഏറ്റെടുത്ത് മാർക്കറ്റ് തുട ങ്ങുകയും, നാഷണൽ ഹൈവേയുമായി ബന്ധ പ്പെട്ടുകിടക്കുന്നതു കൊണ്ട് പ്രസ്തുതപ്രദേ ശത്ത് വികസന സാധ്യതയുള്ളതു കൊണ്ടും ഒരു ഷോപ്പിംഗ് കോപ്ലക്സും പണിയാനുള്ള പദ്ധതി തയ്യാറാക്കണം.

വഞ്ചിയൂർ മാർക്കറ്റിന് ജനകീയ പങ്കാളിത്ത ത്തോടെ സ്ഥലം ലഭ്യമാക്കാൻ കഴിയും. അവിടെ ആധുനികസൗകര്യങ്ങളോടുകൂടി കശാപ്പുശാലയും, മത്സ്യവിപണന സ്റ്റാളുകൾ, മറ്റ് വ്യാപാരസ്റ്റാളുകൾ ഇവ നിർമ്മിക്കാനുള്ള പദ്ധതി തയ്യാറാക്കണം.

തോട്ടയ്ക്കാട് ചന്തയിൽ നിലവിലുള്ള കശാ പ്പുശാല ആധുനികവൽക്കരിക്കാൻ അടിയ ന്തിര നടപടി വേണം. മത്സ്യവിപണനത്തിനും, മറ്റ് വ്യാപാരത്തിനുമുള്ള സ്റ്റാളുകളും നിർ മ്മിച്ച് ചന്ത ആധുനികവത്ക്കരിക്കാനുള്ള പദ്ധതി തയ്യാറാക്കണം.

ഞാറയ്ക്കാട്ടുവിള ചന്തയിൽ സ്റ്റാളുകൾ നിർമ്മിച്ച് പ്രവർത്തന സജ്ജമാക്കണം.

# പാർപ്പിടസ്ഥിതി-ഒരവലോകനം

കരവാരം പഞ്ചായത്തിൽ 11 വാർഡുകളിലായി 9312 കെട്ടിടങ്ങളുണ്ട്. ഇവയിൽ ഏകദേശം 10,315 കുടുംബങ്ങൾ താമസിക്കന്നു. വീടുകളിൽ ഏകദേശം 40% വീടുകളും ഓടിട്ടതും 40% വീടുകൾ ഓലമേഞ്ഞതും 20% കോൺക്രീറ്റ് മേൽകൂരയുള്ളതുമാണെന്നു കാണുന്നു. കോൺക്രീറ്റ് കെട്ടിടങ്ങൾ സാമാന്യേന നല്ലതും വൃത്തിയുള്ളതും സ്ഥലസൗകര്യങ്ങൾ ഉള്ളവയുമാണ്. ഓടിട്ട കെട്ടിടങ്ങളിൽ 25% വീടുകൾ താരതമ്യേന സൗകര്യമുള്ളതും 15% ഓടിട്ടവീടുകൾ ചെറിയ കെട്ടിടങ്ങളുമാണ്. ഓല മേഞ്ഞ കെട്ടിടങ്ങളിൽ പകുതി താമസ യോഗ്യമായ ഭേദപ്പെട്ട കെട്ടിടങ്ങളും 15% ചെറിയ കെട്ടിടങ്ങളുമാണ്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പട്ടികജാതി കോളനികൾ ഉണ്ട്. പട്ടികജാതിക്കാർ കൂടുതലായി താമസിക്കുന്ന VI-ാം വാർഡിലെ "അമ്പലത്തുംവിളയിലെ' പട്ടികജാതി കോളനി, വെള്ളാപ്പള്ളിക്കോണം, പുന്തൽവാരം, കുന്നത്തുകോണം, ചക്കിപ്പാറ തടം, കരവാരം H.S പരിസരം ഇവ കോളനികളായി അംഗീകരിക്കണം. കോട്ടറമൂലയും, പട്ട്ളമാമുൻമൂട് ഇപ്പോൾ താമസയോഗ്യമല്ലാത്ത രീതിയിൽ കിടക്കുകയാണ്. അതുപോലെ വെള്ളാപ്പള്ളിക്കോണം, പുന്തൽവാരം, കോട്ടറമൂല, പാറവിള എന്നിവിടങ്ങളിൽ കോളനികൾ ഇല്ല. കോളനികളായി അംഗീകരിച്ചിട്ടുള്ള പഞ്ചായത്തിലെ 22 കോളനികളിൽ കുടിവെള്ളം, വൈദ്യുതി സഞ്ചാരയോഗ്യമായ റോഡുകൾ ഇല്ല എന്നു മാത്രമല്ല കോളനികളും ലക്ഷംവീടും അറ്റകുറ്റപ്പണികളിൾ നടത്താത്തതിനാൽ താമസയോഗ്യല്ല. പഞ്ചായത്തിലെ എല്ലാകുടുംബങ്ങൾക്കും താമസ സൗകര്യവും ലഭ്യമല്ല.

### പ്രശ്നങ്ങൾ

കോളനികളിൽ സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നില്ല. കോളനികളിൽ കുടിവെള്ളക്ഷാമം രൂക്ഷമാകുന്നു. എല്ലാ കോളനികളിലും വൈദ്യുതി ലഭിക്കുന്നില്ല. സഞ്ചാരയോഗ്യമായ റോഡില്ല. IRDP പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വീടുവയ്ക്കാൻ ധനസഹായം എല്ലാവർക്കും ലഭിക്കുന്നില്ല. IRDP പദ്ധതി പദ്ധതിപ്രകാരവും JRY പ്രകാരവും അതുപോലുള്ള മറ്റു പദ്ധതി പ്രകാരവും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കഞളജ ഉപഭോക്താകൾക്കു വീടുവയ്ക്കുന്നതിന് സാമ്പത്തികസഹായം അനുവദിക്കുമ്പോൾ അതിന്റെ 70%-ഉം SC/ST വിഭാഗക്കാർക്കായിരിക്കണമെന്ന നിബന്ധന ഉള്ളതുകൊണ്ട് ടി ഫണ്ടുകൾ ഉപയോഗിക്കാൻ കഴിയുന്നില്ല. SC/ST വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും വീടുകൾ ലഭ്യമാകുന്നില്ല. SC/ST വിഭാഗത്തിന് സ്ഥലമില്ലാത്തതിനാൽ അവർക്ക് സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ വീടുവയ്ക്കാൻ കഴിയുന്നില്ല. പുറമ്പോക്കിൽ താമസിക്കുന്ന SC/ST ഉൾപ്പെടെയുള്ളവർക്ക് വീടുവയ്ക്കാൻ സാമ്പത്തികസഹായം ലഭിക്കുന്നില്ല. ഭവന നിർമ്മാണ ബോർഡ് വഴി നൽകുന്ന ലോണുകളുടെ നടപടിക്രമം വിഷമം പിടിച്ചവയാകയാൽ അവരുടെ ലോൺ

സാധാരണക്കാർക്ക് എടുക്കാൻ കഴിയുന്നില്ല. തവണകളായി അനുവദിക്കുന്ന ലോൺ സമയാമയങ്ങളിൽ വിതരണം ചെയ്യുന്നില്ല. കെട്ടിടനിർമ്മാണ സാമഗ്രികളുടെ ദുസ്സഹമായ വില, വൈവിദ്ധ്യമുള്ള നിർമാണ തൊഴിലാളികളെ കിട്ടാൻ പ്രയാസം കെട്ടിടനിർമ്മാണ നിയമങ്ങൾ 3സെന്റ് കൈവശമുള്ളവരെ ബുദ്ധിമുട്ടിലാക്കുന്നു. IRDP ഉപഭോക്താക്കൾക്ക് അപേക്ഷ നൽകിയിട്ടും ധനസഹായം ലഭിക്കുന്നില്ല.

### പരിഹാരമാർഗ്ഗങ്ങൾ

പഞ്ചായത്തിൽ ഇന്നുള്ള 22 കോളനികളിലും വീടിന്റെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതാണ്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ചെറുകിട പദ്ധതിയോ, പൊതുകിണറുകളോ നിർമ്മിക്കണം. എല്ലാ കോളനികളിലും വൈദ്യുതി സൗജന്യമായി എത്തിക്കണം. കോളനികളിലേക്കുള്ള റോഡുകൾ സഞ്ചാരയോഗ്യമാക്കണം. 15 പട്ടികജാതി കുടുംബങ്ങളുള്ള ഈ പഞ്ചായത്തിലെ 5 സ്ഥലങ്ങളിൽകൂടി പട്ടികജാതി കോളനിയായി അടിയന്തിരമായി അംഗീകരിക്കണം. അവിടെ വീട്, കുടിവെള്ളം, വൈദ്യുതി, റോഡ് എന്നിവ അനുവദിക്കണം. സ്ഥലമില്ലാത്തവരും പുറമ്പോക്കിൽ താമസിക്കുന്നവരുമായ ദുർബല വിഭാഗക്കാർക്കും പഞ്ചായത്തിൽ നിന്ന് സ്ഥലം വാങ്ങി 4 സെന്റു വീതം നൽകണം. അതിൽ SC/ST ക്ഷേമ വകുപ്പുപ്രകാരം വീട്, കുടിവെള്ളം വൈദ്യുതി എന്നിവയെല്ലാം ലഭ്യമാക്കണം. പഞ്ചായത്തിലെ 30% ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബങ്ങൾക്ക് വീടുവയ്ക്കുന്നതിന് സാമ്പത്തിക സഹായവും ലോണും അനുവദിക്കണം. ഭവനനിർമ്മാണ ബോർഡ് വഴി ലഭിക്കുന്ന ലോണുകളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യണം. ഇന്ന് ഭവനനിർമ്മാണ ബോർഡിന്റെ ഓഫീസ് തിരുവനന്തപുരത്താകയാൽ, അവിടെ പോയി അപേക്ഷ കൊടുക്കുന്നതിനും, വായ്പകൾ അനുവദിപ്പിക്കുന്നതിനും സാധാരണക്കാരനു കഴിയുന്നില്ല. അതിനാൽ ഭവന നിർമ്മാണ ബോർഡ് വഴി ലോൺ ലഭിക്കുന്നതിന് ഉദ്യോഗസ്ഥർ അതാതു പഞ്ചായത്തിൽ വരികയും, ലോണനുവദിക്കുകയും, ലോൺ തിരിച്ചടയ്ക്കുന്നതിന് പഞ്ചായത്തു തലത്തിൽ സൗകര്യം ഉണ്ടാക്കുകയും വേണം. ഇന്ന് വിവിധ പേരുകളിൽ ഭവന നിർമ്മാണ ലോണുകളും, സൗജന്യമായി നൽകുന്ന ഗ്രാന്റുകളും നടപ്പിലാക്കുന്നുണ്ട്. എന്നാൽ അതാതു ഘട്ടങ്ങളിൽ കൃത്യമായി ലോൺ കിട്ടാറില്ല. തവണകളായി തരുന്ന ലോണിന് സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നൽകിയാൽ ഉടൻ സഹായം കിട്ടുന്നതിന് പഞ്ചായത്തു മുഖാന്തിരം ലോണുകൾ അനുവദിക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ ഉള്ളവർക്ക് ഇങ്ങനെയുള്ളവയല്ലാതെ, കിളിമാനൂർ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് മുഖാന്തിരവും, ചിറയിൻകീഴ് റൂറൽഹൗസിംഗ് സൊസൈറ്റി മുഖാന്തിരവും ഹൗസിംഗ് ലോണുകൾ അനുവദിക്കുന്നുണ്ടെങ്കിലും അവയും നടപടിക്രമങ്ങളുടെ ബാഹുല്യവും ഭീമമായ പലിശയും കാരണം സാധാരണക്കാരന് ലഭ്യമാകുന്നില്ല. ഭവന നിർമ്മാണ പദ്ധതികളിൽ “കൈരളി ഭവന” നിർമ്മാണപദ്ധതിയും, ലക്ഷംവീട് പദ്ധതിയും ആണ് സാധാരണക്കാരന് ലളിതമായ മാർഗ്ഗങ്ങളിൽകൂടി കിട്ടിയ ഭവനനിർമ്മാണ വായ്പകൾ എന്നു കാണാം' ഹൗസിംഗ് ബോർഡ് മുഖാന്തിരം നടപ്പാക്കുന്ന ദുർബലവിഭാഗങ്ങൾക്കുള്ള വായ്പാപദ്ധതി, ഇടത്തരം വരുമാനക്കാർക്കുള്ള വായ്പാ പദ്ധതി, ഉയർന്ന വരുമാനക്കാർക്കുള്ള വായ്പാ പദ്ധതി, ഹൗസിംഗ് കോംപ്ലക്സുകൾ, എന്നിവ നടപ്പിലാക്കുമ്പോൾ അപേക്ഷകൾ ലഭിക്കുന്നതിനും ലോണുകൾ അനുവദിക്കുന്നതിനും വായ്പകൾ സമയാസമയങ്ങളിൽ ലഭിക്കുന്നതിനും അവ ബ്ലോക്കുതലത്തിൽ ലഭിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. നിയമങ്ങളിൽ ലഘൂകരിക്കുകയും വേണം.

ഹഡ്കോയുടെ സാമ്പത്തിക സഹായത്തിൽ ലഭിക്കുന്ന ഭവനനിർമ്മാണ പദ്ധതിയുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുകയും അവ പഞ്ചായത്തു തലത്തിൽ ലഭിക്കേണ്ടതാണ്. രാജീവ് ദശലക്ഷം പദ്ധതി; നെഹ്റു റോസ്ക്കാർ യോജനാ പദ്ധതി' പ്രകൃതി

ക്ഷോഭ പുവരധിവാസ പദ്ധതി, പുനരധിവാസ ഭവനനിർമ്മാണ പദ്ധതി, താഴ്ന്ന വരുമാനക്കാർക്കുള്ള വായ്പാ പദ്ധതി, ഗ്രാമപ്രദേശങ്ങളിലെ ഭൂരഹിത തൊഴിലാളികൾക്ക് സ്ഥലം വാങ്ങി വീടുവച്ചു നൽകുന്ന പദ്ധതി ഇവയെല്ലാം സംയോജിപ്പിച്ച് IRDP ഉപഭോക്താക്കൾക്ക് അവരുടെ വരുമാനാടിസ്ഥാനത്തിൽ സബ്സിഡികളും, പലിശ രഹിതലോണുകളും അനുവദിച്ച് വീടില്ലാത്ത 30% ആളുകൾക്ക് വീടുണ്ടാക്കുന്നതിന് പഞ്ചായത്തു മുഖാന്തിരം, ജില്ലാകൗൺസിലിനും, ബ്ലോക്ക് പഞ്ചായത്തുകൾക്കും ഉള്ള അധികാരം കൂടി പഞ്ചായത്തിനു നൽകി ഭവന നിർമ്മാണപദ്ധതിക്ക് ആക്കം കൂട്ടി ഒൻപതാം പഞ്ചവത്സര പദ്ധതി തീരുമ്പോൾ 'എല്ലാവർക്കും വീട്' എന്ന സ്വപ്നം സാക്ഷാത്കരിക്കേണ്ടതാണ്. വീടു പുതുക്കിപ്പണിയുന്നതിനുള്ള ലോൺ ലോൺ അനുവദിക്കേണ്ടതാണ്. ഭൂരഹിത തൊഴിലാളികൾക്കു സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിനുള്ള പദ്ധതിയിലെ സ്ഥലത്തിന്റെ വില 3000/- Per Cent ആയി മാറ്റം വരുത്തണം.

# വനിത

ഇൻഡ്യൻ ഭരണഘടന സ്ത്രീ പുരുഷസമത്വവും തുല്യനീതിയും ഉറപ്പുവരുത്തുന്നതിനുപുറമേ രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ തുല്യപങ്കാളിത്തവും ഉറപ്പുവരുത്തുന്നുണ്ട്. ഈ വിധത്തിലുള്ള നിയമ പരിരക്ഷയും ഭരണപരിഷ്ക്കാരവും നിലനിൽക്കുന്നുണ്ടെങ്കിലും രാജ്യത്ത് പൊതുവേ പല കാര്യങ്ങളിലും സ്ത്രീകൾക്ക് അർഹമായ പരിരക്ഷ ലഭിക്കുന്നില്ലെന്ന വസ്തുത കണക്കിലെടുത്ത് സംസ്ഥാനത്തെ സ്ത്രീകൾക്ക് സമൂഹത്തിൽ പുരുഷനോടൊപ്പം എല്ലാതരത്തിലും സമത്വവും സാമൂഹ്യനീതിയും ഉറപ്പുവരുത്തുവാനുള്ള കർമ്മപരിപാടി 1531996ൽ ഉത്തരവായി എങ്കിലും ഈ പഞ്ചായത്തിലെ വികസന പ്രക്രിയയിലെ എല്ലാ പ്രവർത്തനങ്ങളിലും സ്ത്രീപങ്കാളിത്തം വളരെ കുറവായിരിക്കുന്നു.

കരവാരം ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 51.69% സ്ത്രീകളാണ്. അതായത് 25,655 പേരിൽ 13,260 പേർ സ്ത്രീകളാണ്. എന്നാൽ 6 വയസ്സുവരെയുള്ള കുട്ടികളുടെ എണ്ണം പരിശോധിച്ചാൽ 1756 ആൺകുട്ടികളും 1715 പെൺകുട്ടികളും ആണെന്ന് കാണാൻ കഴിയും. (അവലബം 1991. കനേഷുമാരി കണക്ക്).

സാക്ഷരതയുടെ കാര്യത്തിൽ സ്ത്രീകളെ അപേക്ഷിച്ച് പുരുഷന്മാർ മുന്നിലാണെന്നു കാണാം. 9,898 പുരുഷന്മാരും 9,678 സ്ത്രീകളും സാക്ഷരരാണ്. സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ കണക്ക് പരിശോധിച്ചാൽ ആകെയുള്ള 4043 കുട്ടികളിൽ 2,159 പേർ ആൺകുട്ടികളും 1884 പേർ പെൺകുട്ടികളും ആണെന്നു കാണാം.

(53.4% ആൺകുട്ടികളും 46.6% പെൺകുട്ടികളും). ഇവിടെ പെൺകുട്ടികളുടെ ജനനനിരക്കിലെ കുറവുകൊണ്ടാണോ അതോ മറ്റേതെങ്കിലും കാര്യം കൊണ്ടാണോ സ്കൂൾ കണക്കിൽ ഈ അന്തരം വന്നത് എന്നതിനെ സംബന്ധിച്ച് രേഖകളില്ല.

ഏതെങ്കിലും പ്രത്യേക ജനവിഭാഗങ്ങൾക്കിടയിൽ സ്ത്രീ പുരുഷ വിദ്യാഭ്യാസ കാര്യത്തിൽ അന്തരം ഉണ്ടോ എന്ന് പരിശോധിക്കുന്നതിനും വില ഇരുത്തുന്നതിനും രേഖകൾ ഇല്ല.

1991ലെ സെൻസസ്സ് റിപ്പോർട്ടു പ്രകാരം സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ആകെ തൊഴിൽ എടുക്കുന്നവരുടെ എണ്ണത്തിന്റെ 23.3% ആണ്.

സ്ത്രീപുരുഷത്തൊഴിലാളികളുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

വിവിധ തൊഴിൽ മേഖലകൾ പരിശോധിച്ചാൽ (സെൻസസ്സ് റിപ്പോർട്ട് ആധാരം) പുരുഷതൊഴിലാളികൾ ആണ് കൂടുതൽ. കൃഷിക്കാരുടെ എണ്ണം പരിശോധിച്ചാൽ1222 പുരുഷന്മാരും 270 സ്ത്രീകളുമാണ് ആ മേഖലയിൽ ഉള്ളത്. ഇങ്ങനെ ഉണ്ടാകാനുള്ള ഒരു കാരണം വിവര ശേഖരണ സമയത്ത് നൽകുന്ന തെറ്റായ വിവരങ്ങളാണ്. കാർഷിക തൊഴിലാളികളുടെ എണ്ണം പരിശോധിച്ചാൽ കാണുന്നത് 2069 പുരുഷന്മാരും 816 സ്ത്രീകളും എന്നാണ്. കൃഷിപ്പണിയുമായി

# കരവാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പദം അലങ്കരിച്ചവർ


എൻ. സുരേന്ദ്രൻ


എഴുവക്കൽ ദാമോദരൻ


എസ്. കൃഷ്ണൻകുട്ടി നായർ


പി. ജി. ശ്രീധരൻ


എൻ.കൃഷ്ണൻകുട്ടി നായർ


എൻ. സുഗതൻ


എ. സൈനുല്ലാബ്ദീൻ

ബന്ധപ്പെട്ടു നോക്കുമ്പോൾ സാധാരണ നെൽകൃഷിയുമായി ബന്ധപ്പെട്ടു ജോലിക്കു പോകുന്ന സ്ത്രീകളെ മാത്രമെ കർഷകതൊഴിലാളികളുടെ പട്ടികയിൽപ്പെടുത്തിയിട്ടുള്ളൂ.

നിർമ്മാണ രംഗത്ത് ഒട്ടനവധി സ്ത്രീ തൊഴിലാളികൾ പണിചെയ്യുന്നുവെങ്കിലും സെൻസസ്സ് റിപ്പോർട്ടു പ്രകാരം അവരുടെ എണ്ണം 9 ആണ്. സ്ത്രീ തൊഴിലാളികളിൽ മേശന്മാരില്ലാത്തതാകാം ഇതിനു കാരണം. സ്ത്രീകളെ സംബന്ധിച്ച് അവർ മേശന്റെ സഹായികളായാണ് നിർമ്മാണ മേഖലയിൽ പണിയെടുക്കുന്നതിനാലാകാം അത്തരക്കാരെ നിർമ്മാണ മേഖലയിൽ ഉൾപ്പെടുത്താത്തത്.

ജോലിയില്ലാത്തവരുടെ എണ്ണം പരിശോധിച്ചാൽ കാണാൻ കഴിയുന്ന ചിത്രം 10, 283 സ്ത്രീകൾ തൊഴിൽ ഇല്ലാത്തവരത്രെ. 6218 പുരുഷന്മാരും തൊഴിൽ രഹിതരാണ്. പ്രത്യേകമായി ഒരു ജോലിക്കും പോകാത്ത സ്ത്രീയും വീട്ടിൽ ശരാശരി 10 മണിക്കൂർ പണി ചെയ്യുന്നു എങ്കിലും സെൻസസ്സ് കണക്കുകളിൽ അവർ തൊഴിൽ ഇല്ലാത്തവരാണ്.

സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല എന്നില ഒഴിച്ചാൽ തുല്യജോലിക്ക് തുല്യ വേതനം എന്ന നിയമം വ്യാപകമായിട്ടില്ല. പുരുഷന്മാർക്കും സ്ത്രീകൾക്കും തമ്മിൽ കൂലിയുടെ കാര്യത്തിൽ വ്യത്യാസമുണ്ട്. കര ജോലികൾ ഉച്ചക്ക് ഒരു മണി വരെ ചെയ്യുന്നതിന് പുരുഷന് 70 രൂപ കൂലി ലഭിക്കുമ്പോൾ സ്ത്രീകൾക്ക് 50 രൂപയെ കൂലി ലഭിക്കാറുള്ളൂ. നിർമ്മാണ മേഖലയിൽ ഹെൽപ്പറായി ജോലി ചെയ്യുന്ന പുരുഷന് 1ദിവസം 100 രൂപ ലഭിക്കുമ്പോൾ സ്ത്രീകൾക്ക് പരമാവധി 85 രൂപ മാത്രമെ ലഭിക്കുന്നുള്ളൂ.

കാർഷിക മേഖലയിൽ മുൻപ് ഒട്ടനവധി സ്ത്രീകൾ പണി എടുത്തിരുന്നുവെങ്കിലും ഇന്ന് പലരും തൊഴിൽ മേഖല മാറി. കാർഷിക പണികളോട് പൊതുവിൽ ഉണ്ടായവെറുപ്പും നിർമ്മാണ മേഖലയിൽ അൽപ്പം ഉയർന്ന കൂലി ലഭിക്കുന്നതുമാണ് ഒരു കാരണം. അതുപോലെ തന്നെ നേരത്തെ കൂലിപ്പണിക്കു പോയിരുന്ന സ്ത്രികളിൽ ചിലർ വീട്ടിലെ സാമ്പത്തികനില മെച്ചപ്പെട്ടതിനെ തുടർന്ന് കൂലിവേലക്കുപോകുന്നത് നിർത്തലാക്കി.

DWERA പദ്ധതി പ്രകാരം പഞ്ചായത്തിലെ 5, 11 എന്നീ വാർഡുകളിൽ 199697ൽ 2 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു. 5-ാം വാർഡിലെ മെറ്റൽ കൈ കൊണ്ടടിക്കുന്ന യൂണിറ്റിൽ 13 പേരും 11-ാം വാർഡിലെ വീവിംഗ് മേഖലയിൽ 10പേരും പണി എടുക്കുന്നു.

സ്ത്രീകളുടെ സാമൂഹ്യപദവിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചാൽ മനസ്സിലാകുന്നത് സാമൂഹ്യരാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നേതൃസ്ഥാനത്ത് അവരുടെ എണ്ണം തുച്ഛമാണ്. 33% സംവരണം ഉള്ളതിനാൽ ഗ്രാമപഞ്ചായത്തിൽ 4 വനിതാ അംഗങ്ങളുണ്ട്. മുൻകാലത്ത് സംവരണം 2 ആയതിനാൽ 2 വനിതാംഗങ്ങളെ അന്നുണ്ടായിരുന്നുള്ളൂ. മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്.

**വനിതാരംഗത്തെ പ്രശ്നങ്ങൾ:**

1. സ്ഥിരമായ ജോലിലഭിക്കാത്തതിനാൽ കൂലിപ്പണിക്കാരായ സ്ത്രീകൾ ബുദ്ധിമുട്ടുന്നു. സ്ത്രീകളെ ആശ്രയിച്ച് കുടുംബ ജീവിതം നയിക്കുന്ന വീടുകളുടെ സ്ഥിതി പണിയില്ലാത്ത സമയത്ത് ദുരിതപൂർണ്ണമാകുന്നു.
2. തുല്യജോലിക്കു തുല്യവേതനം എന്ന നയം ഇല്ലാത്തതിനാൽ വൈകുന്നേരം വരെ പണിയെടുത്താലും കൂലിയുടെ കാര്യത്തിൽ പുരുഷനെ അപേക്ഷിച്ച് സ്ത്രീകൾക്ക് 20% മുതൽ 30% വരെ കുറവുണ്ടാകുന്നു.
3. പ്രാഥമികാവശ്യങ്ങൾക്കുള്ള പൊതുസ്ഥലങ്ങൾ പഞ്ചായത്തിൽ എങ്ങും തന്നെയില്ല. ഇതിനാൽ കൂടുതൽ ബുദ്ധിമുട്ടുന്നത് സ്ത്രീകളാണ്.
4. വനിതാക്ഷേമ സഹകരണസംഘങ്ങൾ മഹിളാസമാജങ്ങൾ ഇവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.
5. അർഹതയുള്ളവർക്ക് എല്ലാംതന്നെ അർഹതപ്പെട്ട വിവിധ പെൻഷനുകൾ ലഭിക്കുന്നില്ല.

**സാധ്യതകൾ**

1. അംഗൻവാടികളുടെയും മഹിളാസമാജങ്ങ ളുടെയും പ്രവർത്തനങ്ങൾ ഊർജ്ജിതവും വ്യാപകവും ആക്കുകയും അതിലൂടെ സ്ത്രീകൾക്ക് കൂടുതൽ സഹായങ്ങൾ ചെയ്യാനും സാധിക്കും. സ്ത്രീകളുടേയും കുട്ടികളുടേയും പ്രശ്നങ്ങൾ ചർച്ച ചെയ്യു ന്നതിന് മാസത്തിൽ ഒരു ദിവസം എങ്കിലും ഒത്തുചേരുകയും ജീവിത ത്തിന്റെ വിവിധ മേഖലകളിലെ പ്രശ്ന ങ്ങൾ ചർച്ചചെയ്യുകയും പരിഹാരനിർദ്ദേ ശങ്ങൾ സമർപ്പിക്കുകയും ആവാം.
2. കൈത്തറി, മൺപാത്ര നിർമ്മാണം എന്നിവ നവീകരിച്ച് പുതിയ തൊഴിൽ സാധ്യതകൾ കണ്ടെത്താൻ കഴിയും.
3. ഇന്ന് കൃഷി മുഖ്യതൊഴിലായി സ്വീകരി ച്ചവരുടെ എണ്ണം പരിമിതമാണ്. അതി നാൽ തന്നെ പച്ചക്കറികൾ പോലും വീടു കളിൽ ഉൽപ്പാദിപ്പിക്കുന്നില്ല. മഹിളാസമാ ജങ്ങളെയും അംഗൻവാടികളെയും സഹ കരിപ്പിച്ചുകൊണ്ട് വനിതകൾക്ക് സ്വന്തം പുരയിടത്തിൽ പച്ചക്കറി കൃഷി നടത്തു വാൻ സാധിക്കും. വീട്ടാവശ്യത്തിന് കഴി ഞ്ഞിട്ട് ബാക്കിയുള്ളവ വിപണനം നട ത്താനും കഴിയും. അങ്ങനെയായൽ ചെറു തെങ്കിലും ഒരു തുക സ്ഥിരമായി കൈക ളിലെത്തിച്ചേരും.
4. വികസനപ്രക്രിയയിൽ വനിതകളെ തുല്യ പങ്കാളിആയി പരിഗണിക്കുന്ന ഒരു സാമൂഹ്യ അന്തരീക്ഷം സൃഷ്ടിക്കണം. അതിനായി ഭരണഘടന വാഗ്ദാനം ചെയ്തിട്ടുള്ള സ്ത്രീപുരുഷ സമത്വത്തെ ദോഷകരമായി ബാധിക്കുന്ന തരത്തിൽ നിലവിലുള്ള നിയമങ്ങളിൽ കാണപ്പെടുന്ന വിടവുകളും അപര്യാപ്തകളും പോരായ്മ കളും കണ്ടുപിടിച്ച് അവ പരിഹരിക്കുന്ന തിനാവശ്യമായ നിയമനിർമ്മാണങ്ങൾ നട ത്തേണ്ടതാണ്. സ്ത്രീകൾക്ക് വിശേഷിച്ച് കൗമാരപ്രായത്തിലുള്ള പെൺകുട്ടി കൾക്കും എതിരെയുള്ള എല്ലാവിധ വിവേ ചനവും പൂർണ്ണമായി ഇല്ലാതാക്കുകയും അവർക്ക് സുരക്ഷിതത്വവും സംരക്ഷയും ഉറപ്പാക്കുകയാണെങ്കിൽ നിർഭയം എല്ലാ തുറകളിലും അവർക്ക് പുരുഷനോടൊപ്പം ജോലി ചെയ്യുവാൻ കഴിയും.
6. വനിതാവിഭവശേഷി കാര്യക്ഷമമായി വിനിയോഗിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് തൊഴിൽരഹിതരായ വനിതകൾക്കായി ഉല്പാദനപരിശീലനകേന്ദ്രങ്ങൾ ആരംഭി ക്കുക.
7. വനിതകളുടെ അവകാശങ്ങളും സ്ത്രീപു രുഷസമത്വവും സംരക്ഷിക്കുന്നതിനാൽ ഏർപ്പെട്ടിട്ടുള്ള സംഘടനകൾക്കും മറ്റു പ്രസ്ഥാനങ്ങൾക്കും സഹായം നൽകേണ്ട താണ്.
8. വനിതാസ്ഥാപനങ്ങളിൽനിന്ന് ഉല്പാദിപ്പി ക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതി നായി സൗജന്യനിരക്കിൽ വിപണന സൗകര്യങ്ങൾ പഞ്ചായത്തുതലത്തിൽ ഏർപ്പെടുത്തികൊടുക്കേണ്ടതാണ്. അങ്ങനെ വന്നാൽ സ്ത്രീകൾക്ക് ചെയ്യാ വുന്ന ചെറുകിടവ്യവസായങ്ങളിൽ കൂടു തൽപേർ പങ്കാളി ആവുകയും അപ്രകാരം കുടുംബത്തിനും പഞ്ചായത്തിനും വരു മാനം ഉണ്ടാക്കാനും തൊഴിൽ ഇല്ലായ്മ ഒരു പരിധിവരെ പരിഹരിക്കാനും കഴിയും.
9. ഈ പഞ്ചായത്തിന്റെ എല്ലാ വാർഡിലും അംഗൻവാടികൾ അനുവദിക്കുന്നതിന് വേണ്ട നടപടികൾ എടുക്കുകയും സമൂ ഹത്തിലെ ദുർബലവിഭാഗത്തിലുള്ള സ്ത്രീകൾക്ക് അവരുടെ മൗലികമായ നിയ മാവകാശങ്ങളേയും പരിഹാരമാർഗങ്ങ ളെയും കുറിച്ച് അറിവ് ലഭിക്കുന്നതിനായി പ്രാദേശിക ഭാഷയിൽ ലളിതമായ ഒരു നിയമ സാക്ഷരതാസംഹിത (ലീഗൽ ലിറ ററസി മാന്വൽ) തയ്യാറാക്കി പ്രസിദ്ധീക രിക്കുകയും ചെയ്യുക.

ഈ പഞ്ചായത്തിലെ ആകെ വാർഡുകൾ 11 എണ്ണം.

അതിൽ സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്നത് (ജനറൽ) 3 എണ്ണം. (2, 6, 11 എന്നീ വാർഡുകൾ).

പട്ടികജാതി സ്ത്രീസംവരണം (8 വാർഡ്) 1 എണ്ണം.

# KARAVARAM PANCHAYAT PANCHAYAT PRIMARY CENSUS ABSTRACT OF THIRUVANANTHAPURAM

| Total Main workers | | Cultivators | | Agricultural Labourers | | Livestock, Forestry, Fishing, Hunting & Plantation Orchards & allied activities | | Mining and Quarrying | | Manufacturing Processing, Servicing & Repairs in Household Industry | | Manufacturing Processing, Servicing & Repairs in other than Household Industry | | Construction | | Trade and commerce | | Transport Storage & communications | | Other Services | | Marginal Workers | | Non-workers | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | I | | II | | III | | IV | | Va | | Vb | | VI | | VII | | VIII | | IX | | | | | |
| M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F |
| 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 | 30 | 31 | 32 | 33 | 34 | 35 | 36 | 37 | 38 | 39 | 40 | 41 | 42 | 43 |
| 5784 | 1758 | 1222 | 270 | 2069 | 816 | 91 | 8 | 22 | 11 | 55 | 22 | 363 | 315 | 289 | 9 | 617 | 26 | 425 | 21 | 631 | 260 | 393 | 1219 | 6218 | 10283 |
| 613 | 213 | 93 | 5 | 156 | 17 | 18 | - | 1 | - | 6 | 3 | 47 | 147 | 27 | 4 | 77 | 4 | 63 | 3 | 125 | 30 | 26 | 29 | 642 | 1090 |
| 350 | 136 | 61 | 21 | 48 | 29 | 2 | 2 | 1 | 1 | 11 | 1 | 22 | 36 | 39 | 4 | 77 | 2 | 34 | 2 | 55 | 38 | 69 | 67 | 560 | 922 |
| 259 | 68 | 71 | 10 | 85 | 21 | 1 | 2 | 10 | 9 | 3 | - | 10 | 13 | 9 | 1 | 31 | 1 | 16 | 1 | 23 | 10 | 69 | 122 | 526 | 789 |
| 498 | 226 | 104 | 12 | 259 | 152 | 3 | 1 | - | - | - | - | 29 | 33 | 5 | - | 32 | 7 | 26 | 1 | 40 | 20 | 3 | 5 | 421 | 820 |
| 606 | 214 | 43 | 17 | 348 | 155 | 16 | - | - | - | 8 | 2 | 32 | 12 | 25 | - | 38 | - | 42 | 1 | 54 | 27 | 2 | 4 | 525 | 1038 |
| 488 | 157 | 95 | 2 | 181 | 77 | 26 | - | - | - | 4 | 2 | 28 | 32 | 24 | - | 46 | 2 | 41 | 7 | 43 | 35 | 29 | 102 | 513 | 851 |
| 699 | 230 | 181 | 132 | 176 | 61 | 5 | 1 | - | - | 5 | - | 46 | 11 | 48 | - | 103 | 3 | 69 | 2 | 66 | 20 | - | 146 | 806 | 1135 |
| 678 | 212 | 162 | 45 | 176 | 94 | 7 | - | 9 | - | 9 | 7 | 51 | 20 | 59 | - | 89 | 4 | 66 | 2 | 50 | 40 | 89 | 197 | 663 | 1123 |
| 738 | 122 | 160 | 11 | 292 | 79 | 10 | 1 | 1 | 1 | 5 | - | 54 | 5 | 31 | - | 71 | - | 44 | - | 70 | 25 | 69 | 222 | 716 | 1285 |
| 855 | 180 | 252 | 15 | 348 | 131 | 3 | 1 | - | - | 4 | 7 | 44 | 6 | 22 | - | 53 | 3 | 24 | 2 | 105 | 15 | 37 | 325 | 846 | 1230 |

## പഞ്ചായത്തിലെ റോഡുകളെ സംബന്ധിക്കുന്ന വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ

| വാർഡ് | റോഡിന്റെ സ്വഭാവം | | | ഉടമസ്ഥത | | |
|---|---|---|---|---|---|---|
| | കച്ച കി.മി. | പക്ക കി.മി. | മെറ്റൽ | പഞ്ചായത്ത് | PWD | NH |
| I | 12.25 | 2.87 | 0.75 | 13.12 | 1.75 | 1 |
| II | 11.5 | 3.5 | - | 11.5 | 3.5 | - |
| III | 18.0 | 3.5 | - | 18.0 | 3.50 | - |
| IV | 17.5 | 1.5 | - | 17.5 | 1.5 | - |
| V | 14 | 3.5 | - | 15.5 | 2 | - |
| VI | 8 | 4.75 | - | 10 | - | 2.75 |
| VII | 11 | 3 | - | 13.5 | - | 0.5 |
| VIII | 11.5 | 2.7 | 1 | 13.7 | 1.5 | - |
| IX | 18.5 | - | 1 | 19.5 | - | - |
| X | 4.5 | - | - | 4.5 | - | - |
| XI | 14 | - | - | 14 | - | - |

അവലംബം പഞ്ചായത്ത് റോഡ് രജിസ്റ്റർ

## കരവാരം പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ വിവരം

| ഇനം | എണ്ണം | വാട്ട് | പ്രവർത്തന സമയം/ ഒരുദിവസം | ഊർജ്ജനികുതി പ്രതിമാസം/ ഓരോന്നിനും രൂപ | ആകെ ഊർജ്ജ നികുതി |
|---|---|---|---|---|---|
| ബൾബ് | 567 | 40ഡ | 6മണിക്കൂർ | 11 | 6237 |
| ബൾബ് | 41 | 60ഡ | 6 " | 14 | 574 |
| ബൾബ് | 8 | 100ണ | 12 " | 21.50 | 172 |
| ഫ്ളൊറോസെന്റ് ട്യൂബ് | 57 | 80ഡ | 6 " | 27 | 1537 |
| ഫ്ളൊറോസെന്റ് ട്യൂബ് | 18 | 80ണ | 12 " | 35 | 630 |
| മെർക്കുറി വേപ്പർലാമ്പ് | 1 | 125 | 12 | 42 | 42 |
| | | | | | 9194 |

# സഹകരണമേഖല

കരവാരം പഞ്ചായത്തിൽ സഹകരണസംഘത്തിന്റെ ചരിത്രം ആരംഭിക്കുന്നത് മുപ്പതുകളുടെ ആദ്യം സ്ഥാപിച്ച സാധുസംരക്ഷണ സമിതിയുടെ പ്രവർത്തനങ്ങളോടെയാണ്. പൊതുജനക്ഷേമം ലക്ഷ്യമാക്കി രൂപം കൊണ്ട ഈ സ്ഥാപനം സങ്കുചിത കക്ഷി രാഷ്ട്രീയത്തിന്റേയും, പ്രാദേശികമേധാവിത്വത്തിന്റേയും, ലക്ഷ്യബോധമില്ലായ്മയുടേയും ഫലമായി ഉദ്ദേശലക്ഷ്യങ്ങളിലെത്താതിരിക്കുകയും അങ്ങനെ ജനങ്ങളാൽ സ്വയം തിരസ്കരിക്കപ്പെട്ടുപോവുകയും ചെയ്തു. ഈ സംഘത്തിന്റെ തകർച്ചയിൽ നിന്നുള്ള അനുഭാവം ഉൾക്കൊണ്ടുകൊണ്ട് 1968-ൽ തോട്ടയ്ക്കാട് കേന്ദ്രമാക്കി 'കരവാരം പഞ്ചായത്ത് സർവ്വീസ് സഹകരണസംഘം' രൂപം കൊണ്ടു.

ഓപ്പറേഷൻ ഫ്ളഡ് II പദ്ധതിപ്രകാരം രൂപം കൊണ്ട പ്രാധമിക ക്ഷീരോൽപ്പാദന സഹകരണസംഘങ്ങൾ.....ൽ വഞ്ചിയൂരും കരവാരത്തും.......ൽ വണ്ടിത്തടവും രൂപം കൊണ്ടു.

1987-ൽ സർക്കാർ നിയമമനുസരിച്ച് വനിതകളുടെ ക്ഷേമം ലക്ഷ്യമാക്കി 1988-ൽ പൂല്ക്കർ മുക്ക് കേന്ദ്രമാക്കി ഒരു വനിതാക്ഷേമസഹകരണസംഘം രൂപീകരിച്ചു എങ്കിലും, സാധ്യതകൾ പ്രയോജനപ്പെടുത്താതെ നിർജീവാവസ്ഥയിൽ തുടരുന്നു. വിദഗ്ദ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് 1993-ൽ ചാത്തമ്പാറ കേന്ദ്രമാക്കി ആറ്റിങ്ങൽ അൺ എംപ്ലോയിഡ് സ്കിൽഡ് വർക്കേഴ്സ് എന്ന പേരിൽ ഒരു സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിനായി രൂപം കൊണ്ട കരവാരം പട്ടികജാതി വെൽഫെയർ സൊസൈറ്റിയും നിലവിലുണ്ട്.

കരവാരം പഞ്ചായത്തിൽ വിവിധ മേഖലകളിലായി ഇപ്പോൾ 9 സഹകരണസ്ഥാപനങ്ങൾ നിലവിലുണ്ട്. ഇതിൽ കരവാരം സർവ്വീസ് സഹകരണബാങ്കും, കരവാരം പട്ടികജാതി വെൽഫെയർ സൊസൈറ്റിയും, ക്രെഡിറ്റ് വിഭാഗത്തിലും മറ്റുള്ളവ നോൺ-ക്രെഡിറ്റ് വിഭാഗത്തിലും പെട്ടവയാണ്. കരവാരം സർവ്വീസ് സൊസൈറ്റി രൂപം കൊണ്ടത് 1968ൽ ആണ്. ഇന്ന് 8300 അംഗങ്ങളും 12 ലക്ഷം രൂപ അംഗീകൃതമൂലധനവും ഉള്ള സ്ഥാപനമായി ഈ ബാങ്ക് വളർന്നു കഴിഞ്ഞു. അംഗങ്ങളിൽ നിന്നായി 10,83,984/-രൂപ ഓഹരിമൂലധനമായി ഈ ബാങ്കിന് ഉണ്ട്. സർക്കാരിന്റെ ഓഹരിയായി ലഭിച്ച 50,000/-രൂപയും ഈ ബാങ്കിന്റെ ആസ്ഥിയാണ്. ഈ സ്ഥാപനത്തിൽ ഇപ്പോൾ 14 ജീവനക്കാർ ഉണ്ട്. അതിൽ 5 പേർ വനിതകളാണ്.

പൊതുജനങ്ങളിൽ നിന്ന് 68 ലക്ഷം രൂപ സ്ഥിരം നിക്ഷേപങ്ങളായും 9 ലക്ഷം രൂപ ഹ്രസ്വകാലനിക്ഷേപങ്ങളായും ഈ ബാങ്കിൽ ഉണ്ട്. കാർഷികവായ്പാഇനത്തിൽ 44,17,225/- രൂപയും മറ്റിനങ്ങളിൽ 48,87660/- രൂപയും ഈ ബാങ്ക് വായ്പ നൽകിയിട്ടുണ്ട്. ഈ ബാങ്കിന്റെ കീഴിൽ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ മറ്റുചിലസേവനങ്ങളും നടത്തുന്നുണ്ട്.

വളം വ്യാപാരം, ഉപഭോക്ത സാധനങ്ങളുടെ വ്യാപാരം, ജൗളിവ്യാപാരം, ബാങ്കിംഗ്, ബിസിനസ്സ്, ചിട്ടി തുടങ്ങിയവ ഈ ബാങ്കിലൂടെ നടത്തുന്നു. ഇപ്പോൾ ടി.വി, ഫ്രിഡ്ജ്, ഗൃഹോപകരണങ്ങൾ തുടങ്ങിയവ തവണ വ്യവസ്ഥകളിലും നൽകുന്നുണ്ട്. ഈ ബാങ്കിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ രണ്ടുവില്ലേജുകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വഞ്ചിയൂർ കേന്ദ്രമാക്കി ഒരു ശാഖയും ഇപ്പോൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

25,000 ലധികം ജനങ്ങൾ ഉള്ള പഞ്ചായത്തിലെ സർവ്വീസ് ബാങ്കിൽ 8000 അംഗങ്ങളെ ഉള്ളൂ. കുട്ടികളേയും പ്രായം ചെന്നവരേയും ഒഴിവാക്കിയാലും ജനസംഖ്യയുടെ പകുതി പേർക്കെങ്കിലും അംഗത്വം കിട്ടത്തക്കരീതിയിൽ ഇതിന്റെ പ്രവർത്തനം വിപുലീകൃതമാക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ കൂടുതൽ ബാങ്കിംഗ് ഇടപാട് നടത്താൻ കഴിയുന്ന രീതിയിലേക്ക് മാറുകയും പൊതുജനങ്ങളിൽ നിന്ന് കൂടുതൽ നിക്ഷേപങ്ങൾ കണ്ടെത്താനും കഴിയണം. ഇപ്പോഴും അത്യാവശ്യകാര്യങ്ങൾക്ക് ഹുണ്ടികക്കാരന്റെ കൈയിൽനിന്ന് സ്വർണ്ണം പണയം വച്ച് പണം കടം കൊള്ളുന്നവർ ധാരാളം ഉണ്ട്. ഇവർ 40% മുതൽ 50% വരെ പലിശനൽകാൻ നിർബന്ധിതരാകുന്നു. പാവപ്പെട്ടവരും ഇടത്തരക്കാരും ആണ് ഇങ്ങനെയുള്ള കടക്കെണിയിൽ വീഴുന്നത്. ഇവരെ രക്ഷിക്കാനും കുറഞ്ഞ കാലയളവിലേക്ക് ആണെങ്കിൽ പോലും കുറഞ്ഞ പലിശക്ക് പണം നൽകാനും ബാങ്കിനു സാധിക്കണം.

**ക്ഷീരസഹകരണ സംഘങ്ങൾ**

നമ്മുടെ പഞ്ചായത്തിൽ 5 ക്ഷീരോല്പാദക സഹകരണസംഘങ്ങൾ ഉണ്ട്. എന്നാൽ വാർഡ് 7,8,11 എന്നിവിടങ്ങളിലെ ക്ഷീര കർഷകരെ സംബന്ധിച്ച് സഹകരണസംഘങ്ങൾ സൗകര്യപ്രദമായ സ്ഥലത്തുനിലവിലില്ല. അതിനാൽ ക്ഷീരകർഷകർ പാൽ വിപണനത്തിന് ബുദ്ധിമുട്ടുന്നു. പഞ്ചായത്തിലെ അഞ്ചു സംഘങ്ങളിൽക്കൂടി പ്രതിവർഷം 442038 ലിറ്റർ പാൽ ശേഖരിക്കുകയും 92,609 ലി പാൽ പഞ്ചായത്തിൽ തന്നെ വിതരണം നടത്തുകയും ശേഷിക്കുന്ന 349429 ലിറ്റർ പാൽ മിൽമയിലേക്കയക്കുകയും ചെയ്യുന്നു.

മിൽമാ പ്രോസസ്സ് ചെയ്ത് സ്റ്റാൻഡഡൈസ് ചെയ്ത പാൽ ലിറ്ററിന് 10.50 രൂപാ നിരക്കിൽ വിൽക്കുന്നുവെങ്കിലും ക്ഷീരകർഷകന് ലഭിക്കുന്ന വില ശരാശരി 8.25 രൂപയാണ്. എന്നാൽ പ്രാഥമിക ക്ഷീരസംഘങ്ങൾക്കു നൽകുന്ന വിലയാകട്ടെ 8.50 രൂപയും. പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ സംഭരിക്കുന്ന പാൽ പ്രാദേശികമായി വിൽക്കുകയാണെങ്കിൽ ഓരോ ലിറ്ററിനും ശരാശരി 2 രൂപാ വീതം സംഘത്തിനു ലാഭമുണ്ടാക്കാൻ കഴിയും. ഇതിന്റെ ഫലം ക്ഷീര കർഷകന് ലഭിക്കുകയും ചെയ്യും. എന്നാൽ സംഭരിക്കുന്ന പാലിന്റെ 30%ത്തിലധികം പ്രാദേശികമായി വില്പന നടത്താൻ പാടില്ല എന്ന് മിൽമാ മാർക്കറ്റിംഗ് സൊസൈറ്റിയുടെ നിബന്ധന നിലനിൽക്കുന്നത് പ്രാദേശിക വില്പനക്ക് തടസ്സമാകുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന് സംഭരിക്കുന്ന പാലിന്റെ 30%മേ പ്രാദേശികമായി വിൽപ്പന നടത്താവൂ എന്ന നിബന്ധന റദ്ദാക്കുകയും, സംഭരിക്കുന്ന പാൽ പ്രാദേശികമായി വില്പന നടത്തിയശേഷം മിച്ചം വരുന്ന പാൽ മാത്രം മിൽമക്കു കൊടുത്താൽ മതി എന്ന നിയമം നടപ്പിലാക്കുകയും ചെയ്താൽ ഇന്ന് നിലവിലിരിക്കുന്ന വില വർദ്ധിപ്പിക്കാതെ തന്നെ ക്ഷീര കർഷകന് കഴിയും. ഇതുമൂലം കാലിത്തീറ്റയുടെ വില വർദ്ധനകൊണ്ട് പൊറുതിമുട്ടുന്ന കർഷകന് അല്പമെങ്കിലും ആശ്വാസത്തിന് വക നൽകാൻ കഴിയും.

**ക്ഷീര സഹകരണ സംഘത്തിന്റെ പാൽ സഭരണ വിതരണ വിവരങ്ങൾ**

| സംഘത്തിൻ പേര് | മൊത്തം ശേഖരി രിക്കുന്ന പാൽ (ലിറ്റർ) | പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് (ലിറ്റർ) | പുറത്തേക്ക് അയക്കുന്നത് (ലിറ്റർ) |
|---|---|---|---|
| വഞ്ചിയൂർ T 150 (D) APCOS | 132217.7 | 11593.1 | 120624.6 |
| വണ്ടിത്തടം T 23 (D) APCOS | 59324.3 | 8593.9 | 50730.4 |
| പുല്ലൂർമുക്ക് T 221(D) APCOS | 108095.7 | 52907.7 | 55188.0 |
| കരവാരം T 137 (D) APCOS | 79054.6 | 13348.3 | 65706.3 |
| തോട്ടയ്ക്കാട് T 141 (D) APCOS | 63345.7 | 6160.6 | 57185.1 |

**പട്ടികജാതി സഹകരണ സംഘം**

പഞ്ചായത്തിൽ കണ്ണാട്ടുകോണം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പട്ടിക ജാതി ക്ഷേമസഹകരണ സംഘത്തിന്റെ പ്രവർത്തനം കൺസ്യൂമർ സ്റ്റോറിന്റെ പ്രവർത്തനത്തിൽ മാത്രം ഇന്നൊതുങ്ങി നിൽക്കുന്നു. മുൻകാലങ്ങളിൽ അംഗങ്ങൾക്ക് വായ്പാ വിതരണവും, കൃഷി സൗകര്യപ്രദമാക്കുന്നതിനുവേണ്ടി ടില്ലറും നൽകിയിരുന്ന സംഘം ഇന്ന് പ്രതിസന്ധിയിലാണ്. സംഘത്തിന് ജില്ലാ ബാങ്കിലുണ്ടായ ഭാരിച്ച വായ്പാ കുടിശിഖ നികത്തുന്നതിന് സർക്കാരിൽനിന്നും ഗ്രാന്റായി തുക അനുവദിക്കുകയും, വായ്പ, കുടിശിഖയുള്ള അംഗങ്ങളിൽ നിന്നും കുടിശിഖ പിരിച്ചെടുക്കുകയും ചെയ്താൽ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയും.

**വനിതാക്ഷേമസഹകരണസംഘം**

1988 ൽ പുല്ലൂർമുക്ക് കേന്ദ്രമാക്കി വനിതാ ക്ഷേമ സഹകരണസംഘം പ്രവർത്തനം ആരംഭിച്ചുവെങ്കിലും ഉദ്ദേശലക്ഷ്യങ്ങൾ അനുസരിച്ചുള്ള പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥിരമായി ഒരു ജമശറ ടലരൃലമ്യേ ഇല്ലാത്തതിനാൽ സംഘത്തിന്റെ ദൈനം ദിന ഭരണം മുന്നോട്ടു കൊണ്ടുപോകുന്നതിനോടൊപ്പം പുതിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനോ സാധിക്കാതെ വരുന്നു. ആവശ്യത്തിനനുസരിച്ച് മൂലധനം സ്വരൂപിക്കാൻ കഴിയാത്തതാണ് ഒരു ജമശറ ടലരൃലമ്യേ യെ നിയമിക്കുന്നതിന് വിഘാതമായി നിൽക്കുന്നത്. ഈ സഹകരണസംഘത്തിന് മൂലധനം സ്വരൂപിച്ച് പ്രവർത്തനം ആരംഭിക്കുകയാണെങ്കിൽ ബുക്ക്ബയന്റിംഗ്, അച്ചാർ നിർമ്മാണം, തയ്യൽ എന്നീ തൊഴിലുകളിൽ ജോലി നൽകാനും പുതുതായി ഒട്ടനവധി വനിതകൾക്ക് പരിശീലനം നൽകുവാനും സാധിക്കും.

**പ്രശ്നങ്ങൾ**

1. NABARD-ൽ നിന്ന് കാർഷികേതര വായ്പസംഘങ്ങൾക്ക് ലഭിക്കാത്തതിനാൽ

സംഘാംഗങ്ങൾക്ക് കാർഷികേതരവായ്പ കുറഞ്ഞ പലിശക്കു നൽകാൻ കഴിയുന്നില്ല. ഇതു പരിഹരിക്കുന്നതിന് NABARD കാർഷികേതര സഹായം സഹകരണ സംഘങ്ങൾക്ക് മിതമായ പലിശനിരക്കിൽ നൽകേണ്ടതാണ്. സംഘങ്ങൾ സ്വയം പര്യാപ്തമായാൽ പിന്നെ NABARD സഹായം നിർത്തലാക്കുകയും ചെയ്യാം (കാർഷികേതര വായ്പയുടെ കാര്യത്തിൽ).

2. സാമ്പത്തികഞെരുക്കം അനുഭവപ്പെടുന്നവർ കാർഷിക വായ്പ എടുക്കുന്നുവെങ്കിലും പലപ്പോഴും അതു വിനിയോഗിക്കുന്നത് കാർഷികേതര മേഖലയിലാണ്. ഇതുമൂലം കാർഷികവായ്പയുടെ തിരിച്ചടവും വൈകുന്നു.

3. അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഉപഭോക്തൃമേഖല ആതുരസേവനം, വിദ്യാഭ്യാസം എന്നിവയിൽ സഹകരണ പ്രസ്ഥാനത്തിന്റെ അഭാവം പ്രകടമാണ്.

**സാദ്ധ്യതകൾ**

ഓരോ വാർഡിലും കുറഞ്ഞത് 100 പേരെ ചേർത്ത് ഒരു ഉപഭോക്തൃസഹകരണസംഘം വീതം രൂപീകരിക്കാം. ഇക്കാലത്ത് ഒരു വീട്ടിൽ ശരാശരി പ്രതിമാസം 500/– രൂപയുടെ നിത്യോപയോഗസാധനങ്ങൾ വാങ്ങുന്നുണ്ട്. ഒരു മാസത്തെ തുകയായ 500/– രൂപ മുൻകൂറായി 100 പേരിൽനിന്നു സ്വരൂപിച്ചാൽ പ്രവർത്തന മൂലധനമായി 50,000/– രൂപ ലഭിക്കും. ഈ മൂലധനവും സർക്കാർ സഹായവും ഉപയോഗിച്ച് നിത്യോപയോഗസാധനങ്ങൾ പൊതുമാർക്കറ്റിനേക്കാൾ കുറഞ്ഞവിലയ്ക്ക് വിപണനം നടത്തുന്ന സ്ഥാപനം ആരംഭിക്കാനാവും. ഇത്തരത്തിലൊരു സംഘം തുടങ്ങുമ്പോൾ തന്നെ മുൻപുണ്ടായ അനുഭവം വിലയിരുത്തേണ്ടതുമാണ്. ഈ പഞ്ചായത്തിലുണ്ടായിരുന്ന റൂറൽ കൺസ്യൂമർ സ്കീം സഹകരണമേഖലയിലെ മറ്റു കൺസ്യൂമർ സഹകരണസംഘങ്ങൾ പോലെ നഷ്ടത്തിലെത്തി തകർന്നുപോവുകയാണ് ചെയ്തത്. തകരാനുണ്ടായ പ്രധാനകാരണങ്ങൾ കച്ചവടമനോഭാവമുള്ള മാനേജ്മെന്റിന്റെ അഭാവം, ദൈനംദിന വിലയെ നിയന്ത്രിക്കാൻ തക്കവണ്ണമുള്ള ശേഷിയില്ലായ്മ എന്നിവയാണ് ആവശ്യം വേണ്ട നിത്യോപയോഗ സാധനങ്ങളുടെ ഏറിയ പങ്കും പ്രാദേശികമായി ഉല്പാദിപ്പിക്കുന്നതിന് കർഷകനെ പ്രേരിപ്പിക്കുകയും കർഷകൻ ഉല്പാദിപ്പിച്ച ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് സംഭരിച്ച് വിതരണം നടത്തുകയും, പ്രാദേശികമായി സ്വരൂപിക്കാൻ കഴിയാത്തവ മറ്റു മേഖലയിൽ നിന്നും കണ്ടെത്തി വിപണനം നടത്താവുന്നതാണ്.

കർഷകരിൽനിന്നും ലഭിക്കുന്ന മിച്ച ഉല്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വാങ്ങി സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും കൺസ്യൂമർ സഹകരണ സംഘങ്ങൾ അതിന്റെ പ്രവർത്തനത്തിൽ നവീകരണം ഉറപ്പാക്കണം. ഇതിനായി ഗോഡൗൺപോലുള്ള സൗകര്യങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്.

രാസവളങ്ങൾ, കീടനാശിനികൾ, കൃഷിപ്പണികളുടെ കൂലിയിലുണ്ടായിട്ടുള്ള വർദ്ധനവ് തുടങ്ങിയവ കാർഷികവൃത്തിയിൽ നിന്നും കൃഷിക്കാരനെ പിൻതിരിപ്പിക്കുന്ന സാഹചര്യത്തിൽ കൂട്ടുകൃഷി മെച്ചപ്പെടുത്തുന്നതിന് ഫാമിംഗ് സംഘങ്ങൾ രൂപീകരിക്കുന്നതും നിലവിലുള്ളവ മെച്ചപ്പെടുന്നതും നന്നായിരിക്കും. ഈ സംഘങ്ങളിലൂടെ ജൈവവളങ്ങൾ, രാസവളങ്ങൾ, കീടനാശിനികൾ എന്നിവ വിപണനം നടത്തിയാൽ എല്ലാ കർഷകർക്കും അതിന്റെ ഫലം ലഭിക്കുകയും അതുവഴി ഉല്പാദനം മെച്ചപ്പെടുത്താനും കഴിയും.

തൊഴിൽരഹിതരായ അഭ്യസ്തവിദ്യരെ കൊണ്ട് പ്രധാന മന്ത്രിയുടെ തൊഴിൽദാനപദ്ധതി ഉപയോഗപ്പെടുത്തി ഒരു ലബോറട്ടറി തുടങ്ങുവാൻ സാധിക്കും. ആധുനികചികിൽസാരംഗത്ത് ലബോറട്ടറി പരിശോധനകളുടെ സ്ഥാനം വളരെ വലുതാണ്. MLT പാസ്സായ അഭ്യസ്തവിദ്യരെ സംഘടിപ്പിച്ച് ലബോറട്ടറി ആരംഭിച്ചാൽ ജനങ്ങളിൽനിന്ന് അമിതഫീസ് ഈടാക്കാതെ മെച്ചപ്പെട്ട സേവനം നൽകാനും ഒപ്പം തന്നെ പുതുതായി കൂടുതൽ പേർക്ക് പരിശീലനം നൽകാനും സാധിക്കും.

സാങ്കേതിക വിദ്യയുടെ ഉപയോഗത്തിന്റെ കാര്യത്തിൽ വൻ വളർച്ച നേടിയ കാലഘട്ട മാണിത്. സാങ്കേതിയ ബിരുദധാരികൾ, ഡിപ്ലോമക്കാർ എന്നിവരുടെ നേതൃത്വത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു I.T.I സ്ഥാപി ക്കുകയും കാലത്തിനനുയോജ്യമായ കോഴ്സു കൾ രൂപകല്പന ചെയ്യുകയും ചെയ്താൽ ഒട്ടേറെ പേർക്ക് ആ മേഖലയിൽ തൊഴിൽ കിട്ടാൻ സാദ്ധ്യതയുണ്ട്. മാത്രമല്ല പ്ലംബിംഗ്, വെൽഡിംഗ്, വയറിംഗ്, ഇലക്ട്രോണിക്സ് തുടങ്ങിയ സാങ്കേതിയ ജോലികളിലേർപ്പെട്ടി രിക്കുന്നവർക്ക് പുനഃപരിശീലനം നൽകാനും ആധുനിക പ്രവണതകൾ പരിചയപ്പെടുത്തി ക്കൊടുക്കുവാനും സാധിക്കും.

ആൺ സ്കിൽഡ് അൺ എപ്ലോയിഡ് സൊസൈറ്റിയുടെ ഇന്നത്തെ പ്രവർത്തനം അപര്യാപ്തമാണ്. നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് വമ്പിച്ച സംഭാവന നൽകാൻ കഴിയുന്ന തരത്തിൽ ഈ സംഘ ത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തേ ണ്ടതാണ്. ഈ പഞ്ചായത്തിലെ ഏത് വിക സന പ്രവർത്തനത്തിനും തൊഴിലാളികളെ നൽകുന്നതിനുതകുന്ന തരത്തിൽ ഇതിന്റെ പ്രവർത്തനം പുനഃസംഘടിപ്പിക്കേണ്ടതുണ്ട്.

ഉല്പാദനശേഷി പൂർണ്ണമായും പ്രയോജ നപ്പെടുത്തുന്നതിലേക്ക് കാലികർഷകരുടെ എണ്ണം വർദ്ധിപ്പിക്കുകയും, ഈ മേഖലയിൽ നിലനിൽക്കുന്ന കർഷകരെ അവിടെ നില നിർത്തുന്നതിനുള്ള സാഹചര്യം ഒരുക്കു കയും വേണം. കാലിത്തീറ്റയുടെ വില നിയ ന്ത്രിക്കുന്നതിന് കാലിത്തീറ്റ പ്രാദേശികാടി സ്ഥാനത്തിൽ നിർമ്മിക്കാനും പാൽ പൂർണ്ണ മായും വിപണനം നടത്താനും കഴിയണം. പാലുല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് പാൽ സംഘങ്ങൾ യോജിച്ചു കൊണ്ടുള്ള നട പടികൾ ഉണ്ടാകണം. ഇതിലൂടെ വിവാഹം മറ്റു ഇതര ആഘോഷപരിപാടികൾ എന്നിവക്ക് പാലുല്പന്ന പാനീയങ്ങൾ, ഗുലാബ് ജാം, മറ്റു മധുര പലഹാരങ്ങൾ എന്നിവ വിപണനം നട ത്തുന്നതിന് സാധിക്കും.

പഞ്ചായത്തിലെ സാധ്യതയുള്ള പ്രദേശങ്ങ ളിൽ സംഘങ്ങളുടെ വില്പന കൗണ്ടർ തുറ ക്കുന്നതിനും സാധിക്കും. തരിശു പ്രദേശങ്ങൾ പാട്ടത്തിനേറ്റെടുത്ത് പുൽകൃഷിനടത്തുന്ന തിനും പുല്ല് ന്യായവിലക്ക് കർഷകന് ലഭ്യമാ ക്കുന്നതിനും സഹകരണസംഘങ്ങൾക്ക് കഴി യണം. പ്രാദേശിക സാഹചര്യങ്ങൾക്കനുസ രിച്ച് കൂട്ടുപുൽകൃഷി പ്രേരിപ്പിക്കുകയും ചെയ്യാം. ഇവയൊക്കെ നടപ്പിലാക്കുന്നതിന് സംഘം ഭരണത്തിന്റെ ജനകീയ സ്വഭാവം വിപുലമാക്കണം. നിലവിലുള്ള രീതി ക്ഷീര കർഷകന് അനുഗുണമല്ല.

എല്ലാ വിഭാഗത്തിപ്പെട്ട സഹകരണ സംഘ ങ്ങളുടെയും വിജയത്തിന് ആ സംഘാംഗങ്ങ ളുടെ സമ്പൂർണ്ണ സഹകരണം അത്യാവശ്യ മാണ്. സഹകരണ മേഖലയുടെ വ്യാപ്തിയും പ്രസക്തിയും ഇനിയും ജനങ്ങളിൽ എത്തേ ണ്ടതുണ്ട്. സഹകരണ സംഘങ്ങൾ തങ്ങളുടെ താല്പര്യത്തിനും ക്ഷേമത്തിനും വേണ്ടി യാണ് നിലകൊള്ളുന്നത് എന്ന് അംഗങ്ങൾ മനസ്സിലാക്കുകയും വായ്പകൾ എടുത്താൽ കൃത്യനിഷ്ഠതയോട് കൂടി തിരിച്ചടയ്ക്കുകയും വേണം വായ്പ എടുക്കുന്നതിൽ കുറച്ച് പേർ.

# മൃഗസംരക്ഷണം

## വികസനറിപ്പോർട്ട് – കരവാരം പഞ്ചായത്ത്

കഴിഞ്ഞ മൂന്നു ദശാംബ്ദകാലയളവിൽ നമ്മുടെ സംസ്ഥാനത്തുണ്ടായ സാമൂഹിക സാമ്പത്തികവളർച്ചയ്ക്ക് മൃഗസംരക്ഷണമേഖല തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. ആളോഹരി കൃഷിഭൂമിയുടെ ലഭ്യതയിൽ വന്ന കുറവും വ്യവസായ സംരഭങ്ങളുടെ മുരടിപ്പ് മൂലമുണ്ടായ തൊഴിലില്ലായ്മയും ഈ മേഖലയിലേക്ക് ജനശ്രദ്ധ തിരിക്കാൻ കാരണമായി. ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനമുടക്കിൽ കൂടുതൽ സമ്പദ് വർദ്ധനവിന് ഉതകുന്ന മേഖലയാണിത്. സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ 94 ശതമാനവും ഗ്രാമപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷകത്തൊഴിലാളികളുമാണ്. വികസനമെന്നത് ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണെന്നതിനാൽ മൃഗസംരക്ഷണമേഖലയിലുണ്ടാകുന്ന ഏതു പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കുമെന്ന് വ്യക്തം. കഴിഞ്ഞ രണ്ടു ദശാംബ്ദക്കാലയളവിൽ മൃഗസംരക്ഷണരംഗത്ത് കുറ്റമറ്റ സാങ്കേതികവിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും ജനിതക ഗുണമേന്മവർദ്ധനയും ഉല്പാദനക്ഷമത വർദ്ധനവും സാദ്ധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

### മൃഗസംരക്ഷണമേഖല–കരവാരം പഞ്ചായത്ത്

കരവാരം പഞ്ചായത്തിൽ മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ ഇപ്പോൾ നിലവിലുള്ള സ്ഥാപനങ്ങൾ കരവാരം മൃഗാശുപത്രിയും ചപ്പാത്ത്മുക്ക് കൃത്രിമ ബീജസങ്കലകേന്ദ്രവുമാണ്. കരവാരം മൃഗാശുപത്രി സ്ഥാപിതമായത് 1996 മാർച്ച് മാസം 11-ാം തീയതിയാണ്. വളരെയധികം പരിമിതകളോടെയാണ് ആശുപത്രിസ്ഥാപിതമായെങ്കിലും കരവാരം പഞ്ചായത്തിലെ മൃഗസംരക്ഷണമേഖല സമ്പുഷ്ടമാക്കുവാനും കർഷകജനതയുടെ സമ്പദ്ഘടനയെ ഉയർത്തുവാനും സാധ്യതയുള്ളതിന്റെ അടിസ്ഥാനത്തിൽ ആശുപത്രിയുടെ സേവനപരിധി വളരെയധികം വ്യാപകമാക്കേണ്ടിയിരിക്കുന്നു. 11 വാർഡുകളുള്ള ഒരു വലിയ പഞ്ചായത്താണ് കരവാരം. എന്നാൽ ഇവിടെ ഒരു കൃത്രിമബീജദാന കേന്ദ്രം മാത്രമാണ് പ്രവർത്തിച്ചുവരുന്നത്. ശരാശരി 500 പശുക്കൾക്ക് ഒരു ബീജദാന കേന്ദ്രം എന്ന നിരക്കിൽ പ്രവർത്തിച്ചാൽ മാത്രമെ നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള പ്രജനന നയം ഗ്രാമതലത്തിലേക്ക് എത്തിക്കുവാൻ സാധ്യമാകുകയുള്ളു. മാത്രവുമല്ല ഇപ്പോൾ പ്രവർത്തിക്കുന്ന മൃഗാശുപത്രിയിൽ കൃത്രിമബീജദാനത്തിനുള്ള സൗകര്യങ്ങൾ ലഭ്യമല്ല. കരവാരം പഞ്ചായത്തിനെ സംബന്ധിച്ച് വളരെയധികം പരിമിതികളോടെയാണ് മൃഗസംരക്ഷണമേഖല പ്രവർത്തിച്ചുവരുന്നത് എങ്കിലും ഇവിടത്തെ മൃഗസമ്പത്തുമായി, തീറ്റപ്പുല്ലിന്റെയും സുലഭ്യത കണക്കിലെടുക്കുമ്പോൾ ഈ മേഖലയിൽ ഒരു കുതിച്ചുചാട്ടത്തിന്റെ ആവശ്യകത വളരെ അത്യാവശ്യമാണ്.

### നിലവിലുള്ള കണക്കുകൾ

വളർത്തുമൃഗ സംഖ്യ

| വാർഡ് നമ്പർ | കാള നാടൻ | കാള സങ്കരം | പശു നാടൻ | പശു സങ്കരം | എരുമ | ആട് |
|---|---|---|---|---|---|---|
| | | | 475 | 1475 | 20 | 500 |

വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി മുട്ട ഇടുന്നത് | പിടക്കോഴി മുട്ട ഇടാത്തത് | താറാവ് ആൺ | താറാവ് പെൺ | മറ്റിനം |
|---|---|---|---|---|---|---|

### നടപ്പ് പദ്ധതികൾ

1. പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി
2. പേവിഷ നിർമ്മാർജ്ജന പദ്ധതി
3. കാലിവള നിർമ്മാർജ്ജന പദ്ധതി
4. കാലി രോഗ വിമുക്ത മേഖല പദ്ധതി
5. ഊർജ്ജിത പന്നിവളർത്തൽ വികസന പരിപാടി
6. ആടുവളർത്തൽ
7. സ്വകാര്യ മേഖലയിൽ ഹാച്ചറിയും കന്നുകാലിവളർത്തലും, തീറ്റ ഉത്പാദനവും
8. ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കൽ
9. മുയൽ വളർത്തൽ വ്യാപകമാക്കുവാനുള്ള പരിപാടി
10. വീട്ടുവളപ്പിലെ കോഴി വളർത്തൽ

നടപ്പു പദ്ധതികളിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് പ്രത്യേക കന്നുക്കുട്ടികൾ പരിപാലന പദ്ധതി. സങ്കരയിനം കന്നുകുട്ടികൾ ശാസ്ത്രീയമായ പരിചരണവും പോഷണവും ആവശ്യപ്പെടുന്നു. ഗുണമേന്മയുള്ള കാലിത്തീറ്റ പകുതി വിലയ്ക്ക് നൽകിക്കൊണ്ട് ആദ്യപ്രസവം 30 മാസത്തിനുള്ളിൽ സാധ്യമാക്കുകയാണിതിന്റെ ലക്ഷ്യം. ജന്തുജന്യരോഗങ്ങളിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് പേവിഷബാധ എന്നാൽ ഓരോ വർഷവും പ്രതിരോഗകുത്തിവയ്പിനുള്ള വാക്സിൻ വാങ്ങുവാനുള്ള പദ്ധതി

വിഹിതം ആവശ്യത്തിലും വളരെ കുറവാണ്. ആയതിനാൽ പഞ്ചായത്തിലെ മുഴുവൻ നായ്ക്കളെയും ഈ പദ്ധതിയിൽ കീഴിലുൾപ്പെടുത്തുവാൻ കഴിയുന്നില്ല. വരും കാലങ്ങളിൽ ഈ പദ്ധതിയിൽ കൂടുതൽ ബഡ്ജറ്റ് കാണിക്കേണ്ടതുണ്ട്. 'അടുക്കള മുറ്റത്തെ കോഴി' എന്ന ആശയം ഏറ്റവും അധികം പ്രാവർത്തികമാക്കിയ നമ്മുടെ സംസ്ഥാനത്ത് നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം വളരെയേറെയുണ്ട്. ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ രണ്ട് മാസം വളർത്തി പൊതുജനത്തിന് വിതരണം ചെയ്യുന്ന നിലവിലുള്ള എഗ്ഗർ നേഴ്സറി പഞ്ചായത്ത് തലത്തിൽ നിലവിൽ വരണം. ഇറച്ചിക്കോഴി വളർത്തലിൽ നാം വളരെയേറെ മുന്നോട്ട് പോയിട്ടുണ്ടെങ്കിലും ആ മേഖലയിലെ കർഷകർ അസംഘടിതരാണ്. പ്രാദേശികതലത്തിൽ സൊസൈറ്റികൾ രൂപീകരിച്ച് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി മുന്നോട്ട് പോകാവുന്നതാണ്.

### മൃഗസംരക്ഷണമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിതവിലയും ഗുണനിലവാര നിർമ്മാണ ലാബറട്ടറികളുടെയും അഭാവം
2. ഉൽപ്പാദകന് കിട്ടുന്ന പാൽവില ഉൽപ്പാദന ചിലവിന് അനുസൃതമല്ല. ഉപഭോക്താവിന് മിതമായ വിലയ്ക്ക് പാൽ ലഭ്യമാകുന്നില്ല
3. വിപണനരംഗത്തെ അപര്യാപ്തത
4. ഭാരിച്ച ചികിത്സാ ചിലവ്
5. വായ്പ നൽകുന്നതിന് ധനകാര്യസ്ഥാപനങ്ങളുടെ വിമുഖത
6. ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തത
7. ചുരുങ്ങുന്ന തീറ്റപ്പുൽക്കൃഷി
8. കർഷകരുടെ ആവശ്യാനുസരണം ഗുണമേൻമയുള്ള പക്ഷിമൃഗാദികളുടെ ദൗർലഭ്യം
9. അശാസ്ത്രീയമായ മാംസോൽപ്പാദന വിപണന രീതികൾ
10. വിവിധ ഏജൻസികളിലൂടെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രിതമല്ലാതെകൈകാര്യം ചെയ്യുന്നത് മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ
11. സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ മൃഗചികിത്സ
12. ഈ മേഖലയിലുള്ള കുറഞ്ഞ വനിതാപങ്കാളിത്തം
13. കാലാനുസൃതമായ അടിസ്ഥാനസൗകര്യങ്ങൾ പോലുമില്ലാത്ത മൃഗാശുപത്രികളും, ഉപകേന്ദ്രങ്ങളും സ്വന്തമായ കെട്ടിടം ഇല്ലായ്മ, ഉപകരണങ്ങളുടേയും മരുന്നുകളുടേയും, ലാബറട്ടറിയുടേയും അഭാവവും അപര്യാപ്തത. പരിശോധന സ്ഥലത്തിന്റെ അഭാവം. വാഹന സൗകര്യങ്ങളുടെ നൂതന വാർത്താവിനിമയ മാർഗ്ഗങ്ങളുടെ അഭാവം.

സ്വന്തമായി മൃഗാശുപത്രി കെട്ടിടങ്ങൾ നമ്മുടെ പഞ്ചായത്തിലില്ല. വെള്ളം, വൈദ്യുതി എന്നിവയുടെ ദൗർലഭ്യം. കർഷകർക്ക് എത്തിച്ചേരുവാൻ പറ്റാത്ത സ്ഥലക്രമീകരണം. ക്വാർട്ടേഴ്സിന്റെ അഭാവം.

### മൃഗസംരക്ഷണമേഖല – സാധ്യതകൾ

പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം. അസംസ്കൃത സാധനങ്ങൾക്ക് ന്യായമായി വില ലഭിക്കുന്നതിനും നിയന്ത്രിത വിലയ്ക്ക് ഗുണനിലവാരമുള്ള തീറ്റ ലഭിക്കുന്നതിനും പ്രാദേശികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് സഹായിക്കും.

പഞ്ചായത്ത് പുറമ്പോക്ക് സ്ഥലങ്ങൾ തീറ്റപ്പുൽ കൃഷിക്കുവേണ്ടി ലേലവ്യവസ്ഥയിൽ ഉപയോഗിക്കാവുന്നതാണ്.

പാൽ വിപണന സ്ഥാപനങ്ങൾ കർഷകന് പ്രാപ്യമായ രീതിയിൽ പുനരാസൂത്രണം ചെയ്യുകയും പാലിന് അർഹമായ വില ഉറപ്പു വരുത്തുകയും ചെയ്യണം.

മൃഗാശുപത്രിക്ക് സ്വന്തമായി ഒരു കെട്ടിടം അനുവദിക്കണം. അവിടെ എല്ലാ ആധുനികവും ശാസ്ത്രീയവുമായ സജ്ജീകരണങ്ങൾ അനുവദിക്കണം. ആവശ്യം വേണ്ട മരുന്നുകൾ ലഭ്യമാക്കുക. കർഷകന് വീട്ടുമുറ്റത്ത് മൃഗസംരക്ഷണസേവനം ലഭ്യമാക്കാൻ ഒരു വാഹനവും ടെലഫോണും ആശുപത്രിയിൽ ലഭ്യമാക്കുക. മൃഗസംരക്ഷണമേഖലയിലെ ശാസ്ത്രീയപരിപാലന രീതികളെക്കുറിച്ച് കർഷകന് പരിശീലനം നൽകുന്നതിനും കർഷകർക്കുള്ള ലൈബ്രറി സ്ഥാപിക്കുന്നതിനും മൃഗാശുപത്രിയോടനുബന്ധിച്ച് ഒരു ഹാൾ ഉണ്ടായിരിക്കേണ്ടതാണ്. വെറ്ററിനറി ഡിസ്പെൻസറികളിൽ നിർബന്ധമായും ഓപ്പറേഷൻ കേബിൾ ഉൾപ്പെടെ അത്യാവശ്യം വേണ്ട ഫർണിച്ചർ ലഭ്യമാക്കുക. മൈക്രോസ്കോപ്പ്, റഫ്രിജേറ്റർ, പോർട്ടബിൾ, ക്രയോകാൻ, സ്റ്ററിലൈസർ എന്നിവയും മൃഗാശുപത്രിയുടെ പ്രവർത്തനത്തിന് അനിവാര്യമാണ്.

പഞ്ചായത്ത് തലത്തിൽ പക്ഷി – മൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുക.

വർഗ്ഗോദ്ധാരണത്തിന് വേണ്ടി അഞ്ഞൂറ് പശുക്കൾക്ക് ഒന്ന് എന്ന തോതിൽ കൃത്രിമ ബീജദാന കേന്ദ്രം തുടങ്ങുക.

ആധുനികരീതിയിലുള്ള ശാസ്ത്രീയമായ അറവുശാലകൾ പ്രാദേശികമായും [illegible]

കയും ശുദ്ധമായ മാംസ വിപണന സൗകര്യങ്ങൾ ഉറപ്പാക്കുകയും ചെയ്യണം.

ചികിത്സാരംഗം രജിസ്ട്രേഷൻ ഉള്ളവർക്കു മാത്രമായി നിജപ്പെടുത്തുക.

വനിതാസംഘടനകളുടെ രൂപീകരണം വഴി മൃഗസംരക്ഷണമേഖലയിലെ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുക.

മൃഗാശുപത്രി വികസന സമിതി രൂപീകരിക്കുക

സമഗ്ര പേ വിഷനിയന്ത്രണ നയം ഉണ്ടാക്കുകയും പഞ്ചായത്തിലെ എല്ലാ വളർത്തു നായ്ക്കൾക്കും പ്രതിരോധ കുത്തിവയ്പ് നൽകുകയും അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം.

## ഉല്പാദന മേഖല

1. പാൽ- ചെറുകിട നാമമാത്ര കർഷകരേയും കർഷകത്തൊഴിലാളികളേയും ഈ മേഖലയിലേക്ക് ആകർഷിക്കുക. കാലി വളർത്തൽ മുഖ്യ തൊഴിലായോ ഉപതൊഴിലായോ സ്വീകരിക്കുന്നതിന് പ്രോത്സാഹനം നൽകുക.വീട്ടമ്മമാരുടെയും വിദ്യാർത്ഥികളുടെയും ഒഴിവു സമയം ഫലപ്രദമായി ഉപയോഗപ്പെടുത്തുക. പാലിന്റെ ഉല്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുക എന്നിവയാണ് മുഖ്യ ലക്ഷ്യങ്ങൾ.

a മിനിഡയറി യൂണിറ്റുകൾ:-മൂന്നു പശുക്കൾ അടങ്ങിയ ഒരു ഡയറി യൂണിറ്റ്

b കന്നുകുട്ടി പരിപാലന പരിപാടി നാലു മുതൽ 32 മാസം വരെ പ്രായമുള്ള സങ്കരയിനം പശുക്കുട്ടികൾക്ക്. സൗജന്യ നിരക്കിൽ കാലിതീറ്റ, മരുന്ന്, ഇൻഷ്വറൻസ് എന്നിവ നൽകുക.

2. മുട്ടഉത്പാദനം

a എഗ്ഗർ നഴ്സറി- ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായി വളർത്തി വിൽക്കുക.

b വീട്ടുമുറ്റത്തെ കോഴിവളർത്തൽ-60 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ നൽകുക.

3. ഇറച്ചിക്കോഴി വളർത്തൽ-പഞ്ചായത്തിൽ ഒരു ഇറച്ചിക്കോഴി ഫാം തുടങ്ങണം.

## സേവനമേഖല

മെച്ചപ്പെട്ട മൃഗാശുപത്രി സൗകര്യങ്ങൾ-സ്വന്തമായ കെട്ടിടം-വാഹനസൗകര്യം-ടെലിഫോൺ-ലാബോറട്ടറി സൗകര്യങ്ങൾ ഉറപ്പുവരുത്തുക.

കശാപ്പുശാലകൾ ആധുനികവത്ക്കരിക്കുക.

പേവിഷ നിയന്ത്രണം

വിജ്ഞാനവ്യാപന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക

## ആസൂത്രണമേഖല

പ്രാദേശികതലത്തിൽ പ്രായോഗികമായി വിജയിക്കുന്ന മൃഗസംരക്ഷണപദ്ധതിക്ക് രൂപം നൽകുക.

## വനിതാപങ്കാളിത്തം

വനിതാസംരംഭങ്ങൾക്കുള്ള പശുവളർത്തൽ

ഇറച്ചിക്കോഴിവളർത്തൽ യൂണിറ്റ്-ചെറുകിടഇറച്ചിക്കോഴിവളർത്തൽ യൂണിറ്റുകൾ മഹിളാ സംഘങ്ങൾ വഴി നടപ്പിലാക്കുക.

വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക

മൃഗസംരക്ഷണ മേഖലയിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഗ്രാമീണസ്ത്രീകളെ ഈ രംഗത്തേക്ക് കൊണ്ടുവരിക, കുറഞ്ഞവിലയ്ക്ക് കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുക, മൃഗചികിത്സാകേന്ദ്രങ്ങൾ ആധുനികവൽക്കരിക്കുക, പേവിഷ നിയന്ത്രണം എന്നിവജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്നതാണ് അടുത്ത പഞ്ചവത്സരപദ്ധതിയിലെ നമ്മുടെ ലക്ഷ്യം. മൃഗസംരക്ഷണ രംഗത്തെ പ്രവർത്തനമേഖല പരിശോധിച്ച് ഒരു സമഗ്ര ആസൂത്രണപദ്ധതി രൂപപ്പെടുത്തുകയും അതിനെ കേരളത്തിലെ ജനങ്ങളുടെ ആഹാരക്രമം, പോഷകലഭ്യത, അദ്ധ്വാനം, ആരോഗ്യം എന്നിവയുമായി ബന്ധപ്പെടുത്തി ജനങ്ങളുടെ സർവ്വോതോൻമുഖമായ പുരോഗതിക്ക് സഹായമാക്കുകയും ചെയ്യുക എന്നതായിരിക്കണം ലക്ഷ്യം. ഗ്രാമതല ആസൂത്രണത്തിലൂടെ തീർച്ചയായും ഇത് സാധിതമാകും.

ഡോക്ടർ വിനയ് രാജ്
വെറ്ററിനറി സർജൻ
കരവാരം

# വ്യവസായം

പരമ്പരാഗത വ്യവസായങ്ങൾ മാത്രം നേരിയ തോതിൽ നടക്കുന്ന പഞ്ചായത്തിന്റെ മൊത്തം തൊഴിൽ മേഖല പരശോധിച്ചാൽ വ്യാവസായികമായി കരവാരത്തിന്റെ അവസ്ഥ വളരെ ശോചനീയമാണ്. ഏകദേശം 5.784 പേർ വരുന്ന തൊഴിൽ സേനയുടെ 1% മാത്ര മാണ് വ്യവസായ മേഖലയിൽ പണിയെടുക്കുന്നത്. സ്വകാര്യമേഖലയിൽ ചപ്പാത്ത് മുക്ക് കട്ടപ്പറമ്പ് പ്രവർത്തിച്ചുതുടങ്ങിയ ചുടുകല്ല് നിർമ്മാണ കമ്പനികളും (ഇതിനാവശ്യമായ കളിമണ്ണ് അന്യഗ്രാമത്തിൽനിന്നും കൊണ്ടുവരുന്നു.) ഏതാനും മോട്ടോർ മെക്കാനിക് വർക്-ഷോപ്പുകളും വെൽഡിംഗ് യൂണിറ്റുകളും, റൈസ് & ഫ്ളവർ മില്ലുകളും, ഓയിൽ മില്ലുകളും, തടി അറുപ്പ് മില്ലുകളും, ഫർണിച്ചർ നിർമ്മാണ യൂണിറ്റുകളും, പാറ പൊട്ടിക്കുകയും പൊടിക്കുകയും ചെയ്യുന്ന യൂണിറ്റുകളും, സിമന്റ്, ചിപ്സ് എന്നിവ കൊണ്ട് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റുകളും, ചാത്തമ്പറ എന്ന സ്ഥലത്ത് സ്വകാര്യ മേഖലയിൽ തുടങ്ങിയ കീർത്തി ആട്ടോമൊബൈൽസ് എന്ന സ്ഥാപനവുമാണ് പഞ്ചായത്തിൽ ആകെയുള്ള വ്യാവസായിക തൊഴിൽ ശൃംഖല.

പഞ്ചായത്തിൽ S.S.I രജിസ്ട്രേഷനോടു കൂടി സ്വയം തൊഴിൽ വ്യവസായം തുടങ്ങിയിട്ടുള്ളത് മേൽപ്പറഞ്ഞ റൈസ് & ഫ്ളവർമില്ലുകളിലും ഫർണിച്ചർ നിർമ്മാണ യൂണിറ്റിലും മാത്രമാണ്. ഒറ്റൂർ പഞ്ചായത്തിൽ K.K.V.I ന്റെ കീഴിൽ പ്രവർത്തിക്കുന്ന ഞെക്കാട് ഖാദിവ്യവസായ സഹകരണ സംഘത്തിന്റെ ഒരു ഉപകേന്ദ്രം ഈ പഞ്ചായത്തിന്റെ തോട്ടയ്ക്കാട് പന്തുവിള എന്ന സ്ഥലത്ത് ഏകദേശം 15 ൽ പരം സ്ത്രീ തൊഴിലാളികൾക്ക് പണിയെടുക്കാൻ കഴിയുന്ന സൗകര്യങ്ങളോടെ പ്രവർത്തനം ആരംഭിച്ചു എങ്കിലും മാനേജ്മെന്റിന്റെ അലംഭാവം മൂലം നാൾക്കുനാൾ നശിച്ചുകൊണ്ടിരിക്കുകയാണ്. അലൂമിനിയം പാത്രങ്ങൾ നിർമ്മിക്കുന്ന ഒരു ചെറുകിട വ്യവസായ യൂണിറ്റ് തോട്ടയ്ക്കാട് ഒരു സ്വകാര്യ വ്യക്തി വർഷങ്ങൾക്കു മുൻപ് സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചു എങ്കിലും അസംസ്കൃത വസ്തുക്കളുടേയും വായ്പ-ലഭ്യതക്കുറവുമൂലം പ്രവർത്തനം നിലച്ചിരിക്കുകയാണ്. പരമ്പരാഗത മേഖലയിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ ജോലിചെയ്യുന്നത് പഞ്ചായത്തിന്റെ പുറമ്പോക്കുകളിലുള്ള വിവിധതരം പാറകൾ (സ്വകാര്യ തൊഴിലുടമകളുടെ കീഴിൽ) പൊട്ടിച്ച് ചല്ലിയാക്കി വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന് മേഖലയിലാണ്.

## അസംസ്കൃത വസ്തുക്കളും സാധ്യതകളും

കാർഷികാധിഷ്ഠിത വ്യവസായ മേഖലയെ ദ്രുതഗതിയിൽ വളർത്തിയെടുക്കാൻ കഴിയുന്ന പഞ്ചായത്താണ് കരവാരം. ഇവിടെ ഏകദേശം 5,00,000 കിലോഗ്രാം കശുവണ്ടി വർഷം തോറും ഉത്പാദിപ്പിക്കുന്നു, എന്നു മാത്രമല്ല വിദഗ്ദ്ധരായ നിരവധി കശുവണ്ടി തൊഴിലാളികൾ വിദൂര പഞ്ചായത്തിലെ കശുവണ്ടി ഫാക്ടറികളിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ഖാദി-ഗ്രാമ വ്യവസായ ബോർഡിന്റെ

ആഭിമുഖ്യത്തിൽ ഒരു തോട്ടണ്ടി സംസ്ക്കരണ യൂണിറ്റ് ആരംഭിക്കുകയാണെങ്കിൽ ഏകദേശം 100 ൽ പരം സ്ത്രീ തൊഴിലാളികൾക്കും 25 ൽ പരം പുരുഷ തൊഴിലാളികൾക്കും പ്രതിവർഷം 250 ൽ പരം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിയും. ഒരു കാലത്ത് ഈ ഗ്രാമത്തിന്റെ കശുവണ്ടി ഉല്പാദനം ഇന്നുള്ളതിന്റെ 10 ഇരട്ടിയായിരുന്നു. ഇടക്കാലത്തുണ്ടായ വിലയിടിവും റബ്ബറിന്റെ കടന്നുകയറ്റവുമാണ് ഉല്പാദന രംഗത്തുനിന്നും ക്രമേണ കർഷകനെ പിൻതിരിപ്പിച്ചത്. കശുവണ്ടി സംസ്ക്കരിക്കുന്നതിനുവേണ്ടി രൂപീകരിക്കുന്ന വ്യവസായ സഹകരണ സംഘത്തിൽ കശുവണ്ടി കർഷകരെക്കൂടി ഉൾപ്പെടുത്തി സംയോജിത മത്സ്യബന്ധന പരിപാടിയിലും മറ്റും N. C. D. C യും ചഅആഅള ഉം നല്കുന്നതുപോലെയുള്ള പരിഗണനീയമായ ധനസഹായങ്ങൾ ചെയ്യുകയാണെങ്കിൽ കശുവണ്ടിയുടെ ഉല്പാദനം പഴയതുപോലെ വർദ്ധിപ്പിച്ചുകൊണ്ട് ഒരു ഉല്പാദന സംസ്ക്കരണ വ്യവസായിക മുന്നേറ്റവും അപ്രകാരം ഭാവിയിൽ കശുവണ്ടി സംസ്ക്കരണ യൂണിറ്റുണ്ടാക്കുന്ന അധിക ലാഭത്തിന്റെ വിഹിതം ഫാക്ടറി തൊഴിലാളികൾക്കൊപ്പം കർഷകനുകൂടി വീതിച്ചുനൽകാൻ കഴിയുകയാണെങ്കിൽ കാർഷികാധിഷ്ഠിത വ്യവസായ മേഖലയിൽ ഒരു പുത്തൻ ഉല്പാദന സംസ്ക്കരണ വ്യവസായ വിപ്ലവം തന്നെ ഈ ഗ്രാമത്തിൽ ഉണ്ടാക്കിയെടുക്കുവാൻ കഴിയും. ഗ്രാമതലത്തിൽ തുടങ്ങുന്ന ഇത്തരം വ്യവസായങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റും വ്യവസായ സഹകരണ ഫാക്ടറിയിലെ ചെയർമാനും ബ്ലോക്കിലെ ഇൻഡസ്ട്രിയൽ എക്സറ്റൻഷൻ ഓഫീസറും, ട്രേഡ് യൂണിയൻ പ്രതിനിധിയും, കശുവണ്ടി കർഷകരുടെ പ്രതിനിധിയും അടങ്ങുന്ന ഒരു വ്യവസായ വികസന സമിതിയും രൂപീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ 200 ഹെക്ടറിൽ പരം റബ്ബർ കൃഷിയിടങ്ങളുണ്ട്. ഇതിലൂടെ ഏകദേശം 1000 ടണ്ണോളം റബ്ബർ പാൽ ഉല്പാദിപ്പിക്കുന്നുണ്ട്. ഖാദി-ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ പഞ്ചായത്തിലെ ആലംകോട്, കരവാരം എന്നീ വില്ലേജുകളിൽ ഓരോ റബ്ബർ വ്യവസായ സഹകരണ യൂണിറ്റുകൾ തുടങ്ങി റബ്ബർ ബാന്റ്, റബ്ബർ ബീഡിംഗ്, പെൻസിൽ റേസർ, റബ്ബർ ബുഷുകൾ, റബ്ബർ മാറ്റ് എന്നിവ ഉല്പാദിപ്പിച്ച് വിപണനം നടത്തുകയാണെങ്കിൽ റബ്ബർ കർഷകന് റബ്ബർപാൽ പ്രോസസ്സിംഗിന് ആവശ്യമായിവരുന്ന അധികചിലവ് ലാഭിക്കുകയും വ്യവസായശാലയിൽ റബ്ബർപാലിന്റെ സംസ്ക്കരണ നിർമ്മാണ വിപണന രംഗങ്ങളിലൂടെ ഏകദേശം 50 തൊഴിൽരഹിതർക്ക് പുതുതായി തൊഴിൽ ലഭിക്കുകയും ചെയ്യും.

പഞ്ചായത്തിലെ 282 ഹെക്ടർ നെൽപാടങ്ങളിൽ നിന്നും പ്രതിവർഷം 1100 ടൺ നെല്ല് ഉല്പാദിപ്പിച്ചുവരുന്നു. ഇപ്പോൾ ഇരുപൂകൃഷിയാണ് നിലവിലുള്ളത്. മൂന്നാംവിളകൃഷിക്കുകൂടി നെൽപ്പാടങ്ങൾ തയ്യാറാക്കി കൊടുക്കുന്ന മുറക്ക് പഞ്ചായത്തിലെ നെല്ലിന്റെ ആഭ്യന്തര ഉല്പാദനം ഏകദേശം 1350 ടൺ ആയി വർദ്ധിക്കും. കർഷകൻ സ്വന്തം ആവശ്യത്തിനും, ചെറുകച്ചവടക്കാർ വിപണനത്തിനും വേണ്ടി നെല്ലു പുഴുങ്ങികുത്തി അരിയാക്കിമാറ്റുന്ന പ്രക്രിയ പല സ്ഥലങ്ങളിൽ ചില്ലറയായി നടന്നുവരുന്നത് ഇന്ന് വളരെ അധികച്ചെലവുണ്ടാക്കുന്ന പ്രക്രിയയായി മാറിയതിനാൽ നെല്ലു വിൽക്കുന്ന കർഷകന് വളരെ കുറച്ചുമാത്രം വില ലഭിക്കുകയും, അരി വാങ്ങുന്ന ഉപഭോക്താവിന് വർദ്ധിച്ച വിലയും നൽകേണ്ടിവരുന്നു. പാഴ്ച്ചെലവുള്ള ഈ പാരമ്പര്യരീതിക്ക് പരിഹാരമായി സഹകരണമേഖലയിലോ പൊതുമേഖലയിലോ നെല്ല് സംഭരിച്ച് സംസ്ക്കരിച്ച് അരിയാക്കി പായ്ക്കറ്റുകളിലും ചാക്കുകളിലും മറ്റും നിറക്കുകയും വിൽക്കുകയും ചെയ്യുന്ന 80% സ്ത്രീതൊഴിലാളികൾ പ്രവർത്തിയെടുക്കുന്ന തരത്തിലുള്ള ഒരു നെല്ലുകുത്തുമില്ലും അതോടനുബന്ധിച്ച് ധാന്യങ്ങൾ പൊടിയാക്കിമാറ്റി കവറുകളിൽ നിറച്ച് വിപണനം നടത്തുന്ന ഒരു സ്ഥാപനം ഈ പഞ്ചായത്തിൽ തുടങ്ങിയാൽ 25 ൽ പരം സ്ത്രീതൊഴിലാളികൾക്ക് ജോലി ലഭിക്കുകയും 80% വനിതകൾ പ്രവർത്തിക്കുന്നതുകൊണ്ട് ഒരു വനിതാവ്യവസായമായി കണക്കിലെടുത്ത് 5 വർഷത്തേക്ക് മാനേജീരിയൽ സബ്സിഡി എന്ന ആനുകൂല്യവും

ലഭിക്കും. കൂടാതെ നെല്ല് മില്ലിൽ നൽകുന്ന കർഷകന് സബ്സിഡി നിരക്കിൽ അരിയും നൽകാൻ കഴിയുമെന്നതിനാൽ കാർഷിക തൊഴിൽ മേഖലയെ ഒന്നുപോലെ ലാഭത്തി ലേക്കുകൊണ്ടുവരാൻ കഴിയും.

**നാളികേരം**

പഞ്ചായത്തിൽ പ്രതിവർഷം 49 1/2 ലക്ഷം നാളികേരം ഉല്പാദിപ്പിക്കുന്നു. ഇതിൽ 17 1/2 ലക്ഷം നാളികേരം ഗാർഹിക ആവശ്യ ങ്ങൾക്കായി ഉപയോഗിക്കുന്നു. ശേഷിക്കുന്ന 32 ലക്ഷം നാളികേരം സംസ്ക്കരിച്ച് എണ്ണയും പിണ്ണാക്കുമായി മാറ്റാൻ കഴിഞ്ഞാൽ 180 ടൺ വെളിച്ചെണ്ണയും 120 ടൺ പിണ്ണാക്കും കിട്ടും.

മുകളിൽ പ്രതിപാദിച്ചിട്ടുള്ള നെല്ലുകുത്തു മില്ലിൽ നിന്നും സംഭരിക്കാൻ കഴിയുന്ന 100 ടൺ തവിടും ഈ ഗ്രാമത്തിൽ നിന്നും ലഭി ക്കാവുന്ന 50 ടൺ ചക്കക്കുരുവും 280 ടൺ മറ്റ് അസംസ്കൃത വസ്തുക്കളും ഉപയോഗി ച്ചുകൊണ്ട് ഈ ഗ്രാമത്തിൽ ഒരു കോഴിത്തീറ്റ ഉല്പാദിപ്പിക്കുന്ന യൂണിറ്റ് തുടങ്ങാൻ കഴിയും ഇതിൽ 15 പേർക്ക് സ്ഥിരം തൊഴിലും 10 പേർക്ക് താത്ക്കാലിക തൊഴിലും നല്കാൻ കഴിയും 500 കോഴികൾ വീതമുള്ള യൂണിറ്റ് എല്ലാവാർഡിലും തുടങ്ങുവാനും ഈ കോഴി കൾക്കുള്ള തീറ്റ നമുക്കുതന്നെ ഉല്പാദിപ്പി ക്കാൻ കഴിയും. കോഴി വളർത്തൽകൊണ്ട് 20 ഓളം പേർക്ക് തൊഴിൽ നൽകാൻ കഴിയും.

ഉപയോഗശൂന്യമായ പേപ്പർ Collect ചെയ്ത് പേപ്പർ പൾപ്പാക്കി നാടൻ കലാരൂപ ങ്ങൾ നിർമ്മിക്കാൻ ഖാദി-ഗ്രാമവ്യവസായ ബോർഡിന്റെ സഹകരണത്തോടെ ഒരു യുണിറ്റ് തുടങ്ങാൻ കഴിയും.

**മെറ്റൽ ക്രഷിംഗ്**

കരവാരം പഞ്ചായത്തിൽ നെല്ലിക്കുന്ന്, ഈരാണിക്കോണം എന്നീ പ്രദേശങ്ങളിൽ സ്വകാര്യമേഖലയിലും അസംസ്കൃതമേഖല യിലും മെറ്റൽ ക്രഷിംഗ് നടന്നുവരുന്നു. കണ്ണാ ട്ടുകോണം പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ 15 ഓളം തൊഴിലാളികൾ തൊഴിലെടുത്തുവരുന്നു. എന്നാൽ പഞ്ചായത്തിലാകെ 500 ഓളം തൊഴി ലാളികൾ ഈ മേഖലയിൽ അസംഘടിത രായി പണിയെടുക്കുന്നു. നെല്ലിക്കുന്ന് പ്രദേ ശത്ത് റവന്യൂ പുറമ്പോക്ക് പാറ തരിശുഭൂമി യിൽ അവിടെ സഹകരണാടിസ്ഥാനത്തിൽ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് പാറ പൊട്ടിച്ച് വിപണനം നടത്തുന്ന വ്യവസായ സംരഭങ്ങൾക്ക് രൂപം കൊടുക്കാൻ കഴിയും. ഇതുമൂലം തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം കിട്ടും. ഉപഭോക്താക്കൾക്ക് ലാഭകര മായി ഇവ വിതരണം ചെയ്യുവാൻ കഴിയും. കൂടാതെ സംഘത്തിന് മുതൽ കൂട്ടാനും കഴിയും

ക്രഷിംഗിലേർപ്പെട്ടിരിക്കുന്ന 500 തൊഴിലാ ളികളിൽ 80% തൊഴിലാളികളും പട്ടികജാതി ക്കാരാണ്. ഇതിൽ രണ്ടും മൂന്നും തൊഴിലാ ളികൾ ചേർന്ന് നടത്തുന്ന യൂണിറ്റുകളാണ ധികവും. നെല്ലിക്കുന്ന് കേന്ദ്രീകരിച്ച് പാറപൊ ട്ടിച്ച് മെറ്റൽ ക്രഷിംഗ് യൂണിറ്റുകൾക്കും ഉ ണ ഇ ഞ അ യൂണിറ്റുകൾക്കും രണ്ടും മൂന്നും പേർ ചേർന്നിട്ടുള്ള യൂണിറ്റുകൾക്കും ഇടനി ലക്കാരുടെ സഹായം കൂടാതെ മിതമായ വിലയ്ക്ക് പാറയുടെ റബ്ബിൾ എത്തിച്ചുകൊടു ക്കുന്നതിന് ഒരു പട്ടികജാതി ചേമ്പർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് അതിനോടനുബന്ധിച്ച് വിവിധ തരം ചിപ്സുകൾ ഉല്പാദിപ്പിക്കുന്ന ഒരു ക്രഷർ യൂണിറ്റും സ്ഥാപിക്കുകയാണെങ്കിൽ ചേമ്പർ കോൺട്രാക്ട് സൊസൈറ്റിക്ക് ഹോളോബ്രിക്സ് നിർമ്മാണരംഗത്തേക്ക് കട ക്കുവാനും മിതമായ വിലയ്ക്ക് ഹോളോ ബ്രിക്സ് നൽകുവാനും കഴിയും. ഇതോ ടൊപ്പം പഞ്ചായത്ത് റോഡുകളുടെ ടാറിംഗ് ജോലി ഈ സംഘത്തിന് ഏറ്റെടുക്കാവുന്ന താണ്. ഈ സംഘത്തിന്റെ എല്ലാ വിറ്റുവരവു കൾക്കും വ്യാപാരപ്രവർത്തനങ്ങൾക്കും വില്പന്നനികുതി പൂർണ്ണമായും സൗജന്യമാ ക്കികൊടുക്കേണ്ടതുണ്ട്. കൂടാതെ 50% സൗജ ന്യനിരക്കിൽ ആദ്യത്തെ 3 വർഷം വൈദ്യുതി എത്തിച്ചുകൊടുക്കേണ്ടുതുണ്ട്. (പട്ടികജാതി

സംരംഭമായതുകൊണ്ട്) സംഘത്തിന് സാമ്പത്തികഭദ്രത ഉണ്ടായിവരുന്ന മുറക്ക് സ്വകാര്യ മുതലാളിമാർ തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന തൊഴിലാളികളെ ഉപയോഗപ്പെടുത്തി നമ്മുടെ പഞ്ചായത്തിലും സമീപ പഞ്ചായത്തിലും നടത്തിവരുന്ന ഗ്രാനൈറ്റ് വിതാന ശിലകളുടെ നിർമ്മാണരംഗത്തേക്കും കടന്നുകൊണ്ട് പഞ്ചായത്തിലെ തൊഴിലാളികളുടെ ജോലിസ്ഥിരതയും വേതനവ്യവസ്ഥകളും മെച്ചപ്പെടുത്താൻ കഴിയും.

**കൈത്തറി**

നമ്മുടെ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും പരമ്പരാഗതമായി കൈത്തറി ഉണ്ടായിരുന്നതാണ്. എന്നാലിന്ന് ആ വ്യവസായം പൂർണ്ണമായും നശിച്ചുകഴിഞ്ഞു. നൂലിന്റെ ലഭ്യതക്കുറവ്, കുറഞ്ഞ നിരക്കിലുള്ള വേതനം ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണന സാദ്ധ്യതക്കുറവ് എന്നിവയാണ് ഇതിന്റെ തളർച്ചക്കുള്ള കാരണങ്ങൾ. ഈ പഞ്ചായത്തിൽ 'ഹാൻവീവ്' ഒരു പ്രൈമറി സംഘം തുടങ്ങണം.

**ഗ്രാമോദ്ധാരണ് വ്യവസായ സഹകരണസംഘം**

നമ്മുടെ ഗ്രാമത്തിനും അന്യഗ്രാമങ്ങളിലേയ്ക്കും വിപണനത്തിനാവശ്യമായ തീപ്പെട്ടി, ചന്ദനത്തിരി, മെഴുകുതിരി, ഇലക്ട്രിക് ബൾബ് , ബാറ്ററി, ശീതളപാനീയങ്ങൾ , അച്ചാറുകൾ, ജാമുകൾ, തുടങ്ങിയ ഉല്പന്നങ്ങളുടെ നിർമ്മാണം എന്നീ രംഗങ്ങളിലേയ്ക്കും കടക്കാവുന്നതാണ്.

വ്യവസായരംഗത്ത് പ്രാദേശികമായി നേരിടുന്ന പ്രശ്നങ്ങൾ:-

1. ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തി വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ശേഷിക്കുറവ്.

2. വ്യവസായ മേഖലയിൽ സഹകരണമേഖലയുടെ പങ്കാളിത്തക്കുറവ്.

3. ചെറുകിടവ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ മൂലധനം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പാടിസ്ഥാനത്തിൽ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.

4. വ്യവസായ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനാവശ്യമായ മാനേജ്മെന്റ് വൈദഗ്ദ്യത്തിന്റെ അഭാവം.

# ഗതാഗതം

കരവാരം ഗ്രാമ പഞ്ചായത്തിൽ ചഒ ന്റെയും സ്റ്റേറ്റ് ഹൈവേയുടെയും (M.C റോഡ്) ഇട യിലായി സ്ഥിതിചെയ്യുന്ന ഒരു ഉൾനാടൻ ഗ്രാമ പ്രദേശമാണ്. N.H. നെയും M.C. റോഡി നെയും ബന്ധപ്പെടുത്തുന്ന കാളവണ്ടികൾ സഞ്ചരിച്ചിരുന്ന വീതികുറഞ്ഞ പാതകളും നട പ്പാതകളും രൂപാന്തരപ്പെട്ടാണ് ഇന്നത്തേ രീതി യിലുള്ള റോഡ് ശൃംഖല ഉണ്ടായിട്ടുള്ളത്. പഞ്ചായത്തിലെ ആകെ റോഡ് ദൈർഘ്യം 166 കിലോമീറ്ററാണ്. ഇതിൽ നാലു കിലോമീറ്റ റോളം N.H ഉം. 15 കിലോമീറ്ററോളം P.W.D റോഡും 147 കിലോമീറ്റർ പഞ്ചായത്ത് റോഡു കളുമാണ്. പഞ്ചായത്ത് റോഡുകളിൽ ആറര കിലോമീറ്റർ മാത്രമെ വിവിധ വാർഡുകളി ലായി ടാറിംഗ് നടത്തിയിട്ടുള്ളു. കൂടാതെ വിവിധ ഭാഗങ്ങളിലായി രണ്ടേമുക്കാൽ കിലോ മീറ്റർ മെറ്റൽ ചെയ്തിട്ടുമുണ്ട്.

### റോഡുകളുടെ പൊതുസ്ഥിതി

P.W.D റോഡുകൾ ഉൽപ്പെടെ ഒരു റോഡിനും ഓടകളോ അത്യാവശ്യം വേണ്ട കലുങ്കുകളോ ഇല്ല. റോഡിന്റെ ഇരുവശവും പൊളിഞ്ഞു കിടക്കുന്നതിനാൽ സൈക്കിളു കൾ, ടൂവിലറുകൾക്ക് സൈഡിലേക്ക് ഇറ ങ്ങാൻ ബുദ്ധിമുട്ടുണ്ട്. പി. ഡബ്ല്യു. ഡി. റോഡിൽപെട്ട നഗരൂർ-കല്ലമ്പലം റോഡിൽ കല്ലമ്പലം ജംഗ്ഷനോട് അടുത്തഭാഗം ഏക ദേശം 200 മീറ്റർ റോഡ് അക്ഷരാർഥത്തിൽ തന്നെ പൊളിഞ്ഞതാണ്. ഈ റോഡിന്റെ അല്പഭാഗം ആറ്റിങ്ങൽ P. W. D ഡിവിഷന്റെ കീഴിലും കൂടുതൽ ഭാഗം കിളിമാനൂർ ഡിവി ഷന്റെ ഭാഗവുമാണ്. ഈ രണ്ട് ഡിവിഷന്റെ കീഴിലായതിനാൽ ഒരുമിച്ച് ഒരു ടാറിംഗ് ഈ ഭാഗത്ത് നടക്കാറില്ല.

മെറ്റലിംഗ് നടത്തിയിട്ടുള്ള റോഡിന്റെ സ്ഥിതിയും വളരെ മോശമാണ്. മെറ്റൽ ഉറപ്പി ച്ചുവെങ്കിലും മഴക്കാലത്തോടുകൂടി മെറ്റൽ ഇളകി റോഡ് ഗതാഗതയോഗ്യമല്ലാതായി തീർന്നിരിക്കുകയാണ്. ടാക്സി, ആട്ടോ തുട ങ്ങിയ വാഹനങ്ങൾ ഈ വഴിയിലൂടെ ഓടി ക്കാൻ കഴിയുന്നില്ല. ഇതുമൂലം വഴി ഉണ്ടെ ങ്കിലും ഉപയോഗം ഇല്ലാത്ത സ്ഥിതിയാണ്.

പഞ്ചായത്ത് ടാറിംഗ് നടത്തിയ ചാത്ത മ്പറ-നെടുംമ്പറമ്പ് റോഡിന്റെ സ്ഥിതിയും ശോചനീയമാണ്. റോഡിന്റെ മിക്കഭാഗങ്ങളും പൊളിഞ്ഞ് മെറ്റൽ ഇളകി കിടക്കുന്നതിനാൽ റോഡിൽ ധാരാളം കുണ്ടും കുഴിയും ഉണ്ടായി ഗതാഗത തടസ്സം നേരിട്ടിരിക്കുകയാണ്. കൂടാതെ ഒന്ന് രണ്ട് കലുങ്കുകൾ മണ്ണ് കയറി അടഞ്ഞ് ഉപയോഗശൂന്യമായി കിടക്കുന്നു.

പഞ്ചായത്തിന്റെ അധീനതയിലുള്ള എർത്തേൺ റോഡുകൾ എല്ലാം മഴവെള്ളം കുത്തിയൊലിച്ച് റോഡിന്റെ നെടുകെയും കുറുകെയും ചാലുകൾ വീണ് കാൽനട യാത്ര വരെ ബുദ്ധിമുട്ടായിരിക്കുന്ന സ്ഥിതിയിലാണ്. ജനപങ്കാളിത്തത്തോടെ റോഡുകൾക്ക് മുഴു വനും ഓടകൾ നിർമ്മിക്കുകയും റോഡ് സർഫസിന് ആവശ്യമായ കെയിമ്പറും ഗ്രേഡിയന്റും കൊടുത്ത് പുനർനിർമ്മാണം ആവശ്യമായിരിക്കും. ആവശ്യമായ സ്ഥലങ്ങ

ളിൽ കലുങ്കുകളും ചപ്പാത്തുകളും നിർമ്മിക്കേണ്ടതുണ്ട്.

പുരയിടങ്ങളിൽ വീഴുന്ന ജലം കഴിയുന്നത്ര അതാതു പുരയിടത്തിൽ തന്നെ തടഞ്ഞു നിർത്തുന്നതിന് വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിച്ചാൽ പൊതുവഴിയിലേയ്ക്കുള്ള ജലപ്രവാഹം തടയുന്നതിനും അതുവഴി റോഡുകളുടെ സംരക്ഷണം ഒരതിർത്തിവരെ ഉറപ്പാക്കാൻ കഴിയും. ഇടവഴികളിലെ മണ്ണൊലിപ്പ് ടാർ റോഡുകളിൽ ചെന്നെത്തുകയും തൻമൂലം റോഡുകളിൽ പലഭാഗത്തും ചരൽ കൂമ്പാരം ഉണ്ടാകുകയും ചെയ്യുന്നു. ടാർ റോഡിലെ ഇത്തരം ചരൽ കൂമ്പാരങ്ങൾ പലപ്പോഴും അപകടങ്ങൾ സൃഷ്ടിക്കുന്നു.

പഞ്ചായത്ത് അതിർത്തിയിലെ കല്ലമ്പലം, പുതുശ്ശേരിമുക്ക്, തലവിള, ചാത്തമ്പറ, വഞ്ചിയൂർ എന്നിവിടങ്ങളിൽ ടാക്സി, ആട്ടോ എന്നിവ പാർക്ക് ചെയ്യുന്നുണ്ട്. എന്നാൽ ഈ പഞ്ചായത്തിൽ വഴിയാത്രക്കാർക്ക് വിശ്രമിക്കുന്നതിന് വെയിറ്റിംഗ് ഷെഡുകൾ ഒന്നും തന്നെ ഇല്ല.

ചരക്കുകൾ കൊണ്ടുപോകുന്നതിന് ആവശ്യമായ ലോറികളും ടെമ്പോകളും കല്ലമ്പലം, ചാത്തമ്പറ, വഞ്ചിയൂർ ഭാഗങ്ങളിൽ ലഭ്യമാണ്. വാടകയ്ക്ക് വാഹനങ്ങൾ ലഭിക്കുമെങ്കിലും മഴക്കാലം ആയിക്കഴിഞ്ഞാൽ മിക്കറോഡുകളിലൂടെയും വാഹനങ്ങൾ ഓടിക്കാൻ കഴിയുന്നില്ല. കാരണം റോഡുകളുടെ ശോചനീയാവസ്ഥ തന്നെയാണ്.

ഈ പഞ്ചായത്തിന്റെ ആസ്ഥാനവും മൃഗാശുപത്രി, ഹെൽത്ത് സെന്റർ, കൃഷിഭവൻ, സർവ്വീസ് സഹകരണ ബാങ്ക്, പൊതുമാർക്കറ്റ് എന്നിവ സ്ഥിതിചെയ്യുന്ന തോട്ടയ്ക്കാട് പ്രദേശവുമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്നവർക്ക് ബന്ധപ്പെടുന്നതിന് യാത്രാസൗകര്യം കുറവാണ്. പ്രത്യേകിച്ച് വഞ്ചിയൂർ പട്ള ഭാഗത്ത് ഉള്ളവർക്ക്. ഈ ഭാഗങ്ങളിൽ ഉള്ളവർ മേൽപ്പറഞ്ഞ സ്ഥാപനങ്ങളുമായി ബന്ധപ്പെടണമെങ്കിൽ ആലംകോട് വഴി കല്ലമ്പലം ചുറ്റി വരേണ്ട ഒരു അവസ്ഥയാണ് ഇന്നുള്ളത്. അല്ലാത്തപക്ഷം നഗരൂർ നെടുംമ്പറമ്പ് വഴി ചുറ്റിവരേണ്ടിയിരിക്കുന്നു. വഞ്ചിയൂർ തോട്ടയ്ക്കാട് പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരേ ഒരു ബസ് സർവ്വീസ് മാത്രമെ ഉള്ളു. പഞ്ചായത്തിന്റെ സുപ്രധാന സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന നഗരൂർ- കല്ലമ്പലം റോഡിലൂടെ ഓടുന്ന ബസുകളുടെ എണ്ണവും പരിമിതമാണ്.

**പ്രശ്നങ്ങൾ:-**

1. റോഡുകളുടെ അറ്റകുറ്റപ്പണികൾ കൃത്യസമയത്ത് നടക്കുന്നില്ല.
2. പഞ്ചായത്തിൽ ടാറിംഗ് നടത്തിയ റോഡുകളുടെ വാർഷിക പരിരക്ഷ സാമ്പത്തിക പരാധീനതമൂലം പഞ്ചായത്തിന് ഏറ്റെടുക്കാൻ കഴിയുന്നില്ല.
3. റോഡുകൾക്ക് ആവശ്യമായ കലുങ്കുകളും ഓടകളും ഇല്ലാത്തതിനാൽ വർഷകാലത്ത് റോഡിന്റെ മദ്ധ്യഭാഗത്തുകൂടി വെള്ളപാച്ചിൽ ഉണ്ടായി റോഡിന്റെ നെടുകെയും കുറുകെയും ചാലുകൾ ഉണ്ടായി റോഡുകൾ സഞ്ചാരയോഗ്യമല്ലാതായിരിക്കുന്നു.
4. റോഡുകൾക്ക് ഇപ്പോഴുള്ള വീതി തന്നെ അപര്യാപ്തമായിരിക്കേ പരിസരവാസികൾ കയ്യേറുന്നതുമൂലം റോഡിന് വീതി കുറഞ്ഞുവരുന്നു.
5. J.R.Y പദ്ധതിയിൽ കൂടുതൽ തുക വകയിരുത്തുകയും അതോടൊപ്പം 8 മീറ്റർ എന്ന വ്യവസ്ഥ നിലനിൽക്കുന്നതുമൂലം ഈ ഫണ്ട് ഉപയോഗിച്ച് മിക്കവാറും റോഡുകളും നന്നാക്കാൻ കഴിയാത്ത ഒരു അവസ്ഥയാണ്. ആയതിനാൽ ഈ പഞ്ചായത്തിന്റെ മാത്രമല്ല കേരളത്തിന്റെ പൊതുസ്ഥിതി കണക്കിലെടുത്ത് 8 മീറ്റർ എന്നത് 5 മീറ്ററോ 6 മീറ്ററോ എന്നാക്കുന്നത് ഉപകാരപ്രദമായിരിക്കും.

**സാദ്ധ്യതകൾ:-**

1. റോഡിന്റെ ഇരുവശവും ഓട നിർമ്മിക്കുന്നതിന് ജന പങ്കാളിത്തം നേടുക.
2. പുരയിടങ്ങളിലെ ജലം കഴിയുന്നത്ര അതാതു പുരയിടങ്ങളിൽ തടഞ്ഞു

നിർത്താൻ സോയിൽ കൺസർവേഷൻ വകുപ്പുമായി ബന്ധപ്പെട്ട് അതിരുകളും ബണ്ടുകളും നിർമ്മിച്ച് റോഡുകളിലേയ്ക്കുള്ള ജലപാതം ഒരതിർത്തിവരെ തടയാൻ കഴിയും. അതോടൊപ്പം പുരയിടങ്ങളിലെ കൃഷി അഭിവൃദ്ധിപ്പെടുകയും ചെയ്യും.

3. ഈ പഞ്ചായത്തിലെ 3, 4, 5 വാർഡുകൾ ഗതാഗത സൗകര്യം തീരം കുറഞ്ഞ പ്രദേശങ്ങളാണ്. റോഡുകൾ അത്യാവശ്യം വേണ്ട പ്രദേശങ്ങളിൽ ഉള്ള പരിപാടികൾ ജന പങ്കാളിത്തത്തോടെ നടപ്പാക്കാവുന്നതാണ്.

4. മണ്ണൊലിപ്പ് തടയുന്നതിനും കിടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും റോഡുകൾ സംരക്ഷിക്കുന്നതിനും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ സമുന്നയിപ്പിക്കുക.

5. **കല്ലമ്പലം–** നഗരൂർ റോഡിന്റെ തുടക്കത്തിൽ പുതുശ്ശേരിമുക്ക്, വണ്ടിത്തടം, തോട്ടയ്ക്കാട്, നെടുംമ്പറമ്പ്, ഞാറയ്ക്കാട്ടുവിള, ചാത്തമ്പറ, ആലംകോട് H.S ന് സമീപം, വഞ്ചിയൂർ പുതിയതടം ജംഗ്ഷൻ, പുല്ലുതോട്ടം, ഇരമം, പള്ളിമുക്ക്, മുല്ലശ്ശേരി, പട്ട്ളറേഷൻകടയ്ക്ക് സമീപം, പൂങ്കാവനം, **ചപ്പാത്തുമുക്ക്.** – എന്നീ ഭാഗങ്ങളിൽ ജനപങ്കാളിത്തത്തോടുകൂടി ഗൾഫ് മലയാളികളുടെ സാമ്പത്തിക സഹായത്തോടെ വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുവാനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാം.

**അടിയന്തിരമായി ഗതാഗതയോഗ്യമാക്കേണ്ട റോഡുകൾ മുൻഗണനാക്രമത്തിൽ**

1. ചപ്പാത്ത്മുക്ക്– കണ്ണാട്ടുകോണം– കുഞ്ചക്കുളവിള റോഡ്

ഈ പഞ്ചായത്തിലെ 7–ാം വാർഡുകമുതൽ 6, 5, 4 എന്നീ വാർഡുകൾ യോജിപ്പിക്കുന്നതും, മൂന്നു പട്ടികജാതി–പട്ടികവർഗ്ഗ കോളനികളെ ബന്ധിപ്പിക്കുന്നതുമായ ഈ റോഡ്, ഏറ്റവും കുറഞ്ഞദൂരം സഞ്ചരിച്ച് കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററിലേക്കും, അതുപോലെ MC റോഡിലേക്കും N.H ലേക്കും പോകുന്നതിനും വളരെ ഉപയോഗപ്രദമാണ്.

2. മൈലാപ്പള്ളി– മുല്ലശ്ശേരി– പട്ട്ള– കട്ടപ്പറമ്പ്–ഇരമംറോഡ്

ഈ പഞ്ചായത്തിലെ 9, 10, 11 എന്നീവാർഡുകൾ യോജിപ്പിക്കുന്നതും, വാമനപുരം നദി മുറിച്ചുകടക്കാതെ N.H–ൽ എത്താനുമുള്ള ഏറ്റവും ദൂരം കുറഞ്ഞ റോഡാനിത്. ഇതിന് പുറമെ, മുല്ലശ്ശേരിയും ഇരമവും രണ്ട് അംഗീകൃത പട്ടികജാതി കോളനികളുമാണ്.

3. വണ്ടിത്തടം– കോട്ടാമല– ഈരാണിമുക്ക്– വെളിവിള– കീഴതിൻ വാതുക്കൽ– തോട്ടയ്ക്കാട് റോഡ്

ഈ പഞ്ചായത്തിലെ 3–ാം 4–ാം വാർഡുകൾ പൂർണ്ണമായി സംയോജിപ്പിക്കുന്നതും, ഈ പഞ്ചായത്തിന്റെ വടക്കറ്റത്തുനിന്നും പഞ്ചായത്തിന്റെ ഹെഡ്ക്വാർട്ടേഴ്സ് ആയ തോട്ടയ്ക്കാട്ട് സ്ഥിതിചെയ്യുന്ന രണ്ട് സ്കൂളുകൾ (U.P, L.P) Govt: ആശുപത്രി കരവാരം വില്ലേജാഫീസ്, സർവീസ് സഹകരണ ബാങ്ക്, കൃഷിഭവൻ, ചന്ത, മൃഗാശുപത്രി ഇലക്ട്രിസിറ്റി ഓവർസീയർ ഓഫീസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് എന്നീ സ്ഥാപനങ്ങളിലേക്ക് ഏറ്റവും കുറഞ്ഞ ദൂരത്തിൽ ജനങ്ങൾക്ക് എത്താൻ കഴിയുന്നതുമാണ് ഈ റോഡ്.

4. പുല്ലൂർമുക്ക്– ഗുരുമന്ദിരം റോഡ്

ഈ പഞ്ചായത്തിലെ 1–ം, 2–ം വാർഡുകളെ ബന്ധിപ്പിക്കുന്നതും തോട്ടയ്ക്കാട്ട് വരുവാൻ ഏറ്റവും നീളം കുറഞ്ഞതും ഒരു VHSCയും L.P.S–ം കടന്നുപോകുന്നതുമായ ഈ റോഡ് ഒരുലക്ഷം വീടും ഹരിജൻ കോളനിയും ബന്ധിപ്പിക്കുന്നു.

5. കടുവയിൽ– ചാങ്ങാട്– തോട്ടക്കാട് റോഡ്

ഈ പഞ്ചായത്തിലെ 2–ാം വാർഡും 6–ാം വാർഡുമായി ബന്ധിപ്പിക്കുന്നതും തോട്ടയ്ക്കാടുനിന്നും N.H ലേയ്ക്ക് പോകുന്നതിന് ഏറ്റവും നീളം കുറഞ്ഞതുമാണ് ഈ റോഡ്. ഇതിനുപുറമെ കുടുവയിൽ പള്ളിയും

ചാങ്ങാട് ക്ഷേത്രവും തമ്മിൽ ബന്ധിപ്പിക്കുന്നതും ഈ റോഡാണ്.

6. N.H- പൂതുകുന്നു ക്ഷേത്രം- പെരുങ്ങാവിൽ ക്ഷേത്രം- കളിയിലിൽ വാതിക്കൽ- കൊക്കോട്ടുകോണം

ഈ പഞ്ചായത്തിലെ 7-ാം, 8-ാം വാർഡുകൾ യോജിപ്പിക്കുന്നതും ഒരു ദേവസ്വം ബോർഡ് ക്ഷേത്രവും പെരുങ്ങാവിൽ ക്ഷേത്രവും തമ്മിൽ യോജിപ്പിക്കുന്നതാണ് ഈ റോഡ്. കൂടാതെ ഒരു അംഗൻവാടി, തയ്ക്കാവ്, ഒരു അംഗീകൃത പട്ടികജാതി കോളനി എന്നിവ തമ്മിലും ബന്ധിപ്പിക്കുന്നു.

ഈ പഞ്ചായത്തിൽ പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളതും നാട്ടുകാരുടെ ശ്രമഫലമായി വെട്ടിയിട്ടുള്ളതും പഞ്ചായത്ത് ഏറ്റെടുത്തിട്ടില്ലാത്ത അനേകം റോഡുകൾ ഉണ്ട്. ഇതിൽ പല റോഡുകളും നെൽപാടങ്ങൾ കടന്നു പോകേണ്ടതുമുണ്ട്. ഇതിനാവശ്യമായ കലുങ്കുകൾ, പാലങ്ങൾ റീട്ടേണിംഗ് വാളുകൾ എന്നിവ നിർമ്മിച്ച് ശരിയായ രീതിയിൽ ഓടകളും വെട്ടി സഞ്ചാരയോഗ്യമാക്കുന്നതു കൊണ്ട് ഇത്തരം റോഡുകൾ വാർഡ് അടിസ്ഥാനത്തിൽ കൊടുക്കുന്നു.

### വാർഡ് -1-

1 പുല്ലൂർമുക്ക് - ഗുരുമന്ദിരം റോഡ്

2 കല്ലമ്പലം - കീഴൂർടെംബിൾ റോഡ്

3 N.H - പോലീസ്സ്റ്റേഷൻ റോഡ്

4 N.H - നെടുംമ്പറത്ത് റോഡ്

5. പുല്ലൂർമുക്ക് - ഗ്രാമം റോഡ്.

6 ദേവിവിലാസം - കൊക്കോട്ടുകോണം റോഡ്

7 കൊച്ചഴികം (നെല്ലിവിള) - ചന്ദ്രത്തിൽ വാതിക്കൽറോഡ്

8 പൊയ്കമുക്ക് - തോട്ടത്തിൽ വാതിക്കൽറോഡ്

9 കുളത്തൂർ - വാതിക്കൽറോഡ്

10 പുല്ലൂർമുക്ക് - ഇടവൂർകോണം റോഡ്

11 പുല്ലൂർമുക്ക് - വേലംകോണം റോഡ്

12 കരവാരം H.S - മണമ്പൂർ N.H വുമായി ബന്ധിപ്പിക്കുന്ന റോഡ്.

### വാർഡ് -2-

1 തോട്ടയ്ക്കാട് - പോളക്കൽ റോഡ്

2 കടുവയിൽ - ചാങ്ങാട് തോട്ടയ്ക്കാട് റോഡ്

3 മാറങ്ങോട്ടുകോണം റോഡ്

4 പാവല്ല - പള്ളിത്തടം റോഡ് വയലിൽ അക്കരെയുള്ള റോഡുമായി ബന്ധപ്പെടുത്തണം.

5 കന്യാരുവിള - മംഗലംകുന്ന് ഏലംറോഡ്

6 തോട്ടയ്ക്കാട് നിന്നും മേച്ചേരി കോണത്തേയ്ക്ക് ഒരു പുതിയതടം നിർമ്മിക്കുക.

7 പുതുശ്ശേരിമുക്ക് - കാഞ്ഞിരംവിള വഴി ഏലായിൽ ഇറങ്ങുന്ന വഴി പുതിയതായി നിർമ്മിക്കണം.

8 ഇടവൂർക്കോണം - മാടൻനട റോഡ്

9 കാഞ്ഞിരംവിള - ഇടവൂർകോണറോഡ്

10 പുല്ലൂർമുക്ക് - ഏറത്ത് പുത്തൻവീട് റോഡ്

11 പുതുശ്ശേരിമുക്ക് - അടഞ്ഞുകിടക്കുന്ന കലുങ്ക് വൃത്തിയാക്കുക.

12 പുതുശ്ശേരിമുക്ക് - കണ്ണത്തുക്കോണം ഏലാറോഡ്

13 തോട്ടയ്ക്കാട് - പ്രൈമറിഹെൽത്ത് സെന്ററിലേയ്ക്കുള്ള റോഡ്

14 പുതുശ്ശേരിമുക്കിൽ നിന്നും കണ്ണത്തുകോണത്തേയ്ക്കുള്ള റോഡ്

### വാർഡ് -3-

1 വണ്ടിത്തടം - ഇതണിക്കോളം വെളിവിള കീഴതിൽ വാതുക്കൽ റോഡ്

2 ഇളമ്പമുക്ക് - കരിയ്ക്കകം വഴി ഈരാണിക്കോണം റോഡ്

3 തലവിളമുക്ക് - കല്ലാലുംമൂട് ഈരാണിമുക്ക് റോഡ്

4 കോട്ടാമല - കുഴിവിളറോഡ്

6 തലവിള - നെഴ്സറിറോഡ്

7 മന്തപ്പച്ച - വലിയപച്ച റോഡ്

8 മടന്തപ്പച്ച - കുളപ്പാറക്കോണം വഴി കല്ലാലുംമൂട് റോഡ്

9 വണ്ടിത്തടം – കരവായിക്കോണം റോഡ്

10 ബാലഗിരി – കൊണ്ണൂറി റോഡ്

11 ഇളമ്പമുക്ക് – കൈപ്പടക്കോണം റോഡ്

12 എതിക്കാട് – കടയിൽ വാതിക്കൽ റോഡ്

13 പാവല്ല പള്ളിമുക്ക് – ഇളമ്പമുക്ക് കോളനി റോഡ്

14 മടന്തപ്പച്ച – കരവായികോണംറോഡ്

വാർഡ് –4–

1 മൂന്ന്മുക്ക് – ചെമ്പ്രാക്കോണം റോഡ്

2 നെല്ലിക്കുന്ന് – തോക്കാല റോഡ്

3 നെല്ലിക്കുന്ന് – ആണ്ടിക്കോണം റോഡ്

4 കൊട്ടളകുന്ന് – കുര്യാത്തിവാതിക്കൽ റോഡ്

5 കീഴതിൽ – ഇടത്തറ റോഡ്

വാർഡ് –5–

1 നടുംമ്പറമ്പ് കാട്ടിൽ സ്കൂൾ മുതൽ നെടുവൻമല കുഞ്ചക്കവിള റോഡ്

2 കല്ലുവിളമുക്ക് – കാട്ടിൽ സ്കൂൾ റോഡ്

3 വടക്കോട്ട്ക്കാവ് – പനയറകുന്ന് റോഡ്

4 ഗാന്ധിമുക്ക് – ചാക്യാർപാറ റോഡ്

5 പനയറകുന്ന് – വാരവിൽ റോഡ്

6 ഗാന്ധിമുക്ക് – വിളയിൽവിളാകം റോഡ്

7 ചെറുകര – പൊയ്കയിൽ റോഡ്

8 കണ്ണാട്ടുകോണം – വടുകൈത റോഡ്

9 ഞാറയ്ക്കാട്ടുവിള – കാഞ്ഞിരംപൊയ്ക റോഡ്

10 വടക്കോട്ട്കാവ് – വെള്ളാപ്പള്ളിക്കോണം

11 ഞാറയ്ക്കാട്ടുവിള – തെങ്ങഴിയം റോഡ്

12 കണ്ണാട്ടുകോണം – ഒലുപ്പിൽ റോഡ്

വാർഡ് –6–

1 കടുവയിൽ ചാങ്ങാട് തോട്ടയ്ക്കാട് റോഡ്

2 ചുവട്താങ്ങി – പുളിയങ്ങഴികം– ഗവൺമെന്റ് ഡിസ്പൻസറി റോഡ്

3 കടുവപള്ളി – ശ്രീകൃഷ്ണപുരം ക്ഷേത്രം റോഡ്

4 മണമ്പൂർ – പുളിയങ്ങഴികം റോഡ്

5 മണമ്പൂർ –കുറ്റിച്ചൽ റോഡ്

6 മണമ്പൂർ – മൂല്ലമംഗലം റോഡ് പുല്ലൂർമുക്ക് റോഡുമായി ബന്ധിപ്പിക്കുക.

7 കടുവാപള്ളി ആശുപത്രി – കീഴേമഠം– അമ്പത്തിൽ വിള – കോളനിറോഡ് ചുവടുതാങ്ങി ആശുപത്രി റോഡുമായി ബന്ധിപ്പിക്കുക

8 ചുവടുതാങ്ങി പുളിയങ്ങഴികം റോഡിൽ കിഴക്കേ മഠം വാതിൽക്കൽ ചാക്യാപാറ ഏലായിലിലേക്കുള്ള ഇടവഴി

9 പുതുകുന്ന് വിള – ചാക്യാപാറ നടപ്പാത ഉണ്ടാക്കുക.

10. ചാത്തമ്പറ L.P.S ചൂള്ളിക്കോണം റോഡ് നിർമ്മിക്കുക.

11. പ്ലാമുറ്റത്ത് നിന്നും ചുള്ളിക്കോണം റോഡ് നിർമ്മിക്കുക

12 ചപ്പാത്തിമുക്ക് – വാവറ

13. മഠത്തിക്കോണം – കാരുട്ടിവാതിക്കൽ റോഡ്

14. ഞാറയ്ക്കാട്ടുവിള – കണ്ണങ്കരവാതിക്കൽ

വാർഡ് 7

1. പ്ലാമുറ്റം – ശിവൻകോവിൽ റോഡ്

2. N. H. To മാടൻ നട ശിവൻ കോവിൽ റോഡ്

3. ഞാറയ്ക്കാട്ടുവിള മേവർക്കൽ L.P.S റോഡ്

4. ചാത്തൻമ്പറ – ഞാറയ്ക്കാട്ടുവിള റോഡ്

7. ഉദയൻ പറമ്പ് – കളിയിലിൽ വാതിക്കൽ റോഡ്

8. ചപ്പാത്തിമുക്ക് – ആലംകോട് വാതിക്കൽ റോഡ്.

9. ആലംകോട് H.S തൈയ്ക്കാവ് റോഡ്.

10. കാവുനട – പൂന്തൽവാരം റോഡ്.

11. മൂന്ന്മുക്ക് – നാഗരുകാവ് റോഡ്

12. പ്ലാമുറ്റം – കല്ലുവെട്ടാകുഴി റോഡ്.

13. കുന്നുവാരം – കരിമ്പലത്തു വാതിക്കൽ റോഡ്.

14. കിഴക്കതിൽ വാതിക്കൽ – നാഗരുക്കാവ് റോഡ്.

15. ഞാറയ്ക്കാട്ടുവിള – മത്തിൽക്കോണം റോഡ് (I.H.D.P).
16. പള്ളിമുക്ക് – നെടുംങ്ങോട്ടുവാതിക്കൽ റോഡ്.
17. കിഴക്കതിൽ വാതിക്കൽ – മാടൻനട റോഡ്.
18. മത്തിക്കോണം – ലക്ഷംവീട് റോഡ്.
19. കരിങ്ങോട്ടുകാവ് ക്ഷേത്രം റോഡ്.
20. T.V.ക്യൂസ്ക് കല്ലുവെട്ടാൻകുഴി റോഡ്.
21. കുന്നുവാരം നെട്ടറവാതിക്കൽ റോഡ്.
22. തൈയ്ക്കാവ് – കരിമ്പലത്ത് വാതിക്കൽ റോഡ്.
23. പനയാട്ടുകോണം – അപ്പൂപ്പൻനട സമീപം ഉള്ള വെള്ളച്ചാൽ തടമാക്കി മാറ്റുക

1. വഞ്ചിയൂർ – ഞാറയ്ക്കാട്ടുവിള റോഡ്.
2. മത്തനാട് തോട്ടുപുറം റോഡ്.
3. വഞ്ചിയൂർ തയ്ക്കാവ് – പണയിൽ വാതിക്കൽ റോഡ്.
4. കൊക്കോട്ടുകോണം– മുളമൂട്ടിൽ വാതിക്കൽ റോഡ്.
5. വഞ്ചിയൂർ U.P.S – കൈതാവീട് റോഡ്.
6. മത്തനാട് – ചോളോട്ടുവാരിക്കൽ റോഡ്.
7. ലക്ഷംവീട് – നടയ്ക്കൽ പറമ്പ് റോഡ്.
8. ഞാറയ്ക്കാട്ടുവിള – നെടുംമ്പറമ്പ് റോഡ്.
9. ഞാറയ്ക്കാട്ടുവിള – പുലിയ്ക്കോട്ടുകോണം റോഡ്.
10. കൊക്കോട്ടുകോണം – മുരുക്കുംവീട് റോഡ്.
11. നെടുമ്പറമ്പ് – പരവൂർകോണം റോഡ്.
12. കടവിള – കൈതാവീട് റോഡ്.
13. പണയിൽ വാതിക്കൽ – ഡീസന്റ്മുക്ക് റോഡ്.
14. കടവിളയിൽ നിന്നും ചീനിവിള വഴി പാറമല റോഡ്.
15. പൂങ്കാവനം – വടശ്ശേരിക്കോണം റോഡ്.
16. കൊക്കോട്ടുകോണം – മേവരിക്കൽ റോഡ്–പെരുന്തോട്ടം വഴി നിർമ്മിക്കുക.
18. കൊക്കോട്ടുകോണം– വാഴോട്ടുകോണം റോഡ്.
19. വഞ്ചിയൂർ ചായക്കടവിള റോഡും പുതിയതടം റോഡും തമ്മിൽബന്ധിക്കുക.
20. കടവിള– കളിവിളാകം റോഡ്.
21. തുണ്ടുവിള– കൊക്കോട്ടുകോണം റോഡ്.

### വാർഡ് 9

1. പുല്ലുതോട്ടം– കട്ടപ്പറമ്പിൽ റോഡ്.
2. വഞ്ചിയൂർ– പാലുവാരം കട്ടപ്പറമ്പിൽ റോഡ്.
3. പേർഷ്യൻ മുക്ക് – ഇരമത്ത് കടവ് റോഡ്.
4. പല്ലുതോട്ടം – ആശാരിവിളാകം റോഡ്.
5. കാട്ടുവിള മണ്ഡപത്തിൻകുന്ന് റോഡ്.
6. ഇരമം – ശിവൻകോവിൽ റോഡ്.
7. ശിവൻകോവിൽ താഴെക്കാട് റോഡ്.
8. ഇരമം – പ്രിയദർശിനി ഏലാറോഡ്.
9. ഇരമം – കോളനി റോഡ്.
10. പുല്ലുതോട്ടം – കാവുവിള റോഡ്.
11. പുല്ലുതോട്ടം – വിളയാട്ടുമൂല റോഡ്.
12. കടവിള – വാട്ടർ ടാങ്ക് ഭാഗത്തിൽ നിന്നും മുടുമ്പിൽ വാതിക്കൽ റോഡ് നിർമ്മിക്കുക.
13. കാട്ടുവിള മണ്ഡപത്തിൻകുന്ന് റോഡിൽ നിന്നും താഴെക്കാട്ടു ഭാഗത്തേയ്ക്ക് ഒരു പുതിയ റോഡ് നിർമ്മിക്കുക.
14. പുല്ലുതോട്ടം – ശിവൻകോവിൽ റോഡ്.

### വാർഡ് 10

1. വഞ്ചിയൂർ – പട്ട്ളാറോഡ്.
2. പുലിപ്പാറക്കോണം – പട്ട്ളാറോഡ്.
3. തയ്ക്കാവി – പൂവക്കാട്ട് റോഡ്.
4. കിണറ്റുമുക്ക് – പട്ട്ളാറോഡ്.
5. പള്ളിമുക്ക് – തയ്ക്കാട്ടുകോണം റോഡ്.
6. വഞ്ചിയൂർ – പ്ലാവക്കോണം റോഡ്.
7. വഞ്ചിയൂർ – കാട്ടുവിള–പറവൂർ പുഴ റോഡ്.

### വാർഡ്–11

1. പള്ളിമുക്ക്– തമ്പുരാൻ നട റോഡ്.

2. പള്ളിമുക്ക് – മുല്ലശ്ശേരി റോഡ്.
3. മുല്ലശ്ശേരി – പനവേലികടവ് റോഡ്.
4. മുല്ലശ്ശേരി – പള്ളിമുക്ക് റോഡ്.
5. പള്ളിമുക്ക് – കോലാംകോണം റോഡ്.
6. മുല്ലശ്ശേരി – മൈലാപ്പള്ളി റോഡ്.
7. പുലിപ്പാറ – പൂവൻമൂട്ട് കടവ് റോഡ്.
8. തെങ്ങുവിള – കൊച്ചുവീട്ടിക്കോണം റോഡ്.
9. പനവേലിക്കടവ് – പൂവൻമൂട്ട് കടവ് റോഡ്.
10. ശീമവിള – മണ്ണൂർഭാഗം റോഡ്.
11. പള്ളിമുക്ക് – അയമ്പള്ളിക്കോണം റോഡ്.
12. കൊല്ലൂർകോണം – പൂവൻമൂട്ട്കടവ് റോഡ്.
13. പൂവൻമൂട് – കുളപ്പാട്ടം റോഡ്.
14. കാരായ്ക്കോണം – മണ്ണൂർഭാഗം റോഡ്.

**ഗതാഗത സൗകര്യം**

പഞ്ചായത്തിലെ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിന് താഴെപ്പറയുന്ന ബസ് റൂട്ടുകൾ അടിയന്തരമായി ആരംഭിക്കണം.

1. കിളിമാനൂർ, വെള്ളല്ലൂർ, കല്ലമ്പലം വഴി പാവല്ല, തോട്ടയ്ക്കാട്, ഞാറയ്ക്കാട്ടുവിള വഞ്ചിയൂർ, ആറ്റിങ്ങൽ വഴി മെഡിക്കൽകോളേജ്.
2. കിളിമാനൂർ, കടവിള, കട്ടപ്പറമ്പ്, വഞ്ചിയൂർ, ആറ്റിങ്ങൽ, മെഡിക്കൽകോളേജ്.
3. കിളിമാനൂർ നഗരൂർ പുതുശ്ശേരിമുക്ക് കല്ലമ്പലം, വർക്കല.

# വിഭവ സമാഹരണം

ഒരു സ്വയംഭരണ സ്ഥാപനത്തിന്റെ ആണിക്കല്ല് സാമ്പത്തികനയമാണ്. കഴിഞ്ഞ കാലങ്ങളിൽ കരവാരം ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക നയം ദൗർഭാഗ്യവശാൽ സ്ഥിരതയില്ലാത്തതിനാൽ സമഗ്രവികസനം ഒരു സ്വപ്നം മാത്രമായി അവശേഷിക്കുന്നു. ഈ അവസരത്തിൽ കരവാരം ഗ്രാമ പഞ്ചായത്തിലെ സമ്പദ്ഘടനയിലെ വിവിധ മേഘലകളുടെ പ്രവർത്തനങ്ങൾ ചെറുതായൊന്ന് അവലോകനം ചെയ്യുന്നത് പ്രസക്തമായിരിക്കും. സാക്ഷരത, സ്ത്രീകളുടെ പുരോഗതി, ശിശുമരണം, ആയുർദൈർഘ്യം, ജനനമരണനിരക്ക്, ഉപഭോഗം എന്നിവയുടെ കാര്യത്തിൽ നാം കേരളത്തിലെ ഏറ്റവും മുന്നേറിയ പഞ്ചായത്തുകളോട് ശരാശരി തുല്യമാണ്. എന്നാൽ സാമ്പത്തികമായ കാര്യത്തിലും വിഭവസമാഹരണത്തിലും നാം വളരെ പുറകിലാണ്. കരവാരം ഗ്രാമപഞ്ചായത്തിൽ 4, 37, 960രൂ 25 പൈസ. സെപ്തംബർ 1996 വരെ കമ്മിയിലാണ്. മുൻകാലങ്ങളിൽ പരിശോധിച്ചാലും നാം കമ്മിയിൽ നിന്നും കരകയറിയിട്ടില്ലെന്ന് കാണാം.

1. പഞ്ചായത്തിന്റെ വരുമാനസാധ്യതകൾ പൂർണ്ണമായി ശേഖരിക്കാൻ കഴിയാത്തതുകൊണ്ട് പഞ്ചായത്തിന് സാമ്പത്തിക തുലനനില നിലനിർത്താൻ കഴിയാതെ പോയി.
2. ദീർഘവീക്ഷണം ഇല്ലാത്തതും യാഥാർത്ഥ്യ ബോധമില്ലാത്തതുമായ പ്ലാനിംഗുകൾ വ്യവസായത്തിന് പ്രാതിനിത്യം കൊടുക്കുക.
3. ഭരണചെലവിൽ വന്നുകൊണ്ടിരിക്കുന്ന വർദ്ധനവ്.
4. ഗവ: നിന്നും എടുത്ത കടങ്ങൾ യഥാസമയം തിരിച്ചടയ്ക്കാതെ കുടിശ്ശിക വരുത്തിയും കുടിശ്ശികയുള്ളപ്പോൾ ഭരണത്തിന്റെ നേട്ടങ്ങൾ എടുത്തുകാണിക്കുന്നതിന് വേണ്ടി മൂലധനം ഇല്ലാതെ വീണ്ടും കടമെടുത്ത് സ്ഥാപനങ്ങൾ ജനപങ്കാളിത്തമില്ലാതെ കോൺട്രാക്റ്റ് വ്യവസ്ഥയിൽ പ്രവർത്തിച്ചതുകൊണ്ട്.
5. നടപ്പിൽ വരുത്താൻ പ്രയാസമുള്ള സ്കീമുകൾ തയ്യാറാക്കുന്നതിൽ വന്ന വീഴ്ചകൾ.
6. സന്നദ്ധ പ്രവർത്തനങ്ങളുടെ താൽപ്പര്യകുറവ്.
7. വ്യാവസായിക മേഘലകളെ അവഗണിച്ചത്.

**സാധ്യതകൾ**

1. താഴെ വിവരിക്കുന്ന രീതിയിലുള്ള വിഭവസമാഹരണം കൊണ്ട് സ്വയം പര്യാപ്തതയുള്ള ഒരു ഗ്രാമപഞ്ചായത്തായി നമ്മുടെ കരവാരം ഗ്രാമപഞ്ചായത്തിനെ മാറ്റാവുന്നതാണ്. 1972-ൽ പഞ്ചായത്തിന് റൂറൽ വാട്ടർ സപ്ലൈസ്കീം നടപ്പിലാക്കുന്നതിന് വേണ്ടി കടം എടുത്ത 50,000/- വർഷങ്ങളോളം അടച്ചിട്ടും 4,00,000/- ഉം രൂപ ഇന്നും കടബാധ്യതയായി കിടക്കുന്നു. ഇതുകാരണം പഞ്ചായത്തിന്റെ വിഭവസ

മാഹരണത്തിന് വളരെയധികം കോട്ടം തട്ടിയിട്ടുണ്ട്. അത് എഴുതിതള്ളണം.

2. നികുതി, നികുതികുടിശ്ശികകൾ, നികുതി ഇതരവരവ്, ലൈസൻസ്ഫീസുകൾ മുതലായവ യഥാസമയം പിരിച്ചെടുക്കുക.

3. പഞ്ചായത്ത് കാര്യാലയങ്ങളിൽ വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തി അറിവിൽപ്പെടാതെയുള്ള കെട്ടിടങ്ങൾ തെരഞ്ഞ് പിടിച്ച് നികുതി ഈടാക്കുക.

4. പഞ്ചായത്തിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ പബ്ളിക് മാർക്കറ്റുകൾ തുടങ്ങുക.

5. കരവാരം ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റിഹാൾ ഇല്ലാത്ത ഭാഗം നോക്കിയും ജനസാന്ദ്രത, ഗതാഗതസൗകര്യം മുതലായ സൗകര്യങ്ങളുള്ള സ്ഥലത്ത് ആധുനിക രീതിയിലുള്ള ഒരു കമ്മ്യൂണിറ്റിഹാൾ സ്ഥാപിക്കുക.

6. കരവാരം ഗ്രാമപഞ്ചായത്തിലെ N.H. നോട് ചേർന്നു കിടക്കുന്ന ബ്ളോക്ക് നമ്പർ 40 സർവ്വെ നമ്പർ 342/ൽ 37 സെന്റ് പുറംപോക്ക് സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ഷോപ്പിംഗ് കോംപ്ലക്സും ചന്തയും നിർമ്മിക്കുക.

7. പ്രകൃതി സമ്പത്തായി കരവാരം ഗ്രാമ പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന പാറകൾ പഞ്ചായത്ത് അറിയാതെ പൊട്ടിച്ചുകൊണ്ട് പോകുന്ന ഇന്നത്തെ രീതിമാറ്റി പഞ്ചായത്തിന്റെ N.o.e-യോട് കൂടി മാത്രമേ പൊട്ടിക്കേണ്ടവ പൊട്ടിക്കുകയും നിലനിർത്തേണ്ടവ നിലനിർത്തുകയും ചെയ്യുന്ന നിയമം നടപ്പിലാക്കുക.

ലോകത്തിലെ ഏറ്റവും വലിയ വ്യവസായമാണ് ടൂറിസം. ഇന്ന് 204 ദശലക്ഷം ആളുകൾ വിനോദസഞ്ചാരമേഖലയിൽ തൊഴിൽ ചെയ്തുവരുന്നു. കേരളത്തിൽ വളരുന്ന ഒരു വ്യവസായമാണ് ടൂറിസം. കരവാരം പഞ്ചായത്തിൽ ഇനിയും വികസനം കാത്തുകഴിയുന്ന ഈ വ്യവസായത്തിന് അനന്ത സാധ്യതകളാണ് ഉള്ളത്. ഈ പഞ്ചായത്തിന്റെ കിഴക്കുഭാഗത്തു നിരനിര ആയി കാണുന്ന ഹിൽറിസോർട്ടുകൾ സഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്നതും ഒഴിവു ദിവസങ്ങളിൽ സുഖമായും സന്തോഷകരമായും ചെലവഴിക്കാൻ കഴിയുന്ന തരത്തിൽ ഒട്ടേറെ സൗകര്യങ്ങൾ സൃഷ്ടിച്ച് സഞ്ചാരികളെ വരവേൽക്കുവാൻ കഴിയുന്നതും ആയ ഒരു പ്രദേശമാണ് കുന്നത്തുകോണത്ത് പ്രദേശവും നനയാൻപാറ സ്ഥിതിചെയ്യുന്ന പ്രദേശവും. വർക്കലബീച്ച് റിസോൾട്ട്സ്, പാലോട് ബോട്ടോണിക്കൽ ഗാർഡൻ, പൊൻമുടിഹിൽ റിസോൾട്ട്സ് ഒക്കെത്തന്നെ ലോക വിനോദ സഞ്ചാര മേഖലയിൽപ്പെട്ടുകഴിഞ്ഞ പ്രദേശങ്ങളാണ്. അതേ മേഘലയിൽ സ്ഥിതിചെയ്യുന്നതും ഇപ്പോൾ ആലസ്യത്തിലാണ്ടു കിടക്കുന്നതുമായ ഈ പ്രദേശത്തെ ഉണർത്തി എടുത്ത് വർക്കല, കല്ലമ്പലം, കുന്നത്തുകോണം റിസോൾട്ട്സ്, പാലോട് ബോട്ടോണിക്കൽ ഗാർഡനിൽകൂടി പൊൻമുടി റിസോർട്ട്സ് വരെ ഒരു വിനോദ സഞ്ചാരകേന്ദ്രമാക്കാൻ കഴിയും. അപ്രകാരം ലോകത്തിലെ തന്നെ ഏറ്റവും വലിയ വ്യവസായ ടൂറിസത്തിന്റെ ഒരു ഭാഗം നമ്മുടെ കരവാരം ഗ്രാമ പഞ്ചായത്തിന് അവകാശപ്പെട്ടതായി വരുകയും അതിന്റെ ഫലമായി നമ്മുടെ പ്രകൃതി സമ്പത്തിനെ കാത്തുസൂക്ഷിക്കാനും ഒരുനല്ല വിഭാഗം ജനങ്ങൾക്ക് പലതരത്തിലുള്ള തൊഴിലുകൾ ഉണ്ടാവുകയും എല്ലാത്തിനുപരി പഞ്ചായത്തിനു ഒരു നല്ല വരുമാന മാർഗ്ഗമായി മാറുകയും ചെയ്യും.

വർക്കല സുഖവാസകേന്ദ്രത്തിനും തെന്നിന്ത്യയിൽതന്നെ അറിയപ്പെടുന്ന കടുവയിൽ തങ്ങൾ മുസ്ലിം ആരാധനാലയത്തിനും സമീപം സ്ഥിതിചെയ്യുന്ന, പ്രകൃതിതന്നെ കനിഞ്ഞ് അനുഗ്രഹിച്ചിരിക്കുന്ന മനോഹാരിത നിറഞ്ഞതും. വിനോദസഞ്ചാരികളെയും വിദേശീയരെയും ആകർഷിക്കപ്പെടുന്നതിനും. കരവാരം ഗ്രാമപഞ്ചായത്തിന്റെ 6-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന N.H. നോട് ചേർന്നു കിടക്കുന്ന ഏകദേശം 2 ഏക്കറിൽപ്പരം വിസ്തീർണ്ണമുള്ള ആഴാംകോണം ചിറ, ലോകബാങ്കിന്റെ സഹായത്തോടുകൂടി ആന്താരാഷ്ട്രനിലവാരമുള്ള സിമ്മിംഗ് പൂളും

ഇൻഡോർ സ്റ്റേഡിയവും നിർമ്മിച്ചു. ഒരു വിനോദസഞ്ചാരകേന്ദ്രമാക്കി മാറ്റിയാൽ അത് കരവാരം പഞ്ചായത്തിന് ഒരു മുതൽ കൂട്ടായി മാറും.

6. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ തീരുവ ഇപ്പോൾ റവന്യൂ അധികൃതർ പിരിച്ചെടുക്കുന്ന തുക പഞ്ചായത്തിനു വിട്ടുകൊക്കുക.
7. ഇന്നു ആനുപാധികമായി കിട്ടികൊണ്ടിരിക്കുന്ന സ്റ്റാമ്പ് ഡ്യൂട്ടി വിഹിതം മുഴുവനും പഞ്ചായത്തിനുതന്നെ തരിക.
8. സിനിമാ തിയേറ്ററിൽ നിന്നും കിട്ടുന്ന ടാക്സ് മുഴുവൻ പഞ്ചായത്തിനു വിട്ടുതരിക.
9. അനധികൃതമായി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന മാർക്കറ്റുകൾ നിയമാനുസൃണം ഉള്ളതാക്കി മാറ്റി തീരുവ ഈടാക്കുന്നതിനുള്ള നടപടികൾ നടത്തുക.
10. ദേശീയ പദ്ധതി പ്രകാരം ശേഖരിക്കുന്ന തുക ആനുപാധികമായ വിഹിതം നേരിട്ടു പഞ്ചായത്തിനു വിട്ടുതരിക.
11. രണ്ടു ഹെക്ടറിനു മുകളിൽ (5 ഏക്കർ) ഭൂമി ഉള്ളവരിൽ നിന്നും ഭൂമി സെസ്സ് നടപ്പിലാക്കുക.
12. സാമ്പത്തിക പ്രക്രീയയിലെ അവിഭാജ്യ ഘടകങ്ങളായ പ്രകൃതി വിഭവങ്ങൾ നമ്മുടെ പഞ്ചായത്തിൽ സ്വതവേ നിഷ്ക്രിയാവസ്ഥയിലാണ് അതിനു ഒരു പരിഹാരമായി ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിലെ കാർഷിക വിഭവങ്ങളും പ്രകൃതി സമ്പത്തും സംസ്കരിക്കുന്നതിനായി വ്യാവസായശാലകൾ രൂപം കൊള്ളുന്നതിനു വേണ്ടുന്ന പ്രോജക്ട് പ്ലാൻ.ഈ പുസ്തകത്തിലെ വ്യാവസായിക പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസായശാലകളിലും മറ്റും പണിയെടുക്കുന്നവരുടെ പ്രൊഫഷണൽ ടാക്സും ലൈസൻസ് മുതലായവയിൽ കൂടി പഞ്ചായത്തിന് സാമ്പത്തിക വർദ്ധനവുണ്ടാകും.
13. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഉണ്ടാകുന്നതുപോലെ പരസ്യങ്ങൾ പതിക്കുന്നതിന് നികുതി നടപ്പിലാക്കുന്നതിനുള്ള അധികാരം പഞ്ചായത്തിനു നൽകുക.
14. പഞ്ചായത്തുടമയിലുള്ള ചുമരുകളിലും മറ്റും പരസ്യങ്ങൾ എഴുതുന്നതിന് ഒരു വർഷം കാലാവധി വച്ച് ലേലം ചെയ്തു കൊടുക്കുക.
15. പഞ്ചായത്തിന്റെ മേൽ നോട്ടത്തിലും പൂർണ്ണ ഉത്തരവാധിത്വത്തോടു കൂടി ഒരു ക്രഡിറ്റ് പ്ലാൻ ആരംഭിക്കുക.
16. നല്ലൊരു ശതമാനം ഗൾഫിൽ ജോലി ചെയ്യുന്നവർ നമ്മുടെ കരവാരം ഗ്രാമപഞ്ചായത്തിലുണ്ട്. 1970 മുതൽ 1980 വരെയുള്ള കാലഘട്ടത്തിലെ കണക്കനുസരിച്ച് 15,000 കോടിയോളം രൂപ കേരളത്തിൽ ഗൾഫ് മണിയായി എത്തിയിട്ടുണ്ട്. കഴിഞ്ഞ 40 വർഷക്കാലത്തെ കേരളത്തിലെ ആകെ പദ്ധതിച്ചെലവ് വെറും 5360 കോടി രൂപ ആയിരുന്നു എന്നറിയുമ്പോൾ ഈ പണത്തിന്റെ വ്യാപ്തി എത്ര എന്ന് നമുക്ക് മനസ്സിലാക്കാനാകും. മേൽപ്പറഞ്ഞ 15,000 കോടി രൂപയിൽ ആനുപാധികമായ ഒരു തുകയും നമ്മുടെ പഞ്ചായത്തിലും എത്തിയിട്ടുണ്ട്. ഈ തുകകൾ ചെലവഴിച്ചത് കെട്ടിട നിർമ്മാണ ഉപഭോഗസാധനങ്ങളുടെ വാങ്ങൽ തുടങ്ങിയവയ്ക്കാണ്. അതുകൊണ്ടാണ് ഉൽപ്പാദനം തകർന്നപ്പോഴും വരുമാനവും ഉപഭോഗവും കൂടി ഈ പണം പ്രത്യുൽപ്പാദനപരമായ നിക്ഷേപത്തിലെത്തിക്കുവാൻ വ്യക്തമായനയം പഞ്ചായത്ത് നടപ്പിലാക്കി സൂഷ്മതാതല ആസൂത്രണത്തിലേയ്ക്ക് തിരിച്ചുവിട്ടു കരവാര ഗ്രാമപഞ്ചായത്തിനെ സ്വയാശ്രയ ഗ്രാമപഞ്ചായത്തായി ഉയർത്തി. അപ്രകാരം നമ്മുടെ കരവാരം ഗ്രാമപഞ്ചായത്തിനെ ഒരു സ്വയം പര്യാപ്തമായ പഞ്ചായത്ത് ആക്കി മാറ്റാൻ കഴിയും.


ടൂറിസ്റ്റ് സെന്റർ
തോട്ടയ്ക്കാട്ട് പബ്ലിക് മാർക്കറ്റ്
ചാത്തൻപാറ മാർക്കറ്റ് (Proposed)
ഞാറയ്ക്കാട്ട് വിള മാർക്കറ്റ്
വഞ്ചിയൂർ മാർക്കറ്റ് (Proposed)
കമ്മ്യൂണിറ്റി ഹാൾ

# പട്ടികജാതി പട്ടികവർഗ്ഗ വികസനം

കരവാരം പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പട്ടിക ജാതിക്കാർ മാത്രമാണുള്ളത്. ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയായ 25,655 പേരിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ എണ്ണം 4060 പേരാണ്. 2019 പേർ പുരുഷന്മാരും 2041 പേർ സ്ത്രീകളുമാണ്. (1991 സെൻസസ് അവലംബം) ഇത് പഞ്ചായത്തിലെ ആകെയുള്ള ജനസംഖ്യയുടെ 16 ശതമാനമാണ്. 22 അംഗീകൃത കോളനികളാണുള്ളത്. അംഗീകാരമില്ല കോളനികൾ 6 എണ്ണം ഉണ്ട്.

**അംഗീകൃത കോളനികൾ**

1. മേവർക്ക (കൊക്കോട്ടുകോണം)
2. കണ്ണാട്ടുകോണം
3. കട്ടപ്പറമ്പ്
4. തേവലക്കാട് നെല്ലിക്കുന്ന്
5. കൊല്ലൂർക്കോണം
6. അയ്യമ്പള്ളിക്കോണം
7. ഊരുർക്കോണം
8. മൊട്ടമല
9. മഠത്തിൽക്കോണം പനയാട്ടുകോണം (ഐ. എച്ച്. ഡി. പി. 1991-92)
10. കരവാരം
11. മാറൻകോട്ടുകോണം
12. കന്യാവിള
13. ഇടവൂർക്കോണം
14. വല്ലത്തുകോണം (ഐ.എച്ച്ഡി.പി. 1995-96)
15. കോട്ടാമല
16. മുടിയോട്ടുകോണം
17. കുന്നുവാരം
18. കണിയാൻകോണം
19. ചാത്തൻപറ ലക്ഷംവീട്
20. ഇരമം
21. കണ്ണേലിക്കോണം
22. കൊച്ചുവീട്ടിക്കോണം

**അംഗീകൃതമല്ലാത്ത കോളനികൾ**

1. കോട്ടാമൂല
2. വെള്ളപ്പള്ളിക്കോണം
3. അമ്പലത്തിൻവിള
4. പുന്തൽവാരം
5. കരപ്പാരം H.S. നു സമീപം
6. കുന്നത്തുകോണം നെവൻമല (ചക്കിപ്പാറ)

പഞ്ചായത്തിൽ ആകെ 555 പട്ടികജാതി കുടുംബങ്ങളാണുള്ളത്. 11 വാർഡുകളിൽ 2 വാർഡുകളാണ് പട്ടിക ജാതിയ്ക്ക് സംവരണം ചെയ്തിട്ടുള്ളത് V-VIII എന്നീ സംവരണ വാർഡുകളിൽ V-ാം വാർഡ് പട്ടിക ജാതി വനിതകൾക്ക് സംവരണം ചെയ്തിട്ടുള്ളതാണ്. കോളനികളിൽ മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളായ വൈദ്യുതി, കുടിവെള്ളം, കക്കൂസുകൾ എന്നിവ ആവശ്യത്തിനുള്ളതില്ല. പലകോളനികളിലും ഗതാഗത സൗകര്യമോ, വിദ്യാഭ്യാസത്തിനുള്ള സൗകര്യമോ ഇല്ല.

അതുപോലെ സൗകര്യപ്രദമായി ഇല്ലാത്ത ഒന്നാണ് ആശുപത്രികൾ.

കുടിവെള്ള ക്ഷാമം അതിരൂക്ഷമായി അനുഭവപ്പെടുന്ന കോളനികളാണ് കൊല്ലൂർക്കോണം, മൊട്ടമല, ചാത്തൻപറ ലക്ഷംവീട് കുന്നത്തുകോണം (ചക്കിപ്പാറ) കോട്ടാമല തുടങ്ങിയവ. വളരെയധികം ദൂരെപോയി കുടിവെള്ളം ചുമന്നുകൊണ്ടു വരുന്നതുമൂലം വളരെ ബുദ്ധിമുട്ട് ഈ കോളനിയിലെ ജനങ്ങൾ അനുഭവിക്കുന്നുണ്ട്.

വിദ്യാഭ്യാസപരമായി എല്ലാ കോളനികളിലെയും ജനങ്ങൾ പിന്നിലാണ്. പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞാൽ അപ്പർ പ്രൈമറി തലത്തിൽ 10% മുതൽ 20% വരെ കുട്ടികൾ കൊഴിഞ്ഞു പോകുന്നു. ഹൈസ്ക്കൂൾ തലത്തിൽ എത്തുമ്പോൾ 20% വരെ വിദ്യാഭ്യാസം പൂർത്തിയാക്കാതെ പിരിഞ്ഞു പോകുന്നുണ്ട്. മാതാപിതാക്കൾ ജോലിയ്ക്കു പോകുന്നതുകൊണ്ട് സ്ക്കൂളിൽ പോകേണ്ട കുട്ടികൾ പലരും ഇളയകുട്ടികളെ സംരക്ഷിക്കുവാൻ വേണ്ടി വീട്ടിൽ കഴിയുന്ന സ്ഥിതിയാണ് വളരെയധികം ഉള്ളത്. പലരും ഇളയകുട്ടികളെ കാവലിരുന്നു നോക്കുന്നതോടൊപ്പം വീട്ടിലെ പാചകമുൾപ്പെടെയുള്ള പണികളും ചെയ്യേണ്ടി വരുന്നുണ്ട്. ഇതാണു പലർക്കും വിദ്യാഭ്യാസം തുടർന്നു നടത്താൻ കഴിയാതെ വരുന്നതിനുള്ള ഒരു കാരണം പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുമ്പോൾ തന്നെ രക്ഷിതാക്കളോടൊപ്പം പണിയ്ക്ക് പോകുന്നതിനു തയ്യാറാകുന്നവരുമുണ്ട്. ഇതും വിദ്യാഭ്യാസം തുടരാൻ കഴിയാത്ത സ്ഥിതിയ്ക്കു മറ്റൊരു കാരണമാണ്.

കുട്ടിക്കാലത്തുതന്നെ വീടുസംരക്ഷിക്കേണ്ട ബാദ്ധ്യത ഏറ്റെടുക്കേണ്ടിവരുന്നതും, കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ വളരെയധികം നടക്കുന്നതുകൊണ്ട് മേശന്മാരുടെ കൈയാളായി പ്രവർത്തിച്ചാൽ ഒരുവിധം നല്ലകൂലി ലഭിക്കുമെന്നുള്ളതുകൊണ്ടും വിദ്യാഭ്യാസം മതിയാക്കി ഈ മേഖലയിലേക്ക് തിരിയുന്നു. എന്നാൽ പുതിയ തലമുറയിലെ കുട്ടികൾ വിദ്യാഭ്യാസം ചെയ്യുന്നതിൽ മുൻപുള്ളതിനേക്കാൾ മെച്ചപ്പെട്ടുവരുന്നുണ്ട്. ഉന്നത വിദ്യാഭ്യാസത്തിനുപോകുന്ന ഒട്ടനവധി കുട്ടികൾ പഞ്ചായത്തിലുണ്ട്.

പലതരത്തിലുള്ള സാമ്പത്തികസഹായങ്ങളും സർക്കാരിൽ നിന്ന് നൽകുന്നെങ്കിലും അവ അതിന്റെ അർത്ഥത്തിലും വ്യാപ്തിയിലും ഉപയോഗപ്പെടുത്തുന്നില്ല. പ്രധാനമായി കൊടുക്കുന്ന തുകകൾ പലതിനും ഉപയോഗപ്പെടുത്താൻ അപരിയാപ്തമാണ്. പ്രധാനമായും കൃഷിപ്പണിക്ക്, പാറപ്പണിക്ക്, കശുവണ്ടി ഫാക്ടറികളിൽ, കെട്ടിടനിർമ്മാണത്തിനുമൊക്കെയാണ് പട്ടികജാതിക്കാർ പോകാറുള്ളത്. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന കുറെ ആളുകളിവിടുണ്ട്.

പട്ടികജാതിക്കാരിൽ 20% ആളുകൾക്കു സ്വന്തമായി ഭൂമിയില്ലാത്തവരാണ്. 30%ത്തോളം വരും വീടില്ലാത്തവരുടെ എണ്ണം. തൊഴിലാളി സംഘടനകളിൽ അംഗങ്ങളായിട്ടുള്ള വളരെയധികം പേരുണ്ട്. അയിത്തവും അടിമത്തവും ഇപ്പോൾ നിലവിലില്ല. വിവാഹചടങ്ങുകൾ, ഓണം തുടങ്ങിയ വിശേഷദിവസങ്ങളിലും, മറ്റുജാതിക്കാർ അഥിതികളായി ചെല്ലുകയും ഭക്ഷണം കഴിക്കുകയും ചെയ്യാറുണ്ട്. ജാതി പേരുവിളിച്ചാക്ഷേപിക്കുകയോ ജാതി പറയുകയോ ചെയ്യുന്ന സ്ഥിതി ഇന്നില്ല. പുതിയ തലമുറ ജാതിയുടെ പേരിൽ വേർതിരിവ് കാണിക്കാതെ വളരെ സൗഹാർദ്ദത്തോടെ കഴിയുന്നതാണ് കാണാൻ കഴിയുക.

I.R.D.P ഗുണഭോക്താക്കളായി ഈ പഞ്ചായത്തിൽ 450 കുടുംബങ്ങൾ ഉണ്ട്. (1992ലെ I.R.D.P ലിസ്റ്റിൻ പ്രകാരം). കോളനികളിൽ വൈദ്യുതി ഇതുവരെ എത്താത്തവ കോട്ടമല കോളനി, പാവല്ല ഹൈസ്ക്കൂളിനു സമീപമുള്ളതും, കുന്നത്തുകോണം നെടുവൻ മല കോളനിയും, അസലത്തും വിളകോളനി വെള്ളാപ്പള്ളി കോളനി, കോട്ടറമൂല മാറൻ കോട്ടുകോണം, പൂന്തൻ വാരം കോളനി മൊട്ടമല കോളനി, കട്ടപ്പറമ്പ്, കൊല്ലൂർക്കോണം കോളനികളിൽ പൂർണ്ണമായി വൈദ്യുതി ലഭിച്ചിട്ടില്ല. ക.ഒ.ഉ.ജ രണ്ടു വാർഡുകളിൽ നടപ്പാക്കിയിട്ടുണ്ടെങ്കിലും മറ്റുപ്രദേശങ്ങളിൽ നടപ്പാ

ക്കിയതുപോലുള്ള സമഗ്രമായ വികസനപരി പാടികൾ നടപ്പാക്കിയിട്ടില്ല.

**പ്രശ്നങ്ങൾ**

1. കോളനികളുടെ അടിസ്ഥാനസൗകര്യ ളായ കുടിവെള്ളം പാർപ്പിടം, റോഡ്, വൈദ്യുതി എല്ലാകോളനികളിലും പൂർണ്ണ മായി ലഭിച്ചിട്ടില്ല. 80% കുടുംബങ്ങളും ദരിദ്ര രേഖയ്ക്കുതാഴെയാണ്. പട്ടിണിയില്ലെങ്കിലും സാമ്പത്തികപരാധീനതകൾ അനുഭവിക്കുന്ന വരാണ് ഭൂരിഭാഗവും. എല്ലാ ദിവസവും ജോലി ലഭിക്കാത്തവരാണ് അധികവും. മഴക്കാലങ്ങ ളിൽ ജോലിലഭിക്കാതെ സാമ്പത്തികമായി ബുദ്ധിമുട്ടുന്നവർ ഒട്ടനവധിയുണ്ട്. വിദ്യാഭ്യാ സപരമായും, ഔദ്യോഗികപരമായും കൂടുതൽ പേരും ഇപ്പോഴും പിന്നോക്കാവസ്ഥയിലാണ്. പ്രായമായ ആളുകൾ ഇപ്പോഴും പൂർണ്ണമായും സാക്ഷരത ഉള്ളവരല്ല. വ്യവസായ മേഖല യിലും സാമൂഹ്യമേഖലയിലും അഭിവൃദ്ധിപ്രാ പിച്ചിട്ടില്ല. പ്രവർത്തനങ്ങളിൽ മുന്നിട്ടിറങ്ങു ന്നവരുടെ എണ്ണവും കുറവാണ്. കാലാകാല ങ്ങളിൽ പട്ടികജാതിക്കാർക്കായി വിവിധ ഏജൻസികൾ നൽകുന്ന സഹായം ശരിയാം വണ്ണം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പട്ടികജാതി സ്ത്രീകൾക്കായി തൊഴിൽപരമായ അഭിവൃ ദ്ധിക്ക് ചെറുകിട വ്യവസായങ്ങളോ, കുടിൽ വ്യവസായങ്ങളോ സാമൂഹിക ഉന്നമനത്തി നുള്ള സ്ഥാപനങ്ങളോ ഇതുവരെ ഉണ്ടായി ട്ടില്ല.

**സാദ്ധ്യതകൾ**

1. കരപാരം പഞ്ചായത്തിലെ മിക്ക കോള നികളും കുടിവെള്ളക്ഷാമം ഉള്ളതാണ്. മൊട്ട മലകോളനിയിൽ കുടിവെള്ളക്ഷാമം രൂക്ഷ മാണ്. മൊട്ടമല കോളനിയുടെ അടിവാരത്തെ നീരുറവ വെട്ടി വലിയ കുളമാക്കി പമ്പ്സെറ്റ് സ്ഥാപിച്ചാൽ ആ പ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയു ന്നതാണ്. 1934-ൽ കേന്ദ്രഗവൺമെന്റ് സഹാ യത്തോടെയുള്ള ശുദ്ധജലവിതരണ പദ്ധതി ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് എല്ലാ പട്ടികജാതി കോളനികളിലും കുടിവെ ള്ളക്ഷാമം പരിഹരിക്കാൻ കഴിയുന്നതാണ്. കിണർ കുഴിക്കുന്നതിനുള്ള ധനസഹായം ലഭിക്കുന്നതിനു ഇപ്പോൾ നിലവിലുള്ള നിബ ന്ധനകൾ ലഘൂകരിക്കേണ്ടതാണ്.

2. പട്ടികജാതി കോളനികളിൽ കൂടി കട ന്നുപോകുന്ന 3 മീറ്റർ വരെ വീതീയുള്ള റോഡുകൾ ടാർ ചെയ്തു സഞ്ചാരയോഗ്യമാ ക്കേണ്ടതാണ്.

3. കോളനികളിൽ വൈദ്യുതി ലഭിക്കുന്ന തിനു മിനിമം ഗ്യാരന്റി വ്യവസ്ഥ ഒഴിവാ ക്കണം. തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ട താണ്. വൈദ്യുതി ഇതുവരേയും ലഭിക്കാത്ത വീടുകൾ എത്രയും പെട്ടെന്നു വൈദ്യുതീക രിക്കണം. അധികമായി പോസ്റ്റുകൾ ഇടേണ്ട വയുടെ ചെലവ്

സർക്കാർ തന്നെ വഹിച്ചാൽ സാമ്പത്തിക മായി ബുദ്ധിമുട്ടുന്നവർക്ക് ആശ്വാസമായി രിക്കും.

4. പട്ടികജാതി കോളനികളിൽ താമസസൗ കര്യമില്ലാത്ത ആളുകൾക്ക് വീടുവയ്ക്കുന്നതിന് ധനസഹായം കൊടുക്കണം. പ്രാഥമിക സൗക ര്യങ്ങൾ ഇല്ലാത്ത വീടുകൾക്ക് എത്രയും പെട്ടെന്ന് കക്കൂസുകൾ തുടങ്ങിയവ അനുവ ദിച്ചുകൊടുക്കേണ്ടതാണ്.

5. ഇപ്പോൾ താമസിച്ചുകൊണ്ടിരിക്കുന്ന പല വീടുകളും കേടുപാടുകൾ ഉള്ളവയാണ്, ഈ വീടുകളിൽ സാമ്പത്തിക സഹായം നൽകി അറ്റകുറ്റ പണികൾ തീർക്കേണ്ടതാണ്. ഓല മേഞ്ഞ വീടുകൾ കുടിലുകൾ ഇവ വർഷം തോറും ഓലമേയുന്നതിനു സാമ്പത്തിക സഹായം നൽകുക.

6. പട്ടികജാതി കോളനികളിലുള്ള 80% വീടു കളിലേയും ജനങ്ങൾ വിദ്യാഭ്യാസപരമായി വളരെ പിന്നോക്കാവസ്ഥയിലാണ്. കോളനി കളുടെ സമീപത്തായി പ്രീപ്രൈമറി സ്ക്കൂളു കൾ അനുവദിക്കുന്നത് നല്ലതായിരിക്കും. 40 വയസ്സിനു മുകളിലുള്ള ആളുകളിൽ ഭൂരിഭാ ഗവും ഇന്നു സാക്ഷരരല്ല. അവരെ സാക്ഷര രാക്കാൻ ജനവിദ്യാകേന്ദ്രങ്ങൾ ആരംഭിയ്ക്കേ ണ്ടതാണ്. P.S.C, മറ്റു ഏജൻസികൾ എന്നിവ

യുടെ പരീക്ഷകളിൽ പങ്കെടുക്കേണ്ട ഉദ്യോഗാർഥികൾക്ക് പരീക്ഷകൾക്ക് മുൻപുതന്നെ പ്രത്യേക ക്ലാസുകൾ കൊടുക്കുന്നതു കൂടുതൽ പേർക്ക് ഉദ്യോഗങ്ങൾ ലഭിക്കുന്നതിനു അവസരം ഉണ്ടാക്കും. അതിനുള്ള സ്ഥാപനങ്ങൾ സർക്കാർ തന്നെ സ്ഥാപിച്ചുകൊടുക്കേണ്ടതാണ്. അംഗീകാരമുള്ള കോളനികളിൽ അംഗനവാടി സ്ഥാപിക്കേണ്ടതുമാണ്.

7. പട്ടികജാതി കോളനികളിൽ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിന് മെറ്റൽ യൂണിറ്റുകൾ, തയ്യൽ യൂണിറ്റുകൾ, കോഴിവളർത്തൽ, പശുവളർത്തൽ, ആട്കൃഷി എന്നിവ ഉണ്ടാക്കുന്നതിന് ധനസഹായങ്ങൾ, സബ്സിഡിയോടുകൂടി വായ്പകൾ ഇവ നല്കേണ്ടതാണ്.

8. കോളനികളിൽ പച്ചക്കറിതോട്ടങ്ങൾ ഉണ്ടാക്കുന്നതിനും കുറ്റിമുല്ലകൃഷി, തുടങ്ങിയവയ്ക്ക് വിത്തും വളവും നല്കി സഹായിക്കേണ്ടതാണ്.

9. ബോധവൽക്കരണത്തിലൂടെ മദ്യത്തിൽ നിന്നും അക്രമപ്രവർത്തനങ്ങളിൽ നിന്നും കോളനിപ്രദേശങ്ങളിലെ ജനങ്ങളെ മാറ്റിയെടുക്കേണ്ടതാണ്.

10. ജാതിവ്യവസ്ഥകൾ മാറിയ ഇന്നത്തെ കാലത്ത് പട്ടികജാതിക്കാരെ ഏതെങ്കിലും പ്രത്യേക പ്രദേശത്തു കോളനികളാക്കി അവിടെ താമസിപ്പിക്കുന്ന സ്ഥിതി മാറ്റി അവരെ മറ്റുള്ളവരെപ്പോലെ ഇടകലർന്നു ജീവിക്കാൻ സാഹചര്യമുണ്ടാക്കിയാൽ, വിദ്യാഭ്യാസപരമായും, സാമൂഹ്യ സാംസ്ക്കാരിക മേഖലയിലുമൊക്കെ മറ്റുള്ള ജാതിക്കാർക്കൊപ്പം ഉയർന്നുവരാൻ കഴിയുന്നതാണ്.


അധികാരം ജനങ്ങളിലേക്ക്

ഒരു രാഷ്ട്രത്തിന്റെ അതുൾക്കൊള്ളുന്ന മാനവകുലത്തിന്റെ യഥാർത്ഥ ചരിത്രം അവരുടെ സംസ്കാരികചരിത്രമാണ്. എന്താണ് സംസ്കാരം എന്ന ചോദ്യം ഇവിടെയാണുൽഭവിക്കുന്നത്. ഒരു ജനതയുടെ രാഷ്ട്രിയ, സാമ്പത്തിക, സാമൂഹിക ജീവിതത്തിൽനിന്നുൽഭൂതമാകുന്ന വികാസപരിണാമങ്ങളുടെ ആകെ തുകയാണ് അവരുടെ സംസ്കാരം എന്നു വിവക്ഷ. സൗഹൃദത്തിന്റെയും, സഹിഷ്ണുതയുടെയും, സഹവർത്തിത്വത്തിന്റെയും പാരമ്പര്യമുൾക്കൊള്ളുന്ന നെടുനാളത്തെ ചരിത്രവും സാംസ്കാരിക ദർശനവുമുള്ള ഒരു ജനതയെന്നനിലയിൽ കരവാരം പഞ്ചായത്തിലെ ജനങ്ങൾ സമുന്നതമായ ഒരു സംസ്കാരിക ജീവിതത്തിന്റെ പ്രണേതാക്കാളായിത്തന്നെ നിലകൊള്ളുന്നു. തികച്ചും പൈതൃകമായി സിദ്ധിച്ച സാംസ്കാരിക സത്തകളെ വിസ്മരിക്കാതെ തന്നെ, ഉദാരമായ സഹിഷ്ണുതാമനോഭാവത്തോടുകൂടി അന്യാശയങ്ങളെ സ്വാംശീകരിക്കുന്നതിനും ജാതിമതവർഗ്ഗവർണ്ണ വിവേചനങ്ങളില്ലാതെ ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നതിനും തലമുറകളിലൂടെ നേടിയെടുത്ത അനുഭവജ്ഞാനം ഇവിടെ വഴികാട്ടിയാകുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും യാഥാസ്ഥികത്വത്തിന്റെപൗരാണികമായ നീരാളിപിടുത്തം ഇടയ്ക്കൊക്കെ ഗ്രാമത്തെ ശല്യം ചെയ്യാതിരുന്നിട്ടില്ല.അപ്പോഴൊക്കെതന്നെ ആധുനികതയുടെപ്രതിരോധം അവക്കു നേരെ ഒരുരുക്കുകോട്ട പോലെ നിലകൊണ്ടിട്ടുമുണ്ട്. 19-ാം ശതകത്തിന്റെ അന്ത്യം വരെ ഇരുവിഭാഗങ്ങളും തമ്മിലുള്ള ആശയപരമായ മത്സരം തുടർന്നുവന്നു. എന്നാൽ 20-ാം ശതകത്തിന്റെ ആവിർഭാവത്തോടെ തന്നെ നമ്മുടെ സമൂഹം പഴയ മൂല്യവ്യവസ്ഥിതിയുടെ സാംശങ്ങൾ ദൂരീകരിച്ച് പുതിയലോകത്തിന്റെ ആധുനിക പ്രഭാവത്തെ സ്വീകരിക്കുവാൻ സജ്ജമായി കഴിഞ്ഞിരുന്നു. ഇത്തരമൊരു സാസ്കാരിക വികാസത്തിന്റെ വഴിത്താരയിലേയ്ക്കാണ് സ്വാംശീകരണത്തിലൂടെ നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ എത്തിചേർന്നത്. സുസജ്ജവും സുസംഘടിതവുമായ ഒരു സാമൂഹിക പശ്ചാത്തലം ഇതിലൂടെ ഉരുത്തിരിഞ്ഞുവന്നിട്ടുണ്ട്.

എങ്കിലും പൂർവ്വകാലചരിത്രത്തിലേയ്ക്ക് കണ്ണോടിച്ചാൽ 1847-1896 കാലഘട്ടങ്ങളിൽ ഇവിടെയും അടിമത്വം നിലനിന്നിരുന്നു എന്നതിന് ധാരാളം തെളിവുകൾ ഉണ്ട്. കേരളത്തിൽ അക്കാലത്ത് നിലവിലിരുന്ന ബ്രാഹ്മണ മേധാവിത്വത്തിന്റെ ഫലമായുണ്ടായതായിരുന്നു ഈ അയിത്ത സമ്പ്രദായം. അതിന്റെ ഭാഗമായിതന്നെ അടിമത്വവും നിലവിൽ വന്നു. മലയാളത്തിന്റെ പ്രീയപ്പെട്ടകവി കുമാരനാശാന്റെ

"തൊട്ടുകൂടാത്തവർ തീണ്ടികൂടാത്തവർ
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർതമ്മിലുണ്ണാത്തോരിങ്ങനെ
യൊട്ടല്ലയോ ജാതിക്കോമരങ്ങൾ "

എന്ന വിഖ്യാത ശ്ളോകത്തിനു തന്നെ കാരണ ഭൂതമായ കാലഘട്ടം. അന്ന് നാടുവാഴിയുടെയോ, ജന്മിയുടെയൊ കീഴിൽ ജോലി ചെയ്തിരുന്ന അധ:സ്ഥിതരായിരുന്നു പിന്നീട് അടിമകളായിതീർന്നത്.

"ഈ കാലഘട്ടത്തിൽ പഞ്ചായത്തിന്റെ പതിനൊന്നാം വാർഡിൽ കളരി

നടത്തിയിരുന്ന കൊല്ലൂർകോണത്ത് ആശാൻ എന്ന ആളിനും, പ്ളാവറകോണത്ത് കൊട്ടാരം കാട്ടിൽ താമസിച്ചിരുന്ന പ്ളവറകോണം എലപ്പ എന്നുവിളിക്കപ്പെട്ടിരുന്നയാളിനും അടിമകൾ ഉണ്ടായിരുന്നതായി രേഖകൾ തെളിയിക്കുന്നു."

ഈ സമ്പ്രദായം അവസാനിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാനത്തിന്റെ പലഭാഗത്തും സമരങ്ങളും സംഘട്ടനങ്ങളുമൊക്കെ നടന്നിട്ടുണ്ട്. എന്നാൽ ഇവിടെ അങ്ങനെയൊന്നുമുണ്ടാകാതെ തന്നെ 1855 ലെ ഉത്രം തിരുനാൾ മഹാരാജാവിന്റെ വിളംബരത്തോട് കൂടി ആ പ്രശ്നം അവസാനിക്കുകയാണുണ്ടായത്. ഇതിൽനിന്നുതന്നെ ഈ പ്രദേശത്തെ ജനങ്ങളുടെ സമാധാനവും സാഹോദര്യവും സഹവർത്തിത്വവും നമുക്ക് മനസിലാക്കാവുന്നതേയുള്ളു.

ആധുനികതയുടെ ആവിർഭാവത്തിന് ഒരു പരിധിവരെ ഇംഗ്ളീഷ് വിദ്യാഭ്യാസം സഹായകമായിട്ടുണ്ട്. എന്നുവച്ച് നമ്മുടെ തനതായ മലയാള വിദ്യാഭ്യാസ സമ്പ്രദായങ്ങൾ പരാജയമായിരുന്നു വെന്ന് ഇതിനർത്ഥമില്ല. പാരമ്പര്യത്തിന്റെ തിളക്കം നിലനിന്നിരുന്ന കുടിപ്പള്ളികൂടങ്ങളും ആശാൻ കളരികളും നമ്മുടെ ഗ്രാമത്തിന് മഹത്തായ സംഭാവനകൾ തന്നെ നൽകിയിട്ടുണ്ട്. അക്കുട്ടത്തിൽ ഏറ്റവും അധികം സ്മരിക്കപ്പെടേണ്ടത് നെടുമ്പറമ്പ് ചെപ്പള്ളിൽ കൃഷ്ണനാശാൻ എന്ന വ്യക്തിയും അദ്ദേഹത്തിന്റെ സ്ഥാപനങ്ങളുമാണ്. നെടുമ്പറമ്പിലും, വഞ്ചിയൂരിലും, മേവർക്കലിലും ആദ്യമായി പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിച്ചതും ഇദ്ദേഹം തന്നെയായിരുന്നു. എ.ഡി. 1948 ൽ ഈ വിദ്യാലയങ്ങൾ ഗവൺമെന്റിന് വിട്ടുകൊടുക്കുകയാണുണ്ടായത്. സംസ്കൃതത്തിലും, മലയാളത്തിലും ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള ഇദ്ദേഹം ഈ പഞ്ചായത്തിലെ സാംസ്കാരിക നായകൻമാരിൽ ഒരാളാണെന്ന് പറയുന്നതിൽ തെറ്റില്ല.



മതപരമായ കാര്യങ്ങളിൽ ഓരോ വിഭാഗക്കാരും അവരവരുടെ തനതായ കാഴ്ചപാടുകളിൽ ഒതുങ്ങിനിൽക്കുന്നവരാണ്. പ്രധാനമായും രണ്ട് മതക്കാർ മാത്രമെ ഈ പഞ്ചായത്തിലുള്ളു. ഹിന്ദുക്കളും, മുസ്ളീങ്ങളും. ക്രിസ്തീയ സമുദായത്തിൽപ്പെട്ടവർ ഈ ഗ്രാമ പഞ്ചായത്തിൽ സ്ഥിരതാമസമുള്ളതായി രേഖകളിൽകാണുന്നില്ല. ഹിന്ദുമതത്തിലെ ജാതിവ്യവസ്ഥ വച്ചുനോക്കുമ്പോൾ ബ്രാഹ്മണരും, നായൻമാരും, ഈഴവരും, തുടങ്ങി പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്ന പുലയർ ,കുറവർ, തണ്ടാർ തുടങ്ങിയ അവാന്തരവിഭാഗങ്ങളും നിലവിലുണ്ട്. ഏതൊക്കെ ജാതികളുണ്ടെങ്കിലും മതാഭിപ്രായങ്ങളുണ്ടെങ്കിലും പൊതുകാര്യങ്ങളിൽ ഈ വക ചിന്തകളൊന്നും ആരും വച്ചുപുലർത്താറില്ല. വർണ്ണവർഗ്ഗ ചിന്തകൾക്കും ജാതിമത ഭേദങ്ങൾക്കുമതീതമായ ഒരു കൂട്ടായ്മ എല്ലാ പൊതുകാര്യങ്ങളിലും മുൻനിൽക്കുന്നത് എവിടെയും സാർവത്രികമായികാണാം. സംസ്ഥാനത്തിന്റെ മറ്റ് ഏത് പ്രദേശത്തെക്കാളും സമാധാനവും ശാന്തിയും , ഐശ്വര്യവും, സമൃദ്ധിയും നിലനിൽക്കുന്ന ഒരു പ്രദേശമായി കരവാരം പഞ്ചായത്തിനെ മാറ്റിയത് ഇവിടത്തെ പാരമ്പര്യമുൾക്കൊള്ളുന്ന മുതിർന്ന തലമുറയുടെയും അനുസരണയോടെ അവരുടെ ചുവടുകൾ പിൻതുടരുന്ന യുവതലമുറകളുടെയും സാംസ്കാരിക സമീപനവും ബൗദ്ധികമായ പ്രവർത്തനവുമാകാം. ഇതുകൊണ്ടുതന്നെ ഗ്രാമ പഞ്ചായത്ത് കേരളത്തിലെമറ്റേതൊരു ഗ്രാമ പഞ്ചായത്തിനും മാതൃകയാകത്തക്കതരത്തിൽ ശാന്തഗംഭീരമായി നിലകൊള്ളുന്നു.



കേരളത്തിലെ ഏതൊരുൾനാടൻ ഗ്രാമവുമായി തട്ടിച്ചുനോക്കിയാലും ഉത്സവങ്ങളുടെയും, ആഘോഷങ്ങളുടെയും, പെരുന്നാളുകളുടെയും കാര്യത്തിൽ ഇ ഗ്രാമപ്രദേശവും പിന്നിലല്ലന്ന് കാണം. മതസൗഹാർദ്ദത്തിന്റെ മഹനീയ പ്രതീകങ്ങളായി പരിലസിക്കുന്ന ഹൈന്ദവ ദേവാലയങ്ങളും, മുസ്ളിം പള്ളികളും വിശ്വാസത്തിന്റെയും, ആശ്വാസത്തിന്റെയും നിറതാളുകളുമായി എവിടെയും ദർശനമരുളുന്നു.കീഴൂർ, തെങ്ങഴികം, പറക്കുളം , കരിങ്ങാട്ടുകാവ്, പുരവൂർകോണം, വാലുവാരംചാങ്ങാട്ട് എന്നിവിടങ്ങളിൽ ഭഗവതീക്ഷേത്രങ്ങളും, കാഞ്ഞിലിൽ, വഞ്ചിയൂർ എന്നിവിടങ്ങളിൽ ശ്രീകൃഷ്ണസ്വാമി ക്ഷേത്രങ്ങളും, പുല്ലൂർമുക്ക്, ചാത്തൻപാറ, തേവലക്കാട്, ഇടവൂർകോണം എന്നിവിടങ്ങളിൽ മാടൻനടകളും, പുതുശ്ശേരിമുക്ക് സുബ്രമണ്യക്ഷേത്രം, വടകോട്ട്കാവ് ശ്രീധർമ്മശാസ്താ ക്ഷേത്രം, പുലികോട്ട്കോണത്ത് ശ്രീ ഭദ്രാദേവിക്ഷേത്രം, വെയിലൂർ നാഗരുകാവ്, കുന്നത്തുകോണം ചാവരുനട, ചെറുതുരുത്തിയമ്പലം, തമ്പുരാൻ നടക്ഷേത്രം, അരുവാളൂർകോണം അപ്പൂപ്പൻ നട, പുതുകുന്ന്, ഇരമത്ത് ശിവക്ഷത്രങ്ങളും, കീഴതിൽ ദേവിക്ഷേത്രവും, തൃക്കോവിൽ മഹാദേവക്ഷത്രം, തെങ്ങഴികം പരാശക്തി ക്ഷേത്രം എന്നീ ക്ഷേത്രങ്ങളും, പെരിങ്ങാവിൽ വിഷ്ണുക്ഷേത്രവും ,പെരുമ്പള്ളി ക്ഷേത്രവും, കല്ലമ്പലം, പാവല്ല, മണ്ണൂർഭാഗം എന്നി മുസ്ളീം ജുമ്അ പള്ളികളും, പുതുശ്ശേരിമുക്ക്, വഞ്ചിയൂർ, വണ്ടിത്തടം, മടന്തപ്പച്ച, ഈരാണി, ചാത്തമ്പറ, പെരിണാവ്, മഞ്ഞപ്ളാക്കൽ, തൈക്കാട്ടുകോണം , എന്നിവിടങ്ങളിടെ തയ്ക്കാവുകളുംമദ്രസകളും, എതുക്കാട് മക്കബറയും, പാവല്ല, കടുവയിൽ അറബികോളേജുകളും തൊട്ട്തൊട്ട് നമ്മുടെ മതസംസ്കാരത്തിന്റെ നാഴികകല്ലുകളായിനിലകൊള്ളുന്നു.

പുരാതനവും പ്രസിദ്ധവുമായ നാവായിക്കുളം ശ്രീ ശങ്കരനാരായണസ്വാമി ക്ഷേത്രത്തിൽനിന്നും ഉത്സവത്തിന്റെ 9-ാം നാൾ നഗരൂരിന് സമീപമുള്ള ആൾത്തറമൂട് ദേവീക്ഷേത്രത്തിലേയ്ക്ക് നെറ്റിപ്പട്ടം കെട്ടിയ ഗജവീരൻമാരുടെ പുറത്ത് ആഹ്ളാദപൂർവ്വം എഴുന്നള്ളുന്നതും നിരാശാ ബോധത്തോടെ മടക്കയാത്രനടത്തുന്നതുമായ ഘോഷയാത്ര ഈ ഗ്രാമഭൂമിയുടെ ഉൾത്തടങ്ങളിലൂടെയാണ് കടന്നുപോകുന്നത്. ഭക്തി നിർഭരമായ ഈ യാത്രയെ ദർശനാവട്ടം യാത്രയെന്നാണ് വിശേഷിപ്പിക്കുന്നത്.അകവൂർ മനക്കാരുടെ മേൽനോട്ടത്തിലുള്ളതും, നാട്ടുകാരാൽ സംരക്ഷിക്കപ്പെട്ടുപോരുന്നതുമായ ഓട്ടൻതുള്ളലിനുപകരമുള്ള "കണിയാർതുള്ളൽ" പൊന്നറപണിക്കർ കുടുംബക്കാർ നടത്തുന്ന വൃശ്ചികമാസത്തിലെ മണ്ഡലപൂജ, മകരവിളക്ക് കാലങ്ങളിൽ നടത്തിവരാറുള്ള"കളമെഴുത്തുപാട്ടും " തുടങ്ങിയ അനുഷ്ടാന കലകളും ഈ മണ്ണിന്റെ മണമുള്ള കലാരൂപങ്ങളാണ്. കുന്നത്തുകോണത്തു ചാവരുകാവിൽ നിന്നും ഉത്സവനാളിൽ 200 അടിയിലേറെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന കുന്നത്തുകോണത്തു പാറയിലേയ്ക്കുള്ള പുറപ്പാട് നയനാനന്ദകരമായ ഒരു കാഴ്ചയാണ്. വൃശ്ചികമാസം പിറന്നാൽപിന്നെ ഉത്സവങ്ങളുടെ ഒരു ഘോഷം തന്നെയുണ്ട്.അമ്പലങ്ങളിൽനിന്ന് അമ്പലങ്ങളിലേയ്ക്ക് ഈ പരിപാടികൾ പടരും.ജനഹൃദയങ്ങളിൽ അഭൂതപൂർവ്വമായ ആഹ്ളാദത്തിന്റെ തിരകളുയരും. കലാപരിപാടികൾ, കരിമരുന്നു പ്രയോഗങ്ങൾ എന്നിവകൊണ്ട് നാടാകെ മുഖരിതമാകും.

ചിങ്ങമാസമെത്തിയാൽ ഓണത്തിന്റെ തിരക്കായി. മലയാളത്തിന്റെ മഹിമ വിളിച്ചോതുന്ന ദേശിയോത്സവത്തിന്റെ തനിമപക

രുന്ന ഓണനാളുകൾ ഈ ഉൾനാടൻ ഗ്രാമത്തിന്റെയും പുളകമാണെന്നുപറയാതെവയ്യ. അന്യനാടുകളിൽ ജോലിചെയ്യുന്നവരും, വിവാഹിതരായി മറ്റിടങ്ങളിൽ പാർക്കുന്നവരുമായ ആളുകൾ ഒക്കെ കുടുംബങ്ങളിലെത്തിച്ചേരുന്നസ്നേഹ വാത്സല്യങ്ങളുടെ നാളുകൾ. പഴമയുടെ പുതുമയുണരുന്ന അപൂർവ്വദിനരാത്രങ്ങൾ. തുമ്പിതുള്ളലും, കൈകൊട്ടിപ്പാട്ടും, നാടൻപന്തുകളിയും, കോൽകളിയും ഊഞ്ഞാൽപാട്ടും, തിരുവാതിരകളിയുമൊക്കെ തിരുതകൃതിയായി നടക്കുന്ന ഗ്രാമീണ സൗന്ദര്യത്തിന്റെ സുവർണ്ണകാലം. ഈ കാലത്തിന്റെ ഏറ്റവും വലിയ ആസ്വാദ്യതയാണ് ഓണസദ്യ.ഇവയിലൊക്കെ തന്നെ ജാതിമതാന്തരങ്ങളില്ലാതെ എല്ലാവരും ഒത്തുചേരുന്നു. അതാണീഗ്രാമത്തിന്റെ എറ്റവും പ്രധാനമായ വശ്യത.

ചെറിയ പെരുന്നാൾ എന്നറിയപ്പെടുന്ന നോയമ്പ് പെരുന്നാളും, വലിയ പെരുന്നാൾ എന്നറിയപ്പെടുന്ന ബലി പെരുന്നാളുമാണ് മുസ്ളീങ്ങളുടെ മുഖ്യ ഉത്സവങ്ങൾ. നബിദിനവും ഇതോടൊപ്പം തന്നെ പ്രാധാന്യമർഹിക്കുന്ന ഒരു വിശേഷദിവസമാണ്. നബിതിരുമേനിയുടെ സ്മരണ പുതുക്കുന്നതിനും ഖുർആനികവിജ്ഞാനം ജനഹൃദയങ്ങളിലെത്തിക്കുന്നതിനുവേണ്ടി ഈ സന്ദർഭങ്ങളിൽ മതപ്രഭാഷണങ്ങളും മറ്റും നടത്തിവരാറുണ്ട്. പള്ളികളോടും , മദ്രസകളോടും ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന ഇത്തരം. സദസ്സുകളിൽ പണ്ഡിതവര്യൻമാരുടെ പ്രബോധനങ്ങൾകേൾക്കാൻ ജാതിമതങ്ങൾ മറന്ന് എല്ലാവരും ഒരുമിക്കുന്നതും ഈ പ്രദേശത്തിന്റെ എടുത്തുപറയത്തക്ക ഒരു പ്രത്യേകതയാണ്. ക്രിസ്ത്യമതക്കാരില്ലെങ്കിലും ക്രിസ്തുമസിനോടനുബന്ധിച്ച്നക്ഷത്ര വിളക്കുകൾ തെളിക്കാത്ത വീടുകളും ഇവിടെ വിരളമാണ്. ഉത്സവങ്ങളിലും ആഘോഷങ്ങളിലും ആചാരങ്ങളിലും ഈ സാഹോദര്യസമീപനംപ്രാചീനകാലം മുതൽക്കേ ഈ ഗ്രാമത്തിൽ നിലനിന്നുവരുന്നതായി വസ്തുതകൾ തെളിയിക്കുന്നു.

നേരത്തെ സൂചിപ്പിച്ചതുപോലെ പ്രധാനമായും രണ്ട് മതങ്ങളുടെ അനുയായികൾ മാത്രമുള്ള ഒരു പ്രദേശമായതിനാൽ ആ രണ്ട് വിഭാഗങ്ങളുടെയും ആചാരങ്ങളുടെയും അനുഷ്ടാനങ്ങളുടെയും സ്വാധീനമാണിവിടെ നിലവിലുള്ളത്. ഹൈന്ദവതം ഉദ്ഘോഷിക്കുന്ന വിഗ്രഹാരാധനയും അതിന്റെ ഭാഗമായുള്ള ആചാരമുറകളും എവിടെയും പ്രചാരത്തിലുള്ളതായി നമുക്ക് കാണാം.വിവാഹം, മരണം എന്നിത്യാദികളിൽ വൈവിദ്യപൂർണ്ണമായ സമീപനമാണുള്ളത്. ഹൈന്ദവരിൽതന്നെ വിവിധ ജാതികളിൽ പെടുന്നവർ പുടവകൊടുക്കൽ, മാലയിടീൽ, താലികെട്ട് എന്നിവയിൽ ഏതെങ്കിലും ഒരിനത്തിൽ പ്രാധാന്യം കല്പിക്കുന്നതായി കണ്ടുവരുന്നു. മരണാനന്തര ചടങ്ങുകളിലും വൈവിദ്യങ്ങളുണ്ട്. ശവദാഹം നടത്തുന്ന രീതിയും ശവമടക്കുന്ന രീതിയും അവലംബിച്ചുവരുന്നു.സതി നിലവിലിരുന്ന നാടാണല്ലോ നമ്മുടേത്. ഭർത്താവ് മരിച്ചാൽ അയ്യാളുടെ ചിതയിൽ ഭാര്യയെകൂടി ജീവനോടെ ദഹിപ്പിച്ചിരുന്ന ഒരാചാരമുറ. അതിന്റെ അനുബന്ധം പോലെ മരിച്ച ഭർത്താവിന്റെ ജീവനറ്റ കൈകൊണ്ട് ഭാര്യയുടെ താലിയറുപ്പിച്ച് വൈവദ്ധ്യം സ്ഥിരീകരിക്കുന്ന ഒരു രീതി ഇന്നും ചുരുക്കം ചിലരിലെങ്കിലുമുണ്ട്. സ്വർണ്ണപ്പണിക്കാരായ ആചാരിമാരും, ചില ബ്രാഹ്മണവിഭാഗങ്ങളും ഇതിൽ പെടുന്നു.

മുസ്ളിം സമുദായത്തിലാണെങ്കിൽ നിക്കാഹാണ് മുഖ്യമായ ചടങ്ങ്. ഭാരതീയ സംസ്കാരത്തിന്റെ ഭാഗമായ താലികെട്ടും ഇപ്പോൾ അനുവർത്തിച്ചുവരുന്നു. മുൻപൊക്കെ താലികെട്ട് അണിയറയിൽ മാത്ര

മാണ് നടന്നിരുന്നത്. എന്നാൽ ഇപ്പോൾ പല വിവാഹചടങ്ങുകളിലും അത് അരങ്ങത്ത് പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരിക്കുന്നു. വിവാഹം കഴിഞ്ഞാൽ വരൻ വധൂഗ്രഹത്തിൽ ഒരാഴ്ചക്കാലത്തോളം മണിയറയിൽ കഴിഞ്ഞിരുന്ന പഴയ നാളുകൾക്കും വ്യതിയാനം വന്നുതുടങ്ങി. വിവാഹത്തിന്റെ തൊട്ടടുത്തദിവസത്തിൽ തന്നെ ഭർതൃഗൃഹത്തിലേയ്ക്ക് മടങ്ങുന്ന രീതിയാണിപ്പോൾ മിക്ക പ്രദേശങ്ങളിലും . എല്ലാവിഭാഗങ്ങളിലും വിവാഹം കഴിഞ്ഞുള്ള അടുക്കളകാണൽ-മറുവീട് എന്നീ ചടങ്ങുകളും നിലവിലുണ്ട്.



കലാസാംസ്കാരിക പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും കാര്യത്തിൽ കരവാരം ഗ്രാമപഞ്ചായത്തിന്റെ സംഭാവനകൾ ഏറെ പ്രാധാന്യമർഹിക്കുന്നവയാണ്. വഞ്ചിയൂർ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന " രവി ആർട്ട്സ് " എന്ന ചിത്രകലാസ്ഥാപനത്തിന്റെ ഉടമയും പ്രസിദ്ധ ചിത്രകാരനുമായിരുന്ന ആർട്ടിസ്റ്റ് രവി കേരളത്തിൽ അറിയപ്പെട്ടിരുന്ന ഒരു ചിത്രകാരനായിരുന്നു.അദ്ദേഹം രചിച്ച എണ്ണാഛായാചിത്രങ്ങളിൽ പ്രമുഖമായ " ഒരിക്കൽ അവർ ഒരുമിച്ചു " എന്ന ചിത്രം തിരുവനന്തപുരം ആർട്ട് ഗാലറിയിൽ പ്രദർശനത്തിനുവച്ചിട്ടുണ്ട്. ആചിത്രത്തിൽ ശ്രീനാരായണ ഗുരുവും, രവീന്ദ്രനാഥ ടാഗോറും, മഹാകവി കുമാരനാശാനും വർക്കല ശിവഗിരിയിൽ ഒരുമിച്ചതിന്റെ ഓർമ്മക്കുറിപ്പാണ് കമനീയമായി ആവിഷ്കരിച്ചിരിക്കുന്നത്.

മറ്റൊരു ചിത്രകാരനായ ആർട്ടിസ്റ്റ് സൂരൻ അന്തർദേശീയ ഖ്യാതി നേടിയ ഒരപൂർവ്വ ചിത്രകാരനാണ്. ഇൻഡ്യൻ പ്രസിഡന്റിൽ നിന്ന് ചിത്രകലയ്ക്കുള്ള ദേശീയ അവാർഡ് നേടിയ ഇദ്ദേഹത്തിന്റെ പെയിന്റിംഗുകൾ വളരെ വിലപ്പെട്ടതാണ്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടിയും മറ്റും സേവനമനുഷ്ടിച്ചുവരുന്ന സൂരൻ നമ്മുടെ ഗ്രാമപഞ്ചായത്തിനൊരു മുതൽകൂട്ടാണ്. മോഡേൺ ചിത്രകലയുടെ മേഖലയിൽ ഏറ്റവും പ്രശസ്തനായ ഒരു ചിത്രകാരനെ സംഭാവനചെയ്യാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. മാതൃഭൂമി വാരികയിൽ പ്രവർത്തിച്ചുവരുന്ന J.R. പ്രസാദ് വഞ്ചിയൂർ സ്വദേശിയും നമ്മുടെ ചിത്രകലാരംഗത്തെ ആധുനികതയുടെ വക്താവുമാണ്.

ഇതുപോലെ പതിറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ഓട്ടംതുള്ളൽ, കഥകളി എന്നിത്യാദി ക്ഷേത്രകലകളിൽ പ്രാവീണ്യം നേടിയ കലവൂർ ആശാൻ എന്നറിയപ്പെട്ടിരുന്ന ഒരു ഓട്ടൻതുള്ളൽ വിദ്വാനും അദ്ദേഹത്തിന്റെ ശിഷ്യനായി പരമു ആശാരി എന്നൊരാളും ഉണ്ടായിരുന്നു. കല്യാണ സൗഗന്ധികം തുള്ളൽ വിവിധ വേദികളിൽ അവതരിപ്പിച്ചിട്ടുള്ള ഇവർ ഇന്ന് ജീവിച്ചിരിപ്പില്ല. കാക്കരിശ്ശിനാടകം എന്ന കലയിലും പ്രാവീണ്യം നേടിയവർ ഈ പ്രദേശത്തുണ്ടായിരുന്നു. കുന്നത്തുകോണത്ത് കൊച്ചുചെറുക്കൻ ആശാനും ഞാറയ്ക്കാട്ടുവിള കേളമ്പി ആശാനും ഇവരിൽ പ്രമുഖരായിരുന്നു.അറവനമുട്ട് എന്ന പുരാതന അറബി കലയിൽ നിരവധി സമ്മാനങ്ങൾ നേടിയിട്ടുള്ള എതുക്കാട് ഹനീഫ ആശാൻ, വല്ലത്തുകോണം അലിയാരുകുഞ്ഞ് ആശാൻ എന്നിവരും കരവാരം സ്വദേശികളാണ്. ഇവരിൽ അലിയാരുകുഞ്ഞ് ആശാന്റെ സംഘത്തിൽ പെടുന്ന ഒരുവിഭാഗം യുവാക്കൾ ഇന്നും ഈ കലാ രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

നാടകരംഗത്തും ഏറെ സംഭാവനനൽകാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. M.S.K.N. നടന സമിതി എന്ന പേരിൽ പതിറ്റാണ്ടുകൾക്കപ്പുറം ഒരു നാടക സംഘം ഇവിടെ നിലവിലിരുന്നു. ആ സമിതിയിലെ നടൻമാരിൽ ചിലർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. അതിനുശേഷം വഞ്ചിയൂർ മോഹൻദാസ്, S.

കൃഷ്ണൻകുട്ടിനായർ എന്നിവരുടെ നേതൃത്വത്തിൽ മറ്റൊരു നാടക സമിതി ഉടലെടുത്തു. ഇവരോടൊപ്പം തന്നെ H.M. ചരുവിള , പട്ടോണത്ത് ഗോപി എന്നിവരും രംഗത്തെത്തിയിരുന്നു. ചാരുവിളയുടെ നവഭാരത് തീയറ്റേഴ്സിന്റെ തോൽക്കുന്ന മനുഷ്യൻ എന്ന നാടകം നിരവധി വേദികളിൽ അരങ്ങേറിയിട്ടുണ്ട്. ഇവിടെ ജൻമം കൊണ്ട് അതിപ്രശസ്തമായ ഒരു പ്രൊഫഷണൽ നാടക സമിതിയായിരുന്ന കല്പനാ തീയേറ്റേഴ്സ്, ക്ലാലടി ഗോപിയുടെ "കനൽ" എന്ന നാടകം കേരളത്തിലെ നിരവധി വേദികളിലും മറ്റ് ഇൻഡ്യൻ സംസ്ഥാനങ്ങളിലും അവതരിപ്പിച്ച ഈ സമിതിയിൽ സിനിമാതാരങ്ങളായ അടൂർ ഭവാനി, അച്ചൻകുഞ്ഞ്, M.S. നമ്പൂതിരി, T.M. എബ്രഹാം, എന്നിവരും, കനിബാവ, K.R. രാജം, M.G. അയ്യമ്പള്ളി, തുടങ്ങിയ പ്രശസ്ത നാടക താരങ്ങളും പങ്കെടുത്തിരുന്നു. ഈ നാടകത്തിന്റെ സംഘാടകൻ നടനും, സംവിധായകനുമായ ശ്രീ. A.M. ബഷീർ ആയിരുന്നു. വഞ്ചിയൂർ സ്വദേശിയായ ഇദ്ദേഹം ഇന്ന് ജീവിച്ചിരിപ്പില്ല. പ്രമുഖ നഗരങ്ങളായ ബോംബെ, കൽക്കട്ട, റാഞ്ചി, ഭിലായ്, റൂർക്കേല, വിശാഖപട്ടണം എന്നിവിടങ്ങളിലൊക്കെ കല്പനാ തീയേറ്റേഴ്സ് കനൽ എന്ന നാടകം അവതരിപ്പിച്ചിട്ടുണ്ട്. യൂസഫലികച്ചേരി, M.K. അർജ്ജുനൻ, M.M. പുരവൂർ എന്നിവരും ഈ നാടകത്തിന്റെ ശില്പശാലയിൽ ഒരുമിരുന്നു.

സാംസ്കാരിക കേന്ദ്രങ്ങളെ കുറിച്ച് വിലയിരുത്തുമ്പോൾ മുൻപന്തിയിൽ നിൽക്കുന്നത് തോട്ടയ്ക്കാട് വിജ്ഞാന പോഷിണി ഗ്രന്ഥശാലയാണ്. വഞ്ചിയൂർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗ്രന്ഥശാലയുടെ പ്രവർത്തനം ഇപ്പോൾ മന്ദഗതിയിലാണ്. പാവല്ല A.K.G. ആർട്ട്സ് & സ്പോർട്ടസ് ക്ളബ്ബും, കാട്ടുവിള ത്രിവേണി ആർട്ട്സ് & സ്പോർട്ട്സ് ക്ളബ്ബും ( വഞ്ചിയൂർ) വി.വൺ വെയിലൂർ,കലാലയ തോട്ടയ്ക്കാട്, പുല്ലൂർമുക്ക് വായനശാല എന്നിവ ഊർജ്ജസ്വലമായ പ്രവർത്തന മേഖലയിലേയ്ക്ക് കടന്നുവന്നുകൊണ്ടിരിക്കുകയാണ്. തോട്ടയ്ക്കാട് യുവജന വായനശാല സ്ഥലത്തെ പഴക്കം ചെന്ന ഒരു സാംസ്കാരിക കേന്ദ്രമാണ്. ഇതിനുവേണ്ടി ഗംഗാധരൻ,ബാബു മന്ദിരം 5 സെന്റ് സ്ഥലം സറണ്ടർ ചെയ്ത് നൽകിയിച്ചുണ്ട്.ഈ സ്ഥലത്ത് പഞ്ചായത്ത്കെട്ടിടം വച്ചുനൽകിയാൽ നമ്മുടെ സാംസ്കാരിക മേഖലയ്ക്ക് ഈ വായനശാല ഒരു മുതൽകൂട്ടായിമാറും എന്നതന്ന് പക്ഷാന്തരമില്ല. ഒരു പരിധിവരെ നമ്മുടെ സാംസ്കാരിക നിലയങ്ങൾ ഇന്ന് സജീവമല്ലാതായിതീർന്നിരിക്കുകയാണ്. പരമ്പര്യത്തിന്റെ നാഴികകല്ലുകൾ പിന്നിട്ടുപോന്ന പല മഹൽ സ്ഥപനങ്ങളും ആധുനികതയുടെ കുത്തൊഴുക്കിൽ പെട്ട് അരിഷ്ടതകൾ നേരിടുന്നു. യുവതലമുറ വായനാശീലത്തിൽ നിന്നുംപിന്നോട്ട് പോയതും ഈ രംഗത്തെ അതിനൂതന ഉപകരണങ്ങളുടെ അരങ്ങേറ്റവുമാണ് ഇതിന് കാരണമെന്ന് നമുക്കനുമാനിക്കാം. സാംസ്കാരിക പ്രക്രിയയിൽ പങ്കുവഹിക്കാൻ പര്യാപ്തമായിട്ടുള്ളവയാണല്ലോ സിനിമാശാലകൾ. കരവാരം പഞ്ചായത്തിലെ ഏക സിനിമാ തീയേറ്ററായ "കവിത" കല്ലമ്പലം ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്നു.



കായികമേഖലയിൽ സംസ്ഥാന നിലവാരത്തിൽ ഉയർന്നുവന്നതും ദേശീയ ശ്രദ്ധയാകർഷിക്കാൻ പോലും പര്യാപ്തമായതുമായ ഒരു കായിക വിദ്യാഭ്യാസ കേന്ദ്രമായിരുന്നു " കോവിലഴികം ബ്രദേഴ്സ് " എന്ന പേരിൽ വിഖ്യാതമായിതീർന്ന വോളീബാൾ ടീം. നിരവധി സംസ്ഥാന തലമത്സരങ്ങൾ ജയിച്ച, ഒട്ടനവധി താരങ്ങളെ സംസ്ഥാന ടീമുകൾക്ക്

സംഭാവന നൽകാൻ കഴിഞ്ഞിട്ടുള്ള ഈ പ്രസ്ഥാനത്തിന് ഒരുപിടി യുവതീയുവാക്കളെ ഔദ്യോഗികരംഗത്ത് എത്തിക്കാനും കഴിഞ്ഞിട്ടുണ്ട്. അങ്ങനെ നാട്ടിലെ ഒരു പിടി യുവജനങ്ങളെ പ്രശസ്തിയിലേയ്ക്കും അതിലുപരി ഒരു സ്ഥിരം ജിവസാന്ധാരണ മാർഗ്ഗത്തിലേയ്ക്കും നയിച്ച കരവാരം പഞ്ചായത്തിലെ ഈ കായിക കലാസംരംഭവും ഇന്ന് പഴയതു പോലെ പ്രവർത്തന സജ്ജമായിക്കാണുന്നില്ല. ഇപ്പോൾ യുവതലമുറയുടെ ഹരമായി മാറിയിരിക്കുന്ന ആയോധനകലകളായ ജൂഡോ, കരാട്ടെ, കുങ്ഫു എന്നിവയിൽ കരാട്ടേയ്ക്ക് കരവാരം പ്രദേശത്ത് വേരുകളുണ്ട്. ജില്ലയുടെ വിവിധഭാഗങ്ങളിൽ " അലൻതിലക് ഷിറ്റോറിയോ " കരാട്ടേക്ളാസുകൾ നടത്തിവരുന്ന സെൻസായ് നാസറുദ്ദീൻ, ഇക്ബാൽ എന്നിവർ ഈ പഞ്ചായത്തിന്റെ സംഭാവനകളാണ്.



പത്രമാസികകളുടെ പ്രചാരവും അവയെ സ്വീകരിക്കുന്നതിനുള്ള സന്മനസും നാട്ടുകാരിൽ സംവൽസരങ്ങളായി നിലനിന്നു വരുന്നു. സംസ്ഥാനത്ത് നിന്നും പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന മിക്ക പത്രമാസികൾക്കും, വാരികകൾക്കും ഇവിടെ ധാരാളം വരിക്കാരുണ്ട്. മാതൃഭൂമി, കേരളകൗമുദി, ദേശാഭിമാനി, മാധ്യമം, മലയാളമനോരമ, തുടങ്ങിയ പത്രങ്ങളും, കേരളശബ്ദം, ചിന്ത, മനോരമ, മംഗളം തുടങ്ങിയ മാസികളുമാണ് അക്കൂട്ടത്തിൽ മുൻപന്തിയിലെത്തിനിൽക്കുന്നത്. പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രവർത്തനത്തിന്റെ ഫലമായി ശാസത്ര സാങ്കേതിക പ്രസിദ്ധീകരണങ്ങളുടെ സ്വാധീനവും ചുരുക്കമായിട്ടെങ്കിലും ഗ്രാമപ്രദേശത്ത് കടന്നെത്തിയിട്ടുണ്ട്. വഞ്ചിയൂരിൽ നിന്നും പ്രശസ്ത ചിത്രകാരനായ ജെ.ആർ. പ്രസാദിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചു വരുന്ന കൈയെഴുത്തുമാസിക മലയാള സാഹിത്യത്തിന് ഒരു മുതൽക്കൂട്ടായിരുന്നു. കാരണം അന്നത്തെ പ്രമുഖരായ മിക്ക സാഹിത്യകാരൻമാരും കുതൂഹലത്തോടെ ഈ കൈയെഴുത്തുമാസിക വീക്ഷിക്കുകയും രചനകൾ നൽകി അനുഗ്രഹിക്കുകയും ചെയ്തിരുന്നു. എം. ടി. വാസുദേവൻ നായർ, ടി.എൻ. ജയചന്ദ്രൻ, തോട്ടം രാജശേഖരൻ, ജി. വിവേകാനന്ദൻ തുടങ്ങിയവർ ഈ പട്ടികയിൽ പെടുന്നു.

ഈ പാരമ്പര്യത്തിന്റെ പിൻതുടർച്ചയെന്നോണം ഇപ്പോഴും വഞ്ചിയൂരിൽ നിന്നും മറ്റൊരു പ്രസിദ്ധീകരണം മുടക്കം കൂടാതെ പുറത്തിറങ്ങികൊണ്ടിരിക്കുന്നു. ഓരോ ലക്കത്തിലും മലയാളസാഹിത്യത്തിലെ ഒന്നാംകിടക്കാരെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് രംഗത്തെത്തുന്ന ഈ മാസികയുടെ പേരം "ദിശാമുഖം " എന്നാണ്. ജയൻ ബി. വഞ്ചിയൂർ പത്രാധിപത്യം വഹിക്കുന്ന പ്രസ്തുത മാസികയുടെ പ്രസാധകൻ വഞ്ചിയൂർ ഹക്കീം ആണ്.നല്ലൊരു കൂട്ടം യുവാക്കളുടെ കൂട്ടായ പരിശ്രമം ഇതിന്റെ വ്യാപനത്തിന് സഹായകമായിട്ടുണ്ട്. നമ്മുടെ ഗ്രാമത്തിന്റെ മറ്റുഭാഗങ്ങളിലുള്ള യുവാക്കൾ മാതൃകയാക്കേണ്ട ഒരു വസ്തുതയാണിത്.



ഗൾഫ് മേഖലയുടെ സ്വാധീനം കേരളത്തിലെ മറ്റേതൊരു പഞ്ചായത്തു പ്രദേശത്തോടുമൊപ്പമെത്തത്തക്ക വിധത്തിൽ ഈ ഗ്രാമത്തെയും കാര്യമായി ബാധിച്ചിട്ടുണ്ട്. ഇവിടെ നിന്നും ഗൾഫ് നാടുകളിൽ പണിയെടുക്കുന്ന ആളുകളുടെ ബാഹുല്യം നമ്മുടെ സാമൂഹ്യസാമ്പത്തികരംഗങ്ങളിൽ അതിതീവ്ര

മായ പരിവർത്തനങ്ങൾക്ക് വഴിമരുന്നിട്ടിരിക്കുകയാണല്ലോ. നമ്മുടെ ഗ്രാമാന്തരങ്ങളിൽ പോലും ഇലക്ട്രോണിക് ഉപകരണങ്ങളുടെ കടന്നുകയറ്റത്തിന് ഇത് കാരണഭൂതമായിട്ടുണ്ട്. റേഡിയോ, ടേപ്പ്റിക്കാർഡർ, എന്നിവയിൽനിന്നും ടി.വി.യിലേയ്ക്കും മറ്റുമുള്ള അഭൂതപൂർവ്വമാണെന്ന് കാണാം.വിവിധ ചാനലുകളിലുള്ള പരിപാടികൾ കാണാനുള്ള അവസരവും കൈവന്നിരിക്കുന്നു. കേബിൾ ടി.വി. ശൃംഗലകളും സാർവത്രികമായിക്കഴിഞ്ഞു. വാർത്താവിനിമയ രംഗത്ത് ടെലഫോണും, ടെലഗ്രാമും, ഫാക്സും തുടങ്ങിയ സംവിധാനങ്ങളും പരമാവധി ആധുനീകരിച്ച് പ്രയോഗപഥത്തിലെത്തിചേർന്നതോടെ മുറികളിൽ നിന്നുംമുറികളിലേയ്ക്ക് കൊണ്ട് പോയികൈകാര്യം ചെയ്യാവുന്ന ടെലഫോണുകളും മറ്റും ഇന്ന് ഗ്രാമത്തിലെ ചുരുക്കം ചിലവീടുകളിലെങ്കിലും ഉപയോഗിച്ചുവരുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് തന്നെ പണ്ട് റേഡിയോ പാർക്കുകൾ സ്ഥാപിച്ചിരുന്നതിന് പകരം ടി.വി. കിയോസ്കുകൾ നിർമ്മിച്ച് ടി.വി.കൾ സ്ഥാപിച്ച് പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്. ആകെ കൂടെ നോക്കിയാൽ ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങളുടെ കാര്യത്തിൽ കരവാരം ഗ്രാമപഞ്ചായത്ത് ഏറെ ദൂരം മുന്നോട്ട് പോയിട്ടുണ്ടെന്ന് നമുക്ക് പ്രത്യാശിക്കാം. ഏകദേശം 90% വീടുകളിലും റേഡിയോ ലഭ്യമാണ്. കുറഞ്ഞത് 10% വീടുകളിലെങ്കിലും ടി.വി.യും സ്ഥാനം പിടിച്ചുകഴിഞ്ഞിട്ടുണ്ട്. സന്ദേശങ്ങൾ സൗകര്യപ്രദമായി ലഭ്യമാക്കാനുള്ള പേജറുകളും വ്യാപകമായിതുടങ്ങിയിട്ടുണ്ട്.



ഗ്രന്ഥശാലകളെ കുറിച്ച് കലാസാംസ്കാരിക സ്ഥാപനങ്ങളുടെ കൂട്ടത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ എങ്കിലും ഇന്ന് നമ്മുടെ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഏറ്റവും അധികം ശോചനീയാവസ്ഥ നേരിടുന്നത് ഗ്രന്ഥശാലകളാണ്. ആധുനിക ദൃശ്യ, ശ്രവണ മാധ്യമങ്ങളുടെ അതിപ്രസരമാണ് ഇതിന് പ്രധാനമായ ഒരു കാരണം. കൂടുതൽ യുവാക്കളും ഈ മേഖലകളിലേയ്ക്ക് അവരുടെ ശ്രദ്ധ തിരിച്ചുവിട്ടതു മൂലം പരമ്പരാഗതമായ വായനാശീലത്തിൽ നിന്ന് ഏറെ അകന്നുകഴിഞ്ഞതായി നമുക്ക് മനസിലാക്കാം. പണ്ടൊക്കെ ഗ്രാമത്തിന്റെ ഏതൊരു കോണിലും യുവാക്കൾ ഒത്തൊരുമിക്കുകയും ചെറിയചെറിയ വായനശാലകൾ ആരംഭിക്കുകയും ക്രമേണ അവയൊക്കെ തന്നെ മുതൽന്നവരുടെ സഹായ സഹകരണത്തോടെ ഗ്രന്ഥശാലകളായി മാറുകയും ചെയ്യുന്നത് സർവ്വസാധാരണമായിരുന്നു. വിജ്ഞാനം നേടുന്നതിനുള്ള ദാഹം വ്യാപകമായിനിലനിന്നിരുന്നു. എന്നാൽ ഇന്ന് യുവാക്കൾ പരമാവധി സമയം ദൃശ്യ ശ്രാവ്യമാധ്യമങ്ങൾ ആസ്വദിക്കുന്നതിനും ബാക്കിസമയം വിവിധ തരം കളികൾക്കുമാണ് ഉപയോഗിച്ചുവരുന്നത്. ഇതിൽ ക്രിക്കറ്റ് നമ്മുടെ യുവതലമുറയുടെ ഹരമായി മാറിയിരിക്കുന്നു. ആവശ്യത്തിലധികം താൽപര്യവും സമയവും നമ്മുടെ യുവാക്കൾ ഇതിനുവേണ്ടി വിനിയോഗിക്കുന്നു എന്നുപറഞ്ഞാൽ അതിൽ അതിശയോക്തിക്കുവകയില്ല.

ഇരുപതാം നൂറ്റാണ്ടിന്റെ ഈ പ്രവണതകൾ നമ്മുടെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെയും പ്രവർത്തന ശൈലിയെയും ആകെ തകിടം മറിച്ചിരിക്കുകയാണ്. ഇതിൽ നിന്നും മോചനം നേടേണ്ടത് നമ്മുടെ രാഷ്ട്രത്തിന്റെ തന്നെ സാംസ്കാരികവും സാമൂഹ്യവുമായ ഉന്നമനത്തിനും വികാസത്തിനും അത്യന്താപേക്ഷിതമാണ്. ആയതിലേയ്ക്ക് നിലവിലുള്ളതും പ്രവർത്തനം മന്ദീഭവിച്ചതുമായ വായനശാലളുടെ പുന:രുജ്ജീവനം അനിവാര്യമാ

യിതീർന്നിരിക്കുന്നു. നിലവിലുള്ളവയുടെ പ്രവർത്തനശൈലി പുനഃപരിശോദിക്കുകയും ഗ്രന്ഥങ്ങളും മറ്റും ശേഖരിച്ച് അവയെ പ്രവർത്തന നിരതമാക്കുകയും വേണം. മന്ദീഭവിച്ചു കിടക്കുന്ന വയെകണ്ടെത്തി പുതിയ ഭരണ സമിതി സംഘടിപ്പിച്ച് അവയുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കേണ്ടതുണ്ട്. അതിലേയ്ക്കായി ഗ്രാമപഞ്ചായത്ത് കഴിയുന്നത്ര സാമ്പത്തിക സഹായം നൽകുകയും ഗ്രാന്റുകളും മറ്റും ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണം. കൂടുതൽ യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് കമ്മിറ്റികൾ ഉണ്ടാക്കുകയും പൊതുജന പങ്കാളിത്തത്തോടെ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുകയും വായനയുടെ ആവശ്യകതയെ കുറിച്ച് സെമിനാറുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുകയും വേണം. ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലും ഇതിനുപോൽബലകമായ പരിപാടികൾ കലാപരമായി ആവിഷ്കരിച്ച് അവതരിപ്പിക്കണം.

പഴയ കാലഘട്ടങ്ങളിൽ നടന്നിരുന്നതുപോലെ വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും പ്രവർത്തനത്തോടനുബന്ധിച്ച് വാർഷികാഘോഷങ്ങൾ നിർബന്ധിതമാക്കുകയും അതുപോലെ തന്നെ അഗംങ്ങൾ അവതരിപ്പിക്കുന്ന പഠനാർഹമായ സോദ്ദേശ നാടകങ്ങളും ഇതര കലാപരിപാടികൾ നടത്തുന്നതും പുതിയ തലമുറയെ ഉണർവിനും ഉത്സാഹത്തിനും ജ്ഞാനോദയത്തിനും സഹായകമാകും. ഇതുപോലെ അറിവിന്റെ വികാസമേഖല തുറക്കുന്നതിന് വിവാധ വിഷയങ്ങളെ അധികരിച്ചുള്ള ചോദ്യോത്തര വേളകൽ ( ക്വിസ് പ്രോഗ്രാമുകൾ) സംഘടിപ്പിക്കുന്നതും ഗുണപരമായ ഒരു കാര്യമാണ്.

പ്രാദേശിക കവികളെയും കലാകായിക പ്രതിഭകളെയും സാഹിത്യകാരൻമാരെയും പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്തുതലത്തിൽ അവാർഡുകൾ ഏർപ്പെടുത്തുക. കേരളോത്സവും കാലോചിതമായി പരിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കുകയും പ്രതിഭകളെ കണ്ടെത്തി അംഗീകരിച്ച് ആദരിക്കുകയും ചെയ്യുക. കലാകായിക മേഖലകളിൽ പ്രതിഭാസംഗമങ്ങൾ സംഘടിപ്പിക്കുകയും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ക്യാഷ് അവാർഡുകലും മെരിറ്റ് സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുക. ഗ്രന്ഥശാലകളോടനുബന്ധിച്ച് പുസ്തക, ചിത്ര, ശില്പ പ്രദർശനങ്ങളും മറ്റും ആസൂത്രണം ചെയ്യുത് ജനങ്ങൾക്ക് കലയിലും സാഹത്യേതര പ്രവർത്തനങ്ങളിലും താല്പര്യം ജനിപ്പിക്കുക. പഞ്ചായത്തിലെ മന്ദീഭവിച്ചുകിടക്കുന്ന നാലു ഗ്രന്ഥശാലകളെയും പുനരജ്ജീവിപ്പിച്ച് ഒരു കേന്ദ്രീകൃത സ്വഭാവത്തിലേയ്ക്ക് കൊണ്ടുവരിക. ഗ്രന്ഥശാകളിൽ പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് സന്നദ്ധസംഘടനകൾ ഉണ്ടാക്കി വീടുകൾ സന്ദർശിച്ച് പുസ്തകങ്ങൾ ശേഖരിക്കുകയും കഴിവുള്ളവരെകൊണ്ട് ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങി നൽകുന്നതിനും പ്രേരണ നൽകുകയും ചെയ്യുക. ഗവൺമെന്റിൽ നിന്നും നൽകുന്ന ഗ്രാൻറ് തുക വർദ്ധിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തു ഭരണ സമിതിയിൽ സ്വാധീനം ചെലുത്തുകയും അതിൽ നിന്നും ലഭിക്കുന്ന തുക പൂർണ്ണമായും പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിനായി വിനിയോഗിക്കുകയും ചെയ്യുക. ഗ്രന്ഥശാലകളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് പരമാവധി പ്രചാരം ലഭിക്കുന്നതിന് പുസ്തകങ്ങൾ വീടുതോറും എത്തിച്ചുകൊടുക്കുന്ന സംമ്പ്രദായം നിലവിൽവരുത്തുക. അതിലേയ്ക്കായി ഒരു സ്ഥിരം

വിതരണക്കാരനെ ചെറിയ തരത്തിലുള്ള പ്രതിഫലം നൽകി നിയമിക്കുക. പുസ്തകങ്ങൾ തിരികെ വാങ്ങുന്നതിനുള്ള ചുമതലയും അയ്യാൾക്കുതന്നെ നൽകുക. അംഗൻവാടികളിൽ മാതൃസംഗമങ്ങൾ സംഘടിപ്പിക്കുകയും പ്രയോജനപ്രദമായ പുസ്തകങ്ങൾ അവർക്ക് പരിചയപ്പെടുത്തുകയും ചെയ്യുക. സ്കൂൾകുട്ടികൾക്ക് പുസ്തകപാരായണത്തിൽ താല്പര്യം വർദ്ധിപ്പിക്കുന്നതിന് പ്രൈമറി തലം മുതൽ പരിശ്രമം തുടങ്ങുക. പുസ്തകങ്ങളെ കുറിച്ച് അവരെ ബോധവാൻമാരാക്കുകയും അവയെ കുറിച്ചുള്ള രചനകൾ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക. പ്രാഥമിക വിദ്യാഭ്യാസ കാലം മുതൽക്കുതന്നെ കുട്ടികളുടെ കലാസാഹിത്യവാസനകൾ കണ്ടറിഞ്ഞ് പ്രോത്സാഹനം നൽകുന്നതിനാവശ്യമായ പദ്ധതികൾ പഞ്ചായത്തുതലത്തിൽ ആസൂത്രണം ചെയ്യുക. പുരോഗമന പ്രസ്ഥാനങ്ങളായ ശാസ്ത്രസാഹിത്യ പരിഷത്ത്-ജനകീയാസൂത്രണ സമിതികൾ എന്നിവയുമായി ബന്ധപ്പെട്ട് ഒരു നൂതന സംസ്കാരത്തിന്റെ വക്താക്കളാകുക.

നാടിന്റെ പൊതുവായ ആവശ്യങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുന്നതിന് ജാതിമത ചിന്തകളോ കക്ഷി രാഷ്ട്രീയ പരിഗണനകളോ കൂടാതെ കൂട്ടായ്മയോടെ പ്രവർത്തിക്കുന്നതിനുള്ള പരിശ്രമത്തിലെർപ്പെടുക. സമൂഹത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന മദ്യപാനവും മയക്കുമരുന്നുകളുടെ ഉപയോഗം എന്നിവയ്ക്കെതിരെ തീവ്രമായ പ്രചണ പരിപാടികളിൽ ഏർപ്പെടുകയും ഇതിനെ പ്രോത്സാഹിപ്പിക്കുന്ന വ്യവസായ ശൃംഗലകളെ കണ്ടെത്തി ഉൻമൂലനം ചെയ്യാനുള്ള നടപടികൾ ആവിഷ്കരിക്കുകയും ചെയ്യുക. അനീതികളെയും അക്രമങ്ങളെയും യഥാക്രമം മനസിലാക്കുകയും അവയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത വിവേകപരമായ സമീപനം കൈകൊള്ളുകയും ചെയ്യുക. സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ അർപ്പണ മനോഭാവത്തോടുകൂടി പ്രവർത്തിക്കുന്ന നിസ്വാർത്ഥമതികളെ കണ്ടെത്തുകയും അവരുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്തുനൽകുകയും ചെയ്യുക.

# കരവാരം പഞ്ചായത്തിലെ ഗ്രന്ഥശാലകളെക്കുറിച്ചുള്ള വിവരണം

| | ഗ്രന്ഥശാലയുടെ പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | അംഗങ്ങൾ | പുസ്തകങ്ങളുടെ എണ്ണം | പ്രതിദിന വിതരണം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | വിജ്ഞാനപോഷിണി ഗ്രന്ഥശാല & വായനശാല തോട്ടയ്ക്കാട്, 6-ാം വാർഡ് | 1956 | C | 350 | 3688 | 20 | ബാലവേദി, കൃഷിപുസ്തക കോർണർ വനപുസ്ത കകോർണർ, സാക്ഷരതാ പ്രവർത്തനം,. സ്ഥിരംകെട്ടിടം |
| 2 | കൈരളി ഗ്രന്ഥശാല വഞ്ചിയൂർ. | – | C | 300 | 250 | – | പുസ്തകങ്ങൾ തീപിടിച്ചു നശിച്ചു. ഇപ്പോൾ കൃത്യമായി പ്രവർത്തിക്കുന്നില്ല. |
| 3 | ദേശീയ ഗ്രന്ഥശാല & വായനശാല പുല്ലൂർമുക്ക്, വാർഡ് – I | 1947 | C | – | – | – | സ്ഥിരംകെട്ടിടം ഉണ്ട്. |
| 4 | യുവജനവായനശാല | – | C | – | – | – | സ്ഥിരംകെട്ടിടം ഇല്ല. പ്രവർത്തനം മന്ദഗതിയിൽ |

# വികസന റിപ്പോർട്ട് തയ്യാറാക്കിയതിനു പിന്നിൽ

1. A. സൈനുല്ലാബ്ദീൻ (ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്)
2. N. സുകുമാരക്കുറുപ്പ് (ഗ്രാമപഞ്ചായത്ത് വൈ: പ്രസിഡൻറ്)
3. M. സുമദത്തൻ (സ്റ്റാൻ: ചെയർമാൻ)
4. G. രാജചന്ദ്രൻ പിള്ള (1-ാം വാർഡ് മെമ്പർ)
5. M. സുമിത്ര (2-ാം വാർഡ് മെമ്പർ)
6. G. ശ്യാമള (5-ാം വാർഡ് മെമ്പർ)
7. G. വിജയലക്ഷ്മി അമ്മ (6-ാം വാർഡ് മെമ്പർ)
8. S. സുന്ദരേശൻ (8-ാം വാർഡ് മെമ്പർ)
9. J. സുരേന്ദ്രക്കുറുപ്പ് (9-ാം വാർഡ് മെമ്പർ)
10. M. യൂസഫ്കുഞ്ഞ് (10-ാം വാർഡ് മെമ്പർ)
11. P. സുനിത (11-ാം വാർഡ് മെമ്പർ)

12. P.G. ശ്രീധരൻ
13. G. ശ്രീകണ്ഠക്കുറുപ്പ്
14. K. സുഭാഷ്ചന്ദ്രബാബു
15. വാസുദേവൻപിള്ള R.
16. M.M. പുരവൂർ
17. P. പ്രസന്നൻ
18. R. പ്രകാശൻ
19. അനീഷ് P.S.
20. G. ശ്രീവത്സൻ
21. G. ഭാസ്ക്കരൻ
22. A.K. രാമചന്ദ്രൻനായർ
23. G. ഗോപാലകൃഷ്ണകുരിക്കൽ
24. N.K. രാധാകൃഷ്ണൻ
25. ഷാജഹാൻ E.
26. നിസ്സാറുദ്ദീൻ
27. സുൽഫിക്കർ
28. വിനയകുമാർ
29. സുർജിത്
30. R.R. പിള്ള
31. G. മാധവൻ
32. B.K. ജയപ്രകാശ്
33. S. മണിലാൽ
34. ചന്ദ്രശേഖരപിള്ള
35. രഘുനാഥൻനായർ
36. N. ദേവദത്തൻ
37. അമ്പിളികുമാർ
38. വസുമതി
39. A. അബ്ദുൽ അസീസ്
40. ബാലചന്ദ്രക്കുറുപ്പ്
41. C.V. രാജീവ്

# ഉപസംഹാരം

പ്രിയപ്പെട്ടവരേ,

രാജ്യത്തിന്റെ വികസനപ്രക്രിയയിൽ പൊതുജന പങ്കാളിത്തമില്ലായ്മ കടംകഥയായി മാറുന്നു. അധികാരവികേന്ദ്രീകരണം ത്വരിതപ്പെടുത്തി ജനാധിപത്യ സംവിധാനത്തെ കൂടുതൽ കെട്ടുറപ്പുള്ളതാക്കുന്നു. വികസന പ്രക്രിയയിൽ ജനകീയ പങ്കാളിത്തത്തിനുവേണ്ടി കേരളസർക്കാർ പ്രഖ്യാപിച്ച ജനകീയാസൂത്രണം സകല പിൻതിരിപ്പൻ മുൻവിധികളെയും തട്ടിമാറ്റി മുന്നേറുന്നു.

ജനകീയാസൂത്രണത്തിന്റെ ആദ്യഭാഗമായ വിശേഷാൽ ഗ്രാമസഭ കളിൽ പങ്കെടുത്തു വികസനപ്രശ്നങ്ങളും, സാധ്യതകളും ചൂണ്ടിക്കാണി-ച്ചവർക്ക് നന്ദി. ദ്വിതീയ വിവരണശേഖരണത്തിലൂടെ ലഭ്യമായ വിവരങ്ങളും, പഠനപര്യടനത്തിലൂടെ കിട്ടിയ അറിവുകളും ഗ്രമസഭാറിപ്പോർട്ടുകളും സമന്വയിപ്പിച്ചുകൊണ്ട് പഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കാൻ അഹോരാത്രം പണിയെടുത്ത ജനപ്രതിനിധികൾക്കും, റിസോഴ്സ്പേഴ്സൺ മാർക്കും, ഉദ്യോഗസ്ഥന്മാർക്കും നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം ഈ പരിപാടിയുടെ തുടർന്നുള്ള പ്രവർത്തനത്തിന് സഹകരണം അഭ്യർത്ഥിക്കുകയുംചെയ്യുന്നു.

വരുംനാളുകളിൽ നമ്മുടെ ഗ്രാമത്തിന്റെ സമഗ്രവികസനത്തിന് ആവശ്യമായ പദ്ധതികൾ രൂപംകൊടുക്കുന്നതിന് ഈ വികസനരേഖ സഹായിക്കട്ടെ.

സ്നേഹപൂർവ്വം,

A. സൈനുല്ലാബ്ദ്ദീൻ

(ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്)

Printed at Nethaji, Kallambalam. 692096

# വികസന റിപ്പോർട്ടിൽ രണ്ടാമതു ഉൾപ്പെടുത്തിയത്

## ആമുഖം

തോട്ടയ്ക്കാട് ഗവഃ എൽ.പി.എസ് -ൽ പാചക റൂമിനായി ശ്രീ തൈമംഗലത്തു സദാന ന്ദൻ മുതലാളി 15000 രൂപ ചെലവാക്കി ഒരു കെട്ടിടം നിർമ്മിച്ചു സംഭാവന ചെയ്തു.

എ.ജി.എസ്. ഓഫീസ് ജീവനക്കാരനായ ശ്രീ പ്രകാശ് വോളിബാൾ സ്റ്റേറ്റ് താരമാണ് (ഇദ്ദേഹം കോവിലകം ബ്രദേഴ്സിലെ അംഗമാണ്). അതു പോലെ തന്നെ കോവിലകം ബ്രദേഴ്സിലെ ശ്രീ. ദേവദത്തൻ, സുഗതൻ, ഡോക്ടർ പ്രശാന്തൻ എന്നിവർ പ്രഗത്ഭ വോളിബാൾ താരങ്ങളാണ്. ശ്രീ ദേവദത്തൻ ഇപ്പോഴും കുട്ടികൾക്ക് പരിശീലനം നൽകുന്നു.

കാർഷികമത്സരമായ മരമടി മത്സരത്തിൽ നീണ്ട 30 വർഷകാലം പങ്കെടുത്ത ഒരു മരമടി വിദ ഗ്ധനാണ് ഇപ്പോഴത്തെ ഗ്രാമപഞ്ചായത്ത് പ്രസി ഡന്റ് കൂടിയായ ശ്രീ. എ.സൈനുല്ലാബ്ദീൻ. അതു പോലെ തന്നെ ഈ രംഗത്തെ മറ്റ് ഒരു വിദഗ്ധ നാണ് ശ്രീ പുന്നശ്ശേരി ശ്രീകണ്ഠക്കുറുപ്പ്.

## വികസന സെമിനാറിൽ നിർദ്ദേശിച്ച പുതിയ നിർദ്ദേശങ്ങൾ

### കൃഷി / ജലസേചനം

1. കരഭൂമിയിൽ അതിരുകൾ നിർമ്മിച്ച് മണ്ണൊലിപ്പ് തടഞ്ഞ് മഴവെള്ളം ഭൂഗർഭത്തിൽ സംഭരിക്കുന്നതിന് കൃഷിക്കാർക്ക് ധനസഹായം നൽകേണ്ടതാണ്.

2. സഞ്ചരിക്കുന്ന മണ്ണ് പരിശോധനാശാല യുടെ സേവനം കാലാകാലങ്ങളിൽ ലഭ്യമാക്കണം.

3. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ പട്ടള എലാ കുഴി നടപ്പിലാക്കണം.

### മൃഗസംരക്ഷണം / മത്സ്യബന്ധനം

1. കരവാരം പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന മൃഗാശുപത്രിയുടെ സേവനം, ആലംകോട് വില്ലേജിന്റെ എല്ലാഭാഗത്തും ലഭിക്കുന്നില്ല. മൃഗാ ശുപത്രിയുടെ സേവനം പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിക്കേണ്ടതാണ്.

2. വഞ്ചിയൂർ കേന്ദ്രമാക്കി പ്രവർത്തിച്ച് വരുന്ന ഊർജ്ജിത കന്നുകാലി വികസന കേന്ദ്രം ഒരു മൃഗാശുപത്രിയാക്കി ഉയർത്തുക.

3. അത്യുൽപ്പാദനശേഷിയുള്ള ആട്, കന്നു കുട്ടി, എന്നിവ കർഷകന് സൗജന്യ നിരക്കിലും കോഴി, താറാവ്, എന്നിവ സൗജന്യമായും വിത രണം നടത്തുക.

4. മൃഗാശുപത്രികളിലെ സജ്ജീകരണങ്ങൾ അടിയന്തിരമായി ആധുനികവൽക്കരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യുക.

5. അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പി ക്കുന്നതിനു പരിശീലനം ലഭിച്ചവരുടെ അഭാവം ഉണ്ട്. ഇതു പരിഹരിക്കുന്നതിന് നായ് ശല്യം ഒഴി വാക്കണം.

6. കാലിവസന്ത, കുളമ്പുരോഗം എന്നിവ നിയന്ത്രിക്കാൻ ഉള്ള പദ്ധതി വേണം.

7. മലബാറി ആടുകളെ വളർത്തുന്നതിനു സംഘങ്ങൾക്കോ, വ്യക്തികൾക്കോ, ധനസഹാ യവും വിദഗ്ധപരിശീലനവും നൽകുക.

8. മൃഗസംരക്ഷണവകുപ്പിനു കീഴിൽ വിജ്ഞാനവ്യാപനവും, കർഷകപരിശീലനവും നടക്കുന്ന കേന്ദ്രങ്ങളിൽ വാർഡുകളിൽ നിന്ന് രണ്ട് പേരെ തെരഞ്ഞെടുത്ത് പരിശീലനത്തിനു അയ ക്കണം.

9. തീറ്റ, മരുന്ന്, വാക്സിൻ എന്നിവ ന്യായ വിലക്കു ലഭ്യമാകാൻ വേണ്ടി ഒരു സ്റ്റോറെങ്കിലും ഈ പഞ്ചായത്തിൽ വേണം.

10. വനിതസംരംഭകർക്കുള്ള പശുവളർത്തൽ വനിതാസഹകരണസംഘങ്ങൾ വഴിനടത്തുന്ന തിന് ഡി.ഡബ്ളിയു.സി.ആർ.എ. പദ്ധതി വഴിയുള്ള ധനസഹായവും വിദഗ്ധോപദേശവും ലഭ്യമാക്കു ക.

11. പൊതുകുളങ്ങൾ വ്യക്തികൾക്കോ, ഗ്രൂപ്പിനോ പാട്ടത്തിനു നൽകി മത്സ്യകൃഷി നട ത്താൻ കഴിയും.

### III വ്യവസായം

1. പരമ്പരാഗത വ്യവസായമായ കയർവ്യവ സായത്തിന്റെ ഒരു പുനഃരുദ്ധാരണം എന്നനിലയിൽ ഈ പഞ്ചായത്തിൽ നിന്നും സമീപ പഞ്ചായ ത്തിൽ നിന്നും ലഭിക്കാവുന്ന പച്ചതൊണ്ട് സംഭ രിച്ച് ചകിരി നാരു യന്ത്രത്തിന്റെ സഹായത്താൽ ചകിരി വേർതിരിച്ച് എടുക്കുന്ന ഒരു ഡീഫൈ ബറിംഗ് യൂണിറ്റ് ആരംഭിക്കുകയും തുടർന്ന് കയർ ഉല്പന്നങ്ങൾ നിർമ്മിക്കുകയും വേണം.

2. പഞ്ചായത്ത് പ്രദേശത്ത് നിന്ന് ലഭിക്കുന്ന വാറ്റ് പുല്ല് ഉപയോഗിച്ച് ഒരു പുൽതൈല യൂണിറ്റ് ആരംഭിക്കാം.

3. കോൺക്രീറ്റ് കട്ടള, ജനൽ, എന്നിവ ഉണ്ടാ ക്കുന്നതിന് ഒരു യൂണിറ്റ് ആരംഭിക്കാം.

4. കാഞ്ഞിരം, മരുതി, പുന്ന എന്നീ വിലകൂ റഞ്ഞ മരങ്ങളുടെ തടി ഉപയോഗിച്ച് കൊണ്ടു കൂന്താലി, കോടാലി, മൺവെട്ടി തുടങ്ങിയവയുടെ 'കൈകൾ' നിർമ്മിക്കുന്ന ഒരു യൂണിറ്റ് ആരംഭി ക്കാം.

5. പ്ലാസ്റ്റിക് ബ്ലോ-മോൾഡിംഗ്, വേസ്റ്റ് പ്ലാസ്റ്റിക്, റീ പ്രോസസ്സിംഗ് യൂണിറ്റ് എന്നിവ ആരംഭിക്കാം.

## IV ഊർജ്ജം, ഗതാഗതം

1. വൈദ്യുതിലൈൻ പുതിയതായി എടുക്കുമ്പോൾ ഉണ്ടാവുന്ന Property Crossing സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിനു ഇന്ന് ജില്ലാ കളക്ടറിൽ ഉള്ള അധികാരം പഞ്ചായത്തിനു ലഭിക്കണം.

2. മിനിമം ഗ്യാരന്റി പരിധി 200 മീറ്ററിന് വർദ്ധിപ്പിക്കുക.

3. കാർഷികാവശ്യത്തിനായി എടുക്കുന്ന വായ്പയുടെ പലിശ വൈദ്യുത കണക്ഷൻ കിട്ടിയതിനുശേഷം ഈടാക്കുക.

4. കിളിമാനൂർ സബ്ബ് സ്റ്റേഷന്റെ പണി പൂർത്തിയാക്കി വോൾട്ടേജ് ക്ഷാമം കുറയ്ക്കുക.

5. 2-ാം വാർഡിൽ കുന്നുവിള കേന്ദ്രീകരിച്ച് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

6. ഞാറയ്ക്കാട് വിള - നെടുംപറമ്പ് ലൈൻ 3 ഫേസ് ആക്കുക.

7. പട്ടികജാതി കോളനികളിൽ വൈദ്യുതി കണക്ഷൻ കൊടുക്കുന്ന പരിധി 10 വീടുകളായി കുറയ്ക്കുക.

8. ഈരാണിമുക്കിൽ ട്രാൻസ്ഫോർമർ രൂപീകരിക്കുക.

9. പഞ്ചായത്ത് റോഡുകൾക്ക് അതിർത്തി കല്ലുകൾ (വീതി കൃത്യമായി അറിയാൻ) സ്ഥാപിക്കുക. സറണ്ടർ സ്റ്റേറ്റ്മെന്റുകൾ വാങ്ങി പഞ്ചായത്തു റോഡുകളെല്ലാം വിപുലപ്പെടുത്തുക.

10. റോഡുവക്കത്തുള്ള വസ്തു ഉടമസ്ഥർ റോഡ് സൈഡിൽ മതിൽ കെട്ടുമ്പോൾ പഞ്ചായത്തു അനുമതി വാങ്ങുകയും പഞ്ചായത്തു നിർദ്ദേശപ്രകാരം പൊതു വഴികൾക്ക് തടസ്സം ഇല്ലാതെ മതിൽ നിർമ്മിക്കുകയും വേണം.

11. തലവിളമുക്ക്, കല്ലാലുംമൂട്, ഈരാണിക്കോണം റോഡ് തലവിളമുക്കുമായി ബന്ധിപ്പിക്കണം.

12. 11-ാം വാർഡിൽ പുലിപ്പാറ, പൂണാംക്കടവ് റോഡ് സഞ്ചാരയോഗ്യമാക്കണം.

13. ക്ഷയിച്ച്കൊണ്ടിരിക്കുന്ന ഞാറയ്ക്കാട്ടുവിള മാർക്കറ്റിന്റെ സ്ഥലം ഉപയോഗപ്പെടുത്തി ഒരു സംസ്ക്കാരിക നിലയവും കമ്മ്യൂണിറ്റി ഹാളും നിർമ്മിക്കുക.

## V കുടിവെള്ളം, പൊതുജനാരോഗ്യം

1. കെട്ടിടം ഇല്ലാത്ത സബ്സെന്ററുകൾക്ക് കെട്ടിടം പണിയണം.

2. ആരോഗ്യവിദ്യാഭ്യാസം വിപുലപ്പെടുത്തണം.

3. ശുദ്ധജല സംവിധാനം മെച്ചപ്പെടുത്തണം

4. എല്ലാ വീടുകളിലും സാനിട്ടറി സൗകര്യം ഉണ്ടാവണം

5. പൊതുകക്കൂസുകളും മൂത്രപ്പുരകളും നിർമ്മിക്കേണ്ടതാണ്.

6. ആധുനികരീതിയിൽ അറവുശാലകൾ ഉണ്ടാവണം

7. ആയുർവേദ ഡിസ്പൻസറിയിൽ മരുന്ന് തയ്യാറാക്കാൻ ഗ്യാസ് അടുപ്പ് സ്ഥാപിക്കണം

8. ആയുർവേദ ഡിസ്പൻസറിയിൽ വൈദ്യുതി സപ്ലൈ സ്ഥാപിക്കണം.

9. പഞ്ചായത്ത് അതിർത്തിയിലെ കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കണം

10. മുത്താൻ വാതിക്കൽ, വല്ലത്തുകോണം, മുത്തൂൻച്ചാണി, മടന്നപ്പച്ച, എന്നിവടങ്ങളിലെ കുളങ്ങൾ കുടിവെള്ളത്തിനും, മറ്റ് ഇതര ആവശ്യങ്ങൾക്കുമായി ഉപയോഗപ്പെടത്തക്ക രീതിയിൽ സംരക്ഷിക്കണം.

## VI വിദ്യാഭ്യാസം

1. എയ്ഡഡ് സ്ക്കൂൾ-ന് സർക്കാർ നൽകുന്ന ഗ്രാന്റ് പഞ്ചായത്തുവഴി ആക്കുകയും, സ്ക്കൂളിന്റെ ഭൗതീകസാഹചര്യങ്ങളെകുറിച്ച് പഞ്ചായത്തു കാലാകാലങ്ങളിൽ അന്വേഷിക്കുകയും ആവശ്യമായ നടപടിയെടുക്കുകയും വേണം. സ്ക്കൂളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പഞ്ചായത്തുമായി ആലോചിച്ച് വേണം നിയമനം നടത്താൻ.

2. കുട്ടികളുടെ എണ്ണം പരിഗണിക്കാതെ പ്രൈമറിതലം മുതൽ തന്നെ എല്ലാ സ്ക്കൂളുകളിലും കലാ-കായിക അധ്യാപകരെ നിയമിക്കുക.

3. വി.എച്ച്.എസ്.സി കളിലെ എല്ലാ കോഴ്സുകളും പി.എസ്.സി അംഗീകരിക്കണം.

4. വിദ്യാലയ സിലബസ് ലഘൂകരിക്കണം.

5. ആൾ പ്രമോഷൻ നിർത്തലാക്കണം

6. സർക്കാർ സ്ക്കൂളുകൾ, എയിഡഡ് സ്ക്കൂളുകൾ എന്നിവയുടെ നിലവാരം മെച്ചപ്പെടുത്തി അൺഎയ്ഡഡ് പള്ളിക്കൂടങ്ങളിലേക്ക് ഉള്ള ഒഴുക്ക് തടയണം.

7. ആലംകോട് വി.എച്ച്.എസ്.എസ് ൽ ഓഡിറ്റോറിയം വേണം

8. സ്വന്തമായി കെട്ടിടം ഉള്ള ഇന്ദിരാഗാന്ധി മെമ്മോറിയൽ നഴ്സറി സ്ക്കൂളിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം.

9. സ്ക്കൂൾ ലൈബ്രറി പ്രവർത്തനം ഒരു

അധ്യാപകന്റെ മേൽനോട്ടത്തിൽ കാര്യക്ഷമമാക്കുക.

10. 90 കളിൽ നടന്ന സംമ്പൂർണ്ണ സാക്ഷരതാ പരിപാടി ഈ പഞ്ചായത്തിൽ വിപുലമായി നടത്തുകയും നൂറ് കണക്കിനു നവസാക്ഷരരെ സൃഷ്ടിക്കുകയും ചെയ്തു. എന്നാൽ സാക്ഷരത തുടർപ്രവർത്തനരംഗത്തു സംസ്ഥാനത്തു ഒട്ടാകെ ഉണ്ടായ മന്ദത ഇവിടെയും ഉണ്ടായി. അക്ഷരകേരളം പരിപാടിയുടെ തുടർപരിപാടി ഗൗരവപൂർവ്വമായി നടത്തണം. അക്ഷരകേരളത്തിന്റെ എ.പി.ഒ ആയിരുന്ന ശ്രീ.വി. സുരേന്ദ്രന്റെ പ്രവർത്തനവും പ്രശംസിക്കേണ്ടതാണ്.

## VII വനിത

1. ഐ.ആർ.ഡി.പി, ഡി.ഡബ്ളിയു.സി.ആർ.എ. പദ്ധതികൾ ഉപയോഗിച്ച് സ്ത്രീകളുടെ തൊഴിൽ അവസരങ്ങൾ ഉയർത്തുക

2. സ്ത്രീകളുടെയും കുട്ടികളുടെയും നേരെയുള്ള കടന്നാക്രമങ്ങളെ ചെറുക്കുന്നതിന് മഹിളാസമാജ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വനിതാകമ്മീഷൻ അന്വേഷണങ്ങൾ നടത്തുക.

3. വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവ ലഭിക്കുന്നതിനു അർഹരായവരുടെ ലിസ്റ്റ് നിർദ്ദേശിക്കാൻ മഹിളാസമാജങ്ങളെ ചുമതലപ്പെടുത്തുക.

4. സാമ്പത്തിക ശേഷി ഇല്ലാത്ത കുട്ടികളുടെ വിദ്യാഭ്യാസത്തിനും, നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹത്തിനും ഉള്ള സഹായം പഞ്ചായത്തു മുഖേന നടപ്പാക്കുക.

5. ഗ്രാമീണപുസ്തകവിതരണ പരിപാടി (ഗ്രന്ഥശാലയുമായി ബന്ധപ്പെടുത്തി) വനിതകളെ പങ്കെടുപ്പിക്കുക.

6. വനിതകൾക്ക് നേരെയുള്ള അക്രമങ്ങളും കുടുംബപ്രശ്നങ്ങൾക്കും പരിഹരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു സമിതി രൂപീകരിക്കുക.

7. വനിതാ സ്റ്റോറുകൾ ആരംഭിക്കുക.

## VIII പട്ടികജാതി-പട്ടികവർഗ്ഗവികസനം

അംഗീകൃതമല്ലാത്ത മറ്റ് ചില കോളനികൾ

1. കോലാം കോണം കോളനി
2. വഞ്ചിയൂർ - പ്ലവറകോണം - വിളയിൽ കോളനി
3. വഴുതാണികോണം കോളനി
4. പട്ട്ള പ്ലാവറകോണം കോളനി

കുടിവെള്ളക്ഷാമം ഉള്ള കോളനികൾ:

കുട്ടികളെ സ്ക്കൂളിൽ ചേർക്കുന്നതിനും, തുടർന്ന് പഠിപ്പിക്കുന്നതിനും രക്ഷകർത്താക്കളെ ബോധവൽക്കരണം നടത്തണം. പട്ടികജാതി കോളനികളിൽ അടിസ്ഥാന വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

യാത്രാസൗകര്യങ്ങൾ ഇല്ലാത്ത കോളനികളിൽ അവ ഉണ്ടാവണം.

പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങളുടെ ഓലമേഞ്ഞ കെട്ടിടങ്ങൾ മാറ്റി ഓട് മേഞ്ഞ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു സഹായം ചെയ്യുക.

## കൃഷിവിഭാഗം

പഞ്ചായത്തിൽ നിന്നും മറ്റ് ഗവഃസ്ഥാപനങ്ങളിൽ നിന്നും കർഷകർക്കും പൊതുജനങ്ങൾക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ രേഖപ്പെടുത്തുന്നതിന് കാർഡ് ഏർപ്പെടുത്തുക.

## IX വിഭവസമാഹരണം

1. മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് ഏർപ്പെടുത്തണം.

2. ലാന്റ്സെസ് തുക പഞ്ചായത്തിനു ലഭിക്കണം.

## കരവാരം ഗ്രാമപഞ്ചായത്ത്

### സംസ്ക്കാരം

കരവാരം ഗ്രാമപഞ്ചായത്തിന്റെ വികസന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടന്ന ഗ്രൂപ്പ് ചർച്ചയിൽ സംസ്ക്കാരത്തെക്കുറിച്ച് ഉരുത്തിരിഞ്ഞ് വന്ന നിർദ്ദേശങ്ങളും പരാമർശങ്ങളും

1. ഉത്സവങ്ങളും ആഘോഷങ്ങളും ചർച്ചചെയ്യപ്പെടുന്ന ഭാഗത്ത് പഴമയുടെ പ്രതീകമായ വാരാവിൽ ക്ഷേത്രവും വഞ്ചിയൂർ ഇരമത്ത് നാലാമ്പ്ര ഭഗവതിക്ഷേത്രവും ഇരമത്ത് ശാസ്താക്ഷേത്രവും കൂടി അനുസ്മരിക്കേണ്ടതുണ്ട്. ഇരമത്ത് ശിവ ക്ഷേത്രം എന്ന് പറഞ്ഞിട്ടുള്ളത് വഞ്ചിയൂർ ശിവ ക്ഷേത്രത്തെക്കുറിച്ചാണ്.

2. കലാസാംസ്ക്കാരിക മേഖലയിൽ ഗ്രന്ഥശാലകളുടെ കൂട്ടത്തിൽ വഞ്ചിയൂർ കൈരളി ഗ്രന്ഥശാലയുടെ പ്രവർത്തനം മന്ദീഭവിച്ചതായി പറയുന്നു. എന്നാലിപ്പോൾ അതിന്റെ പ്രവർത്തനം ഊർജ്ജസ്വലമാണ്. 2500 ഓളം പുസ്തകങ്ങളും പ്രതിദിനം 20 ഓളം പുസ്തകങ്ങളുടെ വിതരണവും നടന്നുവരുന്നു. സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടെങ്കിലും ജീർണ്ണതയെ നേരിടുന്ന കെട്ടിടം നവീകരിച്ച് ഗ്രന്ഥശാലാ പ്രവർത്തനത്തിനും സാംസ്ക്കാരിക പ്രവർത്തനത്തിനും ഉതകുന്ന രീതിയിൽ പുനരുദ്ധരിക്കണം. 1992--ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച മഹിതാസാംസ്ക്കാരിക കേന്ദ്രത്തിന്റെ പ്രവർത്തനവും വഞ്ചിയൂർ ഇരമം മഹാദേവ ആർട്സ് ആന്റ് സ്പോർട്സ് ക്ലബിന്റെ പ്രവർത്തനവും സജീവവും മാതൃകാപരവും ആണ്.

കലാസാംസ്ക്കാരിക രംഗവിവരത്തിൽ വിസ്മരിച്ചു പോയ രണ്ടുപേരുകൾ ഉണ്ട്. 'ഋതു

വിലാപം' എന്ന കവിതാസമാഹരത്തിന്റെ രചയിതാവായ കവി വഞ്ചിയൂർ സതീശനും 'കാലചക്രഗതി' എന്ന കവിതാസമാഹാരത്തിന്റെ ശില്പി കവി രഘുവരൻ കടവിളയും ഈ പഞ്ചായത്തിന്റെ സൗഭാഗ്യങ്ങളിൽപ്പെടുന്നു.

3. കായികമേഖലയെ സംബന്ധിച്ചുള്ള വിവരണത്തിൽ സ്പോർട്സ് രംഗത്തെ പ്രഗല്ഭരായ കോവിലഴികം ബ്രദേഴ്സിന്റെ പിന്തുടർച്ചക്കാരനായി തുടരുന്ന എൻ. ദേവദത്തന്റെ ശിക്ഷണത്തിലാണ് കരവാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കായികപ്രതിഭകളെ വാർത്തെടുത്തു കൊണ്ട് വരുന്നത്. ഈ പ്രസ്ഥാനത്തിന് ശക്തി പകരുന്നതിന് കായിക പ്രതിഭകൾക്കായി ഈ പഞ്ചായത്തിന്റെ രണ്ടു മേഖലകളിലായി നീന്തൽക്കുളവും കളിസ്ഥലവും ആവശ്യമായ പരിശീലനോപകരണങ്ങളും ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കേണ്ടതാണ്.

കായിക രംഗത്ത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അനുസ്മരിക്കേണ്ടതായ ചില പേരുകളുണ്ട്. കമ്പടി, വോളിബോൾ രംഗങ്ങളിൽ ഇന്റർനാഷണൽ മത്സരങ്ങളിൽ പങ്കെടുത്ത രമാ ഉണ്ണികൃഷ്ണൻ, മോഹൻദാസ്, വിജയദാസ്, രാമദാസ്, സുഗതൻ എന്നിവർ നമുക്ക് അഭിമാനിക്കാവുന്ന നേട്ടങ്ങളാണ്.

4. പത്രമാസികകളുടെ പ്രചരണം എന്ന വിഷയവുമായി ബന്ധപ്പെട്ട് പറയപ്പെടുന്ന 'രാഷ്ട്രശില്പി' കൈയെഴുത്തുമാസിക 1982-ൽ പ്രസാദ് യന്ത്രസൃഷ്ടിയാക്കി. 1978 കാലഘട്ടം വരെ ആയതു അച്ചടിച്ച് പ്രസിദ്ധീകരിച്ചിരുന്നു. അതോടൊപ്പം തന്നെ പുരോഗമനകലാസാഹിത്യ സംഘത്തിന്റെയും, കേരളശാസ്ത്ര സാഹിത്യപരിഷത്തിന്റേയും മറ്റും പ്രവർത്തനഫലമായി യുറീക്ക മുതലായ ശാസ്ത്ര പുസ്തകങ്ങളും മറ്റും പഞ്ചായത്ത് പ്രദേശത്ത് സാർവത്രികമാക്കിതീർത്തിട്ടുണ്ട്.

സംസ്ക്കാരത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ സംസ്ഥാനത്ത് ഉടനീളം നടപ്പിലാക്കി വന്നിരുന്ന സാക്ഷരതായജ്ഞത്തെക്കുറിച്ച് അനുസ്മരിക്കാതിരുന്നത് തീർത്തും അനൗചിത്യമാണ്. സാക്ഷരതാരംഗത്ത് 200 ഓളം സാക്ഷരതാ കേന്ദ്രങ്ങളും 2000 ത്തിൽ അധികം പഠിതാക്കളും ഉണ്ടായിരുന്ന ഈ പഞ്ചായത്ത് വളരെയധികം സ്തുത്യർഹമായ സേവനമാണ് പ്രസ്തുത മേഖലയിൽ നിർവ്വഹിച്ചിരുന്നത്. എ.പി.ഒ ശ്രീ. സുരേന്ദ്രൻ ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി പഞ്ചായത്തിൽ നിലവിലുള്ള എല്ലാ വായനശാലകളും ഗ്രന്ഥശാലകളും തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളായി മാറ്റുന്നതിനുവേണ്ട നടപടികൾ കൂടി കൈക്കൊള്ളേണ്ടതാണ്.

## സഹകരണസംഘം

1. ക്ഷീരോല്പാദന സഹകരണസംഘം രണ്ടാം ഖണ്ഡികയിൽ പുല്ലൂർമുക്ക്, തോട്ടക്കാട് സംഘങ്ങളുടെ പേരുകൾ കൂടി കൂട്ടിച്ചേർക്കണം.

2. അൺഎംപ്ലോയ്ഡ് സ്കിൽഡ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന് തിരുത്തി വായിക്കേണ്ടതാണ് 3-ാം ഖണ്ഡികയിൽ.

## ക്രെഡിറ്റ് മേഖല

1. ഗ്രാമപഞ്ചായത്ത് ഫണ്ടുകൾ ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് പകരം സഹകരണ ബാങ്കിൽ നിക്ഷേപിച്ചാൽ ഇതു വഴി കൂടുതൽ ജനോപകാരപ്രദമായി ഫണ്ടുകൾ വിനിയോഗിക്കാൻ കഴിയും.

2. പഞ്ചായത്തിലെ എല്ലാ വീടുകളിൽ നിന്നും ഒരാളെങ്കിലും സഹകരണമേഖലയിൽ അംഗത്വം എടുക്കണം.

3. കൂടുതൽ നിക്ഷേപം സ്വരൂപിക്കുന്നതിനു വേണ്ടി ഗ്രാമപഞ്ചായത്തിന്റെ പൂർണ്ണ സഹകരണം ഉണ്ടാകേണ്ടതാണ്.

4. മിച്ചധനം സഹകരണസംഘത്തിൽ നിക്ഷേപിക്കാനുള്ള മനോഭാവം ജനങ്ങളിൽ വളർത്തിയെടുക്കണം.

5. നിലവിലുള്ള വായ്പവിതരണസമ്പ്രദായം മാറ്റിക്കൊണ്ട് കുടുംബത്തിനാവിശ്യമായ എല്ലാ കാര്യങ്ങളും നിർവ്വഹിക്കുന്നതിനുതകുന്ന രീതിയിൽ ഓരോ കുടുംബത്തിനും വായ്പാപരിധി അനുവദിച്ചു നൽകുക(Credit Unit)

6. കാർഷികമേഖലയിൽ കർഷകന് ത്രിതല സംവിധാനം മാറ്റി ടു ടയർ സിസ്റ്റം നടപ്പിൽ വരുത്തുക. ഇതുവഴി കർഷകന് വായ്പയിൽ പലിശ ഇളവ് ലഭിക്കാൻ കഴിയും.

## ക്ഷീരസഹകരണസംഘം

1. ഡയറി സംഘങ്ങളിലെ അംഗങ്ങൾക്ക് പശുക്കളെ വാങ്ങുന്നതിന് വായ്പ സംഘം വഴി വിതരണം ചെയ്യുക.

2. ചാത്തമ്പറ കേന്ദ്രമാക്കി (7-ാം വാർഡ്) ക്ഷീരസഹകരണസംഘം രൂപീകരിക്കുക.

## വനിതാക്ഷേമസഹകരണ സംഘം

1. പഞ്ചായത്തിലെ എല്ലാ വനിതകളെയും മെമ്പർഷിപ്പിൽ കൊണ്ടു വരണം.

2. മെമ്പർഷിപ്പ് എടുക്കുന്നതിന് അതിന്റെ പ്രവർത്തനത്തിന് ഗ്രാമപഞ്ചായത്തിന്റെ സഹകരണം ആവശ്യമാണ്.

## സാമൂഹ്യക്ഷേമവും പാർപ്പിടവും

### നിർദ്ദേശങ്ങൾ-ഗ്രൂപ്പ് ചർച്ച

1. ബ്ലോക്കിൽ നടക്കുന്ന വികസന സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ പഞ്ചായത്ത് കമ്മിറ്റിയെ യഥാസമയം അറിയിക്കാനുള്ള ചുമതല ബ്ലോക്ക് മെമ്പർമാർ ഏറ്റെടുക്കണം. (നേരിട്ട് കമ്മിറ്റിയിൽ പങ്കെടുത്തോ കത്തുമുഖേനയോ)

2. പുതിയ സാംസ്ക്കാരിക നിലയം എത്രയും പെട്ടെന്ന് നിർമ്മിക്കുന്നതിനുള്ള ഏർപ്പാട് ചെയ്യുക.

3. കുറ്റകൃത്യങ്ങൾ പഞ്ചായത്തിൽ വളരെയധികം കൂടി വരുന്നതുകൊണ്ട് തോട്ടയ്ക്കാട് കേന്ദ്രമാക്കി പോലീസ് ഒരു ഔട്ട് പോസ്റ്റ് പ്രവർത്തിപ്പിക്കണം.

4. പള്ളിയ്ക്കൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ് കേന്ദ്രത്തിന് നമ്മുടെ പഞ്ചായത്തിന്റെ ആറാം വാർഡിൽ സ്ഥിതി ചെയ്യുന്ന പുറംമ്പോക്ക് സ്ഥലം നൽകുന്നതിന് തീരുമാനം ഉണ്ടാകണം.

5.ട്രൈസം പരിപാടിയിൽ കൂടുതൽ ആളുകളെ പരിശീലിപ്പിക്കുന്നതിന് ശ്രമിക്കണം.

6. വാർഡുകൾ തോറും ഡെ-കെയർ-സെന്റർ സ്ഥാപിക്കണം.

7. വികസന റിപ്പോർട്ടിന്റെ പന്ത്രണ്ടാം പേജിൽ രണ്ട്, എട്ട് വാർഡിൽ അംഗനവാടികളുടെ പ്രവർത്തനം ഫലപ്രദമാക്കണമെന്ന് എന്നെഴുതുകയും പേജ് 13 ൽ 8-ാം വാർഡിൽ അംഗനവാടി ഇല്ല എന്നും കാണുന്നു അതു തിരുത്തണം.

8. പാർപ്പിടം വയ്ക്കാൻ സ്ഥലമില്ലാത്തവർക്ക് അതാതു സ്ഥലത്തിന്റെ വിലയനുസരിച്ച് സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിനുള്ള ധനസഹായം ഉയർത്തണം.

9. ദുർബല വിഭാഗങ്ങൾക്ക് ഓരോ വാർഡിനുമായി നൂറുവീതം വീട് വച്ചുകൊടുക്കുന്നതിനുള്ള ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തണം.

10. പഞ്ചായത്തിലെ ദുർബല വിഭാഗങ്ങളിൽപ്പെട്ട 35% ത്തോളം കുടുംബങ്ങൾ കക്കൂസ് ഇല്ലാത്തവരാണ്. അവർക്ക് കക്കൂസ് ഉണ്ടാക്കുന്നതിനുള്ള ധനസഹായം 3000/ആയി ഉയർത്തണം.

11. നാട്ടിൽ വർഗ്ഗീയതയും, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെയും ബോധവൽക്കരിക്കുന്നതിന് നാട്ടിലെ അംഗീകാരമുള്ള വ്യക്തികളെ ചേർത്ത് കൗൺസിലിംഗ് ഉണ്ടാക്കുക.